മാത്രമല്ല ഈ നയം ശ്രീ. എ. കെ. ആൻറണിയുടെ നേതൃത്വത്തിലുള്ള ഈ സർക്കാരിനും, അതുപോലെ ഈ സഭയ്ക്കും നമ്മുടെ നാട്ടിലെ മുഴുവൻ ആളുകൾക്കും അഭിമാനിക്കാൻ വക നൽകുന്നതും സ്ത്രീ ക്ഷേമ രംഗത്ത് പ്രവർത്തിക്കുന്നവരെ സംബന്ധിച്ചിടത്തോളവും, സ്ത്രീകളെ സംബന്ധിച്ചിടത്തോളവും വലിയ പ്രതീക്ഷ ഉളവാക്കുന്നതുമാണ്. ഈ നയം ഞാൻ ഗവൺമെൻറിനുവേണ്ടി മേശപ്പുറത്ത് വയ്ക്കുന്നു.

IX റിപ്പോർട്ട് സമർപ്പണം

(1) ശ്രീമതി അൽഫോൺസാ ജോൺ : സർ, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച് സമിതിയുടെ 3, 4, 5 എന്നീ റിപ്പോർട്ടുകൾ ചെയർപേഴ്സനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

(2) ശ്രീ. കെ. പി. നൂറുദ്ദീൻ : സർ, പരിസ്ഥിതി കമ്മിറ്റിയുടെ 8-ാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

(3) ശ്രീ. കെ. പ്രകാശ് ബാബു : സർ, ഗവൺമെൻറ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ 4-ാമത് റിപ്പോർട്ട് ചെയർമാനുവേണ്ടി ഞാൻ സമർപ്പിക്കുന്നു.

X ധനകാര്യം

1996-97 സാമ്പത്തിക വർഷത്തേക്കുള്ള ഇടക്കാല ബഡ്ജറിൻമേലുള്ള പൊതു ചർച്ച (തുടർച്ച)

ശ്രീ. എം. പി. താമി : സർ, ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പത്മരാജൻ ഈ സഭയിൽ അവതരിപ്പിച്ച 1996-97 വർഷത്തേക്കുള്ള ഇടക്കാല ബഡ്ജറിനെ ഞാൻ സ്വാഗതം ചെയ്യുന്നു. 1987-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ മുന്നണി ഗവൺമെൻറ് നാല് കൊല്ലം ഭരിച്ച് ഈ രാജ്യത്തിൻറെ സമ്പത്ഘടന തകർത്ത് ക്രമസമാധാനനില താറുമാറാക്കിയ, സമാധാനപരമായ അന്തരീക്ഷത്തെ തകർത്ത് ഛിന്നഭിന്നമാക്കിയ, സാമൂഹ്യവ്യവസ്ഥിതിയിൽ അധിഷ്ഠിതമായ ശൂന്യമായ ഖജനാവുമായിട്ടാണ്, 100 കോടി രൂപയുടെ കടബാദ്ധ്യതയുമായിട്ടാണ് 1991-ൽ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നത്. ക്രമപ്രവർത്തനമായി നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനംകൊണ്ടും വികസനപ്രവർത്തനംകൊണ്ടും സാമൂഹ്യപുരോഗതി ഉറപ്പുവരുത്താൻ സഹായകരമായ നിരവധി പരിപാടികൾക്ക് രൂപം കൊടുത്തതുകൊണ്ടുമാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് 1991-ൽ അധികാരത്തിൽ വന്നതും തുടർന്ന് ഭരിച്ചിട്ടുള്ളതും. 100 കോടി രൂപയുടെ കടബാദ്ധ്യതയോടുകൂടി അധികാരത്തിൽവന്ന ഗവൺമെൻറ് 1993-94 കാലഘട്ടത്തിൽ 9.97 കോടി രൂപ മിച്ചം ഉണ്ടാക്കി. ഈ മിച്ചത്തോടുകൂടിയിട്ടാണ് 1994-97-ൽ അഞ്ചു വർഷത്തെ ബഡ്ജറ് അവതരിപ്പിച്ചത്. നിർമ്മാണ-വികസന പ്രവർനത്തങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നിർലോഭം നടത്തിക്കൊണ്ട് തികഞ്ഞ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് നമ്മുടെ രാജ്യത്തിലെ പാവപ്പെട്ടവർക്ക് മുഴുവൻ സഹായകരമായ നിരവധി പരിപാടികൾക്ക് രൂപം കൊടുത്തുകൊണ്ട് 1994-95-ൽ 417.53 കോടി രൂപ മിച്ചം ഉണ്ടാക്കിക്കൊണ്ടാണ് ഗവൺമെൻറ് അഞ്ച് കൊല്ലം പൂർത്തിയാക്കിയത്. അതിനുശേഷം 1996-97 കാലഘട്ടത്തിൽ 28.67 കോടി രൂപ കമ്മിയോടുകൂടിയിട്ടുള്ള ഇടക്കാല ബഡ്ജറാണ് ഇവിടെ അവതരിപ്പിച്ചത്. ഈ ധനകാര്യവർഷം അവസാനിക്കുന്നതോടുകൂടി മിച്ചമുള്ള ഒരു ബഡ്ജറ് ആയിരിക്കും ഇത് എന്നുള്ള പ്രത്യാശയോടുകൂടിയാണ് ധനകാര്യവകുപ്പുമന്ത്രി അവസാനിപ്പിച്ചത്. നമ്മുടെ രാജ്യത്ത് എല്ലാ മേഖലകളിലും അഭൂതപൂർവ്വമായ വളർച്ച ഉണ്ടായിട്ടുണ്ട്. ക്രമസമാധാനനില മെച്ചപ്പെട്ടിട്ടുണ്ട്. ഇന്നലെവരെ അലോസരങ്ങൾക്കും പ്രലോഭനങ്ങൾക്കും വിധേയമായ സ്ത്രീ സമൂഹത്തിൻറെയും കുട്ടികളുടെയും കാര്യത്തിൽപ്പോലും നമ്മുടെ രാജ്യം മെച്ചപ്പെട്ടിട്ടുണ്ട്. കാർഷികരംഗത്ത് അഭൂതപൂർവ്വമായ വളർച്ച ഉണ്ടായിട്ടുണ്ട്. ഇത് കാണാൻ കഴിയാതെ അപ്പുറത്തിരുന്ന് വിമർശിക്കുന്നവർ ഒരു കാര്യം ഓർക്കുന്നത് നല്ലതാണ്. 1957-ം 67-ം കാലഘട്ടത്തിൽ അധികാരത്തിൽ വന്ന ഗവൺമെൻറുകളുടെ കാലത്തുണ്ടായിരുന്ന ക്രമസമാധാനനില, സാമ്പത്തിക തകർച്ച, സാമൂഹ്യ വളർച്ചയ്ക്കുണ്ടായ മുരടിപ്പ് ഇവയെടുത്ത് പരിശോധിച്ചാൽ 1991-ൽ അധികാരത്തിൽ വന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിൻറെ നേട്ടങ്ങൾ എന്താണെന്ന് മനസ്സിലാക്കാൻ കഴിയും.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞകാര്യം ബഹുമാനപ്പെട്ട മന്ത്രിയും ബഡ്ജറ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. 1990-91-ൽ എൽ.ഡി.എഫ്. ഗവൺമെൻറ് പോകുമ്പോൾ ആ സമയത്ത് 100 കോടി രൂപ കമ്മിയായിരുന്നു എന്ന് ബഹുമാനപ്പെട്ട താമി ഇവിടെ പറയുകയുണ്ടായി. നിങ്ങൾ തന്ന ബഡ്ജറ് ഇൻ ബ്രീഫിലെ 34-ാമത്തെ പേജിൽ അസത്യപ്രസ്താവനകൾ വരരുത് എന്നതുകൊണ്ടാണ് ഞാൻ പറയുന്നത്—Trends in overall Budgeting Position എന്ന് പറഞ്ഞിട്ട് ക്ലോസിംഗ് ബാലൻസ് കൊടുത്തിട്ടുണ്ട്. അക്കൗണ്ടൻറ് ജനറലിൻറെ സ്റ്റേറ്റ്മെൻറ് ആണ് ബേസ് എന്ന് താഴെ കൊടുത്തിട്ടുണ്ട്. അവിടെ എഴുതിയിട്ടുള്ളത് എന്തെന്ന് അറിയാമോ 1990-91-ൽ 13.66 കോടി രൂപ മിച്ചം, അക്കൗണ്ടൻറ് ജനറലിൻറെ കണക്ക് 100 കോടി രൂപ വർദ്ധനവ് ഇല്ല. അതുപോലെതന്നെ 1994-95-ൽ അതിൻറെ ക്ലോസിംഗ് ബാലൻസ് 41.32 കോടി രൂപയാണ്. പക്ഷേ 1995-96-ലേക്ക് എടുത്ത് എഴുതുമ്പോൾ 417.53 കോടി രൂപ അത് റിസർവ്വ് ബാങ്കിൻറെ കണക്കാണ് പറയുന്നത്. അക്കൗണ്ടൻറ് ജനറലിൻറെ കണക്ക് എടുത്ത് അക്കൗണ്ട് ആഡിറ്റ് ചെയ്തപ്പോൾ ഫൈനലൈസ് ചെയ്ത അക്കൗണ്ടിൽ എൽ.ഡി.എഫ്. ഗവൺമെൻറ് പോകുമ്പോൾ 13 കോടി രൂപ മിച്ചമാണ്. അതിൽ 100 കോടി രൂപ കമ്മിയാണെന്ന് പറയുന്നത് വസ്തുതയ്ക്ക് നിരക്കുന്നതല്ല. ഇനി നിങ്ങൾ അക്കൗണ്ടൻറ് ജനറലിൻറെ കണക്ക് അല്ല റിസർവ് ബാങ്കിൻറെ അഡ്ജസ്റ്റ്മെൻറ് കണക്കാണ് എടുക്കുന്നതെങ്കിൽ തെറ്റാണ്. അതായത് 417 കോടി രൂപ, രണ്ടിൽ ഒന്ന് തെറ്റാണ് അതുകൊണ്ട് തെറ്റായ വിവരം അങ്ങ് നോക്കി മനസിലാക്കാതെ നിങ്ങൾ കറക്ട് ആക്കാതെ ഈ സഭയിൽ പറയുന്നത് ശരിയാണോ ?

ശ്രീ. എം. പി. താമി: സർ, അതിൻറെ കറക്ടായിട്ടുള്ള ഉത്തരം ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിൻറെ മറുപടിയിൽ പറയും. ഞാൻ പറഞ്ഞുവന്നത് ശ്രീ. ശിവദാസമേനോൻ പറഞ്ഞ അക്കൗണ്ടൻറ് ജനറലിൻറെ

LIBRARY ARCHIVES Kerala Legislative Assembly

കണക്കും അതിൽനിന്ന് വ്യത്യസ്തമായ കണക്കും പല പ്രാവശ്യം നമ്മുടെ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളതാണെന്നാണ്. അന്ന് ഖണ്ഡിക്കാൻ ശ്രീ. ശിവദാസമേനോനു സാധിച്ചില്ലല്ലോ.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഇത് ഇപ്പോഴും നിങ്ങളും തന്നതാണ്.

ശ്രീ. എം. പി. താമി : സർ, 1991 ഏപ്രിൽ മാസം ഗവൺമെൻറിന്റെ കാലാവധി തീർന്നപ്പോഴും അതുവരെയുണ്ടായ കണക്കുതന്നെ കൃത്യമായി ബഹുമാനപ്പെട്ട ഇ. കെ. നായനാർ, കേരളത്തിലെ അന്നത്തെ മുഖ്യമന്ത്രി ഈ നിയമസഭയിൽ അവതരിപ്പിച്ചിട്ടുള്ളത് 100 കോടി രൂപയുടെ കമ്മി ഉണ്ടെന്നാണ്. ഞാൻ പറഞ്ഞതല്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വിശ്വനാഥമേനോൻ പറഞ്ഞതാണ്. എന്നിട്ട് ഇപ്പോഴും അക്കൗണ്ടന്റ് ജനറലിന്റെ ഒരു സാക്ഷി പത്രവുമായിട്ട് നിയമസഭയെ സമീപിക്കുന്നത് ശരിയല്ലെന്നു മാത്രമേ ഞാൻ പറയുന്നുള്ളു.

ശ്രീ. ടി. ശിവദാസമേനോൻ : സർ, സഭയെ തെറ്റിദ്ധരിപ്പിക്കരുത്. ഇത് അക്കൗണ്ടന്റ് ജനറലിന്റെ കണക്കല്ല. കേരള ബഡ്ജറ്റ് ഇൻ ബ്രീഫ് എന്നു പറഞ്ഞ് എല്ലാ മെമ്പർമാർക്കും തന്നിട്ടുള്ളതിന്റെ 34-ാമത്തെ പേജിലുള്ളതാണ് ഞാൻ വായിച്ചത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ) : സർ, ഇതേ പ്രശ്നം കഴിഞ്ഞ നിയമസഭയിൽ പറഞ്ഞതാണ്. കാരണം 100 കോടി രൂപയുടെ കമ്മിയുണ്ടായിരുന്നുവെന്നുള്ളത് റിസർവ് ബാങ്കിന്റെ ഫിഗേഴ്സിനെ ആസ്പദമാക്കി പറഞ്ഞതാണ്. റിസർവ് ബാങ്കിന്റെ ഫിഗേഴ്സും പിന്നീട് മാസങ്ങൾ കഴിഞ്ഞു തയ്യാറാക്കുന്ന അക്കൗണ്ടന്റ് ജനറലിന്റെ ഫിഗേഴ്സും തമ്മിൽ വ്യത്യാസം വരും. 100 കോടി രൂപ റിസർവ് ബാങ്കിന്റെ ഫിഗേഴ്സ് ആണെന്ന് വളരെ വിശദമായി കഴിഞ്ഞ ബഡ്ജറ്റ് ചർച്ചയിൽ ഞാൻ പറഞ്ഞതാണ്. ഇപ്പോഴും അതിന്റെ രേഖകൾ എന്റെ കൈയിലുണ്ട്. പിന്നെ വീണ്ടും ഇത് ഇടയ്ക്കിടയ്ക്ക് കയറി ചോദിക്കുന്നത് എന്തിനാണ് ?

ശ്രീ. ടി. ശിവദാസമേനോൻ : സർ, എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് ഈ ബഡ്ജറ്റിൽ അക്കൗണ്ടന്റ് ജനറലിന്റെ ഫിഗറല്ല നിങ്ങൾ റിലൈ ചെയ്യുന്നത്. അങ്ങനെയാണെങ്കിൽ ആ 417 റ്റസ് എങ്ങനെ നിങ്ങൾ ക്ലോസിംഗ് ബാലൻസ് പറയും ? ഏതാണ് നിങ്ങൾ റിലൈ ചെയ്യുന്നത് ?

ഡെപ്യൂട്ടി സ്പീക്കർ : അത് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിൽ പറയും.

ശ്രീ. എം. പി. താമി : സർ, ഞാൻ പറഞ്ഞുവന്നത് 1991 ഏപ്രിൽ വരെ കേരളം ഭരിച്ച ഇടതുപക്ഷമുന്നണി തകർത്ത് തരിപ്പണമാക്കിയ ക്രമസമാധാനനിലയും സാമ്പത്തികമേഖലയും തൊഴിൽമേഖലയും—അങ്ങനെ എല്ലാ രംഗങ്ങളേയും തുന്നിച്ചേർത്തുകൊണ്ടു നേരെയാക്കിക്കൊണ്ടുവരേണ്ട ഉത്തരവാദിത്വം ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് നടപ്പിലാക്കി. ഈ രാജ്യത്ത് സമാധാനപരമായ ഒരന്തരീക്ഷം ഉണ്ടാക്കിയെടുക്കാൻ സഹായിച്ചു. ആ അഭൂതപൂർവ്വമായ വളർച്ചയുടെ ഫലമാണ് ഇന്ന് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സുഖസുന്ദരമായ ജീവിത വ്യവസ്ഥ. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിത്തറ പാകാൻവേണ്ടി ഐക്യജനാധിപത്യമുന്നണിയിലുള്ള ഘടകകക്ഷികളും നേതാക്കൻമാരും വളരെയധികം കഷ്ടപ്പെട്ടിട്ടുണ്ട്. അതിന്റെ ഭാഗമായി 5 വർഷം പൂർത്തിയാകാൻ പോകുന്ന ഈ ഗവൺമെന്റ വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെ നേരിടാൻ പോവുകയാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ കേരളത്തിലെ ജനങ്ങൾക്ക് കാഴ്ചവച്ചിട്ടുള്ള നല്ല നല്ല കാര്യങ്ങൾ പ്രതിഫലിപ്പിക്കുന്ന തെരഞ്ഞെടുപ്പാണ് അസംബ്ലിയിലേക്കും പാർലമെന്റിലേക്കും നടക്കാൻ പോകുന്നത്. ഇടതുപക്ഷജനാധിപത്യമുന്നണി അവിടെവച്ച് നിശ്ശേഷം ഇല്ലാതാകുന്ന ദയനീയമായ കാഴ്ചയാണ് കാണാൻ പോകുന്നത്. ഞാൻ ബഡ്ജറ്റിനെ സംബന്ധിച്ച് അത്രയേ പറയുന്നുള്ളൂ.

സർ, എനിക്ക് വേറെ ചില കാര്യങ്ങൾ പറയാനുണ്ട്. ഞാൻ തൃശ്ശൂർ ജില്ലയിൽ നിന്നുള്ള എം. എൽ. എ. ആയതുകൊണ്ട് പറയുകയാണ്. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ നയപ്രഖ്യാപന പ്രസംഗത്തിൽ ശ്രീ. വി. വി. രാഘവൻ എം. എൽ. എ. യും കാളിംഗ് അറ്റൻഷനിൽ ശ്രീ. പിണറായി വിജയനും ചില പരാമർശങ്ങൾ നടത്തി. ആ ജില്ലയിൽ നിന്നുള്ള ഒരു എം. എൽ. എ. യും ഇപ്പോഴും യൂണിവേഴ്സിറ്റിയിലുള്ള ജനറൽ കൗൺസിൽ മെമ്പറും എന്നുള്ള നിലയ്ക്ക് സത്യവിരുദ്ധമായ ചില കാര്യങ്ങൾ കേട്ടതുകൊണ്ട് ഞാൻ ചില യാഥാർത്ഥ്യങ്ങൾ വെളിപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്നു. ഇപ്പോൾ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ വന്നിട്ടുള്ള പ്രതിസന്ധി ചില വികാരങ്ങൾക്ക് അടിമപ്പെട്ട് വന്നിട്ടുള്ളതാണ്. അവിടെ പൂച്ചെടികൾ വേറെ ഭാഗത്തുനിന്ന് വാങ്ങിക്കൊണ്ടുവന്ന് വിൽപ്പന നടത്തുന്നുവെന്ന് പറയുന്നത് കേട്ടു. നാഷണൽ ഹൈവേയിലൂടെ പോകുന്നവർക്ക് നിരവധി പൂന്തോട്ടങ്ങൾ അവിടെ വച്ചുപിടിപ്പിച്ചിട്ടുള്ളത് കാണാൻ സാധിക്കും. ഈ പൂന്തോട്ടങ്ങളുടെ ഉടമസ്ഥാവകാശം ഉയർന്ന ഉദ്യോഗസ്ഥൻമാർക്കാണ്. അതെല്ലാം വിൽപ്പന നടത്തുന്നത് യൂണിവേഴ്സിറ്റിയുടെ നാമധേയത്തിലുമാണ്. ഈ കള്ളക്കച്ചവടം നിറുത്തൽ ചെയ്യാൻവേണ്ടി യൂണിവേഴ്സിറ്റിയുടെ കഴിഞ്ഞ എക്സിക്യൂട്ടീവ് കമ്മിറ്റി വന്നതിനുശേഷം പ്രധാന കേന്ദ്രങ്ങളിൽ മുഴുവൻ സെയിൽസ് കൗണ്ടറുകൾ തുറക്കുകയെന്ന ലക്ഷ്യം വച്ചുകൊണ്ട് കൃഷിക്കാർക്കുവേണ്ടി ഗവേഷണം നടത്തിയിട്ടുള്ള ഫലങ്ങൾ കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കാൻവേണ്ടിയാണ് സെയിൽസ് കൗണ്ടറുകൾ തുറന്നത്. അല്ലാതെ കച്ചവടച്ചരക്കായി സാധനം കൊണ്ടുവന്ന് വച്ചതല്ല. അത് തെറ്റിദ്ധരിപ്പിച്ചതാണ്. സ്വകാര്യ വ്യക്തികൾ നടത്തുന്നതും യൂണിവേഴ്സിറ്റിയിലെ ജീവനക്കാർ നടത്തുന്നതുമായ പൂന്തോട്ടങ്ങളിലുള്ള ചെടികളുടെ വിൽപ്പന തടയപ്പെട്ടു എന്ന് കണ്ടപ്പോൾ അതിൽ വെപ്രാളം കൊണ്ട് വി. സി. യെ കരിവാരി തേയ്ക്കാൻവേണ്ടി ബോധപൂർവ്വം ഒരു വിഭാഗം നടത്തുന്ന ഒരു ഗൂഢാലോചന മാത്രമാണത്. നിർഭാഗ്യമെന്ന് പറയട്ടെ 14-ാം തീയതി കൃഷി വകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ ആ മറുപടിയിൽ ജുഡീഷ്യൽ അന്വേഷണം നടത്താൻ ഉത്തരവിട്ടിരിക്കുന്നു എന്ന് നമ്മുടെ ദൂരദർശൻ വൈകുന്നേരം 7 മണിക്കുള്ള വാർത്തയിൽ പറഞ്ഞു. അങ്ങനെ ജുഡീഷ്യൽ അന്വേഷണം നടത്തുന്നതായ യാതൊരു പദംപോലും ബഹുമാനപ്പെട്ട മന്ത്രി ഉപയോഗിച്ചിട്ടില്ല. മാത്രമല്ല, ഹിന്ദു പത്രത്തിലും വന്നു. ദേശാഭിമാനിയിലും മാതൃഭൂമിയിലും മലയാള മനോരമയിലും അങ്ങനെയൊരു വാർത്ത പ്രസിദ്ധീകരിച്ചിട്ടില്ല. അവിടെ ജുഡീഷ്യൽ അന്വേഷണമല്ല ക്രൈംബ്രാഞ്ച് അന്വേഷണമാണ് നടത്താൻ തയ്യാറായിട്ടുള്ളതെന്ന് വളരെ വ്യക്തമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ അവിടെ ക്രൈംബ്രാഞ്ച്

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷണത്തിന് ഉത്തരവിട്ടത് വി. സി. അടങ്ങുന്ന എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്. എന്ന് പറഞ്ഞാൽ സിൻഡിക്കേറ്റാണ്. ആ സിൻഡിക്കേറ്റ് ഉത്തരവിട്ടത് കേരള ഗവൺമെൻറ് അംഗീകരിച്ചു. അതിന്റെ നടപടികളും എടുക്കുന്നു.

സർ, അപ്പോയിൻറ്മെൻറിനെ സംബന്ധിച്ച് നിരവധി ആക്ഷേപങ്ങളും വന്നിട്ടുണ്ട്, വി. സി. തന്നെ മുൻകൈയെടുത്ത് എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ആ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുള്ളത്. ക്രമവിരുദ്ധമായി പുറത്തുനിന്ന് മൃഗങ്ങളെ കൊണ്ടുവന്ന് അവിടെവച്ച് അറുത്ത് വിൽക്കുന്നു എന്ന് പറഞ്ഞു. ഇതൊക്കെ സത്യവിരുദ്ധമായ കാര്യങ്ങളാണ്. സത്യസന്ധമായ കാര്യങ്ങളും പറയുന്നതുകൊണ്ട് യാതൊരു കുഴപ്പവുമില്ല. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി നാഥനില്ലാതെ കിടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. യൂണിവേഴ്സിറ്റിയുടെ ഭൂമി എത്ര ഏക്കറുണ്ടെന്ന് ചോദിച്ചാൽ ഉത്തരമില്ല. എത്ര വാഹനങ്ങളുണ്ടെന്ന് ചോദിച്ചാൽ ഉത്തരമില്ല. ചില പ്രൊഫസർമാർ നാല് വാഹനങ്ങളും ഉപയോഗിക്കുമ്പോൾ ചില പ്രൊഫസർമാർക്ക് വാഹനമേയില്ല. ഡീൻസിന് വാഹനമേയില്ല. ചില കേന്ദ്രങ്ങളിലെ കുട്ടികൾക്ക് പോകാൻ ബസില്ല. എല്ലാ വാഹനങ്ങളും പിടിച്ചെടുത്ത് നീതിപൂർവ്വം എല്ലാ കേന്ദ്രങ്ങളിലും വിതരണം ചെയ്യുകയും എല്ലാ ഭൂമിയുടെ പ്രമാണങ്ങളും തിട്ടപ്പെടുത്തി, അനാഥമായി കിടന്നിരുന്ന സർവ്വകലാശാലാ കേന്ദ്രത്തിന്റെ കോമ്പൗണ്ട് വാൾ ഉൾപ്പെടെ കെട്ടി ചിട്ടപ്പെടുത്തിക്കൊണ്ടുപോകുന്ന ഒരു പ്രവർത്തി ഈ വി.സി. ചെയ്തു. അങ്ങനെ ഒരു കുറ്റം ചെയ്തപ്പോൾ, കൃത്യമായി ജീവനക്കാർ ജോലി ചെയ്യണമെന്നുള്ള സ്ഥിതി വന്നപ്പോൾ, ജോലി കൃത്യമായി ചെയ്തു ശീലിക്കാത്ത ജീവനക്കാർക്ക് ഉണ്ടാകുന്ന വേദന നമുക്ക് ഊഹിക്കാൻ സാധിക്കുന്നതാണ്. കൃത്യമായി ഗവേഷണങ്ങളും നടത്തുന്നു. ബഹുമാനപ്പെട്ട മന്ത്രി തന്നെ അദ്ദേഹത്തിന്റെ മറുപടിയിൽ പറഞ്ഞിട്ടുണ്ട് ഇൻഡ്യയിൽ വച്ച് മികച്ച സർവ്വകലാശാലയാണ് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി എന്ന്. ഗവേഷണങ്ങളും നടത്തി ആ യൂണിവേഴ്സിറ്റി ഇന്ന് അയൽ സംസ്ഥാനങ്ങളേക്കാളും ഉയർച്ചയിലേക്ക് എത്തിയിരിക്കുന്നു.

സർ, ഇൻഡ്യാരാജ്യത്ത് ഏറ്റവും മികച്ച ഒരു യൂണിവേഴ്സിറ്റിയാണ് വെള്ളാനിക്കരയിലെ കേരളാ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി എന്ന് ഒരു കമ്മീഷനെ വച്ചാൽത്തന്നെ അവർ പറയും. അതിന് യാതൊരു സംശയവും വേണ്ട. വെള്ളാനിക്കരയിലെ കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി ഇൻഡ്യയിലെ ഏറ്റവും മികച്ച യൂണിവേഴ്സിറ്റിയാണെന്ന കാര്യം യു. ജി. സി. പോലും അംഗീകരിക്കുന്നതാണ്. പിന്നെ ഇവിടെ ചില അച്ചടക്കനടപടികളെക്കുറിച്ച് പറഞ്ഞു. വൈസ്ചാൻസലറുടെ ഏകാധിപത്യ സ്വഭാവത്തെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. അദ്ദേഹത്തോട് ചോദിച്ചാൽ അദ്ദേഹം പറയുന്നത് രജിസ്ട്രാറെ കാണട്ടെ, അദ്ദേഹവുമായി സംസാരിച്ചതിനുശേഷം തീരാത്തപ്രശ്നം വന്നാൽ ഞാൻ ഇടപെടാമെന്നാണ്. നേരിട്ട് എന്നെ വന്ന് കാണുന്നതിനുപകരം രജിസ്ട്രാറെ കാണട്ടെ എന്നുമാത്രമാണ് അദ്ദേഹം പറഞ്ഞിട്ടുള്ളതെന്നാണ് എനിക്കു കിട്ടിയ വിവരം. പക്ഷെ അതിനെയൊക്കെ ചിത്രീകരിച്ചത് നല്ലൊരു ശാസ്ത്രജ്ഞനെ, നല്ലൊരു ഗവേഷകനെ കേരളത്തിനുകിട്ടിയിട്ടുള്ളതിനു നാം അദ്ദേഹത്തെ പൂച്ചെണ്ടു നൽകി സ്വീകരിക്കുന്നതിനു പകരം അദ്ദേഹത്തിന്റെ ചെയ്തികളെക്കുറിച്ച് നിശിതമായി പരാമർശിക്കുകയാണ് ചെയ്തിട്ടുള്ളത്. അദ്ദേഹത്തിന് പൂച്ചെണ്ട് നൽകിയില്ലെങ്കിലും വേണ്ട, നമ്മൾ അദ്ദേഹത്തെ കല്ലെറിയാതിരിക്കുന്നതാണ് നല്ലതെന്ന

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായമാണ് എനിക്കുള്ളത്. ഇൻറർനാഷണലായിട്ട് ഇറിഗേഷൻ ആൻറ് പവ്വർ എന്ന സബ്ജക്ടിൽ അദ്ദേഹം എഴുതിയിട്ടുള്ള ബുക്കാണ് നമ്മുടെ സ്റ്റേറ്റിൽ പാഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആ ബുക്ക് എഴുതിയിട്ടുള്ളത് ഡോ. മൈക്കിളാണ്. അദ്ദേഹം കേരളത്തിൽ വച്ച് ഏറ്റവും മികച്ച ശാസ്ത്രജ്ഞൻ മാത്രമല്ല, ദേശീയരംഗത്തുപോലും ഇൻഡ്യയിലെ ഏറ്റവും മികച്ച ശാസ്ത്രജ്ഞനാണ്. അദ്ദേഹത്തെ ഇവിടെ വേണ്ടായെങ്കിൽ യാതൊരു കുഴപ്പവുമില്ല. പക്ഷെ അദ്ദേഹം ഇവിടെ വന്നതിനുശേഷം അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിക്ക് വളരെയധികം നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പക്ഷെ അദ്ദേഹത്തെ ഒന്ന് അനുമോദിക്കാൻ നമ്മുടെ സംസ്ഥാന ഗവൺമെൻറ് ഇതേവരെ ശ്രമിച്ചിട്ടില്ല. ഇവിടെ ഒരു സാധാരണ നോവൽ എഴുതിയാൽ പോലും അതിന് സമ്മാനം കൊടുക്കുന്ന ഒരു ഗവൺമെൻറാണ് നമ്മുടെ ഗവൺമെൻറ്. ഏതെങ്കിലും വാരികയിൽ ഒരു നോവലോ ഏതെങ്കിലും പത്രത്തിൽ എന്തെങ്കിലും ആർട്ടിക്കിളോ ഒക്കെ എഴുതിയാൽപോലും അതിന് അവാർഡുകളും സമ്മാനങ്ങളും നമ്മുടെ ഗവൺമെൻറ് കൊടുക്കുന്നുണ്ട്. പക്ഷെ ശാസ്ത്രസാങ്കേതിക രംഗത്ത് കൂടുതൽ മികവ് കാട്ടുന്ന ശാസ്ത്രജ്ഞൻമാരെ അനുമോദിക്കുന്ന കാര്യത്തിൽമാത്രം വൈമനസ്യം കാണിക്കുന്നതു ശരിയല്ല. നമ്മുടെ ശാസ്ത്രസാങ്കേതിക രംഗത്ത് അനവധി നേട്ടങ്ങൾ കൈവരിച്ച ഡോ. മൈക്കളിന് ഈ നിമിഷംവരെ ഒരു സമ്മാനം കൊടുക്കാൻപോലും തയ്യാറായിട്ടില്ല. കണ്ണൂരിൻെറ ഡെവലപ്മെൻറിനെപ്പറ്റി ഗവൺമെൻറ്ഓഫ് ഇൻഡ്യ തെരഞ്ഞെടുത്ത കൗൺസിലിൻെറ ഡെവലപ്പ്മെൻറ് കമ്മിറ്റിയുടെ ചെയർമാൻ ഡോ. മൈക്കിളാണ്. പാലക്കാട്ടെ വാട്ടർ ആൻറ് റിസോഴ്സസ് എന്ന കമ്മിറ്റിയുടെ ചെയർമാൻ ഡോ. മൈക്കിളാണ്. ഇൻഡ്യയിൽ എന്നുമാത്രമല്ല, ലോകത്തിൽത്തന്നെ ഗവേഷകൻമാരുടെ സ്ഥാനത്ത് എണ്ണപ്പെട്ട സ്ഥാനത്ത് നിലനിൽക്കുന്ന ഡോ. മൈക്കിളിൻെറ സേവനം അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിക്ക് ഒരു നേട്ടം തന്നെയാണ്. അത് പരമാവധി ഉപയോഗപ്പെടുത്തുവാൻ നമ്മൾ തയ്യാറാവണം എന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. ഇത് പാസാക്കിക്കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. രാഘവൻ : സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. അബദ്ധജഡിലമായ പ്രസ്താവനകളും കള്ളക്കണക്കുകളും നിറച്ചിട്ടുള്ള ഒരു പ്രസ്താവന മാത്രമാണ് ഈ ബഡ്ജറ്റ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിതരണം ചെയ്തിട്ടുള്ള സാമ്പത്തിക അവലോകനത്തിൽ പ്ലാനിംഗ് ബോർഡിൻെറ ഇക്കണോമിക്സ് റിവ്യൂവിലെ കണക്കുമായി യാതൊരു ബന്ധവുമില്ലാത്ത കണക്കാണ് ധനകാര്യവകുപ്പുമന്ത്രിയുടെ പ്രസംഗത്തിലുടനീളം കാണുന്നത്. കേന്ദ്രബഡ്ജറ്റിനെ ആധാരമാക്കിക്കൊണ്ട് തന്നെയാണ് ഇവിടെയും ഈ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ സമയക്കുറവുകൊണ്ട് ഞാനക്കാര്യങ്ങളിലേക്ക് കൂടുതലായിട്ടൊന്നും കടക്കുന്നില്ല. പക്ഷെ ഒരു കാര്യം കേന്ദ്രഗവൺമെൻറ് കൊണ്ടുവരുന്ന 5 കൊല്ലക്കാലത്തെ ഉദാരവൽക്കരണവും സ്വകാര്യവൽക്കരണവും ഇൻഡ്യാ രാജ്യത്തെ ഏറ്റവും വലിയ ഒരു പ്രതിസന്ധിയിലേക്ക് കൊണ്ടെത്തിച്ചിരിക്കുകയാണ്. കഴിഞ്ഞകാലത്തേക്ക് 54,000 കോടിരൂപയുടെ ധനക്കമ്മി ഉണ്ടായിരുന്ന ഒരു ബഡ്ജറ്റ് ഇപ്രാവശ്യം 64,000 കോടി രൂപയുടെ ധനക്കമ്മി ഉള്ള ബഡ്ജറ്റായിട്ട് മാറിയപ്പോൾ ഇവിടെ സാമ്പത്തികഭദ്രത ഉണ്ടായിട്ടുണ്ടെന്നാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറയുന്നത്. ഇപ്രാവശ്യം 5.9% ധനക്കമ്മിയുള്ള ഒരു ബഡ്ജറ്റാണ് കേന്ദ്രഗവൺമെൻറ് അവതരിപ്പിച്ചിട്ടുള്ളത്. അതുപോലെത്തന്നെ നമ്മുടെവിദേശനാണയശേഖരം ഇക്കഴിഞ്ഞ പത്തുമാസക്കാലത്തിനിടയിൽ 20.9 ബില്ല്യൻ ഡോളറുണ്ടായിരുന്നത്

LIBRARY ARCHIVES Kerala Legislative Assembly

രുന്നത് 16.3 ബില്ല്യൻ ഡോളറായിട്ട് കുറഞ്ഞിരിക്കുകയാണെന്നാണ് പറഞ്ഞിരിക്കുന്നത്. നാണയത്തിന്റെ വില ക്രമാതീതമായി ഇടിഞ്ഞു കൊണ്ടിരിക്കുന്ന ഒരവസരത്തിലാണ് ഇവിടെ പൊതുതെരഞ്ഞെടുപ്പ് വരാൻ പോകുന്നത്. അതുകൊണ്ട് നാണയത്തിന്റെ വിലയിടിവ് നമ്മുടെ സമ്പത്ഘടനയെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ. വിലക്കയറ്റം ഇനിയും ഇവിടെ ഉയരാൻ പോവുകയാണ്, സാധാരണക്കാരന് ഇവിടെ യാതൊരുരക്ഷയുമില്ലാത്ത ഒരവസ്ഥ സംജാതമായിരിക്കുയാണ്. വിലക്കയറ്റം നമ്മെ എല്ലാവരെയും അമ്പരപ്പിച്ചുകൊണ്ട് കുതിച്ചുകയറുന്നതുകൊണ്ട് ധനകാര്യവകുപ്പുമന്ത്രിയും റിസർവുബാങ്കും തീരുമാനിച്ചത് തങ്ങളുടെ കൈയിലുള്ള ഡോളറെല്ലാം തന്നെ വിറ്റ് കാശാക്കാനായിട്ടാണ്. അങ്ങനെയാണ് ഇത്രയും വലിയ വില കയറ്റം പത്തുമാസക്കാലത്തിനിടയിൽ ഉണ്ടായതിന്റെ ഫലമായിട്ട് 4 ബില്ല്യൻ ഡോളർ മാർക്കറ്റിൽ ഇറക്കുകയും വിലക്കയറ്റം ഇവിടെ കുറെക്കൂടി രൂക്ഷമാകാതെ തടഞ്ഞുനിർത്തുകയും ചെയ്തത്. അങ്ങനെയാണ് 38 രൂപ 50 പൈസയുണ്ടായിരുന്ന ഡോളറിന്റെ വില തൽക്കാലത്തേക്ക് 33 രൂപ ആക്കാനായിട്ട് സാധിച്ചത്. വിദേശനാണയശേഖരം ഇവിടെ വളരെ കാര്യമായിട്ട് കുറഞ്ഞിരിക്കുകയാണ്. അത് വിലക്കയറ്റത്തെ ബാധിക്കും. വില കയറിക്കയറി പോകുമെന്ന കാര്യത്തിൽ യാതൊരു സംശയത്തിനും വകയില്ല. ഇവിടെ വരാൻ പോകുന്ന തെരഞ്ഞെടുപ്പു കൂടി കഴിഞ്ഞാൽ ഡോളറിന്റെ വിലകൂടും. ഇൻഡ്യൻ നാണയത്തിന്റെ വില ഡോളറിന്റെ വിലയുമായിട്ട് തുല്ല്യപ്പെടുത്തുമ്പോൾ 50 ഉറുപ്പികയായിട്ട് കയറിയാൽ അതിൽ യാതൊരു അൽഭുതത്തിനും വകയില്ല. അതുപോലെ തന്നെ, വ്യാപാരകമ്മി 4 ബില്ല്യൻ ഡോളർ ഉണ്ടായിരുന്നത് കേന്ദ്രധനകാര്യവകുപ്പുമന്ത്രിയായിട്ട് ഡോ. മൻമോഹൻസിംഗ് വന്നതിനുശേഷം വ്യാപാരകമ്മി 7 ബില്ല്യൻ ഡോളറായിട്ട് വർദ്ധിച്ചിരിക്കുകയാണ്. എന്നിട്ടാണിവിടെ വന്നു പറയുന്നത് സാമ്പത്തികഭദ്രത കൈവരിച്ചുവെന്ന്. നമ്മുടെ ഇക്കണോമിക് റിവ്യൂവിലെ കണക്കുതന്നെ ഇത് വ്യക്തമാക്കുന്നുണ്ട്. ഇത്തരത്തിൽ വ്യാപാരകമ്മി, അതുപോലെതന്നെ ബഡ്ജറ്റ് കമ്മി ഇതെല്ലാംതന്നെ ഉണ്ടായിട്ടും സാമ്പത്തികനില ഭദ്രമാണെന്നല്ലേ നിങ്ങൾ ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത്? ആറു ലക്ഷത്തിലധികം കോടിയുറുപ്പികയുടെ വിദേശകടം ഇപ്പോൾ ഇൻഡ്യാരാജ്യത്തിനുണ്ട്. എന്നിട്ടും പറയുന്നത് സാമ്പത്തികഭദ്രതയുള്ള ഒരു ഗവൺമെൻറാണ് ശ്രീ. നരസിംഹറാവുവിന്റെ ഗവൺമെൻറ്, ആ ഗവൺമെൻറാണ് ഇൻഡ്യാരാജ്യം ഭരിച്ചുകൊണ്ടിരിക്കുന്നതെന്നാണ്. കേരളത്തിന്റെ സാമ്പത്തികനില നോക്കിയാലും സംഗതി ഇതിൽനിന്നൊക്കെ വ്യത്യസ്തമല്ല എന്നുകാണാം. കേരളത്തിന്റെ കാര്യം എടുത്തുനോക്കിയാൽ ഏതെങ്കിലും രംഗത്ത് നിങ്ങൾക്ക് നേട്ടമുണ്ടായിട്ടുണ്ടെന്ന് കാണിക്കുവാൻ കഴിയുമോ? നമ്മുടെ കാർഷികാദായനികുതിയുടെ കാര്യംതന്നെ ഉദാഹരണമായിട്ട് എടുക്കാം. കാർഷികാദായ നികുതിയിനത്തിൽ ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കിയത് 1988-89 വർഷത്തിലാണ്. 14% വർദ്ധനവ് അന്ന് അക്കാര്യത്തിലുണ്ടായി. അതുപോലെതന്നെ കാർഷികാദായത്തിന്റെ കാര്യവും. ഏറ്റവും കൂടുതൽ നേട്ടം ആ മേഖലയിലുണ്ടാക്കിയത് 1988-89 വർഷത്തിലാണ്. നിങ്ങളുടെ ഇക്കണോമിക് റിവ്യൂവിലെ കണക്കനുസരിച്ച് 1994-95 വർഷത്തിൽ മൈനസ് 1.0 ആണെന്നാണ് കാണിച്ചിരിക്കുന്നത്. അപ്പോൾ വർദ്ധനവില്ല, കുറവാണ് അക്കാര്യത്തിലുണ്ടായിരിക്കുന്നതെന്ന് കാണാം. അതുപോലെതന്നെ നെല്ലുല്പാദനരംഗത്ത് ഏറ്റവും കൂടുതൽ വർദ്ധനവുണ്ടായത് 1988-89 വർഷത്തിലാണ്. ഗ്രൂപ്പ് ഫാമിംഗിന്റെ ഫലമായിട്ടാണ് ആ വർദ്ധനവ് ഉണ്ടായിട്ടുള്ളത്. ഇന്ന് നെല്ലുൽപാദനരംഗത്തും

LIBRARY ARCHIVES Kerala Legislative Assembly

കാർഷികാദായ രംഗത്തുമൊക്കെ തകർച്ചയാണ് ഉണ്ടായിരിക്കുന്നത്. അതു പോലെ കൃഷിസ്ഥലത്തിന്റെ വിസ്തൃതിയുടെ കാര്യമെടുത്താലും ശരി, അത് ക്രമാതീതമായി കുറഞ്ഞിരിക്കുകയാണ്. 1988-89 വർഷത്തിൽ കൃഷിസ്ഥലത്തിന്റെ വിസ്തൃതി 5,35,000 ഹെക്ടർ സ്ഥലമായിരുന്നുവെങ്കിൽ അത് ഇക്കഴിഞ്ഞ രണ്ടുമൂന്നുകൊല്ലക്കാലമായി വളരെയധികം കുറഞ്ഞിരിക്കുകയാണ്. കൃഷിസ്ഥലങ്ങളുടെ കൺവേർഷൻ വളരെയധികം കൂടിയിരിക്കുകയാണ്. അതുപോലെതന്നെ ഭക്ഷ്യോൽപാദനത്തിന്റെ കാര്യത്തിൽ ഗണ്യമായ കുറവാണ് സംഭവിച്ചിരിക്കുന്നത്. 1990-91 വർഷത്തിൽ 10,85,000 ലക്ഷം ടൺ ഭക്ഷ്യോല്പാദനമാണ് ഇവിടെ ഉണ്ടായിരുന്നതെങ്കിൽ അതിപ്പോൾ 7,95,000 ടണ്ണായി കുറഞ്ഞിരിക്കുകയാണ്. അങ്ങിനെ ഏതു രംഗം എടുത്തു നോക്കിയാലും തകർച്ചയാണ് ഇവിടെ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാവുന്നതാണ്.

ഇവിടെ വിദ്യുച്ഛക്തിയുടെ കാര്യത്തെക്കുറിച്ച് പലരും പറഞ്ഞതാണ്. എങ്കിലും അതേക്കുറിച്ച് പറയാതിരിക്കാൻ തരമില്ലാത്തതുകൊണ്ട് പറയുകയാണ്. ഒരു യൂണിറ്റ് വിദ്യുച്ഛക്തിപോലും ഇവിടെ ഉണ്ടാക്കാൻ കഴിയാത്ത ഗവൺമെൻറാണിത്. എന്നാൽ ആ രംഗത്തും നേട്ടമുണ്ടാക്കിയതായിട്ടാണ് അവകാശപ്പെടുന്നത്. എന്റെ ജില്ലയിൽത്തന്നെ ഏതാണ്ട് 10 മാസക്കാലംകൊണ്ട് പൂർത്തിയാക്കാൻ കഴിയുമായിരുന്ന ഡീസൽ പ്ലാന്റ് അതുപോലെ 220 കെ. വി. സബ്സ്റ്റേഷൻ, എല്ലാം പൂർത്തിയാക്കുമെന്നാണ് പറഞ്ഞിരുന്നത്. എന്നിട്ട് അവിടെ ഒരു യൂണിറ്റ് വിദ്യുച്ഛക്തി പോലും ഉൽപ്പാദിപ്പിക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. ഈയിടയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ അവിടെ പറഞ്ഞു, കാസർകോട് ജില്ലയിൽ ഇന്നനുഭവപ്പെടുന്ന വിദ്യുച്ഛക്തിക്ഷാമം രണ്ടുമാസംകൊണ്ട് പരിഹരിക്കാൻ പോവുകയാണെന്ന്. എന്നാൽ ആ രണ്ടു മാസംകൊണ്ട് വൈദ്യുതിക്ഷാമം പരിഹരിക്കാൻ പോകുന്നുവെന്ന് പറഞ്ഞതിന്റെ തൊട്ടു പിറേദിവസംതന്നെ അവിടെ 35% വൈദ്യുതി കട്ട് ഏർപ്പെടുത്തിയെന്നുള്ള കാര്യം വിസ്മരിക്കാൻ സാദ്ധ്യമല്ല. വൈദ്യുതി കട്ട് കുറയ്ക്കാനായിട്ട് ശ്രമിച്ചുശ്രമിച്ച് ഇപ്പോൾ 75% ആണ് കട്ട് വ്യവസായമേഖലയിൽപ്പോലും ഏർപ്പെടുത്തിയിരിക്കുന്നത്. അങ്ങിനെ നോക്കുമ്പോൾ ഒരു രംഗത്തും നിങ്ങൾക്ക് മുൻപോട്ടുപോകാൻ സാധിച്ചില്ലെന്ന് മാത്രമല്ല, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെൻറിന്റെ കാലഘട്ടത്തിലുണ്ടായിരുന്ന നേട്ടങ്ങളെല്ലാംതന്നെ തകർത്ത് തരിപ്പണമാക്കിയിട്ടാണ് ഈ ഗവൺമെൻറ് മുൻപോട്ട് പോകുന്നതെന്ന് പറയാതിരിക്കാൻ കഴിയില്ല. ഇവിടെ ബഡ്ജറ്റ് കമ്മിയെ കുറിച്ച് പറഞ്ഞു. 28 കോടി രൂപയുടെ കമ്മിയാണല്ലോ ഉണ്ടാവാൻ പോകുന്നതെന്ന് എഴുതിവച്ചിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിലുള്ള കമ്മി എത്ര കോടിയാണ് എന്ന സത്യം ഇന്നാട്ടിലെ ജനങ്ങളുടെ മുൻപിൽ ഇവർ മറച്ചുവച്ചിരിക്കുകയാണ്. കഴിഞ്ഞദിവസം ഞാൻ നമ്മുടെ പൊതുമരാമത്തുവകുപ്പുമന്ത്രിയുടെ കൂടെ ഒന്നുരണ്ടുയോഗങ്ങളിൽ പ്രസംഗിക്കാൻ പോയിരുന്നു. അദ്ദേഹം ആ യോഗത്തിൽ പറഞ്ഞത് 235 കോടിരൂപയാണ് കരാറുകാർക്ക് കൊടുക്കാനുള്ളതെന്നാണ്. എന്നാൽ അത് യഥാർത്ഥത്തിൽ 235 കോടി രൂപയല്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിലെ കരാറുകാർക്ക് അനേകം കോടി ഉറുപ്പിക കൊടുക്കാനുണ്ട്. നിങ്ങളുടെ ഈ പ്രവൃത്തിയുടെയെല്ലാം ഫലം അനുഭവിക്കാൻ പോകുന്നത് ഇനി ഇവിടെ അധികാരത്തിൽ വരാൻ പോകുന്ന ഗവൺമെൻറാണെന്ന കാര്യം എന്തേ നിങ്ങൾ ഓർക്കാത്തത് ? സത്യാവസ്ഥ എന്തിനാണ് നിങ്ങൾ ഇന്നാട്ടിലെ ജനങ്ങളിൽനിന്നും മറച്ചുവെയ്ക്കുന്നത് ? 1994-നു ശേഷം ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിലെ കരാറുകാർക്ക് പണമൊന്നും കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

കോടികണക്കിനു രൂപ അവർക്കും കൊടുക്കാനുണ്ട്. അങ്ങനെ ഇതെല്ലാം കൂടികൂട്ടിയാൽ ബഡ്ജറ്റിലെ കമ്മി എത്രത്തോളം വരുമെന്ന് നിങ്ങളാലോചിക്കണം. ഇവിടെ പ്രസംഗിച്ച പ്രതിപക്ഷനേതാക്കൻമാർ പറഞ്ഞത് കമ്മി ആയിരം കോടിയിലേറെ വരുമെന്നാണ്. ആയിരം കോടിയിലധികം രൂപയാണ് ഇവിടെ യഥാർത്ഥ ബഡ്ജറ് കമ്മി വരുന്നത്.

പിന്നെ ഒരു കാര്യം പറയാനുള്ളത് അഴിമതിയെക്കുറിച്ചാണ്. ഇന്ന് എത് രംഗമെടുത്തുനോക്കിയാലും ഉടനീളം അഴിമതിയാണ് കാണുന്നത്. ഇവിടെ പ്രസംഗിക്കുന്നത് അഴിമതി നിരോധനത്തെക്കുറിച്ചാണ്. എന്നാൽ പ്രവൃത്തിയും പ്രസംഗവും തമ്മിൽ യാതൊരു ബന്ധവുമില്ല. അഴിമതി നിരോധനകാര്യത്തെക്കുറിച്ച് പറയുമ്പോഴാണ് മദ്യനിരോധനത്തെക്കുറിച്ച് ഓർമ്മവരുന്നത്. ഇവിടെ മദ്യനിരോധനം, അഴിമതിനിർമാർജ്ജനം ഇതൊക്കെയല്ലെ പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. എന്റെ ജില്ലയിലെ അനുഭവം എനിക്കറിയാം. എന്റെ ജില്ലയിലെ സഹകരണബാങ്കുകളിലേക്ക് നടന്നിട്ടുള്ള നിയമനങ്ങളിലെ അഴിമതിയെക്കുറിച്ച് പറയാതിരിക്കുകയാണ് ഭേദം. അവിടെ നിയമനത്തിനായി തെരഞ്ഞെടുത്ത 138 ആളുകളിൽനിന്നും രണ്ട് ലക്ഷത്തിലധികം രൂപ വെച്ച് വാങ്ങിച്ചു. യു. ഡി. എഫ്. ന്റെ ഭരണസമിതിയിൽപ്പെട്ട അംഗങ്ങളാണ് ഈ തുക മുഴുവനും വാങ്ങിയിട്ടുള്ളത്. ഇതുസംബന്ധിച്ച് കേസ് വന്നു, അന്വേഷണം ഉർജ്ജിതമാക്കി. യു. ഡി. എഫ്.-ലെ ഓരോ ഡയറക്ടർബോർഡ് അംഗങ്ങളുടെ വീടുകളിൽ റെയിഡ് നടത്തിയപ്പോൾ ലക്ഷക്കണക്കിനു രൂപയുടെ രേഖകൾ പിടിച്ചെടുത്തു. ഇത്രയുമായപ്പോൾ എന്താണ് അവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്തതെന്നറിയാമോ ? ശ്രീ. കരുണാകരനല്ല നമ്മുടെ ശ്രീ. ആൻറണിയിലെ അദ്ദേഹമാണ് അക്കാര്യത്തിലിടപെട്ട് ആ കേസ് അന്വേഷണം നടത്തിയിട്ട് കണ്ടെടുത്ത രേഖകളെല്ലാം പിടിച്ചെടുത്ത ആ എസ്. പി. യായ വിൻസെൻറ് പോളിനെ അവിടെനിന്നും മാറ്റി. ഞാൻ അക്കാര്യം മുഖ്യമന്ത്രിയോട് ചോദിച്ചു. എന്തിനാണ് വിൻസെൻറ് പോളിന് അവിടെനിന്നും മാറ്റിയതെന്ന് ? അദ്ദേഹത്തെ അവിടെനിന്നും മാറ്റിയതെന്തിനാണെന്ന് വളരെ വ്യക്തമല്ലേ ? എ-കോൺഗ്രസ്സുകാരെ രക്ഷിക്കാൻ വേണ്ടിയാണ് വിൻസെൻറ് പോളിനെ അവിടെനിന്നും മാറ്റിയതെന്ന കാര്യം എല്ലാവർക്കും വളരെ വ്യക്തമായിട്ടറിയാവുന്നതല്ലേ ? അവിടത്തെ ബാങ്കിലെ ഡയറക്ടർ ബോർഡ് അംഗങ്ങളിലുള്ള എ-കോൺഗ്രസ്സുകാരാണ് ഈ കൈക്കൂലി മുഴുവനും വാങ്ങിച്ചിട്ടുള്ളത്. ലക്ഷക്കണക്കിന് രൂപയാണ് ഓരോരുത്തരിൽ നിന്നും വാങ്ങിയിട്ടുള്ളത്. അതുപോലെ നമ്മുടെ കുമിളിയിലെ സംഭവം കണ്ടില്ലേ ? അവിടത്തെ ഡി. സി. സി. സെക്രട്ടറിയെ രക്ഷിക്കാൻവേണ്ടി പോലീസുകാർ ശ്രമിക്കുകയാണ്. അതുപോലെത്തന്നെ ഈ അഴിമതി ആരോപണത്തിന് വിധേയരായിട്ടുള്ള ആളുകളെ രക്ഷിക്കാൻവേണ്ടിയൊക്കെയാണ് എസ്. പി. വിൻസെൻറ് പോളിനെ മാറ്റിയത്. എന്നിട്ട് ഹൈക്കോടതി ആ കേസിൽ ഉറപ്പിച്ചുപറഞ്ഞു. രണ്ടുമാസക്കാലംകൊണ്ട് ചാർജ്ജ്ഷീറ്റ് ഫയൽ ചെയ്യണമെന്ന്. അങ്ങനെ സംഗതികൾ മുന്നോട്ടുപോയപ്പോൾ അവിടത്തെ സി. ഐ. യെ അവിടെനിന്നും മാറ്റി. എന്നിട്ടിപ്പോൾ അവിടെ ആരെയാണ് നിയമിച്ചതെന്നറിയാമോ ? മുൻപൊരു കേസ്സിൽ പ്രതിയായിട്ടുള്ള സ്വന്തം സഹോദരിതന്നെ ആ സർക്കിൾ ഇൻസ്പെക്ടർക്ക് എതിരായിട്ട് കേസ് ഫയൽ ചെയ്തതിന്റെ ഫലമായിട്ട് അദ്ദേഹത്തെ കാസർകോടുനിന്നും വയനാട്ടിലേക്ക് മാറ്റിയിരുന്നതാണ്. മാത്രമല്ല അയാൾ ഒരു ക്രിമിനൽ കേസിൽ പ്രതിയായി, അന്വേഷണവിധേയമായി

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസിലിരിക്കുന്ന ഒരു സി. ഐ.-യെ ആണ് ഇപ്പോൾ അവിടെ നിയമിച്ചിരിക്കുന്നത്. അത്തരത്തിലുള്ളതായ ഒരു സി.ഐ. ആണ് ഇപ്പോൾ ആ കേസ് സംബന്ധിച്ച കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ചുമതലയേറ്റിട്ടുള്ളത്. ഇതാണ് ഇവിടെത്തെ അഴിമതി നിരോധനം. എങ്ങിനെയുണ്ട് നമ്മുടെ പുതിയ മുഖ്യമന്ത്രിയുടെ അഴിമതി നിർമാർജ്ജനപരിപാടി. അഴിമതി ആരോപണത്തിന് വിധേയനായിട്ടുള്ള ഒരു സി. ഐ. ഈ കേസ് അന്വേഷിച്ചാൽ അത് എങ്ങിനെയിരിക്കുമെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. അദ്ദേഹം ആ കേസ് അന്വേഷിച്ചാലുള്ള ഫലമെന്തായിരിക്കും ? ഇപ്പോൾ ഹൈക്കോടതിയിൽ കേസ് ചാർജ്ജ്ഷീറ്റ് ഫയൽ ചെയ്യണമെന്ന് പറഞ്ഞപ്പോഴാണ് ഹൈക്കോടതി ഈ കേസന്വേഷിച്ചപ്പോൾ ആ കേസ് ന്യായമായ നിലയിൽ അന്വേഷണം നടത്തിക്കൊണ്ടിരുന്ന ജോർജ്ജ് എന്നു പറയുന്ന സി. ഐ. യെ അവിടെനിന്നും മാറ്റിയിട്ട് അയാൾക്കു പകരം മോഹൻദാസ് എന്നുപറയുന്ന അന്വേഷണവിധേയനായ ഒരു സി. ഐ. യെ, അതും കൈക്കൂലികേസ്സിൽ അന്വേഷണവിധേയനായ ഒരു സി. ഐ. യെ സഹകരണബാങ്കിലെ നിയമനത്തിൽ നടന്നിട്ടുള്ളതായ കൈക്കൂലിയെക്കുറിച്ച് അന്വേഷിപ്പിക്കാനായി നിയമിച്ചിട്ടുള്ളത്. എന്താ ആ അന്വേഷണം ഗംഭീരമാകുകയില്ല ? ഇതുപോലെത്തന്നെ മറ്റൊരു വലിയ അഴിമതിയെക്കുറിച്ച് പറയാം. നമ്മുടെ ശാസ്ത്രസാങ്കേതിക ശാസ്ത്രമ്യൂസിയം ഉണ്ടല്ലോ, അവിടെ 134 കസേരകൾ വാങ്ങുന്നതിനു പകരം 300 കസേരകളാണ് വാങ്ങിയിട്ടുള്ളത്. അതിൽ ഒരു കസേരയുടെ വില എത്രയാണെന്ന് അറിയാമോ ഇവിടെ ചിലവു ചുരുക്കൽ പദ്ധതിയാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത് എന്നാൽ ഫലത്തിലോ ചെലവു വർദ്ധിപ്പിക്കുന്ന നടപടികളല്ലേ നാം നിത്യവും കണ്ടുകൊണ്ടിരിക്കുന്നത് ? അവിടെ വാങ്ങിയിട്ടുള്ള കസേരകൾക്ക് ഓരോന്നിനും 3300 ഉറുപ്പികയാണ് വില. എന്തിനാണ് ഇത്രയും വിലകൂടിയ കസേരകൾ വാങ്ങിക്കൂട്ടിയത് ? ഇത്രയും കൂടിയ കസേരയിലിരുന്ന് സ്വർഗ്ഗത്തിൽ പോകാനാണോ ഇതൊക്കെ വാങ്ങിക്കൂട്ടിയത്.

സർ, 3300 രൂപ വിലയുള്ള 300 കസേരകൾ വാങ്ങിയിരിക്കുകയാണ്. ആർക്ക് ഇരിക്കാൻ ? 134 കസേര മാത്രമേ വേണ്ടൂ. മാതൃഭൂമിയിലും മനോരമയിലും അതുസംബന്ധിച്ചുള്ള വാർത്തകൾ വന്നു.

1 P.M.] അതിനെക്കുറിച്ച് യാതൊരു അന്വേഷണവുമില്ല. ആരോപണവിധേയരായ ഉദ്യോഗസ്ഥൻമാർക്ക് കാലാവധി നീട്ടികൊടുക്കുകയാണ്.

സർ, ചാരായനിരോധനം ഗംഭീരമായി നടക്കുകയല്ലേ ? ആ ചാരായനിരോധനത്തിന്റെ ഫലമെന്താണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ രാഷ്ട്രീയ ഉപദേശകൻ ചെറിയാൻ ഫിലിപ്പ് പറഞ്ഞിരിക്കുന്നു. കഴിഞ്ഞകൊല്ലം 24 ലക്ഷം രൂപയ്ക്ക് ലേലം ചെയ്ത തളിപ്പറമ്പിലെ റെയ്ഞ്ച് ഇപ്രാവശ്യം പോയത് ഒരു കോടി രൂപയ്ക്കാണ്. കഴിഞ്ഞകൊല്ലം പാലക്കാട് ജില്ലയിലെ കള്ളുഷാപ്പുകൾ ഒരു കോടി രൂപയ്ക്കാണ് പോയത്. ഈ പ്രാവശ്യം എത്രകോടി രൂപയ്ക്കാണ് പോയതെന്ന് അറിയാമോ ? 11 കോടി രൂപയ്ക്ക്. ഈ കള്ളുഷാപ്പിലൂടെ കോടി കണക്കിന് രൂപയുടെ ചാരായം വിൽക്കാൻ ആവശ്യമായ ഒത്താശകൾ ചെയ്തുകൊടുത്തിട്ടാണ് ഈ ഗവൺമെന്റ് ചാരായത്തിനു എതിരാണെന്ന് പ്രചരിപ്പിക്കുന്നത്. എല്ലാ ദിവസവും അതിനുവേണ്ടിയുള്ള പ്രചരണമാണ്, സ്ത്രീകളുടെ കണ്ണുനീർ ഒപ്പാൻ വേണ്ടിയാണെന്നുള്ള പ്രചാരണമാണ് നടത്തുന്നത്. കുമിളിയിലെ 15 വയസ്സായ ഒരു പെൺകുട്ടിയെ 40 ആളുകൾ ചേർന്ന് ബലാൽസംഗം നടത്തിയപ്പോൾ അതിനു പകരം ചോദിക്കാൻ ഇവിടെ ഗവൺമെന്റ് ഇല്ല, പോലീസുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഒ. ഭരതൻ : ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പുതിയ വീട് പണിയുന്നതിന്റെ ചിത്രം ഇന്നത്തെ ദേശാഭിമാനി പത്രത്തിലുണ്ട്. അത് ബഹുമാനപ്പെട്ട രാഘവൻ കണ്ടോ .

ശ്രീ. പി. രാഘവൻ : ചാരായ മുതലാളിമാരിൽനിന്ന് പണം വാങ്ങാൻ വേണ്ടിയാണ് ഒരു ഭാഗത്ത് ചാരായ നിരോധനം ഏർപ്പെടുത്തുന്നത്. 25,000 കുടുംബങ്ങളെ കണ്ണീരിലാഴ്ത്തിയിട്ട് ഈ ചാരായ മുതലാളിമാരിൽ നിന്ന് ഇഷ്ടംപോലെ കാശ് വാങ്ങാനുള്ള ഒരു ശ്രമത്തിന്റെ ഭാഗമാണ് ഇതെന്ന് ചെറിയാൻ ഫിലിപ്പ് തന്നെ പരസ്യമായിട്ട് പത്രപ്രസ്താവന നടത്തി. അതിന്റെ വിശദാംശം ഇന്നത്തെ മാതൃഭൂമി പത്രത്തിലുണ്ട്. എക്സൈസ് വകുപ്പുമന്ത്രിയെക്കുറിച്ച് ഒരു വാക്ക് പറയട്ടെ. 1995-ൽ മദ്ധ്യപ്രദേശിലെ കെ.ഡി.ഒ. ഡിസ്റ്റിലറിയിൽനിന്നും 12,000 ലിറ്റർ റെക്ടിഫൈഡ് സ്പിരിറ്റ് കേരളത്തിലേക്ക് കൊണ്ടുവന്നു. ആദ്യത്തെ പരിശോധനയിൽ അതിൽ വിഷാംശമുണ്ടെന്ന് മനസ്സിലായി. ആ പരിശോധനാ റിപ്പോർട്ട് രണ്ട് മാസത്തോളം ബഹുമാനപ്പെട്ട മന്ത്രിയടക്കം അറിഞ്ഞുകൊണ്ട് പൂഴ്ത്തിവച്ചു. അതിനുശേഷം വീണ്ടും വെള്ളം ചേർത്ത് ചാരായമാക്കിയിട്ട് അത് ലബോറട്ടറിയിലേക്ക് തിരിച്ചയച്ചു. അത് മുഴുവൻ ചെയ്തത് എം. ബാലകൃഷ്ണൻ നായർ എന്ന് പറയുന്ന എറണാകുളത്തെ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറാണ്. ആദ്യത്തെ ചാരായമല്ല പരിശോധനയ്ക്കയച്ചത്. ആദ്യത്തെ ചാരായം അയച്ചപ്പോഴും വിഷാംശമുണ്ടെന്ന് ലബോറട്ടറിയിൽ നിന്നും പരിശോധനാ റിപ്പോർട്ട് വന്നു. രണ്ടാമതും അത് പരിശോധനയ്ക്ക് അയച്ചു. അപ്പോഴേക്കും കാസറഗോഡ് ചന്ദനത്തൈലം പച്ചവെള്ളമായതുമാതിരി കുടിക്കാൻ പറ്റുന്ന ചാരായമായിട്ട് മാറി. വെള്ളം ചേർത്ത ചാരായം രണ്ടാമത് പരിശോധനയ്ക്ക് അയയ്ക്കാറില്ല. ആ ചാരായം വിതരണം നടത്തി. 12,000 ലിറ്റർ സ്പിരിറ്റ് ചാരായമാക്കിയാൽ എത്രയുണ്ടാകും? അത് മുഴുവൻ കേരളത്തിലെ ജനങ്ങൾ കുടിച്ചു. പട്ടാമ്പിയിലെ പതിനായിരക്കണക്കിന് ആളുകളെ ക്രൂരമായി നരകത്തിലേക്ക് തള്ളിവിട്ട ആ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറെ സസ്പെൻഡ് ചെയ്യണമെന്ന് എക്സൈസ് സെക്രട്ടറി ശ്രീ. മോഹനചന്ദ്രൻ പിന്നീട് ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചു. ആദ്യം അന്വേഷണം നടത്തിയില്ല. മട്ടാഞ്ചേരിയിൽ ദുരന്തമുണ്ടായപ്പോൾ, നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിക്കെതിരായിട്ട് ആരോപണം ഉയർന്നപ്പോൾ, തൽക്കാലം ആ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്തു. അപ്പോഴേക്കും അദ്ദേഹം കോടതിയിൽ പോയി. 15 ദിവസത്തിനകം കേസ് തീർക്കണമെന്ന് കോടതി പറഞ്ഞു. എന്നാൽ അദ്ദേഹത്തെ തിരിച്ചെടുക്കണമെന്ന് പറഞ്ഞില്ല. ആ പഴുത് ഉപയോഗിച്ചുകൊണ്ട് ഈ എക്സൈസ് കമ്മീഷണറെ തിരിച്ചെടുത്തു. എക്സൈസ് സെക്രട്ടറി, ശ്രീ. മോഹനചന്ദ്രന്റെ റിപ്പോർട്ടിൽ വളരെ വ്യക്തമായി പറയുന്നു. ഇദ്ദേഹത്തെ ഒരിക്കലും ആ ഫീൽഡിലേക്ക് അയയ്ക്കാൻ പാടില്ല. റവന്യൂ ബോർഡിൽ ഇരുത്തണം എന്ന്. എന്താണ് ചെയ്തത് ? എക്സൈസ് കമ്മിഷണറായിട്ട് കണ്ണൂരിലേക്ക് മാറ്റി. അദ്ദേഹത്തിനെതിരെ നടപടി എടുക്കുന്നതിനുപകരം പ്രൊമോഷൻ കൊടുക്കുകയാണ് ചെയ്തത്. ഇദ്ദേഹം 1993-94-ൽ മുമ്പ് സ്പിരിറ്റ് ഇറക്കുമതി ചെയ്യാൻ കൊടുത്ത ലൈസൻസ് നീട്ടിക്കൊടുത്തു. സർക്കാരിലേക്ക് ഒരു നയാപൈസപോലും ഡ്യൂട്ടി അടയ്ക്കാതെ 1993-94-ൽ കൊടുത്ത അതേ ലൈസൻസ് ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ മദ്യരാജാക്കൻമാർ ഇഷ്ടംപോലെ ഇറക്കുമതി ചെയ്തു. ആ ഇറക്കുമതിയിൽ എറണാകുളം ജില്ലയ്ക്ക് 103 ലക്ഷം രൂപ നഷ്ടമുണ്ടായി. ആലുവ സർക്കിളിൽമാത്രം 13,57,000 രൂപ നഷ്ടമുണ്ടായി. ഇത് എ.ജി. യുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

ആ എക്സൈസ് കമ്മിഷണറായാണ് ഇപ്പോൾ സർവ്വീസിൽ പ്രവേശിപ്പിച്ചത്. 100 ലക്ഷം രൂപ കേരളത്തിലെ ജനങ്ങൾക്ക് നഷ്ടമുണ്ടായി. ഇത് കേരളത്തിലെ ഒരു ജില്ലയുടെ കാര്യമാണ്. അപ്പോൾ കേരളത്തിലെ എല്ലാ ജില്ലകളിലുംകൂടി എത്ര കോടി രൂപ നഷ്ടമുണ്ടാകും ? ആ കോടിക്കണക്കിന് രൂപയിൽനിന്നും ഒരു പങ്ക് ബഹുമാനപ്പെട്ട മന്ത്രിക്ക് കിട്ടിയിട്ടുണ്ട്. ആ കാശ് ഉപയോഗിച്ചുകൊണ്ടാണ് പൈപ്പിൻമൂട് ജംഗ്ഷനിൽ ബഹുനില കെട്ടിടം ഉയർന്നുവരുന്നത്. ഇന്നത്തെ പത്രത്തിൽ അതിന്റെ ഫോട്ടോയുണ്ട്. കരുണാകരൻ മന്ത്രിസഭയിൽ അംഗമായിരുന്ന ശ്രീ. രഘുചന്ദ്രബാൽ അരക്കോടി രൂപ ചെലവഴിച്ചുകൊണ്ട് ഒരു വീട് കെട്ടി. അതിനേക്കാൾ മോശമാകുന്നത് ശരിയല്ലല്ലോ. ആൻറണി മന്ത്രിസഭയിലെ എക്സൈസ് വകുപ്പുമന്ത്രി. അരക്കോടിയേക്കാളും വലിയ തുക ചെലവഴിച്ചുകൊണ്ടുള്ള ഒരു ബഹുനില കെട്ടിടം പൈപ്പിൻമൂട് ജംഗ്ഷനിൽ ഉയർന്നുവരികാണ്. ചെലവ് ചുരുക്കൽ പദ്ധതിയുടെ ഏറ്റവും വലിയ മാതൃകയാണ്. ആ രീതിയിലുള്ള അഴിമതിയാണ് ബഹുമാനപ്പെട്ട മന്ത്രി ചെയ്തത്. ഇതു സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറുണ്ടോ എന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ്. ഇവിടെ ഓരോ മന്ത്രിമാരെ സംബന്ധിച്ചും ഇഷ്ടംപോലെ അഴിമതിയാരോപണങ്ങൾ പറയാനുണ്ട്.ഇത്തരത്തിൽ അഴിമതിയുടെയും, സ്വജനപക്ഷപാതത്തിന്റെയും, ധൂർത്തിന്റെയും ഗവൺമെൻറാണിത്. ധൂർത്തിന്റെ കാര്യം അറിയാമല്ലോ. ക്യാൻറീനിൽ നിന്ന് ചായ കുടിക്കുന്ന മുഖ്യമന്ത്രിയുടെ വിമാനചാർജ് 14 ലക്ഷം രൂപയാണ്. നാട്ടുകാർ പറഞ്ഞില്ലെങ്കിൽ, പ്രതിപക്ഷം ഉന്നയിച്ചില്ലെങ്കിൽ ആ കാശ് നമ്മുടെ ഖജനാവിൽനിന്ന് പോകുകയില്ലേ ? ഇപ്പോൾ മുഖ്യമന്ത്രി പറയുന്നത്, പിരിവെടുക്കുമെന്നാണ്. നല്ല കാര്യമാണ്. പിരിവെടുക്കാൻ രസീത് അടിച്ച് യൂത്ത് കോൺഗ്രസ്സുകാർക്ക് കൊടുത്താൽ കോടിക്കണക്കിന് രൂപ നാട്ടുകാരെ കെഞ്ചിയടിച്ച് കീശ നിറയ്ക്കാം. തെരഞ്ഞെടുപ്പിന്റെ സമയമല്ലേ ? അതിനുവേണ്ടി മുഖ്യമന്ത്രി ഒരു ബ്ലാങ്ക് ചെക്ക് കൊടുത്തിരിക്കുകയാണ്. ഇത്തരത്തിലുള്ള അഴിമതിയുടെ കൂമ്പാരം നിറഞ്ഞ കാര്യങ്ങൾ പ്രതിപാദിക്കുന്നതിനുപകരം ജനങ്ങളെ കബളിപ്പിക്കാനുള്ള കള്ളക്കണക്കുമായിട്ട് വന്നിരിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിനെ ഞാൻ ഒരിക്കൽ കൂടി എതിർക്കുകയാണ്.

ശ്രീ. എ. യൂനസ്കുഞ്ഞ് : സർ, 1996-97 വർഷത്തേക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ പലരും പറഞ്ഞതുപോലെ 100 കോടി രൂപയുടെ കടവുമായിട്ടാണ് ഐക്യജനാധിപത്യമുന്നണി അധികാരം ഏറ്റെടുത്തത്. അഞ്ച് വർഷം തികയാൻ പോവുകയാണ്. പുതിയ ജനവിധി തേടാൻവേണ്ടി എല്ലാ പാർട്ടികളും ജനങ്ങളുടെ കുരുക്ഷേത്രത്തിലേക്ക് ഇറങ്ങുകയാണ്. മുമ്പ് ട്രഷറികൾ അടച്ചുകൊണ്ടായിരുന്നു പ്രവർത്തനം നടത്തിയിരുന്നത് എങ്കിൽ ഈ അടുത്തകാലത്തായി ഒറ്റദിവസം പോലും ട്രഷറികൾ അടയ്ക്കേണ്ടതായി വന്നിട്ടില്ലെന്ന് മാത്രമല്ല, ഗവൺമെൻറ് ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ ഓരോന്നോരോന്നായി നടപ്പാക്കിക്കൊണ്ടാണ് ഈ ഭരണം അവസാനിപ്പിക്കാൻ പോകുന്നത്.

ശ്രീ. ടി. നാണു മാസ്റ്റർ : മുഖ്യമന്ത്രിയുടെ ബഹുജന സമ്പർക്ക പരിപാടിയിൽ കൊടുത്തിട്ടുള്ള ചെക്കുപോലും മൂന്നുമാസമായിട്ട് ക്യാഷ് ചെയ്തിട്ടില്ലെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ ?

2/80/1997/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. യൂനസ്കുഞ്ഞ് : സാങ്കേതികമായ കാരണങ്ങളാൽ ഏതെങ്കിലും ഒരു ചെക്ക് മാറിയിട്ടുണ്ടാവുകയില്ല. 42 ലക്ഷം രൂപയുടെ ചെക്കുകളാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ മുഖാമുഖം പരിപാടിയിൽ കൊടുത്തിട്ടുള്ളത്.

ശ്രീ. പി. എം. മാത്യു : ബഹുമാനപ്പെട്ട നാണു മാസ്റ്റർ പറഞ്ഞ ആ ചെക്കിന്റെ നിജസ്ഥിതിയെ സംബന്ധിച്ച് സംശയമുള്ളതുകൊണ്ടാണ് അത് മാറാത്തതെന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ ?

ശ്രീ. എ. യൂനസ്കുഞ്ഞ് : അതായിരിക്കും ശരി. ചാരായത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട ഇടതുപക്ഷ നേതാക്കൻമാർക്കും എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കൻമാർക്കും ആക്ഷേപമുള്ളത്. ചാരായം കുടിച്ചു കൊണ്ട് നമ്മുടെ നാട്ടിലെ പാവപ്പെട്ട സ്ത്രീകളോട് പുരുഷൻമാർ കാണിക്കുന്ന ക്രൂരത കണ്ടിട്ട് പ്രതിപക്ഷത്തുള്ള നേതാക്കൻമാരുടെ കണ്ണ് തുറക്കുന്നില്ല. അത് എന്തുകൊണ്ടാണെന്ന് പലപ്പോഴും ചിന്തിച്ചപ്പോൾ എനിക്ക് ഒരു കാര്യം മനസ്സിലായി. ചാരായം കുടിച്ച് സ്വബോധമില്ലാത്ത സാഹചര്യത്തിൽ പല പ്രക്രിയകളും കാണിക്കും. അങ്ങനെയായിരിക്കും ചില രാഷ്ട്രീയ പാർട്ടികൻമാർക്ക് കൊടി പിടിക്കാൻ ആളെ കിട്ടുന്നത്. ഒരുപക്ഷെ അവരുടെ കുടുംബത്തെ സംരക്ഷിക്കണമെന്നുള്ള സ്വയബുദ്ധി ഉണ്ടായിക്കഴിഞ്ഞാൽ ഇതേ ആളുകൻമാർക്ക് രാഷ്ട്രീയമായി കൊടിപിടിക്കാൻ ആളെ കിട്ടുകയില്ല, അവർക്കുവേണ്ടി പ്രവർത്തിക്കാൻ ആളെ കിട്ടുകയില്ല എന്നുള്ള ഭയമാണോ മറുഭാഗത്തുള്ള ആളുകൻമാർക്കുള്ളതെന്ന് എനിക്ക് പലപ്പോഴും സംശയം തോന്നുകയാണ്. ചാരായം നിരോധിച്ചതുവഴി കേരള ഗവൺമെന്റിന് 330 കോടി രൂപ നഷ്ടപ്പെടുകയാണ്. ഈ നാട്ടിലെ പാവപ്പെട്ടവന്റെ കുടിലുകളിലേക്ക് മൂവായിരത്തിലധികം കോടി രൂപ ചെന്നുചേരുകയാണ്. 3000 കോടി രൂപ ജനങ്ങളുടെ കൈകളിലേക്ക് അവന്റെ കുടുംബത്തിന്റെ ക്ഷേമത്തിനുവേണ്ടി, കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി എത്തിച്ചേരുകയാണ്. അതിനെ എല്ലാവരും സ്വാഗതം ചെയ്യേണ്ടതല്ലേ? നേരത്തെ ഇവിടെ വൈപ്പിൻ മദ്യദുരന്തത്തെക്കുറിച്ചും പുനലൂർ മദ്യദുരന്തത്തെക്കുറിച്ചും പറഞ്ഞു. അവിടെയൊക്കെ ഈ മദ്യദുരന്തത്തിൽപ്പെട്ട കുടുംബങ്ങൾ ഇന്നും യാതനയിലും പട്ടിണിയിലും കഷ്ടപ്പാടിലും കഴിയുന്ന ചിത്രം എന്തുകൊണ്ട് ഇത്തരത്തിലുള്ള ആളുകൻമാർ കാണാൻ കഴിയുന്നില്ല.

മദ്യത്തിൽ മായം ചേർക്കുകയോ, മദ്യത്തിൽ മായം ചേർത്ത് അപകടം ഉണ്ടാവുകയോ ചെയ്താൽ കൊലക്കുറ്റത്തിന് കേസ്സെടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. വാസ്തവത്തിൽ കൊലക്കുറ്റത്തിന് കേസ്സെടുക്കുന്നതുകൊണ്ട് എന്താണ് തെറ്റ് ? തെറ്റ് ചെയ്യുന്നവർ ശിക്ഷിക്കപ്പെടണം. അതിന് മറ്റുള്ളവർ വക്കാലത്ത് പിടിക്കുന്നത് എന്തിനാണ് ? മറ്റുള്ളവർ ആരും വക്കാലത്ത് പിടിക്കേണ്ട കാര്യമില്ല. കാരണം കൊലപാതകത്തിന് തുല്യമാണ് മയക്കുമരുന്ന് കൊടുക്കുന്നതും മദ്യത്തിൽ മയക്കുമരുന്നുകൾ ചേർത്ത് മനുഷ്യനെ കൊല്ലുന്നതും. വൈപ്പിനിൽ ചെന്നാലും പുനലൂരിൽ ചെന്നാലും എത്രയോ പേർ ഇന്നും നിത്യരോഗികളായി കുടുംബത്തെ സംരക്ഷിക്കാൻ കഴിയാത്തവരായിത്തീർന്നിരിക്കുന്നു എന്ന് കാണാൻ കഴിയും.

ശ്രീ. എ. പത്മകുമാർ : കൊല്ലത്തെ ഷാ ഇൻറർനാഷണലിന്റെ ഉടമ ആരാണ് ? ആ ബാറിൽ കച്ചവടം കൂടുതൽ കിട്ടുന്നതിനുവേണ്ടിയല്ലേ അങ്ങ് ചാരായത്തിനു എതിരായി പ്രസംഗിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. യൂനസ്കുഞ്ഞ് : അവിടെ ബാർ ഷോപ്പ് പാടില്ല. അക്കാര്യത്തിൽ അങ്ങ് തെറ്റിദ്ധരിക്കണ്ട. അങ്ങേക്ക് വേണമെങ്കിൽ അവിടെ പോയി ഇന്നുതന്നെ പരിശോധിക്കാം. അല്ലെങ്കിൽ ഞാൻ ഇവിടെയിരിക്കുന്ന സമയത്തുതന്നെ അങ്ങേക്ക് അവിടെ പോയി പരിശോധിച്ചുവരാം. വേണ്ടി വന്നാൽ ടാക്സിയുടെ ചാർജും ഞാൻ തരാം. ചാരായം കുടിച്ച് മനുഷ്യനെ മനുഷ്യനല്ലാതാക്കിത്തീർക്കുന്ന നയം നിങ്ങൾക്കുള്ളതാണ്. അതിനെയാണ് ഞങ്ങൾ എതിർക്കുന്നത്. ഇവിടെ മനുഷ്യൻ മനുഷ്യനായി ജീവിക്കുന്നതു കാണുകയും മനുഷ്യന്റെ കാര്യങ്ങൾ നന്നാക്കുകയും ചെയ്യുക എന്ന ലക്ഷ്യമാണ് ഐക്യജനാധിപത്യമുന്നണിക്കുള്ളത്. നിങ്ങൾ കൂടി അക്കാര്യത്തിൽ സഹകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റ് പൊതുമേഖലയിലും സഹകരണമേഖലയിലും സ്കൂളുകൾ കൊടുത്തു. അതിനെയൊക്കെയാണ് നിങ്ങൾ പലപ്പോഴും എതിർക്കുന്നത്. ഇവിടെ സ്കൂളുകൾ കൊടുത്തതിനെ സംബന്ധിച്ച് നിങ്ങൾ ഈ അടുത്തകാലത്ത് ഒരു സമരം സംഘടിപ്പിച്ചു. അവസാനം വിദ്യാർത്ഥികളാൽ തന്നെ വെറുക്കപ്പെട്ട് ആ സമരം സ്വയം നിങ്ങൾ പിൻവലിച്ചു. ഉന്നതമായ ജീവിതനിലവാരം പുലർത്താനും ഉന്നതമായ സാമൂഹിക മേഖലകളിൽ വളർന്ന് വരാനുമാണ് ഈ സംസ്ഥാനത്തെ ജനങ്ങൾ ആഗ്രഹിക്കുന്നത്. എന്റെ കുട്ടി നല്ലതുപോലെ മിടുക്കനായി പഠിക്കണം. മിടുക്കിയായി പഠിക്കണം. ഉന്നത നിലവാരം പുലർത്തണമെന്ന് ആഗ്രഹിക്കാത്ത ഒരു മാതാപിതാക്കളും കാണുകയില്ല. ചിലയാളുകൾ ആഗ്രഹിക്കുന്നത് എന്റെ മകനേ പഠിക്കാവൂ, അടുത്ത വീട്ടിലെ കൂലിക്കാരന്റെ മകൻ പഠിക്കേണ്ട. അവൻ പഠിച്ചു വന്നാൽ എന്റെ മകനോടൊപ്പം വളർന്നു വരും. അവനും ജോലിക്ക് അപേക്ഷിക്കേണ്ടിവരും. ആ ചിന്താഗതി മാറണം. സാധാരണക്കാരന്റെ കുട്ടികൂടി വളർന്നുവരുന്ന സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടായാൽ മാത്രമേ നാം 100% സാക്ഷരത കൈവരിച്ചതിന്റെ മെച്ചമുണ്ടാകുകയുള്ളു. ഇവിടെ നേരത്തെ ഒരു ആരോപണമുണ്ടായി. അത് നമ്മുടെ മനസാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. അതും ചാരായവുമായി ബന്ധപ്പെട്ടതാണോ എന്ന് പരിശോധിക്കേണ്ടതാണ്. കാരണം മനുഷ്യന് ബോധമില്ലാത്തപ്പോഴാണ് പലപ്പോഴും ഇത്തരത്തിലുള്ള ക്രൂരകൃത്യങ്ങൾ ചെയ്യാൻ അവൻ നിർബന്ധിതനായിത്തീരുന്നത്. അതിനെ സംബന്ധിച്ച് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിൽ അങ്ങനെ നടക്കാൻ പാടില്ലായിരുന്നു. വിദഗ്ദ്ധരായ ഉദ്യോഗസ്ഥൻമാരും അഭിഭാഷകരും ഉൾക്കൊള്ളുന്ന സമൂഹത്തിൽ പത്തോ പതിനഞ്ചോ വയസ്സുമാത്രം പ്രായമുള്ള ആ പെൺകുട്ടിയോടുള്ള വലിയവരായിട്ടുള്ളവർ കാണിക്കുന്ന ക്രൂരത ഒരു കാരണവശാലും ആരും അംഗീകരിക്കുന്നില്ല. ആ പെൺകുട്ടിയുടെ മാതാപിതാക്കളുടെ സ്ഥിതി എന്തായിരിക്കും ? ആ കുടുംബത്തിന്റെ സ്ഥിതിയെന്തായിരിക്കും ? നാമൊക്കെ പെൺമക്കൾ ഉള്ളവരല്ലേ ? നമുക്കറിഞ്ഞുകൂടെ ഏത്രയോ ക്രൂരമായിട്ടാണ് ആ കുട്ടിയോട് പെരുമാറിയിട്ടുള്ളതെന്ന്. അതിന് എതിരായി ശക്തമായ നടപടി എടുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതിൽ ഞാൻ വളരെയേറെ സന്തോഷിക്കുകയാണ്.

ഈ ഗവൺമെന്റ് രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിവഴി 700 കോടി രൂപയാണ് സാധാരണക്കാരനുവേണ്ടി മുടക്കുന്നത്. ഇവിടത്തെ സാധാരണക്കാരനുവേണ്ടി നാല് ലക്ഷത്തോളം വീടുകൾ വച്ചുകൊടുക്കാൻ പോവുകയാണ്. ഇന്ന് മുടക്കുന്ന ഒരു കോടി രൂപ അഞ്ച് കൊല്ലംകൊണ്ട് പത്തുകോടി രൂപയായി മാറും. സാധനങ്ങളുടെ വിലക്കയറ്റവും കാലഘട്ടത്തിന്റെ പോക്കും അങ്ങനെയാണ്. നാല് ലക്ഷത്തോളം ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെൻറ് പാർപ്പിട സൗകര്യമുണ്ടാക്കിക്കൊടുക്കുമ്പോൾ അതിനെ നാം സ്വാഗതം ചെയ്യേണ്ടതല്ലേ ? ഇരുപത്തഞ്ച്-മുപ്പത് കൊല്ലങ്ങൾക്ക് മുമ്പ് ആലപ്പുഴ പോലുള്ള പട്ടണങ്ങൾ വ്യവസായരംഗത്ത് കേരളത്തിൻറെ പറുദീസയായിരുന്നു. ഇരുപത്തഞ്ച് വർഷങ്ങൾക്കുമുമ്പ് ഇതുപോലൊരു വ്യവസായനയം കേരളത്തിലെ വ്യവസായ രംഗത്ത് കൊണ്ടുവന്നിരുന്നെങ്കിൽ തീർച്ചയായും വ്യവസായ രംഗത്ത് ഇന്ന് കാണുന്നതിൽ നിന്നും വ്യത്യസ്തമായൊരു മുഖച്ഛായ ഉണ്ടാക്കാൻ നമുക്ക് കഴിയുമായിരുന്നു. എനിക്ക് ഒരു പരാതി മാത്രമേയുള്ളൂ. എൻറെ പ്രദേശമായ മലപ്പുറം ജില്ല ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഇന്നും വികസനം തിരിഞ്ഞു നോക്കാത്ത പ്രദേശങ്ങളുണ്ട്. വൈദ്യുതിയുടെ കാര്യത്തിൽ വളരെയേറെ ബുദ്ധിമുട്ടുണ്ട്. ഈ ഗവൺമെൻറ് വന്നതിനുശേഷം ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പറയാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ ചുരുക്കുകയാണ്. വ്യവസായ രംഗത്തും വൈദ്യുതി രംഗത്തും മലബാർ പ്രദേശത്ത് പ്രത്യേകിച്ചും എൻറെ മണ്ഡലത്തോടും കാണിക്കുന്ന അവഗണനയ്ക്ക് മാറ്റം വരുത്തണം. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ മലപ്പുറത്തിന് ആവശ്യമായ പ്രാതിനിധ്യം കൊടുത്തുകൊണ്ട് അതിൽ ഭേദഗതി വരുത്തി വേണ്ട കാര്യങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, സഭയിൽ ആരേയും കാണുന്നില്ല.

എക്സൈസ്, പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. പന്തളം സുധാകരൻ) : സർ, കക്ഷി നേതാക്കൻമാരായ മന്ത്രിമാർ ബിസ്സിനസ് അഡ്വൈസറി കമ്മിറ്റി കൂടുന്നതുകൊണ്ട് അതിൽ പങ്കെടുക്കാനായി പോയിരിക്കുകയാണ്. ഇവിടെ പറയുന്ന കാര്യങ്ങളെല്ലാം ശ്രദ്ധാപൂർവ്വം എഴുതി വയ്ക്കാനായി എന്നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ : കക്ഷിനേതാക്കൻമാർ ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടുന്നതുകൊണ്ട് അവിടെയാണ്.

ശ്രീ. പി. എസ്. ശ്രീനിവാസൻ ; 1996-97-ലെ ഇടക്കാല ബഡ്ജറും 1995-96-ലെ പുതുക്കിയ ബഡ്ജറും എൻറെ മാന്യ സ്നേഹിതൻ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചു. ബഡ്ജറ് അവതരിപ്പിച്ചുകൊണ്ടുള്ള അദ്ദേഹത്തിൻറെ പ്രസംഗം കഴിഞ്ഞ് ഇവിടെനിന്നും വെളിയിലിറങ്ങി വരാന്തയിൽ ചെന്നപ്പോൾ അവിടെ കൂടിനിന്ന കൂട്ടുമന്ത്രിമാരും സഹപ്രവർത്തകരുമെല്ലാം കൂടി അദ്ദേഹത്തെ അഭിനന്ദിച്ച് ചിരിച്ചതിൻറെ ഒരു പടം പിറ്റേ ദിവസം മനോരമയിൽ കണ്ടു.

ശ്രീ.എ. പത്മകുമാർ : നമുക്ക് ഇപ്പോൾ സഭ കൂടാൻ കോറമുണ്ട്. എന്നും ഈ പ്രശ്നം ഈ സമയത്ത് വരുന്നതാണ്. ഭക്ഷണം കഴിക്കാൻ പോകേണ്ട എന്ന് ആരും പറയുന്നില്ല. പക്ഷേ സഭയോടുള്ള ഒരു അനാദരവ് എന്ന രൂപത്തിലേക്ക് കാര്യങ്ങൾ പോയ്ക്കൊണ്ടിരിക്കുകയാണ്. ഒരു മന്ത്രിയെ ഇപ്പോൾ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് പറഞ്ഞു. സഭ നടത്തിക്കൊണ്ടുപോകുക എന്നുള്ളത് ഗവൺമെൻറ് ഭാഗത്തിൻറെ ഉത്തരവാദിത്വമാണ് എന്നും ഈ പ്രശ്നം ഉന്നയിക്കേണ്ട ആ ഒരു നാണംകെട്ട അവസ്ഥയിലേക്ക് സഭ എത്തിച്ചേർന്നിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ : ഇരുഭാഗവും അങ്ങനെ തന്നെയാണ്. ഉച്ച ഊണിന്റെ സമയമാണ് നേതാക്കൻമാരായ മന്ത്രിമാരെല്ലാം ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ പോയിരിക്കുകയാണ്.

ശ്രീ. എ. പത്മകുമാർ : അങ്ങനെയാണെങ്കിൽ ഉച്ചഭക്ഷണത്തിന് പിരിയുന്ന ഒരു സാഹചര്യമുണ്ടാകണം.

ശ്രീ. കെ. സി. ജോസഫ് : പ്രതിപക്ഷ ബഞ്ചിലാകെ അഞ്ചു പേരാണുള്ളത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഇവിടെ പ്രതിപക്ഷവും ഭരണ പക്ഷവും ഒന്നുമില്ല. ഞാൻ ഇതുപോലെ ഒരു സഭയിൽ പ്രസംഗിച്ചിട്ടില്ല. ഇങ്ങനെ ഒഴിഞ്ഞ ബഞ്ചുകളേയും കസേരകളേയും നോക്കി ജീവിതത്തിൽ ആദ്യമായിട്ടാണ് പ്രസംഗിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ് : സർ, അങ്ങയുടെ കക്ഷിയിലെ ഒരാൾ പോലും ഈ സഭയിലില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ : സർ, ഞാൻ അപ്പുറത്തും ഇപ്പുറത്തും ഉള്ള ആരേയും പറഞ്ഞില്ല. ഞാൻ ഈ സഭയിൽ പ്രസംഗിക്കുമ്പോൾ എനിക്ക് സാധാരണഗതിയിൽ അനുഭവപ്പെടാറുള്ളത്, ഈ സഭ നിറഞ്ഞിരിക്കുന്നുവെന്നാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. പ്രസംഗിക്കാൻ തോന്നണ്ടേ ? ഞാൻ അങ്ങയോട് പ്രസംഗിക്കുകയാണ്. ഈ പടം കണ്ടോ ? എത്ര മനോഹരമായിരിക്കുന്നു. അതായത് പ്രസംഗം കഴിഞ്ഞ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയുമെല്ലാവരും കൂടി വെളിയിലേക്ക് പോകുകയാണ്. ഈ പടം മലയാള മനോരമയിൽ വന്നതാണ്. അത് കണ്ടിട്ട് എനിക്ക് തോന്നിയത് ബഹുമാനപ്പെട്ട മാണി എന്തോ ഒരു പടക്കം പൊട്ടിക്കുകയാണ് എന്നാണ്. ശ്രീ. മാണി ഇത്ര ഭംഗിയായി ഈ സഭയെ കബളിപ്പിക്കാൻ കഴിഞ്ഞിട്ടുള്ള, നാട്ടുകാരെ കബളിപ്പിക്കാൻ കഴിഞ്ഞിട്ടുള്ള എന്റെ പത്മരാജ് എന്നാണ് പറഞ്ഞതെന്നാണ് എനിക്ക് തോന്നുന്നത്. അപ്പോഴും എല്ലാവരും കൂടി പൊട്ടിച്ചിരിക്കുകയാണ്. അങ്ങനെയൊരു ബഡ്ജറ്റ് പ്രസംഗമാണ് ഞാൻ കേട്ടതെന്നാണ് എനിക്ക് പറയാനുള്ളത്. അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗം തുടങ്ങുന്നത് കേന്ദ്രത്തിലെ പ്രവർത്തന വൈശിഷ്ടങ്ങളെയും നയങ്ങളേയും പുകഴ്ത്തിക്കൊണ്ടാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ദർശനപരവും മൗലികവുമായ മാറ്റങ്ങൾക്ക് കഴിഞ്ഞ 5 വർഷക്കാലം സാക്ഷ്യം വഹിച്ചുവെന്നാണ്. ദർശനപരം എന്നുള്ളത് അദ്ദേഹം ട്രാൻസ്ലേഷനിൽ കൊടുത്തിരിക്കുന്നത് എന്തായിരുന്നു ? നമ്മുടെ രാജ്യത്തെ ആ ദർശനം ആ ദർശനം നമ്മുടെ രാജ്യത്തെ കടിഞ്ഞാണില്ലാത്ത മുതലാളിത്ത വികസനത്തിനോതായ ദർശനമായിരുന്നു, ഈ ലോകത്തിലെ രണ്ടാമത്തെ ഏറ്റവും വലിയ മാർക്കറ്റായ ഇൻഡ്യയിലെ കമ്പോളം ഈ ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള നമ്മുടെ രാജ്യത്തും പുറം രാജ്യങ്ങളിലുമുള്ള മൾട്ടി നാഷണൽ കോർപ്പറേഷനുകൾക്കും രാജ്യത്തിലെ കുത്തുകകൾക്കും തുറന്നിട്ടുകൊടുക്കാനുള്ള ഒരു ദർശനമായിരുന്നു എന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. അതിന്റെ ഫലമായി സംഭവിച്ചത് എന്താണ് ? നമ്മുടെ രാജ്യത്തിലെ ഏതാണ്ട് എൺപത് ശതമാനത്തിലധികം വരുന്ന പാവപ്പെട്ടവർ, ഇടത്തരക്കാർ സാധാരണക്കാരായ ആളുകൾ അങ്ങേയറ്റം കഷ്ടതയനുഭവിക്കുന്നു, ഇപ്പോഴും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവുമധികം പ്രയാസമനുഭവിക്കുന്ന ആ ജനങ്ങളെ നമ്മുടെ പ്രധാനമന്ത്രി നേരിട്ട് ആന്ധ്രയിൽ കണ്ടു. ബീഹാറിൽ കണ്ടു. കർണ്ണാടകയിൽ കണ്ടു. നമ്മുടെ രാജ്യത്തിന്റെ പത്ത് പതിനൊന്ന് സംസ്ഥാനങ്ങളും ഇപ്പോൾ ഭരിക്കുന്നത് കോൺഗ്രസ് അല്ല. പ്രധാനപ്പെട്ട സംസ്ഥാനങ്ങളിലെല്ലാം വേറെ ആളുകളാണ് ഭരിക്കുന്നത്. ഈ നയത്തിന്റെ ഫലമായി നമ്മുടെ രാജ്യത്തിലെ ദരിദ്ര നാരായണൻമാർ, സാധാരണജനങ്ങളും, പാവപ്പെട്ടവർ കേന്ദ്രത്തിലേയും സംസ്ഥാനങ്ങളിലേയും കോൺഗ്രസ് ഗവൺമെന്റുകൾക്കെതിരായി, യു. ഡി. എഫ്. ഗവൺമെന്റിനെതിരായി നടത്തിയ വൻപിച്ച പോരാട്ടങ്ങളുടെ ഒരു ചരിത്രമാണ് കഴിഞ്ഞ 5 വർഷമായി നാം കാണുന്നത്. കഴിഞ്ഞ 5 വർഷത്തിനിടയ്ക്കുള്ള ഒന്നു രണ്ടു വർഷങ്ങളിലായി നമ്മുടെ രാജ്യത്തിലെ ബാങ്കുകളിൽ വിവിധ മേഖലകളിൽ, മറ്റു സ്ഥാപനങ്ങളിൽ ഡിഫൻസ്, തുടങ്ങി ഏറ്റവും മർമ്മ പ്രധാനമായ മേഖലകളിൽ പണിയെടുക്കുന്നവർ, പരമ്പരാഗതമേഖയിലെ തൊഴിലാളികൾ മീൻ പിടിത്തത്തിലും മൽസ്യ വ്യവസായത്തിലും ഏർപ്പെട്ടിരുക്കുന്നവർ തുടങ്ങിയവർ വൻപിച്ച മുന്നേറ്റം പൊതുപണിമുടക്കുകൾ ഈ രാജ്യത്ത് നടത്തുകയുണ്ടായി. അവരുടെ ജീവിത വൈഷമ്യത്തിനെതിരായിട്ടുള്ള ഒരു പണിമുടക്കാണ്. ആ ജീവിത വൈഷമ്യങ്ങൾ ഉണ്ടാക്കിതീർത്ത ഒരു ദർശനവും ഒരു നയവുമായിരുന്നു ശ്രീ. നരസിംഹറാവുവിന്റേയും കേരളത്തിലെ ഐക്യജനാതിപത്യമുന്നണി ഗവൺമെന്റിന്റേയുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിന്റെ വളരെ പ്രത്യക്ഷത്തിലുള്ള അനുഭവം ബോദ്ധ്യപ്പെട്ടതിന്റെ ഫലമായിട്ടാണ്, കഴിഞ്ഞ വർഷം കേരളത്തിലുംപ്പെടെയുള്ള സംസ്ഥാനങ്ങളിലും കേന്ദ്രത്തിലും populist ബഡ്ജറ്റുകൾ വന്നത്. ഒരുപാട് കാര്യങ്ങൾ ചെയ്തിതനെപ്പറ്റി വലിയ കാര്യമായി പറയുന്നുണ്ട്. അതെല്ലാം കഴിഞ്ഞ ഒരു വർഷമാണ്. അതിനുമുൻപുള്ള മൂന്നു വർഷക്കാലം ജനങ്ങളെ ഉപദ്രവിക്കാവുന്നതിന്റെ പരമാവധി ഉപദ്രവിച്ചതിനു ശേഷം, ഒരു കൊല്ലക്കാലം അവർക്ക് ചില നക്കാപിച്ച ഇട്ടുകൊടുത്ത് ഒരു pouplist budget ആക്കി അടുത്ത തെരഞ്ഞെടുപ്പിന് അവരെ കബളിപ്പിക്കാൻ വേണ്ടിയുള്ള ഏർപ്പാടാണ് ചെയ്തത്. അതാണ് കഴിഞ്ഞവർഷം നടന്നത്. ആ കാര്യമാണ് വലിയ കാര്യമായി നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത്. നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയെ സംബന്ധിച്ച്, ഇത്രയും പുകഴ്ത്തിപ്പറയുന്ന സമ്പദ്ഘടനയെ സംബന്ധിച്ച് വളരെ ചെറിയ തോതിൽ ഞാനൊന്ന് പറയട്ടെ. ശ്രീ. പത്മരാജൻ ഇൻഡ്യൻ സമ്പദ്ഘടനയുടെ മനോഹരമായ ഒരു ചിത്രമാണ് നമുക്ക് വരച്ച് കാണിച്ചിട്ടുള്ളത്. എന്നാൽ 1995-96-ൽ കടം വീടേണ്ടത് എഴുപതിനായിരത്തി അറുനൂറ്റി മൂന്ന് കോടി രൂപയാണ് അതിന്റെ പലിശയായി കൊടുക്കേണ്ടത്. അൻപത്തിരണ്ടായിരം കോടി രൂപ. അങ്ങനെ മൊത്തം ഒരുലക്ഷത്തി ഇരുപത്തിരണ്ടായിരത്തി അറുനൂറ്റി മൂന്ന് കോടി രൂപ നമുക്ക് കടം വീട്ടേണ്ടതായിട്ടുണ്ട്. ഈ വർഷത്തെ മൊത്തം നികുതി വരുമാനം ഒരുലക്ഷത്തി പതിനായിരത്തി നൂറ്റിതൊണ്ണൂറ്റിയൊന്നു കോടി രൂപയാണ്. അതായത് വീട്ടേണ്ടകട ബാദ്ധ്യതയെക്കാളും കുറവാണ് നമ്മുടെ വരുമാനം. രാജ്യത്തിന്റെ നികുതി വരുമാനം രാജ്യത്തിന്റെ പൊതുവായ വരുമാനം വീട്ടേണ്ട കടബാദ്ധ്യതയെക്കാളും കുറവായിട്ടുള്ളതാണ്. അതുകൊണ്ട് നമുക്ക് കടബാദ്ധ്യത വീട്ടണമെങ്കിലും മറ്റു പ്രവർത്തനം നടത്തണമെങ്കിലും വീണ്ടും കടം വാങ്ങിക്കേണ്ട ഒരു സ്ഥിതിയിലേക്കാണ് ഈ രാജ്യത്തെ ഭരണം, വളരെ ദർശനത്തോടുകൂടിയ, വളരെ മൗലികമായ പരിഷ്കാരങ്ങളോടുകൂടി നടപ്പിലാക്കിയ ഈ ഭരണം നമ്മുടെ രാജ്യത്തെ കൊണ്ടുചെന്ന് എത്തിച്ചത്. പന്ത്രണ്ടായിരം കോടി രൂപ കുറവാണ് വരവ്. അതായത് പഴയ കടം

LIBRARY ARCHIVES Kerala Legislative Assembly

വീട്ടാനും പലിശ കൊടുക്കാനും വരുമാനം തികയാത്ത സ്ഥിതി. ഏതാണ്ട് ഒരു പാപ്പരായ ബജറ്റാണ് 1996-97-ലേത് അൽപ്പം ഭേദമാകുമെന്ന് പറയുന്നു. റവന്യൂ വരുമാനം ഒരു ലക്ഷത്തി ഇരുപത്തി ഏഴായിരത്തി ഒരുനൂറ്റി അറുപത്തി രണ്ട് കോടി രൂപയാണ്. കട ബാദ്ധ്യത തീർക്കാൻ ഒരു ലക്ഷത്തി ഇരുപത്തിആറായിരത്തി എഴുന്നൂറ്റി എട്ടു കോടി രൂപ വേണം. എന്നാൽ കഷ്ടിച്ച് കട ബാദ്ധ്യത തീരും. മറ്റു വലിയ കണക്കുകളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. നമ്മുടെ ഫിസ്ക്കൽ ഡെഫിസിറ്റ് അറുപത്തിരണ്ടായിരത്തി നാനൂറ്റി നാലുകോടി രൂപയാണ്. അതിൽ പലിശകൊടുക്കാൻ വേണ്ടി മാത്രം ഏതാണ്ട് അറുപതിനായിരം കോടി രൂപ വേണം. ഇതിന്റെ അർത്ഥം ഗവൺമെന്റ് പുതിയ കടം വാങ്ങിക്കണമെന്നുള്ളതാണ്. 1995-96-ൽ വ്യവസായത്തിന്റെ വികസനത്തെപ്പറ്റി പറയുകയാണെങ്കിൽ ഏതാണ്ട് 10 % ആണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. അത് സാമാന്യം പുരോഗതിയിലാണ്. വ്യാവസായിക മേഖലയിൽ 10% വികസനമെന്ന് പറയുന്നത് സാമാന്യം പുരോഗതിയാണ്. എന്നാൽ കാർഷിക മേഖലയിൽ ഏതാണ്ട് ഒരു ചെറിയ തോതിലെങ്കിലുമുള്ള പുറകോട്ടടിയാണുണ്ടായത്. അതിൽ ഒരു ന്യായീകരണവുമില്ല. എന്തുകൊണ്ടെന്നാൽ കഴിഞ്ഞ ഏഴെട്ടുവർഷക്കാലം നല്ല കാലാവസ്ഥയായിരുന്നു. അതിന്റെ ഫലമായി കൃഷി സ്വാഭാവികമായി വികസിക്കേണ്ടതാണ്. എന്നാൽ കൃഷിയിൻ കാര്യമായ പുരോഗതി ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നുള്ളത് നമ്മുടെ രാജ്യത്തിന്റെ പുരോഗതിയെ വളരെയധികം പ്രതികൂലമായി ബാധിക്കുന്ന ഒരു കാര്യമാണ്.

ഇനി നാണയപ്പെരുപ്പത്തിന്റെ കാര്യമാണ്. അത് ഓരോ ദിവസവും ടി. വി. യിൽ കാണുകയാണ്. ഇന്ന് രണ്ട് പോയിന്റ് കുറഞ്ഞു, 3 പോയിന്റ് കുറഞ്ഞു, ഇപ്പോഴത് 5 പോയിന്റിൽ ആയിരിക്കുന്നു. ഇത് ഏറെടുത്ത അവസരത്തിൽ 17%-ത്തിൽ നിന്നിരുന്ന നമ്മുടെ നാണയപ്പെരുപ്പത്തിന്റെ തോത് ഇപ്പോഴത് 5%-ൽ വന്നുനിൽക്കുന്നുവെന്നത് വലിയ കാര്യത്തിലാണ് പറയുന്നത്. അത് വളരെ കൃത്രിമമായുണ്ടാക്കിയ, നമ്മുടെ സമ്പദ്ഘടനയെ നല്ലതുപോലെ സപ്രസ് ചെയ്തുണ്ടാക്കിയ നാണയപ്പെരുപ്പത്തിന്റെ കണക്കാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അത് യാഥാർത്ഥ്യത്തിലുള്ളതല്ല, ശരിയായ രൂപത്തിൽ വന്നതല്ല, ഫെബ്രുവരി 28-ലെ ഹിന്ദുവിലെ മുഖപ്രസംഗത്തിലെ ഒരു ചെറിയ ഭാഗം ഞാൻ വായിക്കാം.

It claims that inflation will continue to fall, but does not admit that this is in a.....

The low rate of increase in administered prices that has been noted by the Survey will sooner or later has to be reversed.

ഇതിൽ കാണിച്ചിരിക്കുന്ന നാണയപ്പെരുപ്പത്തിന്റെ തോത് അഡ്മിനിസ്ട്രേഡ് പ്രൈസിൽ സർക്കാർ വരുത്തിയിട്ടുള്ള നിയന്ത്രണത്തിന്റെ ഫലമായിട്ടും, ഗവൺമെന്റ് വരുത്തിയിട്ടുള്ള കൺട്രോളിന്റെ ഫലമായിട്ടുമാണ്. ബാങ്കുകളിലും അതുപോലുള്ള മോണിട്ടറിംഗ് സ്ഥാപനങ്ങളിലുമുണ്ടാക്കിയിട്ടുള്ള നിയന്ത്രണങ്ങളുടെ ഫലമായിട്ട് വന്നിട്ടുള്ള സപ്രഷന്റെ ഫലമായിട്ടാണ് സ്വാഭാവികമായിട്ട് ഈ നാണയപ്പെരുപ്പത്തിന്റെ തോതിൽ വന്നിട്ടുള്ള ഏറ്റവും വലിയ കുറവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. The Rupee will then be under further pressure. രൂപയുടെ വിലയിടിവിന്റെ കഥയെക്കുറിച്ച് മലയാള

LIBRARY ARCHIVES Kerala Legislative Assembly

മനോരമയിൽ അവസാനം കൊടുത്തിരിക്കുന്ന കണക്ക് റൂപയുടെ വില യിലുണ്ടായ തകർച്ച ഇറക്കുമതി നഷ്ടത്തിലേക്ക് എന്നാണ്. ഡോളറു മായിട്ടുള്ള വിനിമയത്തിൽ രൂപയുടെ വില കുത്തനെ തകർന്നു. ഇന്നലെ ഡോളറിന്റെ വിനിമയ നിരക്ക് 38.30 രൂപയായിരുന്നു. ഇത് നമ്മുടെ ജീവിതത്തിൽ ഒരിക്കലും അനുഭവപ്പെടാത്ത കണക്കാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന 1991-ൽ രൂപയുടെ വില 25.50 രൂപ ആയിരുന്നു. 1992-ൽ 29.50 രൂപയായിരുന്നു. ഇപ്പോഴത് കുതിച്ചുകയറുകയാണ്. അതിനെപ്പറ്റി പറയുമ്പോൾ കയറ്റുമതിയിൽ പ്രയോജനമുണ്ടാകുമെന്നാണ് പറയുന്നത്. കയറ്റുമതിക്ക് കൂടുതൽ വില കിട്ടുമെന്നു പറയും. നമ്മുടെ നാണയവിലയിടിവിന്റെ ഫലമായി കയറ്റുമതി ചരക്കിന് കുറഞ്ഞ വിലയായിരിക്കും കിട്ടുന്നത്. അതുകൊണ്ട് നമുക്കിതിന്റെ ഗുണം കിട്ടുകയില്ല. അതേസമയം ഇതിന്റെ ഫലമായിട്ട് ഇറക്കു മതിയിൽ വമ്പിച്ച തോതിലുള്ള നഷ്ടം നമുക്ക് സഹിക്കേണ്ടിവരും. ഇങ്ങനെ സമ്പദ്ഘടനയുടെ കാര്യത്തിൽ ഏറ്റവുമധികം നാശനഷ്ടങ്ങൾ വരുത്തിയ ഒരു ഭരണകൂടമാണ് കേന്ദ്രത്തിലെയും അതിന്റെ നയം തുടർന്നുവരുന്ന ഈ സംസ്ഥാന ഗവൺമെന്റുമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്ലാനിംഗ് കമ്മീഷന്റെ അർദ്ധ വാർഷിക റിപ്പോർ ട്ടിലെ ഒരു കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ ഗവൺമെന്റ് കഴിഞ്ഞ മൂന്നു വർഷമായിട്ട് 103 എം. ഒ യു. കളിൽ ഒപ്പുവച്ചതിൽ കേവലം 8 എണ്ണം മാത്രമാണ് ടേക്ക് ഓഫ് ചെയ്തത്. ബാക്കിയൊന്നും ഫലപ്രാപ്തിയിലെത്തിയിട്ടില്ല. എൺറോൺ പോലുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് നമ്മൾ ഉണ്ടാക്കിയ കരാറുകളിൽതന്നെ 16% ലാഭം നമ്മൾ അവർക്ക് ഗാരൻറി ചെയ്യുകയാണ്. ആ വ്യവസായം വരുന്നത് തന്നെ കൺസ്യൂമർ സെക്ടറിലാണ്. അവർ 16% ലാഭത്തിന്റെ ഗ്യാരൻറി ആവശ്യപ്പെട്ടു കൊണ്ടാണ് വരുന്നത്. നമ്മുടെ ഗവൺമെന്റുകൾ അത് കൊടുക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. കേരളത്തിന്റെ അനുഗ്രഹീതമായ ഒരു സമ്പത്താണ് ചവറയിലെ കരിമണൽ. അത് എന്റെ നിയോജക മണ്ഡലത്തിലാണ്. അതിൽനിന്നാണ് അറോമിക് എനർജിക്കാവ ശ്യമായ സാധനങ്ങൾ ഉണ്ടാക്കിയെടുക്കുന്നത്. നമ്മുടെ രാജ്യത്ത് കിട്ടുന്ന ഏറ്റവും നല്ല കാളിറൈറിയുമാണ്. അതിനെ സംബന്ധിച്ച് ഒന്നു രണ്ട് കരാറുകൾ ഒപ്പുവച്ചിട്ടുണ്ട്. അത് അവസാന കരാറായിരുന്നു എന്ന് ഒരു പക്ഷെ പറയുമായിരിക്കും. ഇപ്പോൾ വെസ്റ്റേൺ മിനറൽ എന്നു പറയുന്ന ആസ്ട്രേലിയൻ കമ്പനിയുമായിട്ട് കരാറിൽ ഒപ്പ് വച്ചിരിക്കുന്നു. അതിൽ നമുക്കുള്ള മുടക്ക് 11% ആണ്. ബാക്കി മുഴുവൻ അവർക്കാണ്. അവർക്കിഷ്ടംപോലെ സാധനങ്ങൾ കയറ്റി ക്കൊണ്ടുപോകുന്നതിനും സംസ്കരിക്കുന്നതിനുമുള്ള എല്ലാ സൗകര്യങ്ങളും നമ്മൾ ചെയ്തു കൊടുത്തിരിക്കുകയാണ്. അതായത് വളരെ മർമ്മ പ്രധാനമായിട്ടുള്ള മേഖലകളിൽപ്പോലും ഈ രാജ്യത്തിന്റെ താൽപ്പര്യം സംരക്ഷിക്കാൻ കഴിയാത്തവിധത്തിൽ നമ്മുടെ വ്യവസായനയം തുടർന്നു കൊണ്ടിരിക്കുകയാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. നമ്മുടെ മുഖ്യമന്ത്രി പുതുതായിട്ടു വന്നിട്ടുള്ള ആളാണ്. അദ്ദേഹം വന്നിട്ട് 5-6 മാസമേ ആയിട്ടുള്ളൂ. പക്ഷെ അദ്ദേഹം ഇപ്പോൾ 5 വർഷത്തിന്റെയും പാപഭാരം ഏറ്റെടുത്തിരിക്കുകയാണ്. ശ്രീ. എ. കെ. ആൻറണിയെ മുഖ്യമന്ത്രിയായി കൊണ്ടുവന്നതുതന്നെ ഈ നാറിയ ഭരണം മാറ്റാൻ വേണ്ടിയാണ്. ശ്രീ. കരുണാകരന്റെ ഭരണം നാറിയ ഭരണമായതുകൊണ്ട് അദ്ദേഹത്തെ ഇവിടെനിന്നും പറഞ്ഞുവിട്ടിട്ടാണ് ശ്രീ. എ. കെ. ആൻറണിയെ കൊണ്ടുവന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : ഇവിടെ ശ്രീ. എ. കെ. ആൻറണി മുഖ്യമന്ത്രിയായി വന്നപ്പോൾ അദ്ദേഹം വളരെ ആദർശമുള്ള ആളാണെന്ന് പറഞ്ഞത് അങ്ങ് മറന്നുപോയോ ?

ശ്രീ. പി. എസ്. ശ്രീനിവാസൻ : ഞാൻ പറയുന്നത് അതൊന്നുമല്ല. ഞാൻ ഈ ബഡ്ജറ്റ് സ്പീച്ചിൽ ഒരു പടം ഒട്ടിച്ചിട്ടുണ്ട്. ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ട് അപ്പുറത്ത് ചെന്നപ്പോൾ നിങ്ങളെല്ലാവരും കൂടി ചിരിച്ചുകൊണ്ട് നിന്നെടുത്ത പടമാണിത്. മലയാള മനോരമ പത്രത്തിൽ വന്നതാണിത്. എനിക്ക് ഈ പടം കണ്ടപ്പോൾ തോന്നുന്നത് ശ്രീ. മാണി പറയുന്നത് ഇതുപോലെ ആളുകളെ പറഞ്ഞിക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്കുള്ള സാമർത്ഥ്യം എനിക്കുപോലും ഇല്ലായിരുന്നുവെന്നാണ്. ഞാൻ എത്ര പ്രാവശ്യം ബഡ്ജറ്റ് അവതരിപ്പിച്ചതാണ്. എന്നിട്ട് എല്ലാവരും കൂടി ചിരിക്കുന്ന പടമാണിത്. അതുകൊണ്ട് 5 വർഷ കാലത്തെ ഭരണത്തിന്റെ എല്ലാ പാപഭാരവും ഏറ്റെടുത്തുകൊണ്ടാണ് ഈ ബഡ്ജറ്റ് പ്രസംഗം അദ്ദേഹം ഇവിടെ നടത്തിയത്. ഈ 5 കൊല്ലം ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവുമധികം കഷ്ടപ്പാടുകൾ നിറഞ്ഞ കാലഘട്ടമായിരുന്നു. എല്ലാ മേഖലകളിലും കഷ്ടപ്പാട് നിറഞ്ഞ വർഷമാണ്. വിദ്യാഭ്യാസ മേഖലയെടുത്താൽ അപ്പുറത്തിരിക്കുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ പറയുന്നത് ഞങ്ങൾ സ്വകാര്യമേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊടുക്കുന്നതിന് എതിർക്കുന്നുവെന്നാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊടുക്കുന്നതിനെ എതിർക്കുന്നുവെന്നാണ്. എന്നാൽ ഇവിടെ പിന്നോക്ക വിഭാഗങ്ങളുടെ സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് നമ്മുടെ മുഖ്യമന്ത്രി പറഞ്ഞത് കോളേജുകളും സ്കൂളുകളും കൊടുത്തതിൽ ചില തെറ്റുകൾ പറ്റിയിട്ടുണ്ടെന്നാണ്. അപ്പോൾ മുഖ്യമന്ത്രി സമ്മതിച്ചുവെന്നർത്ഥം. ഞാൻ അങ്ങയോട് ചോദിക്കുന്നത് ഇതിനെപ്പറ്റി നിങ്ങൾ എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ ? വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതെല്ലാം സ്ഥലങ്ങളിൽ കൊടുക്കണം. എവിടെയൊക്കെയാണ് നമ്മുടെ പിന്നോക്ക സ്ഥലങ്ങൾ എന്നുള്ളതിനെ സംബന്ധിച്ച് അങ്ങ് ശരിക്ക് പരിശോധിച്ചിട്ടുണ്ടോ ? എല്ലാ പിന്നോക്ക വിഭാഗങ്ങളെയും പരിഗണിച്ചിട്ടാണോ ഈ കോളേജുകളും സ്കൂളുകളും കൊടുത്തത് ? അല്ലയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അശാസ്ത്രീയമായ വിധത്തിലാണ് സ്കൂളുകളും കോളേജുകളും കൊടുത്തിട്ടുള്ളത്. അതിനെയാണ് ഞങ്ങൾ എതിർത്തത്. മറ്റൊരു പ്രധാനപ്പെട്ട കാര്യമെന്നുപറയുന്നത് നമ്മുടെ സംസ്ഥാനത്തിലെ പാവപ്പെട്ട ആളുകൾക്ക് കൈയെത്താത്ത സ്ഥലത്തേക്ക് കൊണ്ടുപോകുന്ന വിധത്തിലുള്ള നയമാണ് കൊണ്ടുവരുന്നത്. ഈ നയത്തിൽ എന്തെങ്കിലും മാറ്റം വരുത്താൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ? ഗവൺമെൻറ് യൂണിവേഴ്സിറ്റിക്കും അതുപോലുള്ള മറ്റു സ്ഥാപനങ്ങൾക്കും കർശനമായിട്ട് കൊടുക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ഇത് കൊടുക്കാൻ കഴിയുവെന്ന് വ്യവസ്ഥ വച്ചിട്ട് അതുപോലുമില്ലാതെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൊടുക്കുന്നുവെന്നുള്ള പ്രധാനപ്പെട്ട കുറ്റമാണ് ഞങ്ങൾ ചുമത്തുന്നത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : വേണ്ടത്ര സർവ്വേ നടത്താതെയാണ് കോളേജുകളും സ്കൂളുകളും കൊടുത്തതെന്ന് അങ്ങ് പറഞ്ഞു. സർവ്വേ നടത്താതെ ഒരൊറ്റ സ്കൂളുപോലും കൊടുത്തിട്ടില്ലായെന്നു ഞാൻ പറയുന്നു.. കേരളത്തിലെ ഏതെങ്കിലും ഒരു സ്കൂൾ വേണ്ടത്ര സർവ്വേ നടത്താതെയാണ് കൊടുത്തതെന്ന് അങ്ങേക്ക് ഉദാഹരണ സഹിതം പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ : എനിക്ക് പറയാൻ ബുദ്ധിമുട്ടായിരിക്കും എന്തുകൊണ്ടെന്നാൽ എങ്ങനെ സർവ്വേ നടത്തണമെന്നും കൊടുക്കേണ്ട സ്ഥലത്തിന് സർവ്വേ നടത്താനും എനിക്കറിയാം. ഇവിടെ വളരെ പണ്ട് സർവ്വേ നടത്തിയിട്ടുണ്ട്. ആലപ്പുഴ ഡിസ്ട്രിക്ട് മോസ്റ്റ് ബാക്ക്വേർഡ് ഡിസ്ട്രിക്ട് അല്ലേ ? അവിടെ എന്തുമാത്രം സ്ക്കൂളുകൾ അനുവദിച്ചു, മലപ്പുറത്തേക്കാളും പിന്നോക്കമാണ്. മലപ്പുറം ജില്ലയെക്കുറിച്ച് ഞാൻ ഇവിടെ പ്രസംഗിച്ചിട്ടുണ്ട്. മാപ്പിള ലഹള എന്ന് വിളിക്കപ്പെടുന്ന മലബാർ കലാപത്തിന്റെ കാലത്ത് പട്ടാളക്കാർക്ക് വരാൻവേണ്ടി റോഡുകൾ ഉണ്ടാക്കിയതാണ്. മലപ്പുറം ജില്ല വളരെ പിന്നോക്കമാണെന്ന് പറഞ്ഞുകൊണ്ട് ദീർഘമായി ഞാൻ ഇവിടെ പ്രസംഗിച്ചിട്ടുണ്ട്. ആ പ്രസംഗത്തിന്റെ പൂർണ്ണമായ രൂപം വാങ്ങി ശ്രീ. സി. എച്ച്. മുഹമ്മദ്കോയ സാഹിബ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ ആലപ്പുഴ മലപ്പുറത്തെക്കാൾ പിന്നോക്കമാണ്. ആലപ്പുഴയ്ക്ക് അങ്ങ് എത്ര സ്ക്കൂളുകളും കോളേജുകളും കൊടുത്തു. പിന്നോക്കക്കാർക്കുള്ളത്, നിശ്ചയിച്ചപ്പോൾ ഏതെല്ലാം പിന്നോക്കക്കാർക്ക് കൊടുത്തു. അതിനെപ്പറ്റിയാണ് ഞാൻ ചോദിച്ചത്. ഇതിൽ വളരെയധികം പിശക് പറ്റിയിട്ടുണ്ടെന്ന് നമ്മുടെ മുഖ്യമന്ത്രി ഒരു യോഗത്തിൽ പറഞ്ഞു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ, സ്കൂളുകളും കോളേജുകളും കൊടുത്തതിൽ തെറ്റുണ്ടെന്ന് നമ്മുടെ മുഖ്യമന്ത്രി പറഞ്ഞിട്ടില്ല. മുഖ്യമന്ത്രി പറഞ്ഞതിനെക്കുറിച്ച് അന്നത്തെ പത്രത്തിൽ തന്നെ വന്നു. പിന്നോക്ക സമുദായങ്ങളുടെ യോഗത്തിൽ സംസാരിച്ച കൂട്ടത്തിൽ പിന്നോക്കസമുദായങ്ങളിൽപ്പെട്ടിട്ടുള്ള ആളുകളും കൂടി ഈ സ്ഥാപനങ്ങൾ കിട്ടുന്നതിന് മുന്നോട്ടുവരേണ്ടതാണ് എന്നു പറഞ്ഞതല്ലാതെ സ്കൂളുകളും കോളേജുകളും കൊടുത്തതിൽ തെറ്റുണ്ടെന്ന് അദ്ദേഹം പറഞ്ഞിട്ടില്ല. അന്നത്തെ പത്രം ഞങ്ങളൊക്കെ വായിച്ചിരുന്നു. അങ്ങനെ ഒരു പ്രസ്താവന മുഖ്യമന്ത്രി നടത്തിയതായി ഞങ്ങളുടെ ആരുടെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ : തെറ്റ് പറ്റിയെന്ന് അദ്ദേഹം പറഞ്ഞുവെന്ന് ഇദ്ദേഹംതന്നെ പറയുന്നു.

ശ്രീ. കെ. പി. നൂറുദ്ദീൻ : നമ്മുടെ രാജ്യത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചതിനെത്തുടർന്ന് ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ബഹുമാനപ്പെട്ട അങ്ങും ഞാനും ഉൾക്കൊള്ളുന്ന നമ്മുടെ പിന്നോക്ക ക്ഷേമസമിതി മുന്നോട്ടുവച്ചിട്ടുള്ള പിന്നോക്കവിഭാഗങ്ങളിൽപ്പെട്ടവർക്ക്, കേന്ദ്ര ഗവൺമെന്റിന്റെ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായിട്ട് വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മുസ്ലീങ്ങൾക്ക് വിദ്യാലയം കൊടുക്കണമെന്ന് നമ്മൾ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൊടുത്ത വിദ്യാലയങ്ങളെപ്പറ്റിയാണെന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. പി. എസ്. ശ്രീനിവാസൻ : മുസ്ലീങ്ങളുടെ കാര്യമല്ല ഇവിടെ പറയുന്നത്. പിന്നോക്കവിഭാഗങ്ങൾക്കും സ്ക്കൂളുകളും കോളേജുകളും കിട്ടിയോ, അവർക്ക് അതിനെപ്പറ്റി പരാതിയുണ്ടോ, ആ പരാതി ന്യായമാണെന്ന് മുഖ്യമന്ത്രിപറഞ്ഞോ ? ഇതൊക്കെയാണ് ഞാൻ പറഞ്ഞത്. നമ്മുടെ പുതിയ ആരോഗ്യവകുപ്പുമന്ത്രി വളരെ പരിശുദ്ധനാണ്. ശ്രീമാൻ കരുണാകരൻ

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമാനാണെന്ന് പറയുന്നു. അദ്ദേഹം കുളത്തിന്റെ കരയിൽ മുട്ടയിടുന്ന പൊൻമാനെപ്പോലെയാണ്. ആദ്യംതന്നെ ശ്രീ. സുധീരനെ മന്ത്രിസഭയിൽ എടുത്തിരുന്നുവെങ്കിൽ അദ്ദേഹം ഈ കുഴപ്പം, ഇവിടെ ഉണ്ടാക്കുമായിരുന്നോ ? അത് ചെയ്യാതിരുന്നത് ശ്രീമാൻ കരുണാകരന്റെ ബുദ്ധിമോശമായിരുന്നുവെന്ന് ഞാൻ പറഞ്ഞു. ഇപ്പോഴെങ്കിലും നമ്മുടെ നാട്ടിലെ സകല സ്ഥലങ്ങളിലും നടന്ന് പോരായ്മകൾ പരിശോധിച്ച് അതൊക്കെ നന്നാക്കാൻ ശ്രമിക്കുകയാണ്. സമയം വളരെ വൈകിപ്പോയി. ഇനി എന്ത് നന്നാക്കാനാണ്, അങ്ങനെ നന്നാക്കാൻ കഴിയാത്ത ഒരു സമയമായി പോയില്ലേ നമ്മുടെ പടിവാതിക്കൽ തെരഞ്ഞെടുപ്പ് എത്തിയിരിക്കുകയാണ് ആ സ്ഥിതിക്ക് ആ കാര്യങ്ങളിലൊക്കെ ചെറിയ നിയന്ത്രണം വരുന്നതാണ് നല്ലത്. വിദ്യാഭ്യാസവും വൈദ്യസഹായവും രാജാക്കൻമാരുടെ കാലത്ത് സൗജന്യമായി കിട്ടിക്കൊണ്ടിരുന്നതാണ്. അതെങ്കിലും ഈ പാവപ്പെട്ട മനുഷ്യർക്ക് കൊടുക്കാൻ നിങ്ങൾ ആലോചിക്കണം. ഇപ്പോൾ അതെല്ലാം സാധാരണ ജനങ്ങൾക്ക് കൈയെത്താത്ത നിലയിലേക്ക് പോയിരിക്കുന്നു. ആ നയത്തിൽ മാറ്റം വരുത്തണം. റോഡുകളുടെയും പാലത്തിന്റെയും വർക്കുകൾ മിക്കവാറും യു. ഡി. എഫ്. വർക്കുകളാണ് എന്നു ഞാൻ വളരെ നിശ്ചിതമായി ആരോപിക്കുന്നു. ഞാനും എന്റെ സഹപ്രവർത്തകനായ ശ്രീ. ബേബിജോണുംകൂടി മന്ത്രിയായിരിക്കുമ്പോൾ ശിലാസ്ഥാപനം നടത്തുകയും പണി തുടങ്ങുകയും ചെയ്ത ഒരു പാലമുണ്ട്.

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) : നടക്കുന്ന വികസനപ്രവർത്തനങ്ങൾ യു.ഡി.എഫിന്റെ വികസന പ്രവർത്തനങ്ങളാണെന്ന് ആദ്യമായിട്ടാണ് നിയമസഭയ്ക്കകത്തും പുറത്തും കേൾക്കുന്നത്. അതുപോലെ ഒരു വിവേചനം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഒരിക്കലും ഉണ്ടായിട്ടില്ല.

ശ്രീ. പി. എസ്. ശ്രീനിവാസൻ : അപ്പുറത്തിരുന്ന നിങ്ങളുടെ കെ. പി. സി. സി. പ്രസിഡന്റ് ശ്രീ. വയലാർ രവി ഒരിക്കൽ ഭരണകക്ഷിയോട് ചോദിക്കുന്നത് ഞാൻ കേട്ടു, ഈ നാട്ടിലെ സകല മുക്കിലും മൂലയിലും റോഡുകൾ കൊടുക്കുകയാണ് ശ്രീ. പി. എസ്. ശ്രീനിവാസൻ ചെയ്തിട്ടുള്ള കാര്യങ്ങൾ അല്ലാതെ നിങ്ങൾ എന്താണ് ചെയ്തിട്ടുള്ളത് എന്ന്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ) : സർ, അത് നിങ്ങൾ തമ്മിലുള്ള വ്യക്തിപരമായ ധാരണയുടെ അടിസ്ഥാനത്തിൽ ചോദിച്ചതായിരിക്കും.

ശ്രീ. പി. എസ് ശ്രീനിവാസൻ : വ്യക്തിപരമായിട്ടുള്ള ധാരണ ഒന്നുമില്ല.

ശ്രീ. നാലകത്ത് സൂപ്പി : ശ്രീ. കെ. സി. ജോസഫിനോട് ചോദിച്ചാൽ അറിയാം.

ശ്രീ. പി. എസ്. ശ്രീനിവാസൻ : അദ്ദേഹം സമർത്ഥനാണ് നടന്ന് നടന്ന് കാല് കുഴഞ്ഞാലും നിൽക്കുകയില്ലായെന്നുള്ളവിചാരത്തോടുകൂടി നിങ്ങളുടെ പുറകെ മുട്ടിട്ട് നിരങ്ങുന്ന ആളുകൾക്ക് നിങ്ങൾ വല്ലതും ചെയ്തുകൊടുത്തുകാണും. ഇല്ലെന്ന് ഞാൻ പറയുന്നില്ല. എ. എസും, എസ്. എസും കൊടുത്തിരിക്കുന്നുവെന്നു പറഞ്ഞ് ധനകാര്യ വകുപ്പു മന്ത്രി എനിക്ക് കത്ത് തന്നു, ഇനി കുഴപ്പമൊന്നുമില്ലായെന്നുപറഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

എം.എൽ.എ. റോഡിന്റെ കാര്യമാണ് പറയുന്നത്. അതിന്റെ അടിയിൽ ചെറിയ ഒരു പ്രൊവിസോ. ഇതിന് 1000 രൂപയേ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ളൂ. ബഡ്ജറ്റിൽ കാശ് കൊള്ളിച്ചിട്ട് ചെയ്താൽ മതി. എല്ലാത്തിലും അങ്ങനെ ഓർഡർ ഇല്ല. ഇപ്പോഴ ബഡ്ജറ്റിൽ ആയിരം രൂപ പോലും ഇല്ല. ശ്രീ. പി. എസ്. ശ്രീനിവാസന്റെ മണ്ഡല മായതുകൊണ്ടായിരിക്കും. ശ്രീ. ചന്ദ്രശേഖരൻ അഡ്മിനിസ്ട്രേറ്റീവ് സമഗ്രഷൻ കൊടുത്ത വർക്കിന് ഞങ്ങൾ അധികാരത്തിൽ വന്നതിനു ശേഷം ആ സ്ക്കൂളിന് ന്യായമായ തുക ബഡ്ജറ്റിൽ കൊള്ളിച്ചു. ഇപ്പോഴത്തെ വിദ്യാഭ്യാസവകുപ്പുമന്ത്രി വന്ന് കല്ലിട്ടു. ഒരു പണിയും നടന്നിട്ടില്ല. ഓരോ വർക്കുകളെ സംബന്ധിച്ചും പരിശോധിക്കുമ്പോഴം ഇടമണ്ണ പാലത്തിന്റെ കാര്യത്തിൽ ഞാൻ വളരെ സന്തോഷിക്കുന്നു. അവിടത്തെ മെമ്പർ എന്റെ അടുത്ത സുഹൃത്തായിരുന്നു. ആ സ്ഥലത്ത് ഒരു പക്ഷേ അദ്ദേഹത്തിന്റെ സ്മാരകമെന്നു പറയത്തക്കവിധത്തിൽ ആ പാലത്തിന്റെ പണി തീർന്നു. അതിൽ എനിക്കു വളരെ സന്തോഷ മാണ്. എനിക്കുവേണ്ടി പ്രത്യേകം പാലം പണിയണമെന്ന് ഞാൻ പറയുന്നില്ല. പല സ്ഥലങ്ങളിലും ഈ പക്ഷപാതമുണ്ട്. ഇത് ഈ ഗവൺമെന്റിന്റെ മുഖമുദ്ര ആയിരുന്നു. വൈദ്യുതിയെക്കുറിച്ചും കുടി-വെള്ളത്തെക്കുറിച്ചുമെല്ലാം ഞാൻ ഇവിടെ പറഞ്ഞു. ഈ സഭയിൽ എത്ര പേരാണ് കുടിവെള്ളത്തിന്റെ കാര്യംപറഞ്ഞത്. ഭാരതപ്പുഴയിൽ വെള്ളത്തിന്റെ അളവ് വളരെ താഴോട്ട് പോയിരിക്കുകയാണ്. കുടിക്കാൻ വെള്ളമില്ല. എന്തെങ്കിലും ഗൗരവതരമായ പരിപാടിയെക്കുറിച്ച് ഈ ഗവൺമെന്റ് ആലോചിക്കണം. ട്യൂബ്വെൽ നന്നാക്കുക, കിണറുകളും കുളങ്ങളും കുഴിക്കുക ഇതൊക്കെ ഒരു വലിയ ബഹുജന പ്രസ്ഥാനമാക്കി കുടി വെള്ളം കൊടുക്കാനുള്ള കാര്യം നടത്തേണ്ടേ, അത് നടക്കുന്നില്ലല്ലോ, അതിന്റെ ഫലമായിട്ട് ഇവിടെയുള്ള മുഴുവൻ എം.എൽ.എ.മാരും വെള്ളം പോദിക്കുകയല്ലേ.

കറണ്ടിന്റെ കാര്യത്തെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല. വൈദ്യുതി കിട്ടാനുള്ള കരാറിൽ ഒപ്പിട്ടിട്ടുണ്ടെന്നേ പറയുന്നു. അത് എന്താണെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ, ഈ രാജ്യത്തിന് അറിഞ്ഞുകൂടാ. അതിനെ കുറിച്ച് മനുഷ്യർക്ക് മനസിലാകുന്നവിധത്തിൽ ഇന്നയിന്ന സ്കീമുകളം ഇന്നയിന്ന രൂപത്തിൽ ചെയ്തിരിക്കുന്നുവെന്ന് നിങ്ങൾക്ക് പറയരുതോ ആയിരക്കണക്കിന് മെഗാവാട്ട് വൈദ്യുതി വരുന്നുവെന്ന് പറഞ്ഞുകൊണ്ട് കാര്യമായോ ? അതുപോലെ തന്നെയാണ് പുയംകുട്ടി യുടെ കാര്യവും. എപ്പോഴും നിങ്ങൾ ഇങ്ങനെ പറഞ്ഞാൽ മനുഷ്യർക്ക് വല്ല വിശ്വാസവുമുണ്ടാകുമോ ? അതിനിപ്പോൾ പ്രധാന അനുവാദം വാങ്ങിക്കുമെന്നു പറഞ്ഞു. ഇക്കാര്യം എത്ര പ്രാവശ്യം നിങ്ങൾ പറഞ്ഞതാണ് എല്ലാ നിയമസഭാ സമ്മേളനങ്ങളിലും ഉള്ള ഒരു ഏർപ്പാടാണിത്. മലയോര കൃഷിക്കാർക്ക് പട്ടയം കൊടുക്കാൻ കേന്ദ്രത്തിൽ നിന്ന് അനുമതി കിട്ടിയിരിക്കുന്നുവെന്ന് പറഞ്ഞ് നിയമസഭയെ തെറ്റിദ്ധരിപ്പിക്കുക യാണ്. അതിന് പല വ്യവസ്ഥകളുണ്ട്. ആ വ്യവസ്ഥകളം പാലിച്ചിട്ടു മാത്രമേ കൊടുക്കാൻ പാടുകയുള്ളൂ. ആ വ്യവസ്ഥകളം പാലിക്കാൻ വേണ്ടി ഈ ഗവൺമെന്റ് എന്തു ചെയ്തു. എന്നുള്ളതാണ് പ്രശ്നം.

അതുപോലെ ക്രമസമാധാനനിലയുടെ കാര്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്നതിനുശേഷം നടന്നിട്ടുള്ള സംഭവങ്ങളെ സംബന്ധിച്ചുള്ള ലിസ്റ്റ് എന്റെ കൈയിലുണ്ട്. ഇപ്പോഴം പോക്കറ്റിലെ കക്കൂസുകളിലാണ് ആളുകളം അതിമഹത്യയ്ക്കു പോകുന്നത്. ആത്മഹത്യ ചെയ്യണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

തോന്നിയാൽ നേരെ ലോക്കപ്പിലേക്കുപോകും. അവിടെചെന്ന് കക്കൂസിൽ കയറുന്നു, തുണികെട്ടുന്നു. ചാകുന്നു. എത്രയെത്ര മരണമാണ് ലോക്കപ്പിൽ നടക്കുന്നത്. ജീവനും സ്വത്തിനും രക്ഷയില്ല എന്നുള്ളതാണ് ഇന്നത്തെ യഥാർത്ഥ സ്ഥിതി. മലയാള മനോരമയിൽ കണ്ണനെന്നോ മറ്റോ പേരുള്ള ഒരാൾ എഴുതിയിരുന്നു. ഇത് മുഖ്യമന്ത്രി അറിയാൻവേണ്ടി പറയുകയാണ്. അയാളുടെ ഭാര്യ ചെന്ന് രണ്ട് തണ്ണിമത്തൻ വാങ്ങുന്നു. ഉടനെ കച്ചവടക്കാരൻ പറയുന്നു എത്ര വേണമെങ്കിലും കൊണ്ടുപോകാമല്ലോ പിന്നെ തണ്ണിമത്തന്റെ ആകൃതിയെപ്പറ്റി അയാൾ വേറെ പറയുന്നു. അത് പത്രത്തിൽ എഴുതാമല്ലോ. അതുപോലെ വേറൊരു സ്ഥലത്തു പോയി 500 രൂപ കൊടുത്ത്, അവിടെ ചെന്നപ്പോൾ എത്ര കൊടുത്തു എന്നൊക്കെ പറഞ്ഞിട്ട് കണ്ണൻ എഴുതിയിരിക്കുന്നു. അങ്ങനെ എത്രയെത്ര സംഭവങ്ങൾ ആണ് ഇവിടെ നടക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോട് നമ്മുടെ കെ.പി.സി.സി. പ്രസിഡന്റ് പറയുന്നു ജനങ്ങളുമായി ചർച്ച നടത്തിയല്ല പോലീസിനെ ഭരിക്കേണ്ടതെന്ന്. വളരെ വ്യക്തമായിട്ടുള്ള ഒരു ഉപദേശമാണത്. പണ്ട് ആരോഗ്യവകുപ്പ് മന്ത്രിയായിരുന്ന ഇപ്പോഴത്തെ കെ.പി.സി.സി പ്രസിഡന്റാണ് ഇതു പറയുന്നത്.

വില വർദ്ധനവിനെക്കുറിച്ച് എനിക്ക് വളരെ കൂടുതൽ പറയാനുണ്ട്. ഞാൻ അങ്ങോട്ട് കടക്കുന്നില്ല. ഒരു കാര്യം മാത്രം ഞാൻ പറയട്ടെ. റാവു രേണം നിലവിൽ വന്നതിനുശേഷം 12 തവണ ക്ഷാമബത്ത കൊടുത്തിട്ടുണ്ട്. അതിന്റെ അർത്ഥമെന്താണ് ? എന്തിനാണ് ക്ഷാമബത്ത കൊടുക്കുന്നത് ? വിലവർദ്ധനവ് ഉണ്ടാകുന്നതുകൊണ്ട്, ഹോംസെയിൽ പ്രൈസ് ഇൻഡെക്സ്, റീട്ടെയിൽ പ്രൈസ് ഇൻഡെക്സ് കണക്കാനം വർദ്ധിക്കുന്നതിന്റെ ജീവിത ചെലവ് വർദ്ധിക്കുന്നതിന്റെ ഫലമായിട്ടല്ലേ ഇതുകൊടുക്കുന്നത്. അതുകൊണ്ട് വിലവർദ്ധനവ് നമ്മുടെ ജീവിതത്തിന്റെ വല്ലാത്ത പ്രതിഭാസമായി മാറിയിരിക്കുന്നു. അതിനുള്ള യാതൊരു പരിഹാരവും ഇവിടെ സ്വീകരിക്കുന്നില്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം ജീവനക്കാർക്ക് കേന്ദ്ര പാരിതോഷികം കൊടുക്കാമെന്നു പറഞ്ഞല്ലോ. ആയിരം കോടി രൂപയാണ് ഇത്തവണ കേന്ദ്ര ബഡ്ജറ്റിൽ ഉൾപ്പെടുത്തിയത്. സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിനു വേണ്ടി കാൽ കാശ് നമ്മുടെ ധനകാര്യവകുപ്പുമന്ത്രി വകകൊള്ളിച്ചിട്ടില്ല. ഇവിടത്തെ ജീവനക്കാർ ഇങ്ങനെ നടന്നാൽ മതിയോ. അവർക്കുവേണ്ടി കാൽകാശ് നിങ്ങൾ നീക്കി വച്ചോ ? 500 കോടി രൂപയെങ്കിലും കൊള്ളിക്കണ്ടേ ? അങ്ങനെയാകുമ്പോൾ നിങ്ങളുടെ കമ്മി എത്രയാകും ? തെരഞ്ഞെടുപ്പ് അടുത്തുവരികയാണ്. ഇനിയിപ്പോൾ എന്തെങ്കിലും കാട്ടിക്കൂട്ടണം എന്നുള്ള നിലയിൽ കൊണ്ടുവന്നതായിരിക്കും. എന്തായാലും ഈ സഭയ്ക്ക് ഗൗരവമായി ചർച്ച ചെയ്യാനുള്ള വിഷയമല്ല. ഈ പ്രസംഗവും അദ്ദേഹത്തിന്റെ ബഡ്ജറ്റിലെ വകകൊള്ളിക്കലും എന്നു പറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. ഞാൻ ഇതിനെ വളരെ ശക്തിയായി എതിർക്കുന്നു.

ശ്രീ. സി. എഫ്. തോമസ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിൻതാങ്ങുന്നു, ബഡ്ജറ്റ് അവതരണത്തിനു ശേഷം ധനകാര്യ വകുപ്പു മന്ത്രി ചിരിച്ചതും, കൂടെ ചിരിച്ചതും ഒക്കെ പരാമർശിച്ച വിഷയമാണ്. പക്ഷെ ഒരു കാര്യം ശ്രീ. പത്മരാജൻ നേടിയെടുത്തു എന്നുള്ളത് വസ്തുതയാണ്. നിരന്തരമായി ട്രഷറി പൂട്ടുന്ന സ്ഥിതി നമ്മുടെ നാട്ടിലുണ്ടായിരുന്നു. ശ്രീ. വിശ്വനാഥമേനോൻ ഭരിച്ചപ്പോഴും, ഈ ഗവൺമെന്റിന്റെ ആരംഭത്തിലുമൊക്കെ ഒരു വർഷത്തിൽ എത്രയോ പ്രാവശ്യ-

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ ബജനാവ് പൂട്ടിയിരുന്നു. ഇന്ന് ഈ അവസ്ഥയ്ക്ക് മാറ്റം വന്നില്ലേ അത് പ്രതിപക്ഷം പറയാത്തതെന്ത് ? നമ്മുടെ സാമ്പത്തിക ഭദ്രത ശരിയാക്കിയെന്ന കാര്യത്തിനുള്ള പ്രശംസ അദ്ദേഹത്തിന് കൊടുക്കേണ്ടതായിരുന്നു. അതിനാണ് ശ്രീ. കെ. എം. മാണി ചിരിച്ചത്. വാസ്തവത്തിൽ ഈ പ്രാവശ്യം ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴും അദ്ദേഹത്തിനു ഒരു ഷേക്ക്ഹാൻഡ് കൊടുക്കണമെന്ന് എനിക്ക് തോന്നി. ഞാൻ ചെന്നപ്പോൾ അവിടെ എല്ലാ മന്ത്രിമാരും ചുറ്റും കൂടിയിരിക്കുകയാണ്. അതുകൊണ്ട് അടുക്കാൻ നിവൃത്തിയില്ലായിരുന്നു. ഇത്രയും ഒരു പ്രതികൂല സാഹചര്യത്തിൽപോലും അദ്ദേഹം ഭരണം ഏറ്റെടുത്തതു മുതൽ ചിട്ടയായിട്ട്, അച്ചടക്കത്തോടുകൂടി കർശനമായ നിയന്ത്രണ ബുദ്ധിയോടുകൂടി കാര്യങ്ങൾ കൈകാര്യം ചെയ്ത് നമ്മുടെ സാമ്പത്തികഭദ്രത ഉറപ്പാക്കി എന്നത് ഒരു വലിയ കാര്യമാണ്. ഈ വർഷം 340 കോടി രൂപ ബജനാവിലേക്ക് വരേണ്ടതാ വേണ്ടായെന്നു വച്ചിട്ടുപോലും ഇത്രയും ഭദ്രമായ സാമ്പത്തിക സ്ഥിരത കൈവരിക്കാൻ സാധിച്ചതുകൊണ്ട് അദ്ദേഹം എന്നും കേരളം ഓർക്കുന്ന ധനകാര്യവകുപ്പുമന്ത്രിയായിരിക്കും. കുറച്ചു സമയമേ അദ്ദേഹം ഭരണത്തിലുണ്ടായിരുന്നുള്ളുവെങ്കിലും ഈ സ്ഥാനത്തോടു നീതി കാണിച്ചു എന്നുള്ളതിൽ തർക്കമില്ല. പ്രതിപക്ഷത്തു നിന്ന് ചർച്ച അവസാനിച്ചപ്പോൾ പറഞ്ഞത് നല്ല ആശയങ്ങളായിരുന്നു. ഇവിടെ ധാരാളം വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. പാലങ്ങളുടെയും തോടുകളുടെയും പണിയൊക്കെ യു.ഡി.എഫ്.-ന്റെ മണ്ഡലങ്ങളിലാണ് കൂടുതൽ നടക്കുന്നത് എന്ന് പറഞ്ഞു. ബഹുമാനപ്പെട്ട പി.എസ്. ശ്രീനിവാസൻ വളരെ സീനിയറായിട്ടുള്ള ഒരു ആളാണ്. അദ്ദേഹം മുൻനിരയിൽ ഇരിക്കുന്ന ആളാണ്. ബഹുമാനപ്പെട്ട ടി. കെ. ഹംസ ഇപ്പോൾ സീറ്റിലല്ല ഇരിക്കുന്നത്. അദ്ദേഹം അവിടെ ഇരുന്നാൽ നല്ലതായിരുന്നു. ഈ നിയമ സഭയിൽ കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് ഞങ്ങൾ പ്രതിപക്ഷത്തായിരുന്നു അന്ന് പൊതുമരാമത്തു വർക്കുകളെക്കുറിച്ച് വിമർശനം വന്നപ്പോൾ, അങ്ങനെ അദ്ദേഹം പറയേണ്ടതായിരുന്നോയെന്ന് എനിക്ക് ഇപ്പോഴും സംശയമാണ്. അദ്ദേഹം പറഞ്ഞു നിങ്ങൾ ഒത്തിരി സ്വന്തമായിട്ട് ചെയ്തതല്ലേ, ഇനി ഞങ്ങൾ കുറെ ചെയ്യട്ടെ എന്ന് അങ്ങ് അത് ഓർക്കുന്നുണ്ടാകും. അന്നത്തെ പൊതുമരാമത്ത് വകുപ്പു മന്ത്രി, എന്നുള്ള നിലയിൽ പറഞ്ഞതാണ് അത്. അങ്ങനെ ഒരു സമീപനം എടുത്ത ഇടതുപക്ഷ മുന്നണിയിലെ ഒരു പ്രധാനപ്പെട്ട നേതാവ് ബഹുമാനപ്പെട്ട പി. എസ്. ശ്രീനിവാസൻ ഇപ്പോൾ ഭരണകക്ഷിയെ പറ്റി പറയുന്നകാര്യം ഞങ്ങൾ അംഗീകരിക്കുന്നില്ല. നമ്മുടെ നാട്ടിൽ അങ്ങനെ വരാനും പാടില്ല. എല്ലാത്തിനും നോംസ് ഉണ്ടാവുകയാണ് നല്ലത്. ഇപ്പോൾ ഭരണകക്ഷിയുടെ മണ്ഡലത്തിൽ മാത്രം എല്ലാം നടക്കുന്നുണ്ട്. എന്നുള്ള ആരോപണം ഞങ്ങൾ നിഷേധിക്കുകയാണ്. അവിടെ ഇരിക്കുന്ന ഓരോ മെമ്പർമാരും നെഞ്ചിൽ കൈവച്ചുകൊണ്ട് പറയട്ടെ, അവരുടെ മണ്ഡലങ്ങളിൽ എത്രയേറെ വികസന പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന്. പക്ഷെ അങ്ങനെ ഒരു രീതി നമ്മുടെ നാട്ടിലുണ്ട് എങ്കിൽ ശ്രീ. ടി.കെ.ഹംസയോ ഇടതുപക്ഷ മുന്നണിയോ ആണോ തുടങ്ങിയതാണെങ്കിൽ അത് അവസാനിപ്പിക്കുന്നതാണ് നല്ലത്. ഭരിക്കാൻ കയറുമ്പോൾ അവരവരുടെ മണ്ഡലങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടത്തുകയെന്നുള്ള ശൈലി അല്ല വേണ്ടത്. ഞാൻ അതിനോട് യോജിക്കുന്നില്ല. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ച് ശ്രീ. പി. രാഘവൻ ആദ്യം പ്രസംഗിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ഹംസ: അങ്ങ് അത്തരം ഒരു സമീപനം അവസാനിപ്പിക്കുന്നതാണ് നല്ലത് എന്നുപറഞ്ഞു ഉപദേശം തന്നല്ലോ. അടുത്ത് ഞങ്ങൾ വരും എന്നുള്ളത് മനസിലാക്കിയിട്ടു തന്നെയാണ് അല്ലേ ആ ഉപദേശം.

ശ്രീ. സി. എഫ്. തോമസ്: ഇവിടെ എന്തൊക്കെ ചെയ്തുവെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ നാട്ടിലെ ജനങ്ങൾ വിധിയെഴുതാൻ പോകുകയാണ". നിങ്ങൾ പറഞ്ഞല്ലോ, നാടെല്ലാം തകർന്നു. കാര്യങ്ങൾ ഒന്നും നടക്കുന്നില്ലയെന്ന്. പക്ഷെ നാട്ടിൽ ഇറങ്ങിയാൽ ഏതുപ്രദേശത്തു ചെന്നാലും ഈ ഗവൺമെന്റ് കഴിഞ്ഞ അഞ്ചുവർഷമായി ചെയ്ത കാര്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങൾ വോട്ടു ചെയ്യും. അങ്ങനെ വോട്ടു ചെയ്താൽ വീണ്ടും യു. ഡി. എഫ്. അധികാരത്തിൽ വരും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ശ്രീ. പി. എസ്. ശ്രീനിവാസൻ അവിടെത്തന്നെ ഇരിക്കുമെന്നു പറഞ്ഞാൽ വിഷമം തോന്നരുത്. അദ്ദേഹം മുൻനിരയിൽ ഇരിക്കേണ്ട ആളാണ". പക്ഷെ അവിടെ ആയിരിക്കും ഇരിക്കുന്നത് എന്നുള്ള കാര്യത്തിൽ സംശയമില്ല.

ശ്രീ. പി. ബാലൻ: കഴിഞ്ഞ ദിവസം ശ്രീ. ഹംസ പ്രസംഗിച്ചപ്പോൾ ഏപ്രിൽ 5-ാം തീയതി ഞങ്ങൾ സത്യപ്രതിജ്ഞ ചെയ്യുമെന്നു പറഞ്ഞു. അത് അവർ സത്യപ്രതിജ്ഞ ചെയ്യുന്ന തീയതിയാണ്. നമ്മൾ ജൂണിലാണ് സത്യപ്രതിജ്ഞ ചെയ്യുന്നത്.

ശ്രീ. സി. എഫ്. തോമസ്: 1957 ഏപ്രിൽ 5-ന്റെ കാര്യമായിരിക്കും. 1957 ഏപ്രിൽ 5-നാണ്, കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിൽ ആദ്യമായി അധികാരത്തിൽ വന്നത്. അതു ചിന്തയിലായിരിക്കും ശ്രീ. ഹംസ ഏപ്രിൽ 5 നോട് കൂറുകാണിക്കുന്നത്. പക്ഷെ ഞങ്ങൾ ജൂണിലാണ് സത്യപ്രതിജ്ഞ ചെയ്യുന്നത്. ഈ ഗവൺമെന്റിനെ സംബന്ധിച്ച് ഞങ്ങൾ എടുത്തിരിക്കുന്ന സമീപനത്തെക്കുറിച്ച് വിമർശനം വരുമ്പോൾ ശരിയായിട്ട് പറയണമല്ലോ. ശ്രീ. രാഘവൻ ഞങ്ങൾ അടിസ്ഥാന മേഖലകളൊക്കെ തകർത്തു. കാർഷിക വികസന മേഖലകളൊക്കെ തകർത്തുവെന്നൊക്കെ പറഞ്ഞു. അദ്ദേഹം ഉദ്ധരിച്ച ഇക്കണോമിക് റിവ്യൂ എന്റെ കയ്യിലുണ്ട്. അതിന്റെ കണക്ക് ഞാൻ നോക്കി. അദ്ദേഹം നെല്ലിന്റെ കാര്യം പറഞ്ഞത് ശരിയാണ്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. സി. കെ. ചന്ദ്രപ്പൻ]

നെല്ലിന്റെ പ്രൊഡക്ടിവിറ്റി കുറഞ്ഞു എന്നു ഞാൻ സമ്മതിക്കുന്നു. അത് ഈ ഗവൺമെന്റിന്റെ കുഴപ്പം കൊണ്ടു മാത്രം സംഭവിച്ചതാണോ? കാർഷിക മേഖലയിൽ ഉൽപ്പാദനച്ചെലവിന്റെ വർദ്ധനവും
2 P. M.] നെല്ലിന് ന്യായമായ വില ലഭിക്കാത്തതുമൂലം കർഷകന് നെൽക്കൃഷി യോടുള്ള താൽപ്പര്യം കുറഞ്ഞു എന്നുള്ളതും ശരിയാണ്. നെൽക്കൃഷിക്കാർ ഗതികേടിലാണ് എന്ന കാര്യത്തിൽ സംശയമില്ല. അത് ഒരു ഗവൺമെന്റിന്റേയും സൃഷ്ടിയല്ല. അങ്ങ് സംസാരിച്ചപ്പോൾ ഒരു കാര്യം പറയേണ്ടതായിരുന്നു. ഇക്കണോമിക് റിവ്യൂ കോട്ടു ചെയ്താൽ നമ്മുടെ നാട്ടിലെ ഏറ്റവും പ്രധാനപ്പെട്ട കാർഷിക വിളകളായ നാളികേരത്തിന്റെ ഉൽപ്പാദനം ഒരു ഹെക്ടറിന് 1992-93-ൽ 5843 കിലോ, 1993-94-ൽ 5885 കിലോ, 1994-95-ൽ 5888 കിലോ വിദേശ നാണ്യം ഏറ്റവും

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ നേടിത്തരുന്ന കേരളത്തിന്റെ ഐശ്വര്യത്തിന് കാരണമെന്നു വിശേഷിപ്പിക്കാവുന്ന റബ്ബിന്റെ കാര്യം. അതിന്റെ പ്രൊഡക്ടിവിറ്റി ഒരു ഹെക്ടറിന് 1992-93-ൽ 830 കിലോ, 1993-94-ൽ 934 കിലോ, 1994-95-ൽ 999 കിലോ എന്നിങ്ങനെ ഒരു ഹെക്ടറിൽ നിന്ന് 1992-93-ൽ 56 കിലോ, 1993-94-ൽ 102 കിലോ, 1994-95-ൽ 102 കിലോ, 56 കിലോ എന്നുള്ളതു 102 കിലോ വരെയായി. കുരുമുളക് ഹെക്ടറിന് 1992-93-ൽ 271 കിലോ, അതു പിന്നീട് 269 കിലോ ആയി കുറഞ്ഞു. 1994-95-ൽ 276 കിലോ ആയികൂടി. കരിമ്പ് ഒരു ഹെക്ടറിന് 8176 കിലോ, 8165, 8502 കിലോ ഇങ്ങനെയാണ് വ്യത്യാസം. പ്രധാന കാർഷിക വിളകളുടെയെല്ലാം പ്രൊഡക്ടിവിറ്റി കൂടിയിട്ടുണ്ടെങ്കിൽ ഈ ഗവൺമെന്റ് എടുത്ത സമീപനം രോഗമറിഞ്ഞുള്ള ചികിൽസയായിരുന്നു. ബഡ്ജറ്റ് കൈയടി വാങ്ങുന്നതിനുവേണ്ടി മാത്രമുള്ളതല്ല, അതിന്റെ കാലം കഴിഞ്ഞു. കേരളം രക്ഷപ്പെടണമെങ്കിൽ, നമ്മുടെ അടിസ്ഥാന മേഖലകളായ കൃഷിയും വ്യവസായവും രക്ഷപ്പെടണം. അതു മനസ്സിലാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ ഒരു കാർഷിക നയം പ്രഖ്യാപിച്ചത്. ആ നയത്തിന്റെ അടിസ്ഥാനത്തിൽ വളരെ ശക്തമായ നടപടികളും എടുത്തതുകൊണ്ടാണ് കാർഷിക വിളകളുടെയെല്ലാം ഉൽപ്പാദനം കൂടുകയും ഉൽപ്പാദനക്ഷമത കേരളത്തിൽ വർദ്ധിക്കുകയും ചെയ്തതെന്നുള്ളത് നിങ്ങളും അംഗീകരിക്കുന്ന, പ്ലാനിംഗ് ബോർഡിന്റെ ഇക്കണോമിക് റിവ്യൂ വെളിപ്പെടുത്തുന്ന വസ്തുതകളാണ്. വ്യവസായത്തിന്റെ കാര്യം പറഞ്ഞാൽ വ്യവസായവും ഇതുപോലെ തന്നെയല്ലേ ? 1991-ൽ വ്യവസായ നയം പ്രഖ്യാപിച്ചിട്ട് ഈ ഗവൺമെന്റ് ശക്തമായ നയപരിപാടികളും ആവിഷ്ക്കരിച്ചു നടപ്പിലാക്കി. 63,000 ചെറുകിട വ്യവസായ യൂണിറ്റുകളും ഈ ഗവൺമെന്റിന് കൊണ്ടുവരാൻ സാധിച്ചു. അതുകൊണ്ട് രണ്ട് ലക്ഷത്തി എഴുപതിനായിരം പേർക്ക് തൊഴിലവസരങ്ങളും കിട്ടി. ശ്രീ. ഉമ്മൻചാണ്ടിയായാലും ശ്രീ. സി. വി. പത്മരാജനായാലും ബഡ്ജറ്റിൽ ചീപ്പ് പോപ്പുലാരിറ്റിക്കു വേണ്ടിയുള്ള കാര്യങ്ങളല്ല പറയുന്നത്. ഈ സംസ്ഥാനത്തിന്റെ അടിസ്ഥാന മേഖലകളായ വ്യവസായം, കൃഷി എന്നിവയ്ക്ക് ഉത്തേജനം നൽകാനാണ് അല്ലാതെ ആളുകളെ കബളിപ്പിക്കാനല്ല. വ്യവസായ മേഖലയിൽ വൻ കുതിച്ചു ചാട്ടം തന്നെ ഉണ്ടാക്കി. 750 കോടി രൂപ മുതൽ മുടക്കി 63000 ചെറുകിട വ്യവസായ യൂണിറ്റുകളും സ്ഥാപിച്ചു. ഇതുവഴി രണ്ടു ലക്ഷത്തി എഴുപതിനായിരം പേർക്ക് തൊഴിലവസരങ്ങളും കിട്ടിയെങ്കിൽ അതൊരു ചെറിയ കാര്യമല്ല. നമ്മുടെ നാട്ടിൽ വ്യവസായം വരാത്തതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം അനലൈസ് ചെയ്തപ്പോൾ അടിസ്ഥാന സൗകര്യങ്ങളുടെ കുറവാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. എവിടെയാണ് പ്രോബ്ലമെന്നു മനസ്സിലാക്കിക്കൊണ്ട് ഇൻഫ്രാസ്ട്രക്ചർ വികസിപ്പിച്ചെടുക്കാൻ വേണ്ടി കേരളാ ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് കോർപ്പറേഷൻ രൂപീകരിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചു. അല്ലാതെ മന്ത്രി ആഫീസുകളിൽ നിവേദനങ്ങൾകൊടുത്തതുകൊണ്ടോ അവ സ്വീകരിച്ചതുകൊണ്ടോ പ്രയോജനമില്ല, അത് നല്ലൊരു ഭരണമല്ല. അടിസ്ഥാനപരമായ മാറ്റമാണ് കേരളത്തിലെ ജനങ്ങളിന്ന് ആഗ്രഹിക്കുന്നത്. അതുകൊണ്ടു മാത്രമേ നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളു. കേരളത്തിലെ ഇന്നത്തെ രൂക്ഷമായ തൊഴിലില്ലായ്മക്ക് പരിഹാരം കാണണമെങ്കിൽ തൊഴിലവസരങ്ങൾ ഏറ്റവും കൂടുതൽ ഉണ്ടാക്കുന്ന കൃഷിയും വ്യവസായവും മെച്ചപ്പെടണം. അത് മനസ്സിലാക്കിക്കൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് കൃഷിയുടെയും വ്യവസായത്തിന്റെയും കാര്യത്തിൽ വ്യക്തമായ നയങ്ങൾ ആവിഷ്ക്കരിച്ചത്. ശ്രീ. ആര്യാടൻ തൊഴിൽ രഹിതരുടെ എണ്ണം 42 ലക്ഷമായിരുന്നത് 32 ലക്ഷമായി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ കുറഞ്ഞുവെന്നു പറഞ്ഞപ്പോൾ നിങ്ങൾ ചിരിക്കുകയായിരുന്നു. 10 ലക്ഷം തൊഴിലവസരങ്ങൾ ഈ നാട്ടിലുണ്ടായി. ഗവൺമെൻറ് സർവ്വീസിൽ കൊടുത്തുവെന്നല്ല, സെക്രട്ടേറിയറ്റിൽ ജോലി കൊടുത്തു എന്നല്ല. എല്ലാ മേഖലയിലും പുത്തൻ ഉണർവു വന്നതു കാരണം കൃഷിയും വ്യവസായവും വികസിച്ചതുകൊണ്ട് 10 ലക്ഷം പേരുടെ കുറവ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ വന്നുവെങ്കിൽ ഈ സംസ്ഥാനത്ത അടിസ്ഥാന മേഖലകളിൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് കൊണ്ടുവന്ന നല്ല മാറ്റങ്ങളുടെ ഫലമാണ് അതെന്ന് കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഞങ്ങൾക്ക് പറയാൻ സാധിക്കും. അതുപോലെ തന്നെ നമ്മുടെ വിദ്യാഭ്യാസ നയത്തെക്കുറിച്ച് പറഞ്ഞല്ലോ ? ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിനെക്കുറിച്ച് ആക്ഷേപങ്ങൾ പറഞ്ഞല്ലോ ? എന്താണ് ശ്രീ. ബഷീർ കൊണ്ടു വന്ന വലിയ ഒരു മാറ്റം ? തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിക്കൊണ്ട് എല്ലാ കോളേജുകളിലും പുതുതായിട്ട് തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങാൻ അനുവാദം കൊടുത്ത ഗവൺമെൻറ് എന്നുള്ള നിലയിൽ കേരളത്തിലെ ജോലിയില്ലാതെ അലയുന്ന 32 ലക്ഷം ജനങ്ങളും അതിനെ സ്വാഗതം ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പഴയ ചട്ടങ്ങൾ വിദ്യാഭ്യാസ രീതി മാറണ്ടേ ? പഴയ ഡിഗ്രികൾ മാറണ്ടേ ? എം. എ. യും എം. എസ്. സി. യും മാറണ്ടേ ? നമ്മുടെ നാട്ടിൽ ഇനി വേണ്ടത് കംപ്യൂട്ടർ കോഴ്സുകളും അതുപോലെയുള്ള തൊഴിലധിഷ്ഠിത കോഴ്സുകളുമാണെങ്കിൽ, ഈ ഗവൺമെൻറ് എല്ലാ കോളേജുകളിലും പുത്തൻ കോഴ്സുകൾ കൊണ്ടുവന്നുകൊണ്ട് വലിയൊരു മാറ്റം വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവന്നു എങ്കിൽ കേരളത്തിന് ഈ ഗവൺമെൻറ് കൊടുക്കാവുന്ന ഏറ്റവും നല്ല സംഭാവന തന്നെയാണത്. നമ്മുടെ സ്കൂൾ വിദ്യാഭ്യാസത്തിലും കോളേജ് വിദ്യാഭ്യാസത്തിലും തൊഴിലധിഷ്ഠിതമായ ഈ മാറ്റം ഗവൺമെൻറ് വരുത്തിയതുകൊണ്ട് തൊഴിൽ കിട്ടുന്ന കാര്യത്തിൽ നല്ല നാളുകൾ ഉണ്ടാകുമെന്നതിൽ യാതൊരു തർക്കവുമില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : അങ്ങ് കഴിഞ്ഞ കാല പ്രവർത്തനങ്ങളെ കുറിച്ച് വളരെ വിശദമായി സംസാരിച്ചു. ഇപ്പോൾ അങ്ങ് ഒരു രാഷ്ട്രീയ പാർട്ടിയുടെ ചെയർമാനാണ്. ഇപ്പോഴത്തെ പുതിയ ലയനം എന്തായി ? അതുകൂടി വിശദീകരിച്ചാൽ തരക്കേടില്ല.

ശ്രീ. സി. എഫ്. തോമസ് : ഈ ചർച്ചയിൽ രാഷ്ട്രീയം പാടില്ല.

ശ്രീ. എം. എം. ഹസ്സൻ : കേരളാ കോൺഗ്രസ്സിന്റെ കാര്യമല്ല.

ശ്രീ. കൃഷ്ണൻകുട്ടിയുടെ പാർട്ടിയുടെ ഇപ്പോഴത്തെ അവസ്ഥ കൂടി ഒന്നു പറഞ്ഞാൽ കൊള്ളാമായിരുന്നു.

ശ്രീ. സി. എഫ്. തോമസ് : ഞങ്ങൾ അഞ്ചു കൊല്ലം ഭരിച്ചുവെങ്കിൽ കഴിഞ്ഞ കാലങ്ങളിൽ നിങ്ങൾക്കെല്ലാവർക്കും പറ്റിയ ഒരു തെറ്റുതിരുത്താൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ശ്രീ. പി. എസ്. ശ്രീനിവാസന്റെ ആരോപണം ശരിയായിരുന്നു. കുറെക്കാലം കഷ്ടപ്പെടുത്തിയിട്ട്, അവസാനം കൈയടി കിട്ടാനുള്ള ബഡ്ജറ് അവതരിപ്പിക്കുന്നു. അങ്ങനെയുള്ള പോളിസിയല്ല ഞങ്ങൾ സ്വീകരിച്ചത്. ഞങ്ങൾ സ്വീകരിച്ച ഒരു സമീപനം ഈ ഗവൺമെൻറിന്റെ ആരംഭ കാലം മുതൽ അവതരിപ്പിച്ച ബഡ്ജറുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തെ രക്ഷിക്കണമെങ്കിൽ ഇനി കഴിഞ്ഞ കാലത്തെ നയങ്ങളല്ല വേണ്ടതു്. കഴിഞ്ഞ 44 വർഷങ്ങളിൽ പരാജയങ്ങളും പലതും പറഞ്ഞു. അതു് തിരുത്താൻ പുതിയ അടിസ്ഥാനപരമായ മാറ്റങ്ങളും ഈ ഗവൺമെൻറ് കൊണ്ടുവന്നു. അതിൻെറ ഫലങ്ങളും എല്ലാ മേഖലകളിലും ദൃശ്യമായിട്ടുണ്ടു്. അതിൻെറ ഉണർവ് കേരളത്തിലെ ഗ്രാമങ്ങളിലും പട്ടണങ്ങളിലും എല്ലാ പ്രദേശത്തും പ്രതിഫലിക്കുന്നുണ്ടു്. അതു ബൊലറോ പെട്ടിയിലും പ്രതിഫലിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ഈ ബഡ്ജറിനെ പിന്താങ്ങുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, ഈ കേരള നിയമസഭയുടെ ചരിത്രത്തിൽ ബഡ്ജറുകളെക്കുറിച്ചു് ഒരു ധാരണയുണ്ടല്ലോ ? ആ ധാരണ മുഴുവൻ തിരുത്തിക്കുറിച്ചു് ബഡ്ജറാണു് ശ്രീ. സി. വി. പത്മരാജൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. യഥാർത്ഥത്തിൽ പറഞ്ഞാൽ സാധാരണ രീതിയിലുള്ള ഒരു ബഡ്ജറിൽ അടുത്ത കാലത്തു് ചെയ്യേണ്ടുന്ന കാര്യങ്ങളെക്കുറിച്ചു് പറയും.. തെരഞ്ഞെടുപ്പു കമ്മിഷൻെറ ഇക്കാര്യത്തിലുള്ള അഭിപ്രായവുമൊക്കെ മാനിച്ചുകൊണ്ടാകണം. കഴിഞ്ഞ നാലര കൊല്ലം ഈ സംസ്ഥാനം ഭരിച്ച ഗവൺമെൻറ് എന്തെല്ലാമോ നല്ല കാര്യങ്ങളും ചെയ്തു തീർത്തു എന്നു് ആലംകാരികമായി, ഒരു പളുങ്കു കൊട്ടാരം പോലെ, ജനങ്ങളുടെ മുമ്പിൽ മതിപ്പുണ്ടാക്കി എടുക്കുന്നതിനുവേണ്ടിയുള്ള ഒരു ബഡ്ജറാണിതു്. മറുന്നു കമ്പിനിക്കാരുടെ കൈയിലുള്ള കാറലോഗ് വായിച്ചാൽ അവരുടെ പ്രൊഡക്ഷൻെറ മഹത്വവും പ്രയോജനവുമൊക്കെ മനസ്സിലാകും. അതുപോലെ മിച്ച ബഡ്ജറാണെന്ന ധാരണ വരുത്താൻ ശ്രമിച്ചിട്ടുണ്ടു്. ബഡ്ജറു് ഇൻ ബ്രീഫിലെ രണ്ടാമത്തെ പേജിൽ റവന്യൂ കമ്മിയുടെ തുക പറയുന്നുണ്ടു്. ടോട്ടൽ റവന്യൂ എക്സ്പെൻറിച്ചർ, real deficit 1072 കോടി രൂപയാണു്. ശ്രീ. സി. എഫ്. തോമസ് ഈ ഗവൺമെൻറിൻെറ കുറെ നേട്ടങ്ങളെപ്പറ്റി പറഞ്ഞു. കേരള നിയമസഭയിലുള്ള മന്ത്രിമാർ ഒഴിച്ചു് 120 പേരോടും ഞാൻ അഭ്യർത്ഥിക്കുന്നു, അവരുടെ കൈവശമുള്ള ബഡ്ജറു് രേഖകൾ എം. എൽ. എ. ഹോസ്റ്റലിൽ ചെന്നു പരിശോധിച്ചു നോക്കണം. എൻെറ നിയോജകമണ്ഡലത്തിലെ ചെറിയൊരു ഉദാഹരണം പറയാം. കഴിഞ്ഞ മഴക്കാലത്തു് എൻെറ നിയോജകമണ്ഡലത്തിൽ ഒരു സ്കൂൾ കെട്ടിടം മറിഞ്ഞു വീണു് ഒരു കുട്ടി മരിച്ചു. കുറെ കുട്ടികൾക്കു് പരിക്കുപറ്റി.

ശ്രീ. പി. പി. ജോർജ് അടക്കം അരഡസനോളം മന്ത്രിമാർ അന്നും പിറ്റേന്നുമായി അവിടെ ഓടിയെത്തി റവന്യു വകുപ്പുമന്ത്രി കോഴിക്കോടു് കളക്ടറേറ്റിൽ മന്ത്രിമാരടക്കമുള്ള ആളുകളെ വിളിച്ചു് ചർച്ച നടത്തി. ആ സ്കൂൾ കെട്ടിടം പണിയാൻ ഗവൺമെൻറ് പണം നൽകുമെന്നു് അവിടെ വച്ചു് ഒരു വാഗ്ദാനം ചെയ്തു. ധനകാര്യ വകുപ്പുമന്ത്രിമാരുടെ ചരിത്രത്തിൽ നിന്നു് വ്യത്യസ്തമായി ശ്രീ. പത്മരാജൻ ഒരു കാര്യം ചെയ്തു. സപ്ലിമെൻററി ഡിമാൻഡിലേക്കു് ഒരു വർക്കു് പ്രപ്പോസു് ചെയ്യാൻ ആവശ്യപ്പെട്ടു. സാധാരണ ഗവൺമെൻറിൽ നിന്നു് എ. എസ്. കൊടുത്തു, എസ്. എസ്. കൊടുത്താണു് വരാറുള്ളതു്. ഇത്തരം പണികൾ ബഡ്ജറിൽ ചേർക്കാറുണ്ടെങ്കിലും സപ്ലിമെൻററി ഡിമാൻറിൽ ചേർക്കാറില്ല. തെരഞ്ഞെടുപ്പൊക്കെ മുന്നിൽ കണ്ടുകൊണ്ടായിരിക്കണം അങ്ങനെ ആവശ്യപ്പെട്ടതു്. കഴിഞ്ഞ 6 മാസം മുമ്പു് നിയമസഭ കൂടിയപ്പോൾ വന്ന സപ്ലിമെൻററി ഡിമാൻറിലേക്കു് എഴുതിക്കൊടുത്തു. ഞാൻ എഴുതി കൊടുക്കുന്ന കാര്യം വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ആലോചിച്ചപ്പോൾ അദ്ദേഹം പറഞ്ഞതു്, ഈ സ്കൂളിൻെറ വർക്കു് കൊടുക്കേണ്ട എന്നാണു്

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ കളക്ട്രറേറ്റിൽ വച്ച് തീരുമാനിച്ചതാണ്. പക്ഷെ എനിക്ക് ഇവരെക്കുറിച്ച് വിശ്വാസമില്ലാത്തതുകൊണ്ട് ഞാൻ പറഞ്ഞു, വേറെ വർക്ക് വേണ്ട, ഈ സ്കൂൾ കെട്ടിടം മതി എന്ന്. 28 ലക്ഷം രൂപ മതിപ്പ് ചെലവുള്ള എസ്റ്റിമേറ്റ് വന്നു. സന്തോഷം ഉണ്ട്. 8 ലക്ഷം രൂപ ഈ കൊല്ലം ചെലവാക്കും. സപ്ലിമെൻറി ഗ്രാൻറ് അംഗീകരിച്ചു. അതിൻറെ എസ്റ്റിമേറ്റായി, ടെണ്ടറായി. ഓൺഗോയിംഗ് വർക്കാണ്. ബഡ്ജറ്റ് വന്നപ്പോൾ, കഴിഞ്ഞ വർഷത്തെ സപ്ലിമെൻറി ഡിമാൻറിൽ 8 ലക്ഷം രൂപയുണ്ടായിരുന്നതിന് ഈ കൊല്ലം മുപ്പതിനായിരം രൂപ അപ്പുറത്തുള്ള എം. എൽ. എ. മാരോടും ഇതുപോലെ കാണിച്ചു എന്നാണ് എൻറെ വിശ്വാസം. ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ മണ്ഡലത്തിലെ ഒരു സ്കൂളിന് കഴിഞ്ഞവർഷം 14 ലക്ഷം രൂപ അനുവദിച്ചത് ഈ വർഷം മുപ്പതിനായിരം രൂപ പ്രതിപക്ഷത്തോടുമാത്രം അന്യായം കാണിച്ചു എന്ന് പറയുന്നില്ല. അത്തരത്തിലുള്ള കൃത്രിമ ബഡ്ജറ്റാണിത്. 8 കോടി രൂപയുടെ മതിപ്പ് ചെലവുള്ള കോഴിക്കോട് മെഡിക്കൽ കോളേജിലെ സ്പെഷ്യലിറ്റി കോംപ്ലക്സിന് ഇടതുപക്ഷമുന്നണി ഗവൺമെൻറിൻറെ കാലത്ത് ബഡ്ജറ്റിൽ പണം അനുവദിച്ചു. ഡിസൈനായി ടെൻഡർ ഉറപ്പിച്ചശേഷം തറക്കല്ലിട്ടാൽ മതിയെന്ന സ്റ്റാൻഡ് ഞങ്ങളും എടുത്തു. ശ്രീ. നായനാർ എടുത്ത സ്റ്റാൻഡും അതുതന്നെയാണ്. ഇപ്പോൾ വർക്ക് നടക്കുകയാണ്. 8 കോടി രൂപയാണ് ബഡ്ജറ്റിൽ. ഇങ്ങനെ ഓരോന്നും എടുത്ത് പരിശോധിച്ചാൽ നാറാണത്ത് ഭ്രാന്തനെപ്പോലെ കുറെ പണികളും ചെയ്തിട്ടുണ്ട്. ജനങ്ങളെ കബളിപ്പിക്കാൻ നാടു നുഴുവൻ പണി നടക്കുന്നുണ്ട്. പക്ഷെ പണം കൊടുക്കാൻ കഴിയില്ല. തെരഞ്ഞെടുപ്പായതുകൊണ്ട് ജനങ്ങളെ കബളിപ്പിക്കാൻ, വ്യാമോഹിപ്പിക്കാനുള്ള തന്ത്രങ്ങളുടെ ഭാഗമായിട്ടാണെങ്കിൽ ബഡ്ജറ്റിംഗ് എന്ന് പറയുന്ന അടിസ്ഥാന തന്ത്രങ്ങളെ ലംഘിച്ചിരിക്കുന്നു. ഞാൻ ഒരു പോയിൻറ് ഓഫ് ഓർഡർ ഉന്നയിച്ചിരുന്നു. ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം ഇറിഗേഷനും/ പവറിനുമായിട്ട് ഒരു പേജിൽ 96 കോടി രൂപ അടുത്തപേജിൽ വന്നപ്പോൾ ഇറിഗേഷൻ മാത്രമേയുള്ളു. പവർ ഇല്ല. അച്ചടിപ്പിശകാണെന്ന് അദ്ദേഹം പറയുമോ എന്നെനിക്കറിയില്ല. മറുപടി ഇതുവരെ പറഞ്ഞിട്ടില്ല. ഇന്ന് പറയണം. ഇത്തരത്തിൽ നിരവധി തെറ്റുകളും ചൂണ്ടിക്കാണിക്കാനുണ്ട്. ഇത് സംബന്ധിച്ച് മറുപടി പ്രസംഗത്തിലെങ്കിലും പറയുമെന്ന് വിശ്വസിക്കുന്നു. ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന നേട്ടങ്ങളുടെ പട്ടിക പരിശോധിച്ചാൽ വലിയ നേട്ടങ്ങളുണ്ടാക്കി എന്ന ഇംപ്രഷൻ ഉണ്ടാക്കിയിരിക്കുന്നത് വ്യവസായ വകുപ്പിലാണ്. വ്യവസായ വകുപ്പിനെ ലാഭകരമായി ഉയർത്തിക്കൊണ്ടുവന്ന് നേട്ടമുണ്ടാക്കി എന്നാണ് പറയുന്നത്. ഞങ്ങൾക്ക് തന്ന ഒരു ചോദ്യത്തിന് മറുപടി ഉണ്ട്. നിയമസഭയിൽ പറയുന്ന മറുപടി ഒന്ന്, ബഡ്ജറ്റിൽ പറയുന്ന വസ്തുത മറ്റൊന്ന്. ഞങ്ങൾക്ക് തന്ന ഒരു മറുപടിയിൽ നഷ്ടങ്ങളുടെ കണക്കുണ്ട്. 17-3-1996-ൽ ഞാനും ശ്രീ. കൃഷ്ണൻകുട്ടിയും ചോദിച്ച ചോദ്യത്തിന് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നഷ്ടം സംബന്ധിച്ച കണക്ക് തന്നു. 1991-ൽ 662 ലക്ഷം രൂപ നഷ്ടം. 1996-ൽ 2331 ലക്ഷം രൂപയുടെ നഷ്ടം. എന്നിട്ടും ബഡ്ജറ്റ് പ്രസംഗത്തിൽ വലിയ ഇംപ്രഷൻ ഉണ്ടാക്കിയിരിക്കുകയാണ്. ഇതെങ്ങനെയുണ്ടായി ? ഇവിടെ മിച്ച ബഡ്ജറ്റാണെന്നും ട്രഷറിബാൻ ഉണ്ടായില്ലെന്നും മാനേജ്മെൻറ് നന്നായതുകൊണ്ട് പ്രയോജനം ഉണ്ടായി എന്നുമൊക്കെയാണ് പ്രസംഗം. ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ നിന്നിറങ്ങുമ്പോൾ അന്നത്തെ പൊതുകടം 4729 കോടി 36 ലക്ഷം രൂപയായിരുന്നു. കേരളപ്പിറവിക്കുശേഷമുള്ള എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

പൊതുകടങ്ങളും എടുത്തതുകൊണ്ട് 1987-ൽ പൊതുകടം രണ്ടായിരം കോടി രൂപയായിരുന്നു. അതിപ്പോൾ നാലായിരം കോടി രൂപയായി. ഓരോ സംസ്ഥാനത്തേയും ആളോഹരി വരുമാനം എടുത്തുനോക്കിയാൽ കേരളത്തെപ്പോലെ കടം ഇൻഡ്യയിലെ മറെറാരു സംസ്ഥാനത്തും ഇല്ല. വേൾഡ് ബാങ്ക്, ധനകാര്യസ്ഥാപനങ്ങൾ, ബൈലാറെറൽ പദ്ധതികൾ, മറെറു ചില പദ്ധതികൾ തുടങ്ങി ഒരു ചെറിയ കടം കൂടിയുണ്ട്. ഉറുപ്പികയുടെ മൂല്യശോഷണം വച്ച് കണക്ക് പറയുമ്പോൾ ശരിയാണ്. 1990-ൽ ഒരു ഡോളറിന് 16 ഉറുപ്പികയായിരുന്നത് ഇപ്പോൾ 38 ആയി. ഈ ബഡ്ജറിൽ കണക്കുകൾ കൊണ്ട് ഒരു മായാജാലം സൃഷ്ടിച്ചിരിക്കുകയാണ്. മുഖ്യമന്ത്രി ഇന്ന് രണ്ട് സബ്മിഷൻ മറുപടി പറഞ്ഞപ്പോഴുള്ള വികാരം കണ്ടു. ഇടുക്കി സംഭവത്തെ സംബന്ധിച്ച് വികാരപരമായി പറഞ്ഞു. അഭയ കേസുമായി ബന്ധപ്പെട്ട സബ്മിഷന് അദ്ദേഹം പറഞ്ഞ മറുപടിയിലും വികാരത്തിന്റെ ശബ്ദം കേട്ടു. ആ കൊലപാതകത്തെക്കുറിച്ച് അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ക്രിസ്ത്യൻ വികാരിമാരും കന്യാസ്ത്രീമാരും മഹിളകളും രാഷ്ട്രീയം ഇല്ലാത്തവരും കൂടി ഇന്ന് സെക്രട്ടേറിയറിന് മുമ്പിൽ സമരം നടത്തുന്നു. ഏത് കേസാണ് തെളിഞ്ഞിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന് ഒരു ആശയുണ്ടായിരുന്നു. ഒരു മരുന്നും ഫലിച്ചില്ലെങ്കിൽ കാളൻ നെല്ലായി എന്ന് പറയുന്നതുപോലെ കേസ് ഒന്നും തെളിഞ്ഞില്ലെങ്കിൽ സി.ബി. ഐ.ക്ക് വിടുമായിരുന്നു. അഭയ സംഭവം നടന്നിട്ട് 4 കൊല്ലമായി. സി.ബി.ഐ.ക്ക് വിട്ടിട്ട് 3 വർഷമായി. എവിടെ എത്തി ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരായി നടപടിയെടുക്കാൻ സാധിക്കുമോ ? ശ്രീ. ആൻറണി ഈ കസേരയിൽ വന്നത് ശ്രീവാസ്തവയും ചാരക്കേസുമൊക്കെയായി ബന്ധപ്പെട്ടാണല്ലോ. ഞാൻ അദ്ദേഹത്തിന് കത്തെഴുതി. ശ്രീവാസ്തവയുടെ വയസുമായി ബന്ധപ്പെട്ട് ബാംഗ്ലൂർ കോടതിയിൽ ഒരു കേസുണ്ട്. ശ്രീവാസ്തവ കോടതിയിൽ കൊടുത്ത അഫിഡവിറ് ഉണ്ട്. അതുമായിട്ട് നോക്കുമ്പോൾ ശ്രീവാസ്തവയും സഹോദരനുമായി 4 മാസത്തെ വ്യത്യാസമേയുള്ളു. അദ്ദേഹം ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥനാണ്. അത് പരിശോധിക്കണമെന്ന് പറഞ്ഞ് ഞാൻ കത്തെഴുതി. കഴിഞ്ഞ നിയമസഭയിൽ ചോദ്യം ചോദിച്ചു. അതിന് ഈ ദിവസംവരെ മറുപടി കിട്ടിയിട്ടില്ല. ഇതുപോലെ എത്രയെത്ര കേസുകൾ. ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്നതും സ്ഥലം മാറ്റം കൈകാര്യം ചെയ്യുന്നതും ശ്രീ. ഉമ്മൻചാണ്ടിയാണ്. ശ്രീ. ഉമ്മൻചാണ്ടി അനൗദ്യോഗിക ആഭ്യന്തര വകുപ്പുമന്ത്രിയാണ്. ശ്രീ. ആൻറണിയെ ആരും പോയി കാണാറില്ല. ഞാൻ ഒന്നും അറിഞ്ഞില്ലേ രാമനാരായണാ എന്ന മട്ടാണ്. എല്ലാം ചെയ്യുന്നത് വേറെ ആളുകളാണ്. ഒരു ചെറിയ സംഭവം അടുത്തകാലത്തുണ്ടായി. അദ്ദേഹത്തെ മുഖ്യമന്ത്രിയാക്കാൻ തീരുമാനിച്ചപ്പോൾ ഡൽഹിയിൽ നിന്ന് പ്രത്യേക വിമാനത്തിൽ ഇവിടെ വന്നു. അതിന്റെ ചെലവ് കേന്ദ്രഗവൺമെൻറ് വഹിക്കണമെന്ന് സംസ്ഥാന ഗവൺമെൻറ് എഴുതി. സംസ്ഥാന ഗവൺമെൻറ് തന്നെ വഹിക്കണമെന്ന് കേന്ദ്രം പറഞ്ഞു. 14 ലക്ഷം രൂപ അടയ്ക്കാൻ ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിന്റെ ഉത്തരവുണ്ടായി.

ജി.എ.ഡി.യിൽ നിന്നാണ് ആ ഉത്തരവ് വന്നിട്ടുള്ളത്. അദ്ദേഹം കൈകാര്യം ചെയ്യുന്ന വകുപ്പാണ്. ക്യാബിനറും പാസ്സാക്കി. ക്യാബിനറ് പാസ്സാക്കുന്നതുവരെ അദ്ദേഹത്തിന് മനസ്സാക്ഷിക്കുത്ത് ഇല്ലായിരുന്നു. തത്വത്തിൽ അത് ഉന്നയിച്ചപ്പോൾ അദ്ദേഹം പറയുന്നത് ടിന്നെടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

പിരിവിനു പോകുമെന്നാണു്. ശ്രീ. ആൻറണിയോടു് ഒന്നേ തോന്നിയതു കൊണ്ടാകാം ശ്രീ. ജനാർദ്ദനൻ പൂജാരി എ.ഐ.സി.സി.യിൽ നിന്നു് കൊടുക്കാമെന്നു് പറഞ്ഞതു്. ശ്രീ. ആൻറണി മുഖ്യമന്ത്രിയെന്ന നിലയിൽ കാശു് കൊടുക്കുന്നതിനെ സംബന്ധിച്ചു് ഉള്ളിൽ തട്ടിയാണു് പറഞ്ഞതെങ്കിൽ മറെറാരു ചോദ്യമുണ്ടു്; അതിനു് മറുപടി പറയണം. അങ്ങു് സിവിൽ സപ്ലൈസു് മന്ത്രിയാകാൻ ഇവിടെനിന്നു് പോയതു് സ്പെഷ്യൽ വിമാനത്തിലാണു്. അതിൻെറ കാശു് ആരാണു് കൊടുത്തതു്? നമ്മോടൊന്നും പിരിവു് ചോദിച്ചിരുന്നില്ല. കേന്ദ്രഗവൺമെൻറാണോ കൊടുത്തതു്. കേന്ദ്രത്തിൻെറ ഖജനാവായാലും, സംസ്ഥാനത്തിൻെറ ആയാലും പണം ഒന്നാണു്. സിവിൽ സപ്ലൈസു് വകുപ്പുമന്ത്രിയാകാൻ ഡൽഹിയിൽ പോയപ്പോഴും സ്പെഷ്യൽ വിമാനം കൊടുത്തു. അതിൻെറ പണം കേന്ദ്രമാണു് കൊടുത്തതു്. അതിനു് ആക്ഷേപമില്ല; ഇവിടെ വന്നപ്പോഴും ആക്ഷേപമുണ്ടു്. ഇത്തരം രണ്ടു് മുഖമുള്ള വ്യക്തികളെ സൂക്ഷിക്കണം. രണ്ടു് മുഖമുള്ള അദ്ദേഹം എന്തിനും തയ്യാറാണു്. ശ്രീ. ആൻറണി ശ്രീ. കരുണാകരനെ കാണാൻ പോകുന്നു, അദ്ദേഹവുമായി ചർച്ച നടത്തുന്നു. അദ്ദേഹം എന്തും ചെയ്യും. ആരുമായും ചർച്ച നടത്തും. ഏതു് തീരുമാനവുമെടുക്കും. ഇടതുമുന്നണിയെ സംബന്ധിച്ചിടത്തോളം ഞങ്ങളും ശ്രീ. കരുണാകരൻ ഗവൺമെൻറിനെതിരായി നടത്തിയിട്ടുള്ള ആക്ഷേപങ്ങളും ഓരോന്നായി പരിശോധിച്ചാൽ അതിനെക്കാളും കൂടുതൽ തെറുകയും ചെയ്ത ഒരു ഗവൺമെൻറാണു് ശ്രീ. ആൻറണി ഗവൺമെൻറു്. ജനങ്ങളെ സമീപിക്കാൻ അവർക്കുള്ള അവകാശത്തെക്കുറിച്ചു് ശ്രീ. സി. എഫു്. തോമസു് പറഞ്ഞു സംസ്ഥാനത്തെ പിന്നോട്ടു് പിടിച്ചുകൊണ്ടു പോയൊരു ഗവൺമെൻറാണിതു്. കാർഷിക രംഗത്തായാലും, വ്യാവസായിക രംഗത്തായാലും, ചികിൽസാ രംഗത്തായാലും ചോദിക്കുന്ന ചോദ്യങ്ങൾക്കുള്ള മറുപടി ഇതാണു്. ഇവിടെ എന്തെല്ലാം കോഴ്സുകളും കൊടുത്തു. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ കാലത്തുള്ള ഗവൺമെൻറു് എൽ.പി.-യു.പി. സ്കൂളിലെ കുട്ടികളുടെ കണക്കും, എയിഡഡു് എൽ.പി.-യു.പി. സ്കൂളിലെ കുട്ടികളുടെ കണക്കും ഇപ്പോഴത്തെ കുട്ടികളുടെ കണക്കും, എടുത്താൽ എൽ.പി. സ്കൂളിൽ നാലായിരം കുട്ടികളും കുറവാണു്. മലപ്പുറം ജില്ലയിലെ ബഹുഭൂരിപക്ഷം വരുന്ന മുസ്ലീങ്ങളും താമസിക്കുന്ന പിന്നോക്ക മേഖലയിലാണു് ഗവൺമെൻറു് എൽ.പി.-യു.പി.സ്കൂളുകളുള്ളതു്. കോഴിക്കോടു്, കണ്ണൂർ ജില്ലകളിലെ പിന്നോക്ക മേഖലയിലാണു് ഏറവും കൂടുതൽ സ്കൂളുകളും, അവിടെ കുട്ടികളും കുറഞ്ഞുവരികയാണു്. കുട്ടികളും കുറയുന്ന ഒരു സാഹചര്യമുണ്ടായിട്ടും ഗവൺമെൻറിനു് യാതൊരു കുലുക്കവുമില്ല. എയിഡഡു് സ്കൂളുകളുടെ പകരം അൺ-എയിഡഡു് ഇംഗ്ലീഷു് മീഡിയം സ്കൂളുകളാണു് ഇന്നുള്ളതു്. അവിടെ പഠിക്കുന്ന കുട്ടികളുടെ ഭാവി എന്താണു്? അതിനെക്കുറിച്ചു് ഗവൺമെൻറു് ചിന്തിച്ചിട്ടുണ്ടോ? ഈ ഗവൺമെൻറു് വ്യവസായ രംഗത്തെ തകർത്തതുപോലെ വിദ്യാഭ്യാസ രംഗത്തെയും തകർത്തുകൊണ്ടിരിക്കുകയാണു്. കേരളം കണ്ട ഏറവും വലിയ സമരം ഫീസു് ഏകീകരണ സമരമായിരുന്നു. ഗവൺമെൻറു് കോളേജിൽ ഒരു ഫീസു്, പ്രൈവറു് കോളേജിൽ മറെറാരു ഫീസു്, തെക്കൻ തിരുവിതാംകൂറിൽ ഒരു ഫീസു്, വടക്കൻ മലബാറിൽ ഒരു ഫീസു്. ശ്രീ. അച്യുതമേനോൻ ഗവൺമെൻറിൻെറ കാലത്തായിരുന്നു സമരം. ശ്രീ. ആൻറണി അടക്കമുള്ള നേതാക്കളും സമരത്തിലുണ്ടായിരുന്നു. സമരത്തിൻെറ ഫലമായിട്ടാണു് ഫീസു് ഏകീകരിച്ചതു്. ഗവൺമെൻറു് കോളേജും, പ്രൈവറു് കോളേജും ഫീസു് ഏകീകരിച്ചതിൻെറ ഫലമായും, മാനേജുമെൻറിൻെറ ചർച്ചയുടെ ഫലമായിട്ടുമാണു് കുട്ടികളുടെ പ്രവേശനത്തിനു് 80 ശതമാനം മെറിറ്റു് അനുവദിച്ചതു്. 20 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

മാനേജ്മെൻറിന് ഇഷ്ടംപോലെ നിശ്ചയിക്കാം. സാമ്പത്തികശേഷി ഉള്ളവനല്ലേ മാനേജ്മെൻറ് കാട്ടയിൽ പോകുന്നത് ? സാമ്പത്തികശേഷി ഇല്ലാതെ വിദ്യാർത്ഥികൾക്ക് മെറിറ്റ് ഉണ്ടെങ്കിൽ 80 ശതമാനം സീറ്റ് കിട്ടുമായിരുന്നോ ? വിദ്യാർത്ഥി സമരത്തിൻെറ ഭാഗമായിട്ടാണ് അത് കിട്ടിയത്. ശ്രീ. അച്യുതമേനോൻ ഗവൺമെൻറിൻെറ കാലത്തുണ്ടായിരുന്നവർ ഈ നിയമസഭയിൽ ഞങ്ങളോടൊപ്പമുണ്ട്. അവർ പ്രതിപക്ഷത്തെപ്പോലെയാണ് പെരുമാറിയത്. യു.ഡി.എഫ്. ഗവൺമെൻറിൻെറ നേട്ടങ്ങളുടെ പട്ടികയിലാണ് സ്വകാര്യമേഖലയിൽ പരിയാരം മെഡിക്കൽ കോളേജ് കൊണ്ടുവന്നത്. ശ്രീ. കരുണാകരൻ ഇപ്പോഴും അതിൻെറ പ്രസിഡൻറാണ് എന്നാണ് പറയുന്നത്. അദ്ദേഹത്തോട് മാറാൻ പറയാനുള്ള ചങ്കൂറ്റം ശ്രീ. ആൻറണിക്കുണ്ടോ ? സ്വകാര്യമേഖലയോ, സഹകരണമേഖലയോ ആകട്ടെ പ്രശ്നങ്ങൾ അതുവരെ എത്തിനിൽക്കുകയാണ്. കേരളത്തിൽ മെഡിക്കൽ കോളേജിലെ 700 സീറ്റും വിദ്യാർത്ഥികൾക്ക് മെറിറ്റിൻെറ അടിസ്ഥാനത്തിൽ കിട്ടുമായിരുന്നു. സ്വകാര്യമേഖലയിൽ കോളേജില്ലാത്തതുകൊണ്ട് കാശുള്ളവൻ പുറത്തുപോയി പഠിക്കുന്ന സാഹചര്യമാണുള്ളത്. കേരളത്തിലും കാശുള്ളവനെ ഡോക്ടറാക്കാൻവേണ്ടി സ്വകാര്യമേഖല വിട്ടുകൊടുക്കണോ ? സംസ്ഥാനം വിദ്യാഭ്യാസരംഗത്ത് നേടിയിട്ടുള്ള പുരോഗമനപരമായ നേട്ടങ്ങളെയാണ് ഈ ഗവൺമെൻറ് തകർത്തത് വിദ്യാർത്ഥി സമൂഹവും, യുവജനങ്ങളും, പുരോഗമനപരമായി ചിന്തിക്കുന്നവരും ഒരു കാലത്തും ഇവർക്ക് മാപ്പ് കൊടുക്കില്ല. ഈ കഴിഞ്ഞ നാല് കൊല്ലത്തെ ഐക്യ ജനാധിപത്യമുന്നണിയുടെ ഭരണത്തിൻെറ ഫലമായി പഴയ ഗവൺമെൻറുകൾ സ്വീകരിച്ച പുരോഗമന നടപടികളെ തകർത്ത്, അവയെ പിന്നോട്ടു കൊണ്ടുപോയി പഴയ രാജാക്കൻമാരുടെ ഭരണത്തേക്കാൾ പിൻതിരിപ്പൻ ഭരണത്തിലേക്ക് കേരളത്തെ കൊണ്ടുപോകുന്ന നടപടിയിലേക്കാണ് നീങ്ങുന്നത്. കേരളത്തിലെ ജനങ്ങൾ ഇതിൽനിന്നും കേരളത്തെ തിരിച്ചു കൊണ്ടുവരാനുള്ള സമരത്തിലേക്കാണ്. കേരളത്തിലെ ജനങ്ങൾക്കെതിരായി നടത്തിയ സമരത്തിൻെറ ഫലമായി അവർ ഐക്യജനാധിപത്യമുന്നണി എന്ന പ്രസ്ഥാനത്തെ എന്നെന്നേക്കുമായി അറബിക്കടലിൽ കൊണ്ടുപോയി താഴ്ത്തുകയും, അവസാനിപ്പിക്കുകയും ചെയ്യുന്ന തീരുമാനം എടുക്കും. ശ്രീ. സി.എഫ് തോമസ് സംസാരിച്ചപ്പോൾ പറഞ്ഞു ; തെരഞ്ഞെടുപ്പിൽ നമുക്ക് കാണാമെന്ന്. ഗുരുതരമായ ഇത്തരം പ്രശ്നങ്ങൾ മുന്നിൽ കണ്ടുകൊണ്ടുതന്നെ നമുക്ക് തെരഞ്ഞെടുപ്പിനെ കാണാം. ശ്രീ. ആൻറണി അടക്കമുള്ള പ്രത്യേകിച്ച് കോൺഗ്രസ് (ഐ)യിലെ ചെറുപ്പക്കാരായ നേതാക്കൻമാർ കൊല്ലങ്ങളായി സ്വീകരിച്ചുവരുന്ന നയങ്ങളിൽ നിന്ന് പിന്നോട്ടു പോകുകയാണ്. കോൺഗ്രസ് പ്രവർത്തക സമിതി വിളിച്ചു കൂട്ടുന്ന കാര്യം ശ്രീ. കരുണാകരൻ പറഞ്ഞു. പാർലമെൻററി ബോർഡ് അദ്ദേഹം വിളിച്ചുകൂട്ടുമോ ? ഇലക്ഷൻ കമ്മിറ്റി വിളിച്ചു കൂട്ടുമോ ? പ്രവർത്തകസമിതി വിളിച്ചുകൂട്ടാൻ തയ്യാറാണോ ? ഗോഹാട്ടിയിൽ തെരഞ്ഞെടുപ്പിൽനിന്ന് ഒളിച്ചോടരുതെന്ന് ഇന്ദിരാഗാന്ധിയുടെ മുഖത്ത് നോക്കി പറഞ്ഞയാളാണ് ശ്രീ. ആൻറണി. ഗോഹാട്ടിയിലെ തീരുമാനത്തിൻെറ വക്താവ് എന്ന നിലയിൽ അങ്ങേക്ക് മാറാൻ കഴിയുമെങ്കിൽ വർക്കിംഗ് കമ്മിറ്റി വിളിക്കണമെന്ന് ശ്രീ. നരസിംഹറാവുവിനോട് പറയാനുള്ള നട്ടെല്ലുണ്ടോ ? ശ്രീമതി ഇന്ദിരാഗാന്ധിയുടെ മുഖത്തുനോക്കി തെരഞ്ഞെടുപ്പ് നടത്തണമെന്ന ഗോഹാട്ടിയിൽവച്ച് പ്രസിഡൻറ് ശ്രീ. ശരത്ചന്ദ്ര സിൻഹയുടെ ധൈര്യത്തിലാണ് പറഞ്ഞത്. ധൈര്യമില്ലാത്തതുകൊണ്ടാകാം കോൺഗ്രസ് പ്രവർത്തകസമിതി വിളിച്ചുകൂട്ടണം എന്ന് ശ്രീ. നരസിംഹറാവു ഒരു പ്രസ്താവന ഇറക്കാത്തത്. മനുഷ്യൻ

LIBRARY ARCHIVES Kerala Legislative Assembly

അധഃപതിച്ചാലും ഇത്രയേറെ അധഃപതിക്കുമോ ? അധഃപതനത്തിന്റെ മുഖമുദ്രയുള്ള ഗവൺമെൻറാണിത്. ഈ ഗവൺമെൻറിന് ചെലവിനം ചോദിക്കാനുള്ള അവകാശമില്ല.

ശ്രീ. പി. എം. മാത്യു : സർ, ഞാൻ ഈ ബഡ്ജറിനെ അനുകൂലിക്കുന്നു. പ്രതിപക്ഷനിരയിലുള്ളവരുടെ പ്രസംഗങ്ങൾ കേട്ടാൽ തെരഞ്ഞെടുപ്പ് വേദിയിൽ നിന്നു പ്രസംഗിക്കുകയാണോ എന്നു തോന്നും. 'ഇഷ്ടമില്ലാത്ത അച്ചി തൊട്ടതൊക്കെ കുറ്റം' എന്നു പറയുന്നതുപോലെ ബഡ്ജറ്റ് എങ്ങനെ അവതരിപ്പിച്ചാലും അവർ കുറ്റം കണ്ടുപിടിക്കും. എല്ലാ കീഴ്വഴക്കങ്ങളും, ജനാധിപത്യ മര്യാദകളും ലംഘിച്ചുകൊണ്ട്, ആനുകൂല്യങ്ങളും, പ്രഖ്യാപനങ്ങളും നടത്തി കൈയടി വാങ്ങാനും, വോട്ടു പിടിക്കാനും വേണ്ടിയാണ് ഈ ബഡ്ജറ് കൊണ്ടുവന്നതെന്ന് പറഞ്ഞാണ് ഇത് അവതരിപ്പിക്കുന്നതിനുമുൻപ് ബഹളം വച്ചത്. ബഹുമാനപ്പെട്ട എ. കെ. ആൻറണിയുടെ നേതൃത്വത്തിലുള്ള ഗവൺമെൻറ് അത് തികച്ചും അടിസ്ഥാനരഹിതമാണെന്നു സ്ഥാപിച്ചുകൊണ്ടും, എല്ലാ കീഴ്വഴക്കങ്ങളും, ജനാധിപത്യ മര്യാദകളും പാലിച്ചുകൊണ്ടുമാണ് ബഡ്ജറ് അവതരിപ്പിച്ചത്. ബഡ്ജറ് അവതരിപ്പിച്ചപ്പോൾ അതിൽ പറയുന്ന കാര്യങ്ങൾ ഒന്നും ശരിയല്ലെന്ന വാദഗതിയുമായി വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട എ. സി. ഷൺമുഖദാസ് പറഞ്ഞത് ജനങ്ങളെ സമീപിക്കാനാണെന്നാണ്. യാതൊരു സംശയവും വേണ്ട ; ജനങ്ങളെ സമീപിക്കാനുള്ള ആത്മധൈര്യം ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിനുണ്ട്. കഴിഞ്ഞ നാലേമുക്കാൽ കൊല്ലം കൊണ്ട് സംസ്ഥാനത്ത് വിവിധ മന്ത്രാലയങ്ങളിലൂടെ—വികസന രംഗത്തും, ക്ഷേമപ്രവർത്തനരംഗത്തും, പാവപ്പെട്ടവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നവരുടെ കാര്യത്തിലും ഐക്യജനാധിപത്യമുന്നണി നടപ്പിലാക്കിയ കാര്യങ്ങൾ മറേറതു തരംഗങ്ങളെക്കാൾ വിലപ്പെട്ടതാണെന്നു ചരിത്രസത്യം തെളിയിക്കുന്നു. ജനങ്ങൾക്ക് അനുഭവപ്പെട്ട കാര്യമാണത്. പത്തും ഇരുപതും ഇരുപത്തഞ്ചും കൊല്ലങ്ങളായി നടക്കാതിരുന്ന വികസന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ, ഇല്ലയോ എന്നു പരിശോധിക്കേണ്ടത് നിയോജകമണ്ഡലത്തിലെ വോട്ടർമാരുടെ കടമയാണ്. അങ്ങനെ പരിശോധിച്ചാൽ ഐക്യജനാധിപത്യമുന്നണിയെ അധികാരത്തിലേറാൻ ജനങ്ങൾ വീണ്ടും നിർബന്ധിതരാകും. ഞങ്ങൾക്ക് ഒരു കുഴപ്പമേ പററിയിട്ടുള്ളു. ഐക്യജനാധിപത്യമുന്നണി ചെയ്ത പല നല്ല കാര്യങ്ങളും, വികസനരംഗത്ത് നേടിയിട്ടുള്ള നേട്ടങ്ങളും പലപ്പോഴും ഒന്നിച്ചു പറയാൻ കഴിഞ്ഞിട്ടില്ലയെന്നതാണ്. തെരഞ്ഞെടുപ്പ് വേളയിൽ ഐക്യജനാധിപത്യ മുന്നണിയുടെ സ്ഥാനാർത്ഥികളും, ഗവൺമെൻറു ചെയ്ത കാര്യങ്ങൾ ഓരോന്നായി അക്കമിട്ട് നിരത്തി വയ്ക്കുമ്പോൾ ആ നിയോജക മണ്ഡലത്തിലെ ഗുണഫലങ്ങൾ അനുഭവിച്ച സമ്മതിദായകർക്ക് ബോദ്ധ്യപ്പെടും. തെരഞ്ഞെടുപ്പ് ഗോദയിൽ സത്യം പറയാനുള്ള തയ്യാറെടുപ്പിനു മുതിരണം. തെരഞ്ഞെടുപ്പ് വേദി നിയമസഭാവേദി പോലെ അപവാദ പ്രചരണങ്ങളുടെയും അനാവശ്യമായ ആരോപണങ്ങളുടെയും കഴമ്പില്ലാത്ത ആരോപണങ്ങളുടെയും വേദിയാക്കി മാറരുത്.

LIBRARY ARCHIVES Kerala Legislative Assembly

[അദ്ധ്യക്ഷ വേദിയിൽ ശ്രീ. ഇ. എം. അഗസ്തി]

ഈ സംസ്ഥാനത്തിന്റെ യഥാർത്ഥ സ്ഥിതി പറഞ്ഞുകൊണ്ട് ജനങ്ങളെ അഭിമുഖീകരിക്കാൻ തയ്യാറായാൽ ജനങ്ങൾ വിധിയെഴുതും. 1987 മുതൽ 1991 വരെയുള്ള നാലര വർഷക്കാലം കേരളം ഭരിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ വിലയിരുത്തിയതിനുശേഷം 1991-ലെ തെരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യമുന്നണിക്ക് 91 എം. എൽ. എ. മാരെ കേരളത്തിലെ ജനങ്ങൾ നൽകിയെങ്കിൽ കേരളത്തിലെ ജനങ്ങൾ പ്രബുദ്ധരാണ്. 1957-ലും 1967-ലും 1980-ലും 1987-ലും ഇടതുപക്ഷമുന്നണിയെ അധികാരത്തിലേറ്റിയതിനുശേഷമാണ് ഐക്യജനാധിപത്യ മുന്നണിയെ കേരളത്തിലെ ജനങ്ങൾ 1991-ൽ വീണ്ടും അധികാരത്തിലെത്തിച്ചത്. അതുപോലെതന്നെ ശ്രീമതി ഇന്ദിരാഗാന്ധിയെ ഭരണത്തിൽ നിന്നും താഴെ ഇറക്കിയതിനു ശേഷമാണ് ഇൻഡ്യയിലെ ജനങ്ങൾ വീണ്ടും അവരെ അധികാരത്തിലേറ്റിയത്. ശ്രീ. വി. പി. സിംഗിനെ അധികാരത്തിലെത്തിച്ച ജനങ്ങൾ തന്നെയാണ് ആ ഭരണകൂടത്തെ ഇറക്കി ശ്രീ. നരസിംഹറാവു ഗവൺമെന്റിനെ തിരിച്ച് അധികാരത്തിൽ കൊണ്ടുവന്നത്. ഭൂരിപക്ഷമില്ലാത്ത ഒരു ഗവൺമെന്റ് ആയി തുടങ്ങി, സാമ്പത്തികത്തകർച്ചയിൽ നിന്ന് രാജ്യത്തിന്റെ നേതൃത്വം ഏറ്റെടുത്ത നരസിംഹറാവുവിന് ഈ ഗവൺമെന്റിന് ഭൂരിപക്ഷമുണ്ടാക്കാനും രാജ്യത്തെ സാമ്പത്തിക നില ശ്രീ. ചന്ദ്രശേഖരനും ശ്രീ. വി പി. സിംഗും കൈകാര്യം ചെയ്തതിനെക്കാൾ പതിൻമടങ്ങ് ഭദ്രമാക്കാനും കഴിഞ്ഞു. അതുപോലെതന്നെ ശ്രീ. പത്മരാജൻ വക്കീലിനെതിരായിട്ട് എന്തൊക്കെ പറഞ്ഞാലും സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട്, വികസന രംഗത്ത് മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ട്, എല്ലാ വകുപ്പുകളോടും നീതി പുലർത്തിക്കൊണ്ട് ഒരു ധനകാര്യ മാനേജ്മെന്റ് നിലനിർത്താൻ അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ധനകാര്യ വകുപ്പിനും കഴിഞ്ഞിട്ടുണ്ട്. മൂന്നു കോടി ജനങ്ങളുള്ള സംസ്ഥാനത്ത് എല്ലാ കാര്യങ്ങളും കഴിഞ്ഞ നാലര കൊല്ലംകൊണ്ട് നിങ്ങൾ നടത്തിയോ എന്ന് ചോദിച്ചാൽ നടത്താൻ കഴിഞ്ഞിട്ടില്ല. നാലുപ്രാവശ്യം ഭരിച്ച ഇടതുപക്ഷ മുന്നണിക്കും കഴിഞ്ഞിട്ടില്ല.

സർ, അവിടത്തെ ക്രമസമാധാന നിലയെക്കുറിച്ച് പറഞ്ഞു. ക്രമസമാധാന പാലന രംഗത്ത് സ്തുത്യർഹമായ ഭരണം കാഴ്ച വയ്ക്കാൻ ശ്രീ. ആൻറണി ഗവൺമെന്റിന് കഴിഞ്ഞു. ഇവിടെ പറഞ്ഞ ഒറ്റപ്പെട്ട സംഭവങ്ങൾ, സാമൂഹ്യ വിരുദ്ധൻമാരുടെ അഴിഞ്ഞാട്ടങ്ങൾ ഒന്നും ഞങ്ങൾ നിഷേധിക്കുന്നില്ല. പക്ഷേ ലോകാരംഭം മുതൽ എല്ലാ സമൂഹത്തിലും എല്ലാ രാഷ്ട്രത്തിലും സാമൂഹ്യ വിരുദ്ധൻമാരുണ്ട്. ആഭ്യന്തര വകുപ്പുമന്ത്രിയെന്നുള്ള നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ കക്ഷിചേരുകയോ, അദ്ദേഹത്തിന്റെ താൽപ്പര്യം സംരക്ഷിക്കുകയോ ചെയ്യുന്നില്ല. ഈ രാജ്യത്തെ പോലീസ് ഭരണത്തിൽ ഇന്ന് ഉള്ളാളൻമാരില്ല നിർഭയമായി ഏത് നേതാവിനും ഇന്ന് പോലീസ് സ്റ്റേഷനിൽ കയറിച്ചെന്ന് കാര്യങ്ങൾ പറയാൻ കഴിയുന്ന ഒരവസ്ഥ വന്നിരിക്കുന്നു. അല്ലെങ്കിൽ നേരത്തെ ഉണ്ടായിരുന്നതുപോലെ പോലീസ് മർദ്ദനത്തിനെതിരായിട്ട് പോലീസ് സ്റ്റേഷൻ മാർച്ചുകൾ ഉണ്ടാകുമായിരുന്നു ഇന്ന് പോലീസ് സ്റ്റേഷൻ മാർച്ചുകളില്ല ; പോലീസ് മർദനോപാധിയാണെന്ന് പറയുന്നില്ല. പോലീസ് കൂടുതൽ മർദ്ദിച്ച് തെളിവുകൾ ഉണ്ടാക്കുന്നില്ല എന്ന ആരോപണമേയുള്ളൂ. ഇൻഡ്യൻ ശിക്ഷാ നിയമത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ പറയുന്നത്, 'ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടാൻ പാടില്ല' എന്നാണ്. അപ്പോൾ ആയിരത്തിൽ ഒരു നിരപരാധി ശിക്ഷിക്കാതിരിക്കണമെങ്കിൽ ആയിരം കുറ്റവാളികൾ ശിക്ഷിക്കപ്പെടണമെങ്കിൽ സംസ്ഥാനത്തെ പോലീസിനെ സഹായിക്കാൻ, തെളിവുകൊടുക്കാൻ ജനാധിപത്യ നിയമ വ്യവസ്ഥിതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവർക്കും ബാദ്ധ്യതയുണ്ട്. അതുകൊണ്ട് ഈ സംസ്ഥാനത്തെ ക്രമ സമാധാനരംഗത്ത് സ്തുത്യർഹമായ നേട്ടം കൈവരിക്കാൻ ശ്രീ. ആൻറണി ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്.

ഈ ഗവൺമെൻറ് ചാരായ നിരോധനം ഏർപ്പെടുത്തിയത്, ഇവിടത്തെ അബ്കാരി ലോബികളോട്, ബ്രാണ്ടി ഷാപ്പുകാരോട് കാശ് വാങ്ങാനാണ് എന്ന് ശ്രീ. പി. രാഘവൻ ഇവിടെ പറഞ്ഞു. ഇതെവിടെ പറഞ്ഞാൽ ചെല വാകും ? ആൻറണി ഗവൺമെൻറ് ചാരായ നിരോധനം ഏർപ്പെടുത്താനുള്ള ധൈര്യം കാണിച്ചു.

ആരോഗ്യ പരിപാലന രംഗത്തും സാക്ഷരതയിലും വിദ്യാ സമ്പന്നതയിലും നമ്മുടെ സംസ്ഥാനം ഒന്നാം സ്ഥാനത്താണെന്ന് ലോകമെമ്പാടും അംഗീ കരിക്കുന്നു. ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളും ഏഷ്യയിലെ രാജ്യങ്ങളും ഇക്കാര്യം അംഗീകരിക്കുന്നു. പക്ഷേ ആരോഗ്യ പരിപാലന രംഗത്തും വിദ്യാഭ്യാസ രംഗത്തും സാക്ഷരതാ രംഗത്തും ഒക്കെ നമ്മൾ നേടിയെടുത്ത സകല നേട്ടങ്ങളെയും തകർക്കുന്നത് ഇവിടത്തെ അമിതമായ മദ്യപാനവും മയക്കുമരുന്നുമാണ്. അതിനെതിരായിട്ട് ഏത് ഗവൺമെൻറ് വന്നാലും നടപടി സ്വീകരിക്കണമെന്ന സാമൂഹ്യ ആവശ്യം ഉയർന്നു വരുമ്പോൾ ഉത്തര വാദിത്വ ബോധമുള്ള ഒരു ഗവൺമെൻറിന് പുറം തിരിഞ്ഞു നിൽക്കാൻ കഴിയില്ല. ആ രംഗത്തെ ഏറ്റവും ഭീകരമായ കാൻസർ ചാരായം തന്നെയാണ്. 380 കോടി രൂപ നഷ്ടം സഹിച്ച് അതിനെ നിരോധിക്കാനുള്ള ഒരു തീരുമാനമെടുത്ത ആൻറണി ഗവൺമെൻറ് അത് ജനങ്ങളോട് ഈ തെരഞ്ഞെ ടുപ്പിൽ പറയാൻ പോവുകയാണ്. നിങ്ങൾക്ക് ധൈര്യമുണ്ടെങ്കിൽ ചാരായ നിരോധനം തെറ്റാണ്, ഞങ്ങൾ അതിനെ അനുകൂലിക്കുന്നില്ല, രണ്ടാം ഘട്ടമായി സമ്പൂർണ്ണ മദ്യനിരോധനവും പാടില്ലെന്ന് പറഞ്ഞുകൊണ്ട് ഗവൺ മെൻറിനെതിരായിട്ട് തെരഞ്ഞെടുപ്പിൽ വരാൻ കഴിയുമോ ? ധൈര്യമുണ്ടെങ്കിൽ ആത്മാർത്ഥതയുണ്ടെങ്കിൽ വരണം. അതുപോലെതന്നെ തെരഞ്ഞെടുപ്പിൽ ഞങ്ങൾ അവതരിപ്പിക്കാൻ പോകുന്നത് ഐക്യ ജനാധിപത്യമുന്നണിയിലെ ഘടകകക്ഷിയിലെ ഔദ്യോഗിക സ്ഥാനാർത്ഥികളെയാണ്. ഇവർ പല സ്ഥലത്തും സ്വതന്ത്രരെ കൊണ്ടുവരും. ഗുരുവായൂരിൽ ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദിനെ കൊണ്ടുവന്നു. നല്ലൊരു കലാകാരനും നിർമ്മാതാവുമായിരുന്നു അദ്ദേഹം. അദ്ദേഹത്തെ പിടിച്ചുകൊണ്ടുവന്ന് രാഷ്ട്രീയത്തിൽ നിറുത്തി ജയിപ്പിച്ച് സഭയിൽ കൊണ്ടുവന്നു. ഇപ്പോൾ ശ്രീ. കുഞ്ഞിമുഹമ്മദിൻെറ കലയും പോയി, കളിയും പോയി, പാവം വെള്ളത്തിൽ വീണ കോഴിയെപ്പോലെ ഇവിടെ ഇരിക്കുകയാണ്. അങ്ങനെ ഉള്ള ആളുകളെ ഞങ്ങൾ അവതരിപ്പിക്കില്ല. കലാകാരൻ കലയ്ക്ക് പോകണം, കളിക്കുന്നവർ കളിക്കാൻ പോകണം, രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്നവർ രാഷ്ട്രീയ പ്രവർത്തനത്തിന് പോകണം.

ശ്രീ. എ. പത്മകുമാർ : ശ്രീ. പി. ടി. കുഞ്ഞുമുഹമ്മദ് ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയ പാർട്ടിയിലെ സ്വതന്ത്ര സ്ഥാനാർത്ഥിയെന്നുള്ള നിലയി ലാണ് മൽസരിച്ചത്. നിങ്ങൾ ഏത് പാർട്ടിയാണ് ?

ശ്രീ. പി. എം. മാത്യു : ഈ സഭയിലെ ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയ കക്ഷിയുടെ പ്രതിനിധിയായി ഞങ്ങളുടെ കക്ഷിക്ക് അനുവദിച്ച സമയം ഉപയോഗിച്ചാണ് ഞാൻ സംസാരിക്കുന്നത്. ഞങ്ങളുടെ കക്ഷിയെക്കുറിച്ചൊന്നും നിങ്ങൾക്ക് മനസിലാകില്ല. നിങ്ങൾക്ക് ഇതൊന്നും മനസിലാകില്ല, മനസി ലാകണമെങ്കിൽ അടുത്ത തെരഞ്ഞെടുപ്പ് കഴിഞ്ഞേ മനസ്സിലാവുകയുള്ളു. തെരഞ്ഞെടുപ്പുവേദിയിൽ നിങ്ങൾക്ക് ഇതൊക്കെ പറയാം.

2/80/97/V.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. പത്മകുമാർ : ശ്രീ. മാണി സാറിനെന്താ കുഴപ്പം ?

ശ്രീ. പി. എം. മാത്യു : ശ്രീ. മാണി സാറിനെക്കുറിച്ചൊന്നും ഇവിടെ പറയണ്ട. മാണിസാറിന് ഒരു കുഴപ്പവുമില്ല, ശ്രീ. ജേക്കബിന് അത്രയും കുഴപ്പമില്ല. ഇവിടെയിരിക്കുന്ന ഒരു നേതാവിനും കുഴപ്പമില്ല. അപ്പുറത്ത് കുഴപ്പമുണ്ടോയെന്ന് അന്വേഷിച്ചു നടക്കുന്ന ആളുകളാണല്ലോ നിങ്ങൾ. നിങ്ങൾ ആ കുഴപ്പം അന്വേഷിക്കുന്നതൊക്കെ നിറുത്തി, നിങ്ങളുടെ നേതാക്കൻമാർക്ക് കുഴപ്പമുണ്ടോയെന്ന് അന്വേഷിക്കുക. ഞങ്ങൾ നിങ്ങളുടെ നേതാക്കൻമാരുടെ കുഴപ്പമല്ല അന്വേഷിക്കുന്നത്. ആശയപരമായും, നയപരമായും ഞങ്ങളുടെ മുന്നണി നിങ്ങളെ നേരിടാൻ പോവുകയാണ്.

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : കള്ളൻമാരുടെ ഗുഹയാക്കരുത് എന്ന് ശ്രീ. മാമ്മൻ മത്തായി അങ്ങയുടെ പാർട്ടിയെക്കുറിച്ച് പറഞ്ഞതിനെക്കുറിച്ച് എന്താണ് പറയാനുള്ളത് ?

ശ്രീ. പി. എം. മാത്യു : ഈ രാജ്യത്ത് വിവരമില്ലാത്ത എത്രയോ ആളുകൾ ജൽപ്പനങ്ങൾ നടത്തുന്നു. അതിനെല്ലാം എന്നെപ്പോലുള്ള വിവരമുള്ള ആളുകളോട് മറുപടി പറയാൻ പറഞ്ഞാൽ എന്നെ കിട്ടുകയില്ല. ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദിന്റെ അഭിപ്രായം ചോദിച്ചാൽ മറുപടി പറയാം. ശ്രീ. മാമ്മൻ മത്തായി പറഞ്ഞത്. എന്താണെന്ന് ഞാൻ കേട്ടില്ല. ശ്രീ. മാമ്മൻ മത്തായിക്കാണോ അതോ എനിക്കാണോ വിവരക്കുറവ് എന്ന് എനിക്ക് ഇപ്പോഴും പറയാൻ കഴിയില്ല. ഞങ്ങൾ വ്യക്തികളെ പിടിച്ചില്ല രാഷ്ട്രീയം കളിക്കുന്നത്, ആശയങ്ങളുടേയും നയ പരിപാടികളുടേയും പേരിലാണ്. ഐക്യ ജനാധിപത്യമുന്നണിക്ക് ഒരു പ്രകടനപത്രികയുണ്ടാകും, ഒരു മിനിമം പരിപാടിയുണ്ടാകും, 140 സ്ഥാനാർത്ഥികളും ഉണ്ടാകും. ആ സ്ഥാനാർത്ഥികളെ അവതരിപ്പിച്ചുകൊണ്ട് രാഷ്ട്രീയപരമായ ഒരു പോരാട്ടത്തിന് ഞങ്ങൾ തയ്യാറെടുക്കുമ്പോൾ ജനാധിപത്യത്തെ ബഹുമാനിക്കുന്നുവെങ്കിൽ പ്രതിപക്ഷം അതിന് തയ്യാറാകണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറിനെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, ഞാൻ ഈ ബഡ്ജറിനെ എതിർക്കുന്നു. ഇത് യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ബഡ്ജറല്ല. ഈ ബഡ്ജറിൽ നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിന് എന്തെങ്കിലും കൂടുതൽ പ്രചോദനം മുൻകാലത്തേക്കാൾ കൊടുത്തിട്ടുണ്ടെന്ന് പറയാൻ സാധിക്കില്ല. 1995-96-ൽ വികസന ചെലവ് ആകെ ബഡ്ജറ് തുകയുടെ 60.32 ശതമാനമായിരുന്നു. ഇത്തവണ അത് 60.94 ശതമാനമായി വ്യത്യാസമുണ്ടെന്ന് പറഞ്ഞു കൂടാ. അതുപോലെ തന്നെ വികസനേതര ചെലവ് 1995-96-ലെ മുഴുവൻ ചെലവിനോട് ബന്ധപ്പെടുത്തുമ്പോൾ 39.68 ശതമാനമായിരുന്നത് 1996-97-ലെ ബഡ്ജറിൽ 39.06 ശതമാനമായി. അതുപോലെതന്നെ 1995-96-ൽ സാമൂഹ്യ പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും വേണ്ടി ആകെ വരുന്ന ചെലവ് 87.78 ശതമാനമായിരുന്നത് 1996-97-ൽ 87.73 ശതമാനമായി. സാമൂഹ്യപ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ള സോഷ്യൽ സർവ്വീസ് ആയ വിദ്യാഭ്യാസത്തിന് 1995-96-ൽ ആകെയുള്ള ചെലവിന്റെ 43.98 ശതമാനം ആയിരുന്നത് 1996-97-ൽ 42.23 ശതമാനമായിത്തീർന്നിരിക്കുകയാണ്. ചെലവ് താരതമ്യേന കുറഞ്ഞിട്ടുണ്ടെന്നല്ലാതെ കൂടിയതായിട്ട് ഒരിക്കലും കണക്കാക്കാൻ സാധിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ കടങ്ങളെ സംബന്ധിച്ച് 1995-96-ൽ ചെലവാക്കിയത് 96,241 ലക്ഷം ഉറുപ്പികയാണ്. 1996-97-ൽ അത് 11,689 ലക്ഷം ഉറുപ്പികയായി വർദ്ധിച്ചിട്ടുണ്ട്. നമ്മുടെ ബാദ്ധ്യതകൾ കുറയുകയല്ല, വർദ്ധിക്കുകയാണ് ചെയ്യുന്നത്. അതുപോലെ നമ്മുടെ വികസന പ്രവർത്തനങ്ങളിൽ ഏറ്റവും പ്രധാനമായിട്ടുള്ള ഒരു ഭാഗമാണ് ഇറിഗേഷൻ ആൻഡ് പവർ. അതിന്റെ 1995-96-ലെ ഫൈനൽ ഫിഗർ കിട്ടിയിട്ടില്ല, 1994-95-ലെ ഫൈനൽ ഫിഗർ പ്രകാരം ഡെവലപ്മെന്റ് സ്കീമുകളുടെ ചെലവുകൾക്കുവേണ്ടി ആകെ വച്ചിട്ടുള്ള തുകയുടെ 30.94% ആണ് ചെലവായത്. അത് 1996-97-ൽ 29.79% ആയി കുറഞ്ഞിരിക്കുകയാണ്. അതുകൊണ്ട് നമ്മുടെ ജനറൽ പ്രവർത്തനങ്ങളൊന്നും ത്വരിതപ്പെടുത്താൻ സാധിക്കുകയില്ല എന്ന സ്ഥിതി വിശേഷമാണ് ഇന്നുള്ളത്. ഗവർണ്ണറുടെ പ്രസംഗത്തിനുശേഷം ബഡ്ജറ്റ് പേപ്പേഴ്സിൻറെകൂടി നമുക്കു തന്ന ഇക്കണോമിക് റിവ്യൂവിൽ തൊഴിലവസരങ്ങളെപ്പറ്റിയും തൊഴിലില്ലായ്മയെപ്പറ്റിയും പറയുന്നുണ്ട്. ഗവർണ്ണർ പറഞ്ഞത് തൊഴിലവസരങ്ങളിൽ ഈ ഗവൺമെൻറ് കഴിഞ്ഞ 5 വർഷം അഭൂതപൂർവ്വമായ വർദ്ധനവ് കൈവരിച്ചു എന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ തൊഴിൽ രഹിതരുടെ എണ്ണത്തിൽ വ്യത്യാസം ഉണ്ടായിട്ടുണ്ട്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത ആളുകളുടെ എണ്ണം 42 ലക്ഷത്തിൽ നിന്നും 32 ലക്ഷമായി കുറഞ്ഞിട്ടുണ്ടെങ്കിൽ 10 ലക്ഷത്തിൽ കൂടുതലാളുകൾക്ക് ഈ കാലയളവിൽ തൊഴിൽ ലഭ്യമായതായി കണക്കാക്കുകയും ചെയ്യുന്നു എന്നും ഗവർണ്ണർ പറഞ്ഞിട്ടുണ്ട്. ഈ 5 വർഷക്കാലയളവിലെ സ്ഥിതി നമുക്ക് വളരെ രസകരമായി പറയാൻ സാധിക്കും. 1991-ലെ ഇക്കണോമിക് റിവ്യൂവിൽ 16 ലക്ഷം തൊഴിലവസരങ്ങൾ ആവശ്യപ്പെടുന്നതായിട്ടുള്ള ആളുകളുടെ രജിസ്റ്റർ 1980-ൽ ഉണ്ടായിരുന്നു എന്നാണ് പറയുന്നത്. 1990-ൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത ആളുകളുടെ എണ്ണം 10 കൊല്ലത്തിനകത്ത് 16 ലക്ഷത്തിൽ നിന്നും 34 ലക്ഷമായി വർദ്ധിച്ചു. 1991 അവസാനിക്കുമ്പോൾ അത് 34 ലക്ഷത്തിൽ നിന്നും 37 ലക്ഷമായി ഉയർന്നു. 1992-ലെ ഇക്കണോമിക് റിവ്യൂവിൽ പറയുന്നത് 1992 സെപ്റ്റംബർ ആകുമ്പോഴേക്കും ഇത് 40 ലക്ഷമായി എന്നാണ്. 1993-ലെ ഇക്കണോമിക് റിവ്യൂവിൽ ഇത് 43 ലക്ഷമായി. 1994-ലെ ഇക്കണോമിക് റിവ്യൂവിൽ, ഒരു ചെറിയ കുറവ് രജിസ്റ്റർ ചെയ്തതിൽ കാണുന്നുണ്ട് ഏതാണ്ട് 40-ൽ ചിലാനം ലക്ഷമാണ് അപ്പോൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അത് 1996 ആകുമ്പോഴേക്കും ഇക്കണോമിക് റിവ്യൂവിന്റെ പേജ് 13-ൽ ചേർത്തിട്ടുള്ളത് 32.26 ലക്ഷമായി എന്നാണ്. ഒരൊറ്റ കൊല്ലംകൊണ്ടാണ് ഇത്രയും കുറഞ്ഞത്. ഗവർണ്ണർ പറഞ്ഞതിന്റെ നേരെ വിപരീതമാണ് ഈ എക്കണോമിക് റിവ്യൂവിൽ എഴുതിയിട്ടുള്ളത്. ഗവർണ്ണർ പറഞ്ഞത് 5 കൊല്ലമായിട്ട് നൽകിയ തൊഴിലവസരങ്ങളുടെ അടിസ്ഥാനത്തിൽ കാലാകാലം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ആളുകളുടെ എണ്ണത്തിൽ കുറവു വന്നു. ആ കുറവെല്ലാം ജോലി കിട്ടിയവരുടെ എണ്ണത്തിൽ കൂട്ടണം. ആ തരത്തിൽ 10 ലക്ഷം കണക്കാക്കി എന്നാണ്. 10 ലക്ഷം ഒരൊറ്റയടിക്ക് കുറവു വന്നത് 1994-95-ലാണ്. ഇതു വളരെ തെറ്റായിട്ടുള്ള കണക്കുകൂട്ടലാണ്. അ കണക്കുകൂട്ടലുകളുടെ അടിസ്ഥാനത്തിലാണ് ഇവിടെ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു എന്നു പറയുന്നത്. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് പറഞ്ഞത് ശരിയായിരിക്കാം. നമ്മുടെ സംസ്ഥാനത്തിൽ തൊഴിലാളിയെ കിട്ടാൻ ബുദ്ധിമുട്ടില്ല. 2 സെക്ടറിലെ

LIBRARY ARCHIVES Kerala Legislative Assembly

ബുദ്ധിമുട്ടുള്ളൂ. അതിലൊന്ന് നിർമ്മാണതൊഴിലാളികളുടെ കാര്യം. കണക്കില്ലാതെ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ തൊഴിലാളികൾ ധാരാളം വർദ്ധിച്ചിട്ടുണ്ട്. നിർമ്മാണ തൊഴിലാളികൾക്ക് ഇന്നും ധാരാളം പോരായ്മയുണ്ട്. വൈദഗ്ദ്ധ്യം നേടിയ തൊഴിലാളികൾ കുറവാണ്. കുറെക്കാലം പരിശീലനം കൊടുത്തതിനുശേഷം മാത്രമേ തൊഴിലാളികളെ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെടുത്താവൂ. ഇന്നത്തെ സ്ഥിതി അതല്ല വീട്ടുജോലിക്ക് പോകുന്ന തൊഴിലാളികൾ, പ്രത്യേകിച്ചും പട്ടണ പ്രദേശങ്ങളിൽ ഇല്ലാതെയാകുക എന്നു പറയുന്നത് വളരെ സ്വാഗതാർഹമായിട്ടുള്ള ഒരു കാര്യമാണ്. വികസിത രാജ്യങ്ങളിലൊന്നും തന്നെ വീട്ടുജോലിക്ക് ആളില്ല. കാറോടിക്കാനും ആളില്ല. അതെല്ലാം അവനവൻ തന്നെ ചെയ്യുകയാണ്. അങ്ങനെ അവനവൻ ചെയ്യേണ്ടതായിട്ടുള്ള ഒരു സ്ഥിതി വിശേഷം നമ്മുടെ രാജ്യത്ത് വന്നിട്ടുണ്ടെങ്കിൽ അത് തീർച്ചയായും സ്വാഗതാർഹമാണ്. സാമ്പത്തികമായും സാമൂഹികമായും ഈ രാജ്യം അതുകൊണ്ട് വളരുന്നു എന്ന് കാണാൻ കഴിയും. വളർന്നു എന്ന് കണക്കാക്കുവാനായിട്ട് സാധിക്കുകയില്ല. നമ്മുടെ സംസ്ഥാനത്തിലെ അൺഇക്കണോമിക് സ്ക്കൂളുകളെല്ലാം നിർത്താൻ പോവുകയാണെന്ന് ആദ്യമേ പറഞ്ഞു. ഇപ്പോൾ ആ സ്ക്കൂളുകൾ നിറുത്തുന്നതിനു പകരം അദ്ധ്യാപകരെ പിരിച്ച് വിടാൻ കല്പന കൊടുത്തിരിക്കുകയാണ്. 50 കുട്ടികളിൽ കുറവുള്ള സ്ക്കൂളുകളുണ്ടെങ്കിൽ അവിടെ 3 അധ്യാപകരുണ്ടെങ്കിൽ ഒരദ്ധ്യാപകനെ പിരിച്ചുവിടണം. 100 കുട്ടികളില്ലാത്ത സ്ക്കൂളാണെങ്കിൽ, 4 അദ്ധ്യാപകൻമാരുണ്ടെങ്കിൽ ഒരദ്ധ്യാപകനെ പിരിച്ചുവിടണം. ഈ പിരിച്ചുവിടൽ വേണമെന്ന് വയ്ക്കുകയാണെങ്കിൽ തന്നെയും അത് 1996-97-ലെ സ്റ്റാഫ് ഫിക്സേഷനുശേഷം നടത്തണമെന്നാണ് എനിക്ക് ഈ ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്. 1996-97-ൽ ഈ സ്ക്കൂളുകൾക്ക് ഇക്കണോമിക് ആകുവാനുള്ള ഒരവസരവും കൂടി കൊടുക്കണം. അല്ലാത്ത പക്ഷം ഈ സ്ക്കൂളുകൾക്ക് പ്രൊട്ടക്ഷൻ കൊടുക്കണം. ഇവിടെ 6-ം 7-ം കൊല്ലങ്ങളായി പ്രവർത്തിക്കുന്ന ടീച്ചർമാരെ പുറത്തേക്ക് അയയ്ക്കുകയെന്നു പറയുന്നത് വളരെ കഷ്ടമാണ്. ഈ ബഡ്ജറ്റ് പ്രസംഗത്തിൽ പേജ് 20-ൽ വിദ്യാഭ്യാസ മേഖലയിൽ 19 പുതിയ സ്ക്കൂളുകളും 247 സ്വകാര്യ അൺഎയിഡഡ് സ്ക്കൂളുകളും 53 ഹയർ സെക്കണ്ടറി സ്ക്കൂളുകളും 137 റെസിഡെൻഷണൽ ഹയർ സെക്കൻഡറി സ്ക്കൂളുകളുമെല്ലാം തുടങ്ങിയെന്ന് പറയുന്നുണ്ട്. പ്രത്യേകിച്ചും ഈ അൺഎയിഡഡ് സ്കൂളുകൾ തുടങ്ങിയതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള നിരവധി സർക്കാർ സ്ക്കൂളുകളിലും എയിഡഡ് സ്ക്കൂളുകളിലും കുട്ടികളില്ലാതെയാണ് ഇരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും ഉയർന്ന നിലവാരത്തിലുള്ള ഒരു സർവ്വകലാശാലയാണ് കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി. അത് നമ്മുടെ സംസ്ഥാനത്തിന്റെ അഭിമാനസ്തംഭമാണ്. ആ അഭിമാന സ്തംഭം ഇന്ന് ശുഷ്ക്കിച്ച് അപമാനിതമായ ഒരു സ്ഥിതിയിലേക്ക് പൊയ്ക്കൊണ്ടിരിക്കുകയാണ്.

നമ്മുടെ വിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ പറഞ്ഞിരിക്കുകയാണ്, കൊച്ചിൻ യൂണിവേഴ്സിറ്റി വൈസ്ചാൻസലർ തെറ്റുകൾ ചെയ്തിട്ടുണ്ട്, ക്രമക്കേടുകൾ ചെയ്തിട്ടുണ്ട്. അഴിമതി ചെയ്തിട്ടുണ്ട്. അതിന്റെ പേരിൽ ജുഡീഷ്യൽ എൻക്വയറി നടത്തുമെന്ന് ഇങ്ങനെ എവിടെയും കേട്ടിട്ടില്ല. ഒരു ഗവൺമെന്റുതന്നെ നിയമിച്ച വൈസ്ചാൻസലറെപ്പറ്റി ഇത്തരത്തിൽ പറയുക. കൊച്ചിൻ യൂണിവേഴ്സിറ്റി ഇലക്ട്രോണിക്സിന്റെയും കമ്പ്യൂട്ടറിന്റെയും യൂണിവേഴ്സിറ്റിയാണ്. ഇലക്ട്രോണിക്സിലും കമ്പ്യൂട്ടറിലും

LIBRARY ARCHIVES Kerala Legislative Assembly

വൈദഗ്ധ്യമുള്ള ആളാണ് അവിടെ വൈസ്ചാൻസലറാകേണ്ടത്. പക്ഷെ അവിടെ വൈസ്ചാൻസലറായത് ഇഴജാതികളെപ്പറ്റി പഠിച്ച് വൈദഗ്ദ്ധ്യം നേടിയ ആളാണ്. ഞാൻ ഒരു വ്യക്തി എന്ന നിലയിൽ പറയുകയല്ല. ഞാൻ പറയുന്നത്. നിയമനത്തിൽത്തന്നെ തെറ്റുകൾ പറ്റിയിട്ടുണ്ട് എന്ന് കണക്കാക്കേണ്ടതുണ്ട്. ആ വൈസ്ചാൻസലർ വന്നപ്പോൾ ഞാൻ ഒരു പ്രൊഫസറോട് അദ്ദേഹത്തെപ്പറ്റി അന്വേഷിച്ചു. അദ്ദേഹം പറഞ്ഞത് യൂണിവേഴ്സിറ്റി സ്കീമിൽനിന്നു വന്നതല്ലേ തരക്കേടില്ല എന്നാണ്. എന്നോട് അത് പറയാൻ കാരണം എന്താണെന്നുവച്ചാൽ കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ ഞങ്ങൾ അധികാരത്തിൽ ഉണ്ടായിരുന്ന കാലഘട്ടത്തിൽ യൂണിവേഴ്സിറ്റിയിൽ നിന്നല്ല രണ്ട് വൈസ്ചാൻസലർമാരെ നിയമിച്ചത്. വൈദഗ്ദ്ധ്യമേറിയ ശാസ്ത്രജ്ഞൻമാരെയായിരുന്നു. അത് ശരിയാണ് എന്നാണ് ഞങ്ങൾ ഇപ്പോഴും കണക്കാക്കുന്നത്. പക്ഷെ ആ പ്രൊഫസറോട് ഈ വൈസ്ചാൻസലർ ഏതാനും ആഴ്ചകൾക്കുമുമ്പ് അദ്ദേഹത്തിന്റെ മുറിയിൽ ചെന്നപ്പോൾ ഗെറ്റ് ഔട്ട് പറഞ്ഞു. കാരണം സിൻഡിക്കേറ്റിൽ വഴക്കല്ലേ? സിൻഡിക്കേറ്റ് പറഞ്ഞതൊന്നും വൈസ് ചാൻസലർ കേൾക്കുന്നില്ല. വൈസ്ചാൻസലർ പറയുന്നതൊന്നും സിൻഡിക്കേറ്റ് കേൾക്കുന്നില്ല. അങ്ങനെ കേൾക്കാത്ത സിൻഡിക്കേറ്റ് വിഭാഗത്തിനു കൂടിയാണ് ഈ പ്രൊഫസർ. അതിനുശേഷം കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി ഇപ്പോൾ ഏതാണ്ട് സ്തംഭനാവസ്ഥയിലാണ്.

സർ, നമ്മുടെ ചെറിയ വ്യവസായങ്ങളെയെല്ലാം ഫൈനാൻസ് ചെയ്യുന്നത് കുറെയേറെ ഇവിടത്തെ ആളുകളും കുറെയേറെ കേരള ഫൈനാൻസ് കോർപ്പറേഷനുമാണ്. കെ.എഫ്. സി. യെക്കുറിച്ച് ഇപ്പോൾ എന്തെല്ലാമാണ് കേൾക്കുന്നത്? നമുക്കെല്ലാവർക്കും എത്ര നോട്ടീസുകിട്ടി? അവിടത്തെ ജീവനക്കാരുടെ നോട്ടീസ്, ഉദ്യോഗസ്ഥൻമാരുടെ നിവേദനം, അവിടെ നിന്നും കടം വാങ്ങിച്ച ചെറുകിട വ്യവസായികളുടെ നിവേദനങ്ങൾ ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ കേരള ഫൈനാൻസ് കോർപ്പറേഷൻ നടക്കുന്നത് ശരിയായിട്ടാണെന്ന് തോന്നുന്നില്ല. എന്ന നിഗമനത്തിൽ എത്തുകയാണ്. തീർച്ചയായിട്ടും കേരള ഫൈനാൻസ് കോർപ്പറേഷന്റെ പ്രവർത്തനം നന്നാക്കണം. മെച്ചപ്പെടുത്തണം. ഈ സംസ്ഥാനത്തെ ചെറുകിട വ്യവസായികളെ പ്രോൽസാഹിപ്പിക്കാനും നിലനിർത്താനുമുള്ള ഒരു സ്ഥാപനമായി കേരള ഫൈനാൻസ് കോർപ്പറേഷനെ മാറിയെടുക്കേണ്ടതുണ്ട്.

അതുപോലെ നമ്മുടെ ഗ്രന്ഥശാല കൗൺസിലിന് കിട്ടേണ്ടത് നിയമ പ്രകാരം പത്തൊൻപത്-ഇരുപതുകോടി രൂപ വരും. ഇതിനുപകരം ഈ ബഡ്ജറ്റിൽ വച്ചത് 92 ലക്ഷം രൂപയാണ്. പിന്നെ ഒരു കോടി രൂപ കൊടുക്കണം. അതിന് അവർ ഇവിടെ നിരാഹാരം കിടന്നു. അതിന്റെ പ്രഗത്ഭനായ പ്രസിഡൻറ്, കവിയായ കടമ്മനിട്ട ഈ സെക്രട്ടേറിയറ്റിനു മുമ്പിൽ നിരാഹാരം കിടന്നു. അപ്പോൾ ഒരു കോടി രൂപയും കൂടികൊടുത്തു ഇത് മതിയാവുകയില്ല. നമ്മുടെ സംസ്ഥാനത്തെ ഗ്രന്ഥശാലകളെയെല്ലാം മെച്ചപ്പെടുത്തണമെങ്കിൽ കൂടുതൽ സംഖ്യ ആവശ്യമുണ്ട്. അതിന് കൂടുതൽ സംഖ്യ കൊടുക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് ആവശ്യപ്പെടുകയാണ്.

സർ, ഈ സംസ്ഥാനത്തെ പത്രങ്ങൾ എടുത്തുനോക്കുകയാണെങ്കിൽ നാലുദിവസം മുമ്പുള്ള പത്രമാണ് എന്റെ കയ്യിലിരിക്കുന്നത്. അതിന്റെ ഹെഡ്ലൈൻസ് ഞാൻ വായിക്കാം. വിദ്യാർത്ഥിനിയെ കൂട്ടബലാൽസംഗം.

LIBRARY ARCHIVES Kerala Legislative Assembly

അഡ്വക്കേറ്റും മന്ത്രിയും അറസ്റ്റിൽ'' ''അജ്ഞാത യുവാവിന്റെ കത്തിക്കരിഞ്ഞ ജഡം കുറ്റിക്കാട്ടിൽ'' ഫ്രഞ്ചുകാർ ചാരവൃത്തി നടത്തിയതായി സൂചന; കോടതി.'' ''ഗർഭിണിയും ഭർത്താവും ബസ്സിടിച്ച് മരിച്ചു''. അതിനു ശേഷം വേറെയും കാര്യങ്ങൾ പ്രതിപാദിക്കുന്ന രീതിയിൽ പല ദുർമരണത്തെ പറ്റിയും അപകടങ്ങളെപ്പറ്റിയും പത്രത്തിൽ നിന്നും കാണാൻ സാധിക്കും. ദുർബ്ബല ജനവിഭാഗത്തെ അപകടപ്പെടുത്തുന്ന രീതിയിലാണ് പോലീസിന്റെ പ്രവർത്തനം. ആ പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഈ ഗവൺമെന്റിനു സാധിച്ചിട്ടില്ല. ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീമതി അൽഫോൺസാ ജോൺ : സർ, ഞാൻ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിൻതാങ്ങുകയാണ്. 'വേണമെങ്കിൽ ചക്ക വേരിലും കയ്ക്കും' എന്നൊരു ചൊല്ലുണ്ട്. അഗതിപെൻഷൻപോലും കൊടുക്കാൻ കഴിയാത്ത അന്യംനിന്ന തറവാടിന്റെ രൂപവും ഭാവവും ഉള്ള തികച്ചും കാലിയായ ഒരു ഖജനാവാണ് ഈ ഗവൺമെന്റ് ഏറ്റുവാങ്ങിയത്. ട്രഷറി നിയന്ത്രണം ട്രഷറി പൂട്ടിയിടൽ, ഇങ്ങനെ സാധാരണക്കാരായ കേരളീയരെ വലയ്ക്കുന്ന പരിപാടികളൊന്നും ഇപ്പോൾ ഇവിടെ കാണാനില്ല. നിത്യ ചെലവുകൾക്ക് പോലും കടമെടുക്കേണ്ടിവരുന്ന അവസ്ഥ മാറ്റി തികച്ചും സംശുദ്ധവും സത്യസന്ധവുമായ ഒരു ഭരണവും ഇതുപോലെ ഒരു ബഡ്ജറ്റും കാഴ്ച വയ്ക്കാൻ ഈ സർക്കാരിനല്ലാതെ മറ്റാർക്കാണ് കഴിയുക ? ഉന്നതമായ ജനാധിപത്യമൂല്യങ്ങൾ പരിപൂർണ്ണമായി പാലിച്ചുകൊണ്ട് യാതൊരുവിധ അവസരവാദ നയങ്ങൾക്കും കീഴടങ്ങാതെ അവതരിപ്പിക്കപ്പെട്ട ഈ ബഡ്ജറ്റ് വരുംകാലഭരണ നേതൃത്വങ്ങൾക്ക് ഒരു മാതൃകയായിരിക്കും. ആദരണീയനായ ശ്രീ. കെ. കരുണാകരൻ തുടക്കം കുറിച്ചതും ഇപ്പോൾ ശ്രീ. എ. കെ. ആന്റണി നേതൃത്വം കൊടുക്കുന്നതുമായ ഗവൺമെന്റ് ഈ അഞ്ചുവർഷക്കാലം നേടിയെടുത്ത നേട്ടങ്ങളുടെ രജതരേഖകളാണ് ഈ ബഡ്ജറ്റിലൂടെ വരച്ചു കാട്ടിയിട്ടുള്ളത്. നാടിന്റെ നട്ടെല്ലായ പരമ്പരാഗത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാനും എല്ലാവരാലും കൈയൊഴിക്കപ്പെട്ട സ്ത്രീകളുടെ കണ്ണീരൊപ്പുവാനും ഈ ബഡ്ജറ്റിന് കഴിയും എന്നത് ഇതിന്റെ സവിശേഷതയാണ്. ഇത്തരം ധീരമായ ചരിത്രരേഖയ്ക്ക് നമ്മെ പ്രാപ്തരാക്കിയത് തീർച്ചയായും ശ്രീ. നരസിംഹറാവു നേതൃത്വം കൊടുക്കുന്ന കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക ഉദാരവൽക്കരണനയത്തെ പിൻതുടരുന്ന നമ്മുടെ നയമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിൽ ഞാൻ അഭിമാനം കൊള്ളുന്നു. നിയന്ത്രണാതീതമായ നാണയ പ്പെരുപ്പംമൂലവും കുത്തനെ താണുകൊണ്ടിരിക്കുന്ന കയറ്റുമതി മൂലവും നാമമാത്രമായ വിദേശനാണ്യശേഖരണത്തിൽപ്പെട്ടു വലഞ്ഞ നമ്മുടെ ഭാരതത്തെ ഭാസുരമായ പുരോഗതിയുടെ പടവുകളിലേക്ക് കയറുവാൻ ശ്രീ നരസിംഹറാവുവിന്റെ ആത്മാർത്ഥമായ ഭരണത്തിന് സാധിക്കുന്നത് വീജയകരമായ നേട്ടമാണ്. 1991 ആഗസ്റ്റ് മാസത്തിൽ നമ്മുടെ വിദേശ നാണയപ്പെരുപ്പത്തിന്റെ വാർഷിക നിരക്ക് 17 ശതമാനമായിരുന്നുവെങ്കിൽ 1996 ഫെബ്രുവരി ആയപ്പോൾ അത് അഞ്ചുശതമാനമായി കുറഞ്ഞിരിക്കുന്നു. ഇതിന്റെ ഗുണം അനുഭവപ്പെടുന്നത് കേരളത്തിലെ സാധാരണക്കാരായ ജനങ്ങൾക്കാണെന്നുള്ള സത്യത്തിനുനേരെ നാം കണ്ണടച്ചിട്ട് കാര്യമില്ല. ഇൻഡ്യയിലെ ബഹുഭൂരിപക്ഷംവരുന്ന ഗ്രാമീണരുടെയും ദുർബല ജന വിഭാഗത്തിന്റെയും ക്ഷേമ ഐശ്വര്യങ്ങളുടെ പടവുകൾ ഉയർത്തുവാൻ ഈ സർക്കാരിന് കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്തെ ഈ ബഡ്ജറ്റിലൂടെ കാർഷിക മേഖലയിലെ ഉല്പാദനച്ചെലവ് കുറയ്ക്കുവാനും

LIBRARY ARCHIVES Kerala Legislative Assembly

ഉല്പാദനത്തോത് വർദ്ധിപ്പിക്കുവാനും കഴിഞ്ഞു. നെൽക്കൃഷിയുടെ കാര്യമാണെങ്കിൽ നെൽക്കൃഷി വികസനത്തിനാവശ്യമായ തുകയുടെ 85 ശതമാനത്തോളം സബ്സിഡിയായി നൽകിവരികയാണ്. ഇതുമൂലം നമ്മുടെ ഉല്പാദനരംഗം വളരെയധികം വികസിപ്പിക്കുവാനും ഉല്പാദനച്ചെലവ് കുറയ്ക്കുവാനും സാധിച്ചു എന്നത് ഒരു വസ്തുത മാത്രമാണ്. പരമ്പരാഗത വ്യവസായമായ കയർ മേഖലയിലേക്ക് വരികയാണെങ്കിൽ ആ മേഖലയിലുള്ള തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തിയത് വലിയ ഒരു കാര്യമായി ഞാൻ കാണുന്നു. അതുപോലെ നമ്മുടെ നാട്ടിൽ മൽസ്യമേഖലയിൽ ആദ്യമായി മൽസ്യപരിപാലനനയം കൊണ്ടുവന്നത് ഈ ഗവൺമെൻറാണ്. ബഹുമാനപ്പെട്ട പി.എസ്. ശ്രീനിവാസൻ പ്രസംഗിച്ചപ്പോൾ അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഈ മാസം 23-ാം തീയതി പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് ഒരു കുടുംബത്തിന് 35,000 രൂപ വച്ച് സൗജന്യനിരക്കിൽ വീട് നിർമ്മിച്ചു കൊടുത്ത കാര്യം എന്തുകൊണ്ട് അദ്ദേഹം മറന്നുപോയി എന്ന് എനിക്ക് മനസ്സിലാകുന്നില്ല. അങ്ങനെ മുപ്പതുകോടി രൂപയുടെ വീടുകൾ നമ്മുടെ കേരളത്തിൽ മൽസ്യത്തൊഴിലാളികൾക്ക് വച്ചുകൊടുക്കുവാൻ ഈ ഗവൺമെൻറ് പരിപാടി ഇട്ടിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽതന്നെ ഏതാണ്ട് ആയിരത്തിൽപരം വീടുകളാണ് മൽസ്യത്തൊഴിലാളികൾക്ക് നിർമ്മിച്ചുകൊടുക്കുന്നത്. മൽസ്യ സഹകരണമേഖലയിൽ മുൻകാലങ്ങളിൽ അൻപതിനായിരം തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തതെങ്കിൽ ഇപ്പോൾ അവിടെ രജിസ്റ്റർ ചെയ്തത് ഏതാണ്ട് 1.6 ലക്ഷമായി കൂടിയിരിക്കുന്നു. ഇവിടത്തെ ടൂറിസം മേഖലയിലേക്ക് കടന്നുചെന്നാൽ വിദേശനാണ്യം നേടിത്തരാൻ ഉതകുന്ന ടൂറിസം മേഖലയിലെ ഗവൺമെൻറിന്റെ സത്വര ശ്രദ്ധ പതിഞ്ഞിട്ടുണ്ട് എന്ന് കാണാൻ കഴിയും.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഉത്തര കേരളത്തിലെ ബേക്കലും മദ്ധ്യകേരളത്തിലെ കുമരകവും, തെക്കൻ കേരളത്തിലെ വർക്കല ടൂറിസം വകുപ്പിന്റെ തീവ്രവികസന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എനിക്ക് അതിൽ സന്തോഷമേയുള്ളു. എന്നാൽ ഞാൻ പ്രതിനിധാനം ചെയ്യുന്ന കുണ്ടറ നിയോജകമണ്ഡലം ഉൾപ്പെടുന്ന കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലും, അതിന്റെ പ്രാന്തപ്രദേശങ്ങളും ബേക്കലിനേക്കാളും, കുമരകത്തേക്കാളും വർക്കലയെക്കാളുമൊക്കെ വളരെ അധികം ടൂറിസം വികസന സാധ്യതയുള്ള മേഖലയാണെന്നുള്ളതുകൊണ്ട് തീർച്ചയായും ഗവൺമെൻറ് ആ പ്രദേശങ്ങൾ കൂടി ടൂറിസം തീവ്ര വികസന പരിപാടിയിൽ ഉൾപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ ഇത്തരം മേഖലയിലും ഗവൺമെൻറിന്റെ സത്വര ശ്രദ്ധ പതിഞ്ഞതുമൂലം പണ്ടുപണ്ടേ ദേശീയരും വിദേശീയരുമായ സഞ്ചാരികളുടെ എണ്ണം കേരളത്തിൽ ദിനംപ്രതി കൂടി
3 P. M. കൊണ്ടിരിക്കുകയാണ്. ബേക്കലിൽ നിന്നു ചാർട്ട് ചെയ്യുന്ന വിമാനം ആഴ്ചയിൽ രണ്ടുപ്രാവശ്യം തിരുവനന്തപുരത്ത് വന്നിറങ്ങുന്നു. എന്തൊക്കെ പറഞ്ഞാലും ഇതുവരെ സകല ഗവൺമെൻറുകളും തഴഞ്ഞിട്ട അമ്മമാരും, പെങ്ങൻമാരും, സഹോദരിമാരും അടങ്ങുന്ന ലക്ഷോപലക്ഷം വരുന്ന കേരളത്തിലെ സ്ത്രീജനങ്ങളുടെ കണ്ണീരിന് വൈഡൂര്യത്തെക്കാൾ 100, 100 ഇരട്ടി വിലയുണ്ടെന്നു മനസ്സിലാക്കുന്നത് ഈ ഗവൺമെൻറ് മാത്രമാണ്. സ്ത്രീകളുടെ കണ്ണീരിന് വിലകല്പിച്ചുകൊണ്ട്, അവരുടെ കണ്ണീരിന് എന്നന്നേക്കുമായി വിടപറയുവാൻ സധൈര്യം മുന്നോട്ടുവന്ന ശ്രീ. എ. കെ. ആൻറണി നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെൻറ് ചാരായ നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. കുടുംബാന്തരീക്ഷത്തിൽ സമാധാനത്തിനും ശാന്തിക്കും പകരം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുവാൻ നമ്മുടെ കൈയിൽ മറെറന്താണുള്ളത്. അതുപോലെ തന്നെ മൃഗീയ വാസനകളെ പ്രോത്സാഹിപ്പിച്ചുകൊണ്ട്, സമാധാനത്തെ പിച്ചിച്ചീന്തിക്കൊണ്ട് ധനം സമ്പാദിക്കുന്ന വൃത്തികെട്ട രീതി ഇന്നത്തെ ഗവൺമെൻറിൻെറ പക്കലില്ല. രക്തപങ്കിലമായ കൈകളല്ല ഇന്ന് കേരളത്തെ ഭരിക്കുന്നതെന്നത് ഈ നാട്ടിലെ ഏതൊരമ്മയ്ക്കും അറിയാവുന്ന ഒരു സത്യമാണ്. കുടുംബം നന്നായാൽ നാട് നന്നാവും എന്ന പരമാർത്ഥം മുന്നിൽ കണ്ടുകൊണ്ട് നല്ല കാര്യങ്ങൾ നടപ്പിൽ വരുത്തുന്ന ഈ ഗവൺമെൻറിനെ ഞാൻ അനുമോദിക്കുകയാണ്. അതുപോലെതന്നെ ചാരായ നിരോധനംമൂലം നമ്മുടെ അമ്മമാരുടേയും, പെങ്ങൻമാരുടേയും, കണ്ണിൽ വിളയാടുന്ന സന്തോഷം കാണണമെങ്കിൽ, ഒരിക്കലും ഓളങ്ങൾ അടങ്ങാത്ത കടലിലെ തിരമാല പോലെ അലയടിക്കുന്ന സന്തോഷം കാണണമെങ്കിൽ, നമ്മുടെ നേതാക്കൻമാർ നാട്ടിൻപുറങ്ങളിൽ ഇറങ്ങിച്ചെല്ലണം. ചാരായ നിരോധനം വളരെ നല്ല കാര്യമാണ്. അതോടൊപ്പം തന്നെ ഇതൊരു തുടക്കം ആക്കിക്കൊണ്ട് നമ്മുടെ നാട്ടിൽ സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തണമെന്ന് പറയുവാനും അഭ്യർത്ഥിക്കുവാനും കൂടി ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ചാരായ നിരോധനംമൂലം നമ്മുടെ നാട്ടിൽ തൊഴിൽ നഷ്ടപ്പെട്ടവരുണ്ടെങ്കിൽ അവർക്ക് പകരം തൊഴിൽ സാധ്യതകൾ ഉറപ്പാക്കണം. അതിലും നമ്മുടെ ഗവൺമെൻറിൻെറ സത്വരമായ ശ്രദ്ധ പതിയണം. ചാരായ നിരോധനത്തെക്കുറിച്ചു പറയുമ്പോൾ, അതിനേക്കാൾ എത്രയോ മാരകമായ, മനുഷ്യരുടെ വാക്കുകൾ കൊണ്ട് വിവരിക്കാൻ അസാദ്ധ്യമായ സ്ത്രീധനമേഖലയിലേക്ക് കടന്നുചെല്ലുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിലേക്ക് ഗവൺമെൻറിൻെറ സത്വര ശ്രദ്ധ പതിഞ്ഞേ മതിയാകൂ. ഈ അടുത്തകാലത്ത് തിരുവനന്തപുരം ജില്ലയിലെ കല്ലറയിൽ അമ്മയും പെൺമക്കളും ഒരുമിച്ച് ആത്മഹത്യ ചെയ്തതിന് കാരണം സ്ത്രീധനം ആണ്. സ്ത്രീധന നിരോധന മേഖലയിൽ കൊല്ലാക്കൊല ചെയ്യപ്പെടുന്ന പരമ്പരകളുടെ കൂട്ടത്തിൽ ഒന്നാണത്. സ്ത്രീയെ അമ്മയായി ബഹുമാനിക്കുകയും ദേവിയായി പൂജിക്കുകയും ചെയ്യുന്ന ഈ നാട്ടിൽ സ്ത്രീധനത്തിൻെറ പേരിൽ ഇത്തരം കൊല്ലാക്കൊല ചെയ്യുന്നുണ്ടെങ്കിൽ അതൊരു വിരോധാഭാസമായി കാണുകയും അതിനെതിരെ ഗവൺമെൻറ് കർക്കശമായ നടപടി എടുക്കുകയും വേണം. പിറക്കാൻ പോകുന്ന കുഞ്ഞ് സ്കാനിംഗിലൂടെ പെണ്ണാണെന്നറിഞ്ഞാൽ ഭ്രൂണഹത്യമൂലം നിഷ്കരുണം ഇല്ലാതാക്കുന്ന ആ സംസ്ക്കാരത്തിനുനേരെ നമ്മൾ കണ്ണടച്ചിരുന്നുകൂടാ. ചുട്ടു പൊള്ളുന്ന മണലിൽ പെൺകുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചുമൂടുന്നത് കാടൻ സംസ്ക്കാരം എന്നല്ലാതെ അതിനെക്കുറിച്ച് മറെറന്താണ് പറയാനുള്ളത്. അതുപോലെതന്നെ വിവാഹ ആഘോഷമേളകളിൽ നാം കാണാറുള്ള ധൂർത്തുണ്ടല്ലോ, അത് അതിഭയങ്കരമാണ്. ഇന്നത്തെ വിവാഹ ആഘോഷമേളയെ ഒരുതരം വിവാദമേളയായി ഞാൻ കാണുകയാണ്. അയൽ വീട്ടിൽ തേങ്ങ ഉടയ്ക്കുമ്പോൾ നമുക്ക് ചിരട്ട എങ്കിലും ഉടയ്ക്കണമെന്ന് ആഗ്രഹിക്കാത്തവർ ആരും നമ്മുടെ ഇടയിൽ കാണുകയില്ല. അതുകൊണ്ട് ഉള്ളതെല്ലാം വിറ്റുപെറുക്കി സ്ത്രീധനം കൊടുത്ത് തകർന്ന് തരിപ്പണമാകുന്ന കുടുംബങ്ങളുടെ സംരക്ഷണത്തിനുവേണ്ടി കർക്കശമായ നിയമം കൊണ്ടുവരികയും സ്ത്രീധനം വാങ്ങുന്ന കൈകളെ തുറുങ്കിലടയ്ക്കാനുള്ള ഒരു നിയമം നമ്മുടെ നാട്ടിൽ ഉണ്ടാക്കുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ നാട്ടിൽ സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് നേരെ കണ്ണടയ്ക്കുകയും, അതിനെ വില കുറഞ്ഞ രീതിയിൽ കാണുകയും ചെയ്യുന്നത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ വനിതാ നയം കൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. കെ. കെ. ബാവയേയും,

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിനേയും ഞാൻ അനുമോദിക്കുന്നു. കൂടാതെ ഇവിടെ വനിതാ കമ്മീഷന്റെ രൂപീകരണത്തിൽ യാതൊരു രാഷ്ട്രീയവും കൂടാതെ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ആകൃഷ്ടയായ, അല്ലെങ്കിൽ മുഴുവൻ വനിതകളും ബഹുമാനിക്കുന്ന ബഹുമാനപ്പെട്ട സുഗതകുമാരിയെ ചെയർ പേഴ്സൺ ആക്കിക്കൊണ്ട് ശ്രീമതി റോസമ്മ പുന്നൂസ് ഉൾപ്പെടെയുള്ളവരെ അതിനകത്ത് കൊണ്ടുവന്നതിൽ ഈ ഗവൺമെൻറിനെ ഞാൻ അനുമോദിക്കുകയാണ്. ഇത്തരം നടപടികളിലൂടെ നമ്മുടെ നാട്ടിലെ അശരണരായ, ആലംബഹീനരായ ദുർബല ജനവിഭാഗങ്ങളെ കൈ ഉയർത്തിപ്പിടിച്ചു കൊണ്ടുവരുന്ന നയം പ്രഖ്യാപിക്കുന്ന ഈ ഗവൺമെൻറിനെ ഞാൻ ഒരിക്കൽക്കൂടി സ്വാഗതം ചെയ്തുകൊള്ളുന്നു.

ശ്രീ. ടി. ചാത്തു : സർ, ഞാൻ ഈ ബഡ്ജറിനെ എതിർക്കുന്നു. എനിക്ക് ഒരപേക്ഷയുണ്ട്. ഇത് അവസാനത്തെ സമ്മേളനമാണ്. അങ്ങു കടുംപിടിത്തക്കാരനാണെന്ന് എനിക്ക് അറിയാം. ഇതിനൊന്നും സമയം നോക്കരുത്. ജനോപകാരപ്രദമായ ഒന്നും തന്നെ ഈ ബഡ്ജറിലില്ല. അസത്യം, ഉപദേശം, പ്രതീക്ഷ ഇതാണ് ഇതിലുള്ളത്. വസ്തുനിഷ്ഠമായി ചെയ്ത കാര്യങ്ങൾ ഒന്നും തന്നെ ഇതിലില്ല. കഴിഞ്ഞ 5 വർഷമായി രാജ്യം ഭരിക്കുന്ന ശ്രീ. നരസിംഹറാവു ഗവൺമെൻറിനെ പ്രകീർത്തിച്ചുകൊണ്ടാണ് ഈ ബഡ്ജറ് തുടങ്ങുന്നത്. അദ്ദേഹം വ്യവസായ ലൈസൻസിനു ഉണ്ടായിരുന്ന നിയന്ത്രണങ്ങളൊക്കെ എടുത്തു കളഞ്ഞു, അതൊരു മഹത്തായ കാര്യമായിട്ടാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഇതിൽ കൊട്ടിഘോഷിച്ചിട്ടുള്ളത്. അതുതന്നെയാണ് അപകടം ഉണ്ടാക്കിയിട്ടുള്ളതും. ഈ നിയന്ത്രണങ്ങളൊക്കെ എടുത്തുകളഞ്ഞതിന്റെ ഫലമായി ബഹുരാഷ്ട്ര കുത്തകകൾ നമ്മുടെ രാജ്യത്ത് വന്ന് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വില അവർക്ക് ഇഷ്ടംപോലെ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷെയർ അവർ ഇഷ്ടം പോലെ വാങ്ങുന്നു. അതിന്റെയെല്ലാം മാനേജ്മെൻറ് അവരുടെ കൈയിലാണ്. ഇതിന്റെ ഫലമായി നമ്മുടെ സർക്കാരിനുള്ള എല്ലാ നിയന്ത്രണങ്ങളും ഇല്ലാതാകുകയാണ് ചെയ്യുന്നത്. ചെറുകിട വ്യവസായങ്ങളും, പരമ്പരാഗത വ്യവസായങ്ങളും ഇതിന്റെ ഫലമായി തകർന്നു. രാസവളങ്ങൾക്കും, നിത്യോപയോഗ സാധനങ്ങൾക്കും വില വർദ്ധിപ്പിച്ചതുകൊണ്ട് നമ്മുടെ രാജ്യത്ത് കൃഷി ആകെ തകർന്നിരിക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി പറയുന്നത കൃഷിയിൽ മെച്ചമുണ്ടായിട്ടുണ്ടെന്നാണ്. നിത്യോപയോഗ സാധനങ്ങളുടെ വില കുറയ്ക്കും എന്നു പറഞ്ഞിട്ടാണ് അവർ അധികാരത്തിൽ വന്നത്. 1991-ൽ ഒരു കിലോ അരിക്ക് ആറു രൂപ നാൽപ്പത് പൈസയാണ്. അഞ്ചു പേരുള്ള ഒരു ചെറിയ പാവപ്പെട്ടവന്റെ കുടുംബത്തിന് നിത്യോപയോഗ സാധനങ്ങൾ വാങ്ങാൻ 28 രൂപ മതിയായിരുന്നു. എന്നാൽ 1996-ൽ അതേ അഞ്ചുപേരുള്ള കുടുംബത്തിന് അരിയും മറ്റ് സാധനങ്ങളും വാങ്ങാൻ 58 രൂപ വേണം, ഒരു ദിവസം അധികമായി വേണ്ടിവരുന്നത് 30 രൂപ ആണ്. അതാണ് നിങ്ങളുടെ സാമ്പത്തിക നയം. അതിനെയാണ് ധനകാര്യ വകുപ്പുമന്ത്രി പ്രകീർത്തിച്ചിട്ടുള്ളത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : കേന്ദ്രത്തിലെ ശ്രീ. നരസിംഹറാവുവിനേയും കേരളത്തിലെ മന്ത്രിമാരേയും കുറിച്ചാണോ അങ്ങ് പറയുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ചാത്തു : ഇവിടെ ഈ മന്ത്രിമാർക്കോ, ഇതുപോലുള്ള ആളുകൾക്കോ ഹവാലക്കാർക്കോ, കള്ളമാർക്കറ്റുകാർക്കോ വിലക്കയറ്റത്തെക്കുറിച്ച് പറഞ്ഞാൽ വല്ല അറക്കവുമുണ്ടോ. നിങ്ങളുടെ അഞ്ച് വർഷത്തെ ഭരണത്തിൽ പാവപ്പെട്ടവൻ പട്ടിണികൊണ്ട് മരിക്കാൻ വയ്യാത്തതുകൊണ്ട് ആത്മഹത്യ ചെയ്തു കൊണ്ടിരിക്കുകയാണ്. ഈ അഞ്ച് കൊല്ലത്തിനിടയിലാണ് ഇന്ത്യയുടെ ചരിത്രത്തിൽ ഇത്ര അധികം ആത്മഹത്യകൾ നടന്നിട്ടുള്ളത്. അതിന് എന്താണ് കാരണം ? പട്ടിണികിടക്കാൻ വയ്യാത്തതുകൊണ്ട്, മാനം വിറ്റ് ജീവിക്കാൻ കഴിയാത്തതുകൊണ്ട് ആത്മഹത്യ ചെയ്യുകയാണ്. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഗ്രാമീണവികസനത്തിനും വൻതുക വകയിരുത്തി ട്ടുണ്ടെന്നാണ് പറയുന്നത്. എവിടെയാണ് വകയിരുത്തിയത് ? ദാരിദ്ര്യം എവിടെയാണ് ഇല്ലാതായത്. ഗ്രാമീണ തൊഴിലില്ലായ്മ വൻതോതിൽ പെരുകിയിരിക്കുകയാണ്. ധനകാര്യവകുപ്പുമന്ത്രി പറഞ്ഞിരിക്കുകയാണ് കാർഷികമേഖലയിലെ ഉൽപ്പാദനച്ചെലവ് കുറയ്ക്കുന്നതിനും ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഊന്നൽ നൽകുയെന്ന്. ഞാൻ ഒരു സത്യം പറയട്ടെ. ഇന്ന് നമ്മുടെ കർഷകരുടെ ഉൽപ്പാദനച്ചെലവ് ഇരട്ടിയും മൂന്നിരട്ടിയുമായി വർദ്ധിച്ചു. പാലക്കാട് ജില്ലയിൽ ഒരു ഏക്കർ കൃഷി ചെയ്യാൽ 1991-നുമുമ്പ് ഒരു ക്രോപ്പിന് ഏകദേശം 1668 രൂപയായിരുന്നു വേണ്ടിയിരുന്നത്. അത് 1996 ആയപ്പോഴേക്കും 3638 രൂപ ആയി വർദ്ധിച്ചു. കൃത്യമായ കണക്ക് എന്റെ കയ്യിലുണ്ട്. വിശദീകരിക്കാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ പറയുന്നില്ല. ആ നിലയിൽ ഉൽപ്പാദനച്ചെലവ് എങ്ങനെയാണ് വർദ്ധിച്ചതെന്ന് പറയേണ്ടതുണ്ട്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇപ്പോൾ ഇവിടെ ഇല്ല. അദ്ദേഹം അവസാനം പറഞ്ഞിരിക്കുന്നു എല്ലാ കൃഷിയേയും തകർത്തശേഷം പുഷ്പ കൃഷി പദ്ധതി രണ്ട് കൊല്ലമായി പെരുകിവരികയാണെന്ന്. ഞങ്ങളുടെ പ്രദേശങ്ങളിലെ സ്ത്രീകൾ ഇത് തലയിൽ വയ്ക്കും. പക്ഷേ ഇത് ഇവിടെ വല്ല ഓയിൽ ഉണ്ടാക്കാനായിരിക്കും. ഭക്ഷ്യകമ്മിയുടെ ഒരു സംസ്ഥാനത്ത് നെൽകൃഷിയേയും കരിമ്പ് കൃഷിയേയും കുരുമുളക് കൃഷിയേയും നാളീകേര കൃഷിയേയുമെല്ലാം തകർത്ത് പുഷ്പകൃഷിയാണ് ഈ ഗവൺമെന്റിന്റെ ഇപ്പോഴത്തെ പരിപാടി. കൃഷിക്കാർക്ക് ഇൻഷ്വറൻസ് ഉണ്ടത്രേ. അത് വലിയ പ്രാധാന്യമായി ഇവിടെ കൊട്ടിഘോഷിക്കുന്നു. ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഒരു താലൂക്ക് ഒരുമിച്ച് ഉണങ്ങിപ്പോകണം, അല്ലെങ്കിൽ ഒരുമിച്ച് വെള്ളപ്പൊക്കം വരണം. അതിൽ ഒരു വില്ലേജ് ബാക്കിയുണ്ടെങ്കിൽ അവരക്കാശ് കർഷകർക്ക് കിട്ടുകയില്ല. നയത്തിന് ഒരു കുറവും ഇവിടെ ഇല്ല. ഇവിടെ വിലനയമുണ്ട്, ജലനയമുണ്ട്. വനിതാനയമുണ്ട്, ഭക്ഷ്യ നയമുണ്ട്. നയം മാത്രമേയുള്ളു, പ്രവൃത്തിയൊന്നുമില്ല. ഈ നയങ്ങളുടെ ഒരു ഗുണവും ഇവിടെ ഇല്ല, കർഷകനയത്തിന്റെ ഭാഗമായി കർഷകർക്ക് ആയിരം രൂപ പെൻഷൻ കൊടുക്കുമെന്ന് പ്രഖ്യാപിച്ചു. കൊടുത്തിട്ടുണ്ടോ ? ഇനി മുപ്പത് കൊല്ലം കഴിഞ്ഞിട്ട് കിട്ടാൻ പോകുന്നു എന്നാണ് പറയുന്നത്. നിങ്ങൾ അധികാരത്തിൽ വന്നാൽ കർഷകത്തൊഴിലാളികൾക്ക് 100 രൂപ പെൻഷൻ കൊടുക്കുമെന്ന് പറഞ്ഞു. ആ നൂറു രൂപ നിങ്ങൾ കൊടുത്തോ ? വിദ്യാഭ്യാസ രംഗത്തേയും ആരോഗ്യരംഗത്തേയും നിങ്ങൾ തകർത്തു. സ്വകാര്യ മേഖലയിൽ വിദ്യാഭ്യാസത്തേയും ആശുപത്രികളേയും നിങ്ങൾ പ്രോൽസാഹിപ്പിക്കുന്നു. നമ്മുടെ ഗവൺമെന്റ് ആശുപത്രികളിലെ സ്ഥിതി എന്താണ് ? ആശുപത്രികളിൽ പോയാൽ വല്ല മരുന്നും കിട്ടുമോ ? വയറിളക്കമുള്ളവൻ പോയാലും മറ്റ് അസുഖങ്ങളുള്ളവർ പോയാലും എല്ലാവർക്കും ഒറ്റ മരുന്നല്ലാതെ വല്ല മരുന്നും സർക്കാർ ആശുപത്രികളിൽ ഇന്നുണ്ടോ ? ഇത്രയധികം ദാരിദ്ര്യം

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും കാലത്ത് നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോ ? ക്രമസമാധാനപാലനം മെച്ചപ്പെട്ടിട്ടുണ്ടെന്നാണ്. പറയുന്നത്. വർഗ്ഗീയ ലഹളകൾ ഇവിടെ വർദ്ധിച്ചിട്ടുണ്ട്. സ്വത്തിനും ജീവനും രക്ഷ ഉണ്ടായിട്ടില്ല. ഈ സർക്കാർ വന്നതിനുശേഷം നിങ്ങൾ തന്ന കണക്കനുസരിച്ച് 1991 മുതൽ 1996 ഫെബ്രുവരി 1 വരെയുള്ള ആത്മഹത്യകളുടെ എണ്ണം 38144. കൊലപാതകങ്ങളുടെ എണ്ണം. 2890 സി.പി.ഐ (എം)-ന്റെ ആളുകൾ മാത്രം 32 പേർ കൊല്ലപ്പെട്ടു. ബലാൽസംഗം 991, സ്ത്രീപീഡനം 18461. എന്റെ ജില്ലയിൽ മാത്രം ആറ് സി.പി.ഐ (എം) പ്രവർത്തകരെ കൊലപ്പെടുത്തി. കൂടാതെ എന്റെ പഞ്ചായത്തിൽ രണ്ടു വർഷത്തിനുള്ളിൽ നാലുപേരെ പിടിച്ചുകൊണ്ടുപോയി കൊലപ്പെടുത്തി. ഇന്നുവരെ ഒരു കേസും ഒരാളുടെ പേരിലും എടുത്തിട്ടില്ല. 19-10-1995-ലെ മാതൃഭൂമി പത്രത്തിൽ എഴുതി, പാലക്കാട് ജില്ലയിൽ ചന്ദന-സ്പിരിറ്റ് ലോബികൾ കൂടി 28 പേരെ കൊലപ്പെടുത്തിയിരിക്കുന്നുവെന്ന്. ഇതുവരെ ഒരാളെയും പിടിച്ചിട്ടില്ല. ഇങ്ങനെ പോകുന്നു കൊലപാതകങ്ങൾ. എന്റെ ജില്ലയിലുള്ള സകലമാനം ദൈവങ്ങളേയും കള്ളൻമാർ കൊണ്ടുപോയി. അവിടെ ദൈവമുണ്ടെന്ന് പ്രതീക്ഷയുള്ള വിശ്വാസികൾ പോയി തൊഴുകയാണ്. അത് കണ്ടുപിടിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. ഞാൻ വിശദീകരിക്കുന്നില്ല. മന്ത്രിമാരുടെ അഴിമതികളെക്കുറിച്ചൊക്കെ മുൻനിരയിലുള്ള നേതാക്കൻമാർ ഇവിടെ വിശദീകരിച്ചു. 1994-95-ലെ ബഡ്ജറ്റിന്റെ ചർച്ചയിൽ ഞാൻ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോൾ എക്സൈസ് വകുപ്പുമന്ത്രിയും ചില കോൺഗ്രസ് (ഐ)-യിലെ ഭരണകക്ഷി നേതാക്കൻമാരും ഉൾപ്പെടെ സ്പിരിറ്റ് കള്ളക്കടത്ത് നടത്തിയതിൽ 400 കോടി രൂപയുടെ അഴിമതി നടത്തിയെന്ന് ഞാൻ ആരോപണമുന്നയിച്ചിരുന്നു. അതിനെക്കുറിച്ച് അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. അതിനെ കുറിച്ച് റവന്യൂ ബോർഡ് മെമ്പർ മോഹൻകുമാർ അന്വേഷണം നടത്തി. എന്താണ് വിവരമെന്ന് ഇതുവരെ ഗവൺമെന്റ് പറഞ്ഞിട്ടുണ്ടോ ? അപ്പോൾ അഴിമതി മാത്രമാണ് നിങ്ങളുടെ മുഖമുദ്ര, ഹവാല കേസ് നിയമത്തിന്റെ വഴിക്ക് പോകട്ടേയെന്ന് നമ്മുടെ പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ധീരമായ നടപടിയെന്നാണ് അപ്പുറത്തുള്ള നേതാക്കൻമാർ പറഞ്ഞത്. ഇത് ധീരമായ ഒരു നടപടിയാണെന്ന് പറയണമെങ്കിൽ ഈ കേസ് ഉൽഭവിച്ച് നാല് കൊല്ലം മുമ്പ്. നമ്മുടെ പ്രധാനമന്ത്രി ബന്ധപ്പെട്ടവർക്കെതിരെ കേസ് എടുപ്പിക്കാനും അറസ്റ്റ് ചെയ്യിപ്പിക്കാനും മുന്നോട്ട് വരണമായിരുന്നു. നാല് കൊല്ലം ഈ കേസുകൾ പൂഴ്ത്തിവച്ച്, അത് ഇല്ലാതാക്കാൻ ശ്രമിച്ചിട്ട് അവസാനം പത്രപ്രവർത്തകർ കോടതിയിൽ പോയതിനുശേഷമാണ് പുറത്തുവന്നത്. അതാണോ ധീരത ? പ്രധാനമന്ത്രിയുടെ ഉത്തരവ് സി.ബി.ഐ. സ്വീകരിക്കരുതെന്ന് ഇപ്പോൾ പറഞ്ഞിരിക്കുകയാണ്.

ഒറ്റ കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ചാരായ നിരോധനമാണ് ഈ രാജ്യത്താകെ സ്വർഗ്ഗലോകമുണ്ടാക്കാൻ പോകുന്നതെന്ന് പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ചാരായനിരോധനത്തെ ഞങ്ങൾ എതിർത്തില്ല. ഞങ്ങളുടെ നേതാക്കൻമാർ ഞങ്ങളുടെ നയം വിശദീകരിച്ചു. തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാനും വിലക്കയറ്റം തടയാനുമെല്ലാമുള്ളഒറ്റമൂലിയാണോ ചാരായ നിരോധനം ? ചാരായം നിരോധിച്ചതുകൊണ്ട് പട്ടിണിയും പരാധീനതയും തൊഴിലില്ലായ്മയും ദാരിദ്ര്യവുമെല്ലാം മാറുമോ ? ചാരായം ഏപ്രിൽ ഒന്നാം തീയതി മുതൽ നിരോധിക്കും പിന്നെ ചാരായം നിയമപ്രകാരം കുടിക്കാൻ പാടില്ല. ബ്രാണ്ടി കുടിക്കാം നിരോധിച്ച ചാരായം ഒരാൾ കുടിച്ചാൽ നിയമപ്രകാരം കുറ്റമാണ്. ഒരാൾ ചാരായവും

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരാൾ ബ്രാണ്ടിയും കുടിച്ചാൽ ബ്രാണ്ടിയാണോ ചാരായമാണോ കുടിച്ചതെന്ന് പരിശോധിച്ചിട്ട് അയാളുടെ പേരിൽ കേസ് എടുക്കണം. പോലീസ് അറസ്റ്റ് ചെയ്യണം. അതിന് എന്ത് യന്ത്രമാണ് നിങ്ങൾ വച്ചിട്ടുള്ളത്. നിങ്ങൾക്ക് എങ്ങനെ ഇത് കണ്ടുപിടിക്കാൻ കഴിയും. ചാരായ നിരോധനം വെറും ഒരു പ്രഹസനമാണ്. വോട്ട് നേടാനുള്ള ഒരു ഒറ്റമൂലിയായി ഇത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കള്ള് ഷാപ്പുകളും ബ്രാണ്ടിഷാപ്പുകളുമെല്ലാം പോയ സംഖ്യ വച്ച് പരിശോധിച്ചാൽ അറിയാമല്ലോ. ഇതുകൊണ്ട് ഇന്നത്തേക്കാളും പാവപ്പെട്ടവരെ പാപ്പരാക്കുമെന്ന്, ചാരായം കുടിച്ചാൽ ഭർത്താവ് ഭാര്യയെ അടിക്കും. ബ്രാണ്ടി കുടിച്ചാൽ അടിക്കുകയില്ലേ. അപ്പോൾ ഇതൊക്കെ പാവപ്പെട്ട സാധാരണ ജനങ്ങളെ പറഞ്ഞുമനസ്സിലാക്കാൻവേണ്ടിയാണ്.

ഇപ്പോൾ ഒരു വനിതാനയം പ്രഖ്യാപിച്ചു. ഇന്ന് രാവിലെ നടന്ന അടിന്തിരപ്രമേയവും അതിന്റെ ചർച്ചയും ഞാൻ പറയേണ്ട കാര്യമില്ലല്ലോ. വനിതകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങളിൽ നിന്ന് അവരെ സംരക്ഷിക്കാൻ ഈ ഗവൺമെന്റിനു കഴിയുന്നുണ്ടോ? നയമുണ്ട്, പക്ഷേ ഫലത്തിൽ ഒന്നും നടക്കുന്നില്ല. ഇവിടത്തെ വനിതാനയംകൊണ്ട് ഈ രാജ്യത്തിലെ വനിതകൾക്ക് രക്ഷയുണ്ടോ? വിദ്യാർത്ഥിനികൾക്കും, യുവതികൾക്കും രക്ഷയുണ്ടോ? അവരെ സംരക്ഷിക്കുന്ന നിലപാടല്ലേ നിങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നയം ഉണ്ടായിട്ട് എന്തുകാര്യം. ഈ നയം എവിടെ നടപ്പിലാക്കാനാണ്. ഈ നയത്തിന് ഘടകവിരുദ്ധമായ പ്രവൃർത്തികളാണ് നിങ്ങളും നിങ്ങളുടെ പാർട്ടിക്കാരും നടത്തിക്കൊണ്ടിരിക്കുന്നത്. ഞങ്ങൾ കഴിഞ്ഞ 5 വർഷക്കാലം ഈ നിയമസഭയിൽ സത്യത്തിനും ന്യായത്തിനും വേണ്ടിയാണ് പോരാടിയിട്ടുള്ളത്, ഞങ്ങൾ സമരം ചെയ്തിട്ടുതള്ള്. അതേ സമയത്ത് നിങ്ങൾ അസത്യവും ചതിവും, വഞ്ചനയുമാണ് കൈമുതലാക്കിയിട്ടുള്ളത്. അതുകൊണ്ട് നിങ്ങൾക്ക് അതിന്റെ ഫലം ഉണ്ടാകും. ഞങ്ങൾക്ക് സത്യത്തിന്റേയും ന്യായത്തിന്റേയും ഫലം ഉണ്ടാകും. നാം പിരിഞ്ഞശേഷം നമുക്ക് കുരുക്ഷേത്ര ഭൂമിയിൽ കാണാം എന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. നാലകത്ത് സൂപ്പി</u> : സർ, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ നാലേമുക്കാൽ കൊല്ലമായി കേരളത്തിൽ ഭരണത്തിൽ ഇരിക്കുന്ന ഐക്യ ജനാധിപത്യമുന്നണി ഗവൺമെന്റ് ജനങ്ങളോടു പറഞ്ഞ രീതിയിൽ ഗവൺമെന്റ് പ്രഖ്യാപിച്ച നയപരിപാടികളുമായി ഏതാണ്ട് ലക്ഷ്യപ്രാപ്തിയിൽ എത്തിയിരിക്കുകയാണ്. 1991-92-ൽ ശ്രീ. ഉമ്മൻചാണ്ടി അവതരിപ്പിച്ച ബഡ്ജറ്റിൽ പറഞ്ഞ കാര്യങ്ങൾ ഇന്ന് ഏറെക്കുറെ പൂർത്തിയായി. വ്യാവസായിക-കാർഷിക മേഖലകളിൽ അടിസ്ഥാനപരമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടി ഒരു നയം സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി അന്ന് പറഞ്ഞിരുന്നു. ആ നയം രൂപീകരിക്കുകയും പ്രഖ്യാപിക്കുകയും ഇവിടെ നടപ്പാക്കുകയും ചെയ്തു. അതുപോലെതന്നെ ഈ അടുത്തകാലത്തായി കേരളത്തെ സാരമായി ബാധിക്കുന്ന രീതിയിൽ, വികസന രംഗത്ത് മാറ്റമുണ്ടാക്കുന്ന രീതിയിൽ ഒരുപാട് കാര്യങ്ങൾ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചു. അതും ഏറെക്കുറെ നടപ്പാക്കിക്കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ അവസാന ബഡ്ജറ്റ് എന്ന നിലയ്ക്ക് തെരഞ്ഞെടുപ്പ് അടുത്തുനിൽക്കുന്ന ഈ സാഹചര്യത്തിൽ പുതിയ പ്രഖ്യാപനങ്ങൾ ഒന്നും ഉണ്ടാവാതിരിക്കണമെന്ന് ഗവൺമെന്റിനു താല്പര്യം ഉള്ളതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിച്ച ഇടക്കാല ബഡ്ജറിൽ കാര്യമായ വാഗ്ദാനങ്ങളോ പ്രഖ്യാപനങ്ങളോ ഒന്നും ചേർത്തിട്ടില്ല. ബഡ്ജറ് അവതരണ വേളയിൽ ശ്രീ.വർക്കല രാധാകൃഷ്ണൻ ഒരു പുതിയ നയമുണ്ടാകുമെന്നോ അല്ലെങ്കിൽ പ്രഖ്യാപനമുണ്ടാകുമെന്നോ തെറ്റിദ്ധരിച്ചതിന്റെ പേരിൽ ബഡ്ജറ് അവതരണത്തെതന്നെ അദ്ദേഹം ചോദ്യം ചെയ്തു. തെരഞ്ഞെടുപ്പ് വരുന്നതുകൊണ്ട് പുതിയ നയങ്ങളും പരിപാടികളും പാടില്ല എന്ന് അദ്ദേഹം പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചുകൊണ്ട് പറയുകയുണ്ടായി. ബഡ്ജറ് അവതരണം കഴിഞ്ഞു. അതിനെക്കുറിച്ച് ഒരു അവലോകനം മാത്രമേ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നടത്തിയിട്ടുള്ളു. അത് വച്ചുകൊണ്ട് അപ്പുറത്തുനിന്ന് ഇതുമായി ബന്ധപ്പെട്ട് പ്രസംഗിച്ച ആളുകളൊക്കെ പറഞ്ഞത് അത് പൊള്ളയായ ഒരു റിപ്പോർട്ട് മാത്രമാണെന്നാണ്. ഇത് രണ്ടിനേറെയും വൈരുദ്ധ്യം നമുക്ക് മനസ്സിലാക്കാൻ കഴിയും. അവതരിപ്പിക്കുമ്പോഴും പുതിയ പരിപാടികളും പാടില്ലെന്ന് പറയുക ജനാധിപത്യബോധമുള്ള ഒരു ഗവൺമെന്റ് എന്ന നിലയ്ക്ക് തെരഞ്ഞെടുപ്പിനു തൊട്ടുമുൻപ് അവതരിപ്പിക്കേണ്ട ബഡ്ജറ് എന്തായിരിക്കണമെന്ന് അറിയാവുന്നതുകൊണ്ട് ആ രീതിയിൽ വിഭാവന ചെയ്ത് ഒരു ബഡ്ജറ് അവതരിപ്പിച്ചപ്പോഴും, പ്രഖ്യാപനം നടത്തിയപ്പോഴും, അതിനെക്കുറിച്ച് പരിഹസിക്കുന്ന രീതിയിലുള്ള പ്രസംഗങ്ങളും മറുഭാഗത്ത് നിന്നും ഉണ്ടായി. അതുപോലെതന്നെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് മുൻമുഖ്യമന്ത്രി ബഹുമാനപ്പെട്ട ഇ.കെ. നായനാർ പ്രസംഗിച്ചത് ഗവൺമെന്റിന്റെ റവന്യൂ എക്സ്പെൻറീച്ചർ വർദ്ധിക്കുന്നു. എന്നുള്ളതാണ്. അതേ സ്വരത്തിൽത്തന്നെ അദ്ദേഹം പറഞ്ഞു ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർക്ക് ഡി. എ., ക്ഷാമബത്ത, മറ്റ് ആനുകൂല്യങ്ങളും എന്നിവ കൂടുതലായി അനുവദിക്കണമെന്ന്. ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇത് രണ്ടും എങ്ങനെ ഒരുമിച്ചുകൊണ്ടുപോകൻ സാധിക്കും ? അത് സമന്വയിപ്പിച്ചുകൊണ്ട് ഒരു ബാലൻസിംഗ് അപ്രോച്ച് ഏതായാലും ബഹുമാനപ്പെട്ട ആൻറണിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സ്വീകരിച്ചു എന്നാണ് പൊതുവെ അക്കാര്യത്തെക്കുറിച്ച് എനിക്ക് പറയുവാനുള്ളത്. അതുപോലെതന്നെ അടിസ്ഥാന വ്യവസായങ്ങളും കൊണ്ടുവരുന്ന കാര്യം വ്യവസായ നയത്തിന്റെ ഭാഗമായി ഇവിടെ വ്യവസായ സംരംഭങ്ങളും ധാരാളം തുടങ്ങി. വ്യവസായത്തിന്റെ കണക്കൊന്നും ഞാൻ ഉദ്ധരിക്കുന്നില്ല. ഇതിന്റെ പേരിൽ കൂടുതൽ തൊഴിൽ അവസരങ്ങളും ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പോലീസിന്റെ കാര്യത്തെ സംബന്ധിച്ച് കാര്യമായ വിമർശനമൊന്നും ഉണ്ടായില്ല. ഏതായാലും സമാധാനമുണ്ട്. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിന്റെ ചർച്ചയിലും തുടർന്ന് ബഡ്ജറ് ചർച്ചയിലുമൊക്കെ പോലീസ് നയത്തെക്കുറിച്ച് കാര്യമായി ആരും വിമർശിച്ചിട്ടില്ല. ഏതായാലും പോലീസിന്റെ കാര്യത്തിൽ വളരെ കണിശമായ, കർശനമായ നടപടി സ്വീകരിച്ചു. പ്രതിപക്ഷത്തിന് പറയുവാനുള്ളത് പോലീസിനെ കയറൂരിവിട്ടു, നിയന്ത്രണമില്ല എന്നുള്ളതാണ്. പോലീസ് ഇടപെട്ടാലും ആക്ഷേപം ; ഇടപെടാതിരുന്നാലും ആക്ഷേപം. ഇടതുപക്ഷത്തിന്റെ കാലത്തുണ്ടായ പോലീസിലെ ഭരണം ഞങ്ങളും നിർത്തിവയ്പിച്ചു, അത് അവസാനിപ്പിക്കുകയും ചെയ്തു. അതൊരു മാതൃകയായി എല്ലാപേർക്കും സ്വീകരിക്കാവുന്നതാണ്.

ശ്രീ.പി.എം.മാത്യു : ഇടതുപക്ഷത്തിന്റെ കാലത്ത് പോലീസിന്റെ പണിവരെ മന്ത്രിയാണ് ചെയ്തിരുന്നതെന്ന് അങ്ങേക്ക് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. നാലകത്ത് സൂപ്പി : അതിനെക്കുറിച്ച് ഒന്നും ഞാൻ ഇപ്പോൾ പറയുന്നില്ല. വിദ്യാഭ്യാസരംഗത്ത് ഈ ഗവൺമെൻറ് നടപ്പിലാക്കിയ അടിസ്ഥാനപരമായ മൂന്നുകാര്യങ്ങളെക്കുറിച്ച് പറയുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ മാക്സിമം സോഷ്യൽ അഡ്വാൻറേജ് എന്ന് പറഞ്ഞാൽ പരമാവധി സാമൂഹ്യനൻമ കൈവരുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ ഗവൺമെൻറ് നടത്താൻ ശ്രമിച്ചത്. ആ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി അത് പരിഗണിച്ച് ഇവിടെ നടപ്പാക്കിയതിൽ ആരും അസൂയപ്പെട്ടിട്ട് കാര്യമില്ല. അതിൻെറ ഭാഗമായി ധാരാളം ക്ഷേമപ്രവർത്തനങ്ങൾ ഇവിടെ ഉണ്ടായി. അതുപോലെതന്നെ മൗലികമായി ഈ രാജ്യത്തെ ന്യൂനപക്ഷ പിന്നോക്ക ജനവിഭാഗങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ അന്തിമമായ തീരുമാനം എടുക്കുന്നതിന് ഈ ഗവൺമെൻറിന് സാധിച്ചു എന്നതും ഒരു വലിയ നേട്ടമാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഇനി ഒരിക്കലും മുസ്ലിംലീഗ് പോലെ ഉള്ള കക്ഷികൾക്ക് വിദ്യാഭ്യാസ വകുപ്പ് കൊടുക്കരുത് എന്നുള്ള യൂത്ത് കോൺഗ്രസ്സിൻെറ പ്രസ്താവന അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ ?

ശ്രീ. നാലകത്ത് സൂപ്പി : കോൺഗ്രസ് പാർട്ടിയിൽ ആരും അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങനെ പത്രത്തിൽ വന്ന വാർത്ത നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാഭ്യാസ മേഖലയിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയമെന്താണ് ? ഈ രാജ്യത്ത് വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിങ്ങളുടെ സമീപനം എന്താണ് ? ഒരുപാട്കാലം നിങ്ങൾ ശ്രീ. വിളനിലത്തിൻെറ കൂടെ അദ്ദേഹത്തെ വേട്ടയാടാൻ നടന്നു. ഒടുവിൽ നിങ്ങൾ അദ്ദേഹത്തെ പാരിതോഷികം നൽകി സ്വീകരിക്കുകയാണ് ചെയ്തത്. ഇവിടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കാൻ അടിസ്ഥാനപരമായ കാരണങ്ങൾ എന്താണ് ? കേരളത്തിലെ സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലങ്ങൾ നമുക്കറിയാം, വളരെക്കാലമായി അവഹേളിക്കപ്പെട്ട, നീതി നിഷേധിക്കപ്പെട്ട, അടിച്ച് അമർത്തപ്പെട്ട ഒരു വലിയ വിഭാഗം ഇവിടെയുണ്ട് അവർ അർഹിക്കുന്ന രീതിയിലുള്ള പദവിയും സ്ഥാപനങ്ങളിലും അനുവദിക്കുക എന്നത് ജനാധിപത്യരീതിയിലുള്ള ഒരു ഗവൺമെൻറിൻെറ ബാദ്ധ്യതയാണ്. ആ ബാദ്ധ്യത നിറവേറ്റുന്നതിൽ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് 100 ശതമാനം വിജയിച്ചിരിക്കുന്നു. അക്കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു അങ്കലാപ്പും, സങ്കോചവും ഇല്ല. അതിനെക്കുറിച്ച് മുസ്ലീംങ്ങൾക്ക് സ്ഥാപനം കൊടുത്തു എന്ന രീതിയിലാണ് നിങ്ങൾ അത് വ്യാഖ്യാനിച്ചിട്ടുള്ളത്. ഞാൻ ഒരു കാര്യം ചോദിക്കുകയാണ്. കഴിഞ്ഞ കുറെക്കാലമായി ഈ രാജ്യത്തെ വിദ്യാഭ്യാസരംഗത്ത് മാറ്റങ്ങൾ ഉണ്ടാക്കാൻ അതാതുകാലത്തു വന്ന ഗവൺമെൻറുകൾ ശ്രമിച്ചതാണ്. മലബാറിലും അതുപോലെ പിന്നോക്ക പ്രദേശങ്ങളിലും പിന്നോക്ക ജനവിഭാഗങ്ങൾ പ്രതിനിധീകരിക്കുന്ന പ്രദേശങ്ങളിലും കുറെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചു കൊടുത്തു. എന്താണിതിൽ തെറ്റ് ? ഈ രാജ്യത്തെ എല്ലാ മേഖലയിലും അസന്തുലിതാവസ്ഥ നിലനിർത്തുന്നതിനുവേണ്ടി ഞങ്ങൾ ചെയ്ത കാര്യമാണിത്. ബാലൻസ്ഡ് ഡെവലപ്പ്മെൻറാണ് ഗവൺമെൻറിൻെറ ലക്ഷ്യം. ആ ബാലൻസ്ഡ് ഡെവലപ്പ്മെൻറ് ഇവിടെ നടപ്പാക്കണമെങ്കിൽ എല്ലാ രംഗത്തും, എല്ലാ മേഖലയിലും വികസനം ഉണ്ടാകണം. റോഡുകളും പാലങ്ങളും മാത്രം ഉണ്ടായാൽ പോരാ. സാമൂഹ്യമാറ്റത്തിനുള്ള പ്രവർത്തനങ്ങൾ ഗവൺമെൻറാണ് സംഘടിപ്പിക്കേണ്ടത്. അത് ഇവിടെ നടപ്പാക്കി എന്നതിൽ കവിഞ്ഞ് എന്തപരാധമാണ് ഞങ്ങൾ ചെയ്തത് ?

LIBRARY ARCHIVES Kerala Legislative Assembly

അതിനിടയിൽ കമ്മ്യൂണൽവൽക്കരിച്ചു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ലീഗുകാരനാണ് അതുകൊണ്ട് മുസ്ലീങ്ങൾക്ക് സ്ഥാപനങ്ങൾ അനുവദിച്ചു കൊടുത്തു, അങ്ങനെ വളരെ മോശമായ രീതിയിലാണ് നിങ്ങൾ ചിത്രീകരിച്ചത്. ഈ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു പ്രസ്താവന പത്രത്തിൽ വന്നല്ലോ. അദ്ദേഹം ഒരു ഹിന്ദു വിരോധിയാണെന്ന് നിങ്ങളിൽ പല നേതാക്കൻമാരും പ്രസംഗിച്ചില്ലേ, നിങ്ങൾ mouth to mouth ഈ സെക്രട്ടേറിയറിനകത്തും ഗവൺമെൻറ് ഓഫീസുകളിലും ഇടനാഴികളിലുമൊക്കെ പ്രചരിപ്പിച്ചത് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. എ. കെ. ആൻറണിയും അദ്ദേഹത്തിൻറെ ഗവൺമെൻറും ഇവിടെ മുസ്ലീം ക്രിസ്ത്യൻ താൽപ്പര്യങ്ങൾ മാത്രമെ സംരക്ഷിക്കുന്നുള്ളു എന്നല്ലേ ? ഇന്നല്ലെങ്കിൽ നാളെ കറക്ട് ചെയ്യാൻ പറ്റാത്ത ഏറ്റവും വലിയ തെറ്റാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാർ അതുവഴി ചെയ്തതെന്ന് നിങ്ങൾ മനസ്സിലാക്കണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഇവിടെ ശ്രീ. കെ. കരുണാകരൻ ശിവഗിരി സംഭവത്തെയും എൻ. ഡി. പി. യെയും, പണിക്കരെയും, എൻ. എസ്. എസ്. നെയും കുറിച്ചുപറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? അദ്ദേഹമാണ് ഏറ്റവും വലിയ ഹിന്ദുവിരോധിയെന്നു വരുന്ന വിധത്തിൽ പ്രസ്താവന ഇറക്കിയത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. നാലകത്ത് സൂപ്പി : ശ്രീ. കരുണാകരൻ അങ്ങനെ പറഞ്ഞിട്ടില്ല. ആ കാര്യങ്ങളെക്കുറിച്ച് പരാമർശിച്ചുകാണും. ശ്രീ. കെ. കരുണാകരനും ശ്രീ. എ. കെ. ആൻറണിയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. കെ. എം. മാണിയും ശ്രീ. ടി. എം. ജേക്കബും ഒക്കെ കൂടി ആലോചിച്ച് ആ രണ്ടു കാര്യങ്ങളെ സംബന്ധിച്ച് പരിഹാരമുണ്ടാക്കും. ഒരു മതത്തോടും ഒരു ജാതിയോടും പ്രത്യേക ആഭിമുഖ്യം കാണിക്കുകയില്ലെന്ന് പറയുന്ന ആളുകളാണ് നിങ്ങൾ. നിങ്ങൾ എന്തിനാണ് ചങ്ങനാശ്ശേരിയിൽ വെറുതെ പോയത് ? അവിടത്തെ കാര്യത്തിൽ വികാരമുണ്ടായത് എന്തുകൊണ്ടാണ് ? എന്താണ് അവിടെ സംഭവിച്ചത് ? നിങ്ങൾ അതൊക്കെ ഊതിവീർപ്പിക്കാൻ ശ്രമിച്ചു. ശിവഗിരിയിൽ എന്താണ് ഉണ്ടായതെന്ന് ശ്രീ. വി. എസ്. അച്യുതാനന്ദൻ, നിങ്ങൾക്ക് അറിയാമല്ലോ. ശിവഗിരിയിൽ കോടതിവിധി നടപ്പാക്കണമെന്ന് മാസങ്ങൾക്ക് മുൻപ് ദേശാഭിമാനി എഡിറ്റോറിയൽ എഴുതി. ഈ സമീപനം ചില ആളുകൾ ഉണ്ടായിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതു നടപ്പാക്കി. അത് പരിഹരിക്കുന്നതിനു വേണ്ടി ബന്ധപ്പെട്ട ഇരുകക്ഷികളെയും വിളിച്ചുവരുത്തി സമുദായത്തിൻറെ ഭാഷയിൽ അതു പരിഹരിക്കുന്നതിന് ശ്രമിച്ചു. അത് സാധിക്കാതെ വന്നു. ഒടുവിൽ ഗവൺമെൻറിനു ഹൈക്കോടതി വിധി നടപ്പാക്കേണ്ടിവന്നു. മറ്റൊന്താണ് ഉണ്ടായത്. അതിനെക്കുറിച്ച് നിങ്ങൾ എന്താണ് പറഞ്ഞത് ? ശ്രീ നാരായണ ഗുരുദേവൻ എവിടെ? മാർക്സിസ്റ്റുകാർക്ക് എന്നുമുതലാണ് ഗുരുദേവനോട് പ്രേമം തോന്നിയത് ?

സർ, അതാണ് അവിടെയുണ്ടായത്. അതിനെക്കുറിച്ച് നിങ്ങൾ എന്താണ് പറഞ്ഞത് ? ശ്രീനാരായണ ഗുരുദേവനും നിങ്ങളും നിൽക്കുന്നത് എവിടെയാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. ജയരാജൻ : സർ, ശിവഗിരിക്ക് ഒരു അബദ്ധവും പറ്റിയിട്ടില്ല. ശ്രീ. ആൻറണിയുടെ കാലത്ത് പോലീസുകാരെക്കൊണ്ട് ശിവഗിരി അടിച്ചുപൊളിച്ചാണോ കോടതി വിധി നടപ്പിലാക്കുന്നത്?

ശ്രീ. നാലകത്ത് സൂപ്പി : സർ, നിങ്ങളുടെ കാലത്ത് കോടതിവിധി ഉണ്ടായിട്ടില്ലേ? അതിന് ഞാൻ എന്തുചെയ്യണം? അതിന് ശ്രീ. ആൻറണി എന്ത് ചെയ്യണം? ഇടതുപക്ഷത്തിൻെറ ഭരണകാലത്ത് കോടതിവിധി ഉണ്ടാകേണ്ടതായിരുന്നു. അത് ഉണ്ടായില്ല. ഞങ്ങളുടെ കാലത്ത് ആ കോടതിവിധിയുണ്ടായി. ആ വിധി നടപ്പിലാക്കേണ്ട ഉത്തരവാദിത്വം ഞങ്ങൾ ഏറ്റെടുത്തു.

ശ്രീ. എ. പത്മകുമാർ : സർ, നമ്മുടെ രാജ്യത്തിൻെറ ചരിത്രം എടുത്താലും, സംസ്ഥാനത്തിൻെറ ചരിത്രമെടുത്താലും ദേവാലയങ്ങൾക്കും ആരാധനാലയങ്ങൾക്കുംനേരെയുള്ള ആക്രമണങ്ങളുണ്ടായിട്ടുള്ളത് കോൺഗ്രസ് പാർട്ടിയുടെ ഭരണകാലത്തും ബി. ജെ. പി.യുടെ ഭരണകാലത്തുമാണെന്ന് ഉള്ളത് അങ്ങേക്ക് അറിയാമോ?

ശ്രീ. നാലകത്ത് സൂപ്പി : സർ, ബി. ജെ. പി.യുടെ ഭരണകാലത്തെ കുറിച്ച് ഞാൻ പറയുന്നില്ല. ബി. ജെ. പി.യെ ആ ഭരണരംഗത്തേക്ക് എത്തിക്കാൻ സഹായിച്ച ആളുകളാണ് നിങ്ങൾ. ഇവിടെയുണ്ടായ ദൗർഭാഗ്യകരമായ സംഭവത്തിൽ ഞങ്ങൾ സന്തുഷ്ടരല്ല. ഞാൻ അതിനെ ന്യായീകരിക്കുകയല്ല. അങ്ങനെയൊരു സംഭവം പോലീസിൻെറ ഭാഗത്ത് നിന്നുണ്ടായി. ഇടതുപക്ഷമുന്നണിയുടെ ഭരണകാലത്ത് ഇതുപോലൊരു കോടതി വിധി ഉണ്ടായിരുന്നുവെങ്കിൽ അത് നടപ്പിലാക്കാൻ ഉത്തരവാദപ്പെട്ട ഭരണകക്ഷി എന്നുള്ള നിലയ്ക്ക് നിങ്ങൾക്കും ഇതേ നടപടി സ്വീകരിക്കേണ്ടി വരുമായിരുന്നു. അന്ന് ആ കോടതിവിധിയുണ്ടായില്ല. ഞങ്ങളുടെ കാലത്താണ് കോടതിവിധിയുണ്ടായത്. ഞങ്ങൾക്കാണ് ആ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവന്നത്. ഞങ്ങൾ ധൈര്യത്തോടുകൂടി അത് ഏറ്റെടുത്തു.

ശ്രീ. എ. പത്മകുമാർ : സർ, ബാബറി മസ്ജിദിൻെറ കാര്യത്തിലും ഇതേ അഭിപ്രായം തന്നെയാണോ നിങ്ങൾക്കുള്ളത്?

ശ്രീ. നാലകത്ത് സൂപ്പി : സർ, ബാബ്റി മസ്ജിദിൻെറ കാര്യത്തിൽ അൽഭുതപ്പെടേണ്ട. ശ്രീ. ടി. കെ. ഹംസ ഒക്കെ അവിടെയുണ്ട്. എന്താണ് നിങ്ങളുടെ നയം? ഇവിടെ മർമറിംഗ് നടത്തുന്ന നേതാക്കൾ അടക്കം എൻെറ നിയോജകമണ്ഡലമായ മലപ്പുറം ജില്ലയിൽ വന്ന് പ്രസംഗിച്ചത് എന്താണ്? മുസ്ലീംലീഗ് ഇവിടെ മുസ്ലീങ്ങൾക്കുവേണ്ടി യാതൊന്നും ചെയ്യുന്നില്ലെന്നാണ്. മുസ്ലീംസഹോദരൻമാരെ നിങ്ങളൊക്കെ മാർക്സിസ്റ്റ് പാർട്ടിയിൽ വരൂ എന്ന് സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാടിൻെറ നാവുകൊണ്ട് രണ്ടാഴ്ച മുമ്പ് പ്രസംഗിച്ചതാണ്. നാണമുണ്ടോ സുഹൃത്തുക്കളേ? ഇത്രയും ദിവസത്തിനുള്ളിൽ ഒരേ നാവുകൊണ്ട് മാറിപ്പറയാൻ? ജാതിയും മതവും ഒന്നും ഞങ്ങൾ പറയുകയില്ല. ഇവിടെ ആര് ഭരിക്കുന്നു എന്നുള്ളത് നോക്കുകയില്ല. ജാതി നോക്കിയിട്ടല്ല ഞങ്ങൾ ഇവിടെ കാര്യങ്ങൾ തീരുമാനിക്കുന്നത്. ഈ രാജ്യത്തെ ജനങ്ങളിൽ ഞങ്ങൾ അർപ്പിച്ച വിശ്വാസം പരിപൂർണ്ണമായി പാലിക്കുന്നതിൽ ശ്രീ. ആൻറണിയാകട്ടെ, ശ്രീ. കരുണാകരനാകട്ടെ, മറ്റാരോ ആകട്ടെ, അതിൽ ഞങ്ങൾ ഉറച്ച് നിൽക്കുന്നു. അത് ഇവിടെ നടപ്പിലാക്കുന്നു. അതിനെ നിങ്ങൾ ജാതീയമായി വ്യാഖ്യാനിച്ച് ഈ രാജ്യത്തെ ജനങ്ങൾക്കിടയിൽ

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾ പരിഹാസ്യരാകുന്നുണ്ട് എന്നുള്ള വസ്തുത നിങ്ങൾ മനസ്സിലാക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിൽ നിങ്ങൾ സമരം തുടങ്ങി. അതുപോലെ ചാരായനിരോധനത്തിന് സമരം തുടങ്ങാൻ പോകുന്നു. ശ്രീ. എം. വി. രാഘവൻ ഈ നിയമസഭയിലെ അംഗമാണ്. നമ്മൾ നാളെ നിയമസഭയിൽ നിന്ന് പിരിഞ്ഞുപോവുകയാണ്. എല്ലാക്കാലത്തും നിയമസഭ പിരിഞ്ഞുപോകുമ്പോൾ ഗ്രൂപ്പ് ഫോട്ടോ എടുക്കലുണ്ട്. സ്വാഭാവികമായും എം. വി. രാഘവൻ ഈ നിയമസഭയിലെ ഒരംഗം എന്നുള്ളനിലയ്ക്ക് അദ്ദേഹത്തിന്റെ ഫോട്ടോ കൂടി വരുന്നുവെന്നുള്ള ഒറ്റക്കാരണംകൊണ്ട് ആ ഗ്രൂപ്പ് ഫോട്ടോ വേണ്ടെന്ന് പറയാനുള്ള ബുദ്ധിയല്ലേ മഹാൻമാരെ നിങ്ങൾക്കുള്ളത്? ഞാൻ അൽഭുതപ്പെടുകയാണ്. രാഷ്ട്രീയ വിരോധമുണ്ടാകാം. അഭിപ്രായ വ്യത്യാസമുണ്ടാകാം. നിങ്ങൾ വ്യക്തികളെ തേജോവധം ചെയ്യുകയാണ്. നിങ്ങൾ വളരെക്കാലം ശ്രീ. കരുണാകരനെക്കുറിച്ച് പറഞ്ഞു. ശ്രീ. കരുണാകരൻ പോയതിനുശേഷം ശ്രീ. ആൻറണി വന്നു. ശ്രീ. ആൻറണി വന്നപ്പോൾ ശ്രീ. ആൻറണിയെ വ്യക്തിപരമായി തേജോവധം ചെയ്യുകയാണ്. അതുപോലെ മറ്റു മന്ത്രിമാരേയും തേജോവധം ചെയ്യുകയാണ്. നിങ്ങൾ നടത്തുന്ന ആ ശ്രമം വിഫലമാകുമെന്നു മാത്രമെ അതിനെക്കുറിച്ച് ഞാൻ പറയുന്നുള്ളൂ. ജനങ്ങൾക്കിടയിൽ നിങ്ങൾ പരിഹാസ്യരായിരിക്കുന്നു. അതുകൊണ്ടാണ് നിങ്ങൾ സമരത്തിലേക്ക് പോകുന്നത്.

സർ, മലബാറിന്റെ വികസനത്തെക്കുറിച്ച് മലബാറിലെ ഒരു സെമിനാറിൽ പ്രസംഗിക്കുന്നത് ഞാൻ കേട്ടതാണ്. അവിടെ സെമിനാറിൽ പ്രസംഗിച്ചത് മലബാറിനെ അവഗണിക്കുന്നു എന്നാണ്. ഒരു സൂപ്പർ സ്പെഷ്യാലിറ്റി മെഡിക്കൽ കോളേജ് കണ്ണൂരിൽ കൊണ്ടുവന്നപ്പോൾ അതിന്റെ ഘടനയെക്കുറിച്ച് അല്ല പറഞ്ഞത്. അതിനെയാണ് എതിർത്തത്. ശ്രീ. എം. വി. രാഘവനെ തല്ലാൻ നോക്കിയില്ലേ?

സർ, അതുപോലെ മലബാർ യൂണിവേഴ്സിറ്റി കൊണ്ടുവന്നു. മലബാറിൽ വൈദ്യുത പദ്ധതി കൊണ്ടുവരുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി കാർത്തികേയൻ തീരുമാനമെടുത്തു. അതിനേയും നിങ്ങൾ എതിർക്കുന്നു. കാര്യങ്ങൾ ഈ രീതിയിലാണ് പോകുന്നത്. ഏതായാലും ഈ ഇരട്ടത്താപ്പ് നല്ലതല്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, അങ്ങയുടെ നേതാവ് അങ്ങ് ചവിട്ടി പുറത്താക്കിയ ശ്രീ. ഇബ്രാഹിം സുലൈമാൻ സേട്ടിനെ എന്തിനാ ഡൽഹിയിൽ കാണാൻ പോയത് എന്നുകൂടി വിശദീകരിച്ചാൽ തരക്കേടില്ല.

ശ്രീ. നാലകത്ത് സൂപ്പി : സർ, ഞങ്ങൾ പലതും ചെയ്യും. ശ്രീ. സുലൈമാൻ സേട്ട് ഞങ്ങളുടെ പാർട്ടിയിൽ നിന്ന് പോയ ആളാണ്. ഞങ്ങളുടെ തറവാട്ടിലേക്ക് ശ്രീ. സുലൈമാൻ സേട്ടിനെ ഞങ്ങൾ സ്വീകരിക്കും. അതിന് എന്താണ് ഇത്ര ആക്ഷേപം, അതിന് എന്താണ് സംശയം? ശ്രീ. സേട്ടിന്റെ കാര്യത്തിൽ നിങ്ങൾക്ക് വെപ്രാളം കാണുമെന്ന് ഞങ്ങൾക്കറിയാം. ചാരായ നിരോധനത്തിന്റെ കാര്യം പറയുന്നതുപോലെയല്ലേ? സുഹൃത്തുക്കളേ നിങ്ങളുടെ ആ വേല മനസ്സിലിരിക്കട്ടെ. കുറെ ആളുകളുടെ വോട്ട് നിങ്ങൾക്ക് വേണം. അത് നടക്കുകയില്ല.

സർ, വിദ്യാഭ്യാസ രംഗത്തായാലും ആരോഗ്യ രംഗത്തായാലും ഇവിടെ വലിയ മാറ്റങ്ങളുണ്ടാക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. ശ്രീ. പി. എസ്. ശ്രീനിവാസൻ പറഞ്ഞു വികസന കാര്യങ്ങളിൽ പക്ഷപാതം കാണിക്കുന്നു എന്ന്. അത് വളരെ ഖേദകരമായി പോയി. അദ്ദേഹത്തെപോലുള്ള ഒരാൾ അങ്ങനെ പറയാൻ പാടില്ലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മാർക്സിസ്റ്റുകാർ പറഞ്ഞാൽ എനിക്ക് മനസിലാക്കാം. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇരിപ്പുണ്ട്. എത്ര നിർലോഭമായി ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ റോഡുകൾക്ക് അംഗീകാരം കൊടുത്തു. ശുദ്ധജലവിതരണ പദ്ധതികൾ, കുഴൽക്കിണറുകൾ, അതുപോലെ . മറെറല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. അതിനൊക്കെ ബന്ധപ്പെട്ട മന്ത്രിമാരെ അഭിനന്ദിക്കണ്ടേ? ഏതെങ്കിലും ഒരു കാര്യത്തിൽ ഞങ്ങൾ രാഷ്ട്രീയമായി ഭരണകക്ഷിക്ക് മുൻതൂക്കം കൊടുത്തുവെന്ന് പറയാൻ സാധിക്കുമോ?

സർ, ഉദ്ഘാടനത്തിന്റെ കാര്യം. ഇന്നലെവരെ ഉദ്ഘാടനം നടത്താൻ അനുവദിക്കപ്പെടുന്ന അംഗീകാരമുള്ള ദിവസങ്ങളിൽ ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ എം. എൽ. എ. മാരുടെ നിയോജകമണ്ഡലത്തിൽ മന്ത്രിമാർ പോയി ഉദ്ഘാടനം ചെയ്തു. പ്രതിപക്ഷ എം. എൽ. എ. മാരെ അദ്ധ്യക്ഷസ്ഥാനത്തിരുത്തിയിട്ട് ഞങ്ങളുടെ മന്ത്രിമാർ പറയും ബഹുമാനപ്പെട്ട എം. എൽ. എ യുടെ നിരന്തരമായ പരിശ്രമംകൊണ്ടാണ് ഈ പദ്ധതിയുണ്ടായതെന്ന്. അങ്ങനെ പറയാനുള്ള വിശാല വീക്ഷണവും മഹാമനസ്കതയും കാണിക്കുന്ന ജനാധിപത്യ ബോധമുള്ള ഗവൺമെൻറിനെ കുറിച്ച് പ്രതിപക്ഷനേതാക്കൻമാർ ഇങ്ങനെ പറയുന്നത് ശരിയല്ല. ഇവിടെ ധാരാളം വികസനമുണ്ടായി. ഞങ്ങൾ വികസനരംഗത്ത് വിപ്ലവംതന്നെ ഉണ്ടാക്കിയിട്ടുണ്ട്. ഒരു പ്രാക്ടിക്കൽ അപ്രോച്ച് ഇക്കാര്യത്തിൽ ഞങ്ങൾ സ്വീകരിച്ചു. അതുപോലെ ശ്രീ. ആൻറണിയുടെ നേതൃത്വത്തിൽ ഈ ഗവൺമെൻറ് മറെറങ്ങുമില്ലാത്ത രീതിയിൽ ഒരു വികസനരംഗം ഇവിടെയുണ്ടാക്കി. അക്കാര്യം നിങ്ങൾ ഇന്ന് അല്ലെങ്കിൽ നാളെ അംഗീകരിക്കും. നിങ്ങളുടെ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ കാണിച്ചുവേണം നിങ്ങൾക്ക് വോട്ട് ചോദിക്കാൻ. അത് ഈ ഗവൺമെൻറിന്റെ കാലത്ത് ചെയ്തതാണെന്ന് നിങ്ങൾ വിസ്മരിക്കുന്നു. അത് ചെയ്തുതന്ന മന്ത്രി ആരാണെന്ന് നിങ്ങൾ വിസ്മരിക്കുന്നു. ആ ഇരട്ടത്താപ്പ് ജനങ്ങൾ അംഗീകരിക്കുകയില്ല. ജനങ്ങൾക്ക് ഇപ്പോൾ കാര്യങ്ങളൊക്കെ ബോദ്ധ്യമായിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾക്ക് സമരത്തിന് ആളുകളെ കിട്ടുന്നില്ല. ഇനി നിങ്ങൾ തുടങ്ങാൻ പോകുന്ന സമരത്തിനും ആളിനെ കിട്ടാതെവരും. അതുകൊണ്ട് യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ മനസ്സിലാക്കാൻ മാർക്സിസ്റ് പാർട്ടി തയ്യാറാകണം. സി. പി. ഐ. കാരോടും ആർ. എസ്. പി. യോടും എനിക്ക് ഒരപേക്ഷ മാത്രമേയുള്ളൂ. നിങ്ങൾ ഇനിയും അവിടെയിരുന്ന് ഈ രീതിയിൽ പോയി മാർക്സിസ്റ്റുകാരെ പോലെ നിങ്ങളുംകൂടി പരിഹാസ്യരാകണമോയെന്നുള്ളത് ആലോചിക്കണം.

സർ, ശ്രീലങ്കയിൽവച്ച് വേൾഡ് കപ്പ് ക്രിക്കറിന്റെ മൽസരം നടന്നല്ലോ. അതിൽ ശ്രീലങ്ക ചരിത്രം തിരുത്തിക്കുറിച്ചു. അവർ ബാറ്റ് ചെയ്തപ്പോൾ ജയിക്കുകയില്ലെന്ന് പറഞ്ഞില്ലേ. ഏതായാലും ശ്രീലങ്ക രണ്ടാമത് ബാറ്റ് ചെയ്തപ്പോൾ ട്രോഫി നേടി. ശ്രീലങ്ക വേൾഡ് കപ്പ് കിരീടം നേടിയതുപോലെ കേരളത്തിൽ ഒരു ഗവൺമെൻറ് കഴിഞ്ഞാൽ അടുത്ത് വരുന്നത് മറെറാരു ഗവൺമെൻറ്. ഇങ്ങനെ ഇടതും വലതും മാറിമാറി വരുന്ന കീഴ്വഴക്കമാണ് കേരളത്തിൽ ഉള്ളതെന്ന് പത്രങ്ങളൊക്കെ എഴുതിയതല്ലേ. അതിന് വിരുദ്ധമായി ശ്രീലങ്ക വേൾഡ് കപ്പ് നേടിയതുപോലെ കേരളത്തിൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് തുടർച്ചയായി വീണ്ടും അധികാരത്തിൽ വരുമെന്നുള്ള ഒരു ശുഭപ്രതീക്ഷയുണ്ട്. തീർച്ചയായും അധികാരത്തിൽ വരുമെന്ന് നിങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. മണി : വഞ്ചിയത്തിന്റെ ബഹുമാനപ്പെട്ട സഭാനായകർ അവർകളേ ഇന്ന് മാൻപുമിക നിതിത്തുറെ അമൈച്ചർ തിരു. സി. വി. പത്മരാജൻ അവർകൾ സമർപ്പണം ചെയ്തുള്ള വരവുചെലവു തിട്ടത്തെ നാൻ മനപ്പൂർവമാക ആതരിക്കിറേൻ. കടന്ത കാലകട്ടങ്കളിൽ ഇത് പോൻറ ഒരു വരവു ചെലവു തിട്ടത്തെ ഇന്ത സഭയിൽ സമർപ്പണം ചെയ്യപ്പടവില്ലൈ എൻപത് കേരള മക്കളുക്കു തെരിയും. കടന്ത 4 ആണ്ടുകാമാക ജക്കിയ ജന നായക മുന്നണി അരചു, തിരു. എ. കെ. ആൻറണി തലൈമയിലാന അരചു കേരള മാനില മക്കളുക്കാക നല്ല പല തിട്ടങ്കളൈ ചെയ്തിരുക്കിറത്. തേർതൽതാളിൽ കൊടുത്തുള്ള വാക്കുറുതികളൈ നിറൈവേറ്റുവതല്ലാമൽ വാക്കുറുതികളൈ കൊടുത്തു ഏമാറ്റവില്ലൈ എൻപത് നമത് മക്കളുക്കു നൻകു തെരിയും. കേരള മക്കളുക്കു നൻമൈ പയക്കും നല്ല പല തിട്ടങ്കളൈ നമത് അരചു ചെയലാറ്റി ഇരുക്കിറത്. പല കൊൾകൈകളൈ ഇന്ത സട്ടമൻറത്തിൽ അറിവിപ്പതോടല്ലാമൽ പല തിട്ടങ്കളൈ ചെയലാറ്റിരുക്കിറത് ഇന്ത അരചു.

കൽവിത്തുറൈയിൽ ഒരു കാലകട്ടത്തിലും ഇല്ലാത അളവിറ്കു വളർച്ചിയടൈന്തുള്ളത്. നൂറ്റുക്കുനൂറു കൽവി അറിവു പെറ്റിരുക്കക്കൂടിയ മാനിലത്തിൽ കൽവി അറിവു പെറ വേണ്ടുമാനാൽ അണ്ടൈ മാനിലങ്കളാന തമിഴ്നാടു അല്വത് കർനാടകത്തിറ്കു ചെൻറുപടിക്ക വേണ്ടിയ സൂഴ്നിലൈ ഉള്ളത്. എതിർകട്ചി നൺപർകളപ്പറ്റി കൂറ ആചൈപ്പടുകിറേൻ. കൊൾകൈയും തിട്ടമും ഇല്ലാത അവർകളിടം ചൊൽവതാൽ പലനില്ലൈ. ചെവിടൻ കാതിൽ ചങ്കു ഊതുവതുപോലാകും. എൻന ചൊൻനാലും ഏറ്റുക്കൊൾള മനോപക്കുവം കാൺപിക്കാതവർകളിടം ചൊൽലി പയനില്ലൈ.

ശ്രീ. പത്മകുമാർ : അല്ല, ഈ ജേക്കബ് ഗ്രൂപ്പും മാണി ഗ്രൂപ്പും തമ്മിലുള്ള മൽസരങ്ങൾകൊണ്ടാണ് ഈ കുഴപ്പങ്ങളൊക്കെ ഉണ്ടാവുന്നതെന്ന് അങ്ങ് ഇവിടെ പറയുന്നത് ശരിയാണൊ? അങ്ങ് യു.ഡി.എഫ്-ലെ ഒരംഗമല്ലേ? അതുകൊണ്ട് അങ്ങ് ഇങ്ങനെ പറയുന്നത് ശരിയല്ല.

ശ്രീ. എ. കെ. മണി : നാൻ സി.പി.ഐ., സി. പി. എം അടിക്കക് കൂടിപ്പെതപ്പറ്റി നാൻ ചൊല്ലവില്ലൈ.

ശ്രീ.പി. എം. മാത്യു : ഇടുക്കിയിലെ പെൺവാണിഭം ... എപ്പടി ഇരിക്കറത്? അന്ത ഡി.സി.സി. സെക്രട്ടറി സ്റ്റാറിഷൻ എങ്കേ ഇരിക്കെ?

ശ്രീ. എ. കെ. മണി : ഇപ്പതു ചതമാനത്തിറ്കു മേലാക തമിഴകർകൾ ഉള്ളനർ. ആകൈയാൽ തമിഴ് തെരിയാമൽ പേചവില്ലൈ. ഉങ്കളൈയും എന്നൈയും കരുത്തു വേറുപാടു ഉണ്ടുപണ്ണുവതറ്കാകച് ചൊൽകിറാർകൾ.

ശ്രീ. ലോനപ്പൻ നമ്പാടൻ : ഇടുക്കിയിൽ പെൺവാണിപം എപ്പടി ഇരുക്കിറത്?

ശ്രീ. എ. കെ. മണി : പെൺ വാണിപത്തൈപ്പറ്റി ഒരു പെൺ മാണിക്കം ശ്രീമതി രാധാ അവർകൾ സൊറ്പൊഴിവു നടത്തിനാർകളേ, അതുപോലിരുക്കിറത്.

ശ്രീ. എം. പത്മകുമാർ : ഇവിടെ പറയുന്നതിനകത്ത് എന്തെങ്കിലും അൺപാർലമെൻററിയായിട്ടുള്ള കാര്യങ്ങളുണ്ടായെന്ന് ചെയറിന് അറിയാമോ? അങ്ങ് റൂളിംഗ് നൽകേണ്ടതല്ലേ?

ശ്രീ. എ. കെ. മണി : അന്ത തർമ രാജാ ഇങ്കേ താൻ ഇരുക്കിറാർ. നമ്മിടം തേവൈയാന അളവിറ്കു കൽവിപോതനൈകൾ ഇരുന്താലും പോതുമാന അളവിറ്കു കൽവികൂടങ്കൾ ഇല്ലൈ. നമത് മാനിലത്തിലുള്ള കുഴന്തൈകൾ തമിഴ്നാടു, കർനാടക പോൻറ മാനിലങ്കളിൽ ചെൻറു പണം ചെലവഴിത്തു കൽവി

LIBRARY ARCHIVES Kerala Legislative Assembly

കற്று വരുകിறார்கள். அந்தப்பணத்தை கேரள மாநிலத்தில் செலவு செய்து இங்கே படிப்பதற்கு நமது அரசு நடபடிகள் எடுத்துள்ளன. என்னைப் பொறுத்தவரையில் நான் மிகவும் பின்தங்கிய தொகுதியைச் சார்ந்தவன். கடந்த 40 ஆண்டு காலமாக உயர்கல்விக்காக எனது தொகுதி மக்கள் தமிழ்நாடு, சிற்றூர், பாலக்காடு, திருவனந்தபுரம் போன்ற இடங்களுக்கு சென்று பணம் செலவழித்து படித்துக்கொண்டிருக்கிறார்கள். இந்த நிலை நமது ஐக்கிய ஜன நாயக முன்னணி அரசிற்கு புரிந்தது. திரு எ. கெ. ஆன்டணி அவர்கள் கேரள மாநிலத்தில் வாழும் தமிழ் மக்களிடம் கருணைகொண்டு கேரள மாநிலத்தில் அனுமதிக்கப்பட்ட அரசு கல்லூரிகளில் ஒன்று தேவிகுளத்திற்கு அனுமதித் துள்ளார். மதிப்பிற்குரிய கல்வி அமைச்சர் திரு. இ. டி. முஹம்மது பஷிர் அவர்களுடைய காலத்தில் தேவிகுளத்திற்கு அரசு கல்லூரி கிடைத்துள்ளது.

ശ്രീ. പി. എം. മാത്യു : അങ്ങേക്ക് ഇവിടെ പറയുന്നത് മനസിലാവുന്നുണ്ടോ ? അങ്ങ് എന്തെങ്കിലും പ്രശ്നം ഈ പ്രസംഗത്തിനുള്ളിൽ വന്നാൽ അതിന് മറുപടി പറയേണ്ടതല്ലേ ?

மி. டெப்யூட்டி ஸ்பீக்கர் : எனிக்ஃ மனஸ்ஸிலாவும். கொஞ்ஃ கொஞ்ஃ.

ஶ்ரீ. எ. கெ. மணி: கல்வியை பொறுத்தளவில் ஒரு காலத்திலும் இல்லாத அளவிற்கு என்னுடைய தொகுதி வளர்ச்சி பெற்றுள்ளது.

அடுத்தபடியாக பொதுப்பணித்துறை கோடிக்கணக்கான பணம் செலவு செய்து மலையோரங்களிலுள்ள ரோடுகளை செம்மைப்படுத்தியிருக்கிறது இந்த அரசு. முன்காலங்களில் இடதுசாரி ஆட்சி புரிந்த காலங்களில் தேசிய நெஞ்சாலை 49 மதுரை-கொச்சி எல்லாம் ஹம்சா குண்டுகள் என்றுதான் நான் கேள்விப்பட்டிருந்தேன் அந்த நிலை மாறி இப்பொழுது அழகான ரோடுகளை எனது தொகுதியில் அமைந்திருக்கிறார்கள்.

வேளாண்மை துறையை எடுத்துக்கொண்டோமானால் விவசாயிகள் கடின உழைப்புடையவர்கள்; இந்தத்துறையில் மிகப்பெரிய வளர்ச்சிகளை இந்த அரசின் காலகட்டத்தில் கேரள மாநிலத்தில் செய்துள்ளது. நீர்பாசனம், உரம், விதைகள், டீநாசினிகள் போன்றவற்றை உழவர்களுக்கு இலவசமாக கொடுத் திருக்கிறார்கள். கால்நடை மருத்துவமனை இல்லாத எல்லா பஞ்சாயத்துக் களுக்கும் கால்நடை மருத்துவமனையை அமைந்திருக்கிறார்கள். வேளாண்மை அலுவலகம் அல்லாத ாஞ்சாயத்துக்களுக்கும் கிராமங்களுக்கும் வேளாண்மை அலுவலகம் அமைத்துக் கொடுத்திருக்கிறார்கள்.

ശ്രീ. എ. പത്മകുമാർ : ബഹുമാനപ്പെട്ട അങ്ങ് നല്ല സുന്ദരമായിട്ട്, മലയാളത്തിൽ സംസാരിക്കുന്നത് ഞാൻ കേട്ടിട്ടുള്ളതാണ്. എന്നാൽ അങ്ങ് ഇടുക്കിയിൽ പോകുമ്പോഴും മലയാളത്തിലും ഇവിടെ വന്നിട്ടു തമിഴിലും സംസാരിക്കുന്നത് ഈ ബഡ്ജറിനെക്കുറിച്ച് ഒന്നും പറയാനില്ലാത്തതു കൊണ്ടും ഞങ്ങൾക്ക് അത് മനസ്സിലാവാതിരിക്കാനും വേണ്ടിയല്ലേ ? വീട്ടിൽ ചെല്ലുമ്പോൾ ഭൂമി വരന്നതും സ്ക്കൂളിൽ ചെല്ലുമ്പോൾ ഭൂമി ഉരുണ്ടതും എന്നു പറയും പോലെയാണിത്.

டெப்யூட்டி ஸ்பீக்கர் : மலையாளவும் தமிழும் எல்லாம் இவிடெ ஓர்டரில் தன்னெயுண்ஃ. எங்கினெ வேணமெங்கிலும் பாயாம்.

ശ്രീ. എ. കെ. മണി : തമിഴും മലയാളമും തായും സേയും പോൻറതു. ആകയാൽ വേറുപടുത്തി കാൺപതു സരിയല്ല. ആകയാൽ സമമാക പാർക്ക വേൺടിയ നിലൈമൈ ഉൾളതു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി : അല്ല, മണി, ഇന്നുകാലത്ത് അടിയന്തിര പ്രമേയം സംബന്ധിച്ച ചർച്ച നടന്നസമയത്ത് തന്നെ സംസാരിക്കാൻ അനുവദിച്ചില്ലെന്ന് പറഞ്ഞുകൊണ്ട് ഇവിടെ ബഹളംകൂട്ടുന്നത് കണ്ടു. എന്നിട്ടിപ്പോഴ അതേക്കുറിച്ച് ഒരുവാക്ക് പോലും അങ്ങ് പറയുന്നില്ല. പ്രത്യേകിച്ചും അങ്ങയുടെ ജില്ലാ സെക്രട്ടറിക്കുകൂടി പങ്കാളിത്തമുള്ള ഒരു കേസിൽ ഒരക്ഷരംപോലും പറയാതിരിക്കുന്നത് ശരിയല്ല. പിന്നെ രാവിലെ എന്തിനാണ് ഇവിടെ സംസാരിക്കാൻ അനുവദിച്ചില്ലെന്നു പറഞ്ഞ് ബഹളം വച്ചത് ?

ശ്രീ. എ. കെ. മണി : തൊടക്കത്തിലേയേ തേവയില്ലാതതൈപ്പറ്റി പേച വേണ്ടാം. കടൈസിയിൽ സൊല്ലലാമ് എന്റു നിനൈത്തേൻ. വേളാണ്മൈത് തുറൈയിൽ മികപ്പെരിയ പുരട്ചികമാന തിട്ടങ്കളിൽ വെറ്റിപ്പെറ്റിരുക്കിറതു നമതു അരചു. തിരു. പി. പി. തങ്കച്ചൻ കാലത്തിലും തിരു .പി. പി. ജാർജ് മാസ്ടർ കാലത്തിലും കേരള മാനിലം വേളാണ്മൈത്തുറൈയിൽ മികപ്പെരിയ വളർച്ചിയൈപ് പെറ്റുള്ളതു എന്റാൽ യാരാലും മറുക്ക മുടിയാതു.

പൊതു വിതിയോകത് തുറൈയൈപ് പറ്റി നാൻ കൂറ ആചൈപ്പടുകിറേൻ. അരിചനങ്കളും ആതിവാചികളും വാഴക്കൂടിയ കാലകണിനിൽ പുതിതാക റേഷൻ കടൈകൾ അനുമതിത്തിരുക്കിറാർകൾ. ഇപ്പൊഴുതു എങ്കേയാവതു അരിചി പഞ്ചം ഉൾളതാ, ഒരു കുടുംപത്തിറ്കു 50 കിലോ അരിചി വേണ്ടുമാനാലും കൊടുപ്പതറ്കു ഇന്ത അരചു തയാരാക ഉൾളതു. ഇന്ത അളവിറ്കു വളർച്ചിപ് പെറ്റുള്ള നമതു അരചൈ കുറൈ കൂറുവതൈ നാൻ എതിർക്കിറേൻ.

ശ്രീ കിരുഷ്ണൻകുട്ടി : താങ്കൾ തമിഴ്നാട്ടിറ്കു പക്കത്തിൽ താനേ ഇരുക്കിറീർകൾ. അങ്കേ അരിചി വിലൈ എന്ന? ഇങ്കേ എന്ന വിലൈ? ഒരു കുടുംപത്തിറ്കു എവ്വളവു പാതിക്കും എന്റു സൊല്ലുങ്കൾ പാർക്കലാമ്.

ശ്രീ എ. കെ. മണി : നാൻ കേരളത് തമിഴൻ. നാൻ കേരള മാനിലത്തൈപ്പറ്റി പേചിനാൽ പോതുമേ.

തൊഴിലാളർകളൈപ്പറ്റി പേചും പോതു തിരു. ആരിയാടൻ മുകമ്മതു തൊഴിലാളർകളുക്കു പല നല്ല കാരിയങ്കളൈ ചെയ്തുള്ളാർ. ഉലകത് തൊഴിലാളർകളേ ഒന്റു ചേരുങ്കൾ എന്റു സൊല്വാർകൾ. ആനാൽ ഉൾളൂർ തൊഴിലാളർകളേ ഉണ്ടിയർ തോണ്ടക്കൂടിയ ഇടതുചാരി എത്തനൈയോമുറൈ ആട്ചിക്കു വന്തപോതിലും തൊഴിലാളർകളുക്കു 1 രൂപായ് 50 പൈചാവിറ്കു മേൽ ഒരു നയാപൈചാകൂട കൊടുപ്പതറ്കു മുൻവരവില്ലൈ. മതിപ്പിറ്കുരിയ മുതൽവർ തിരു. എ. കെ. ആൻടണി അവർകളുടൈയ കാലകട്ടത്തിൽ തോട്ടത് തൊഴിലാളർകളുക്കു 8 രൂപായ് കൂടുതലാക ചംപള ഉയർവു അനുമതിത്തു കൊടുത്തിരുക്കിറതു ഇന്ത അരചു തിട്ടത്തിൽ പെൻഷൻ, പോനസ് പോൻറവറ്റിലുമ്.....

ശ്രീ. പി. ടി. തോമസ് : ബഹുമാനപ്പെട്ട മെമ്പർ തമിഴ് ജനതയൈ പ്രതിനിധികരിക്കുകയും പ്രത്യേകിച്ച് തമിഴ് വംശജർക്കുവേണ്ടി വളരെ ശക്തിയായി വാതിക്കുകയും ചെയ്യുകയാണല്ലോ. നമ്മുടെ ജില്ലയിൽ തമിഴ് തൊഴിലാളികളെയും തമിഴ്നാട്ടിൽനിന്ന് വന്ന് എസ്റ്റേറ്റ് നടത്തുന്ന ആളുകളെയും കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടി കരുതിക്കൂട്ടി കൊല്ലുകയും നിരന്തരമായി പീഡിപ്പിക്കുകയും ചെയ്യുന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ എ. കെ. മണി : എനതു നൺപർ കൂറിയതു ഉൺമൈതാൻ. ഏലത്തോട്ട മുതലാളികളുക്കും വാഴമുടിവതില്ലൈ. ഇന്ത തൊഴിലാളർകളുക്കും ഏലത് തോട്ട നിലൈമൈതാൻ ഇടതുചാരി നൺപർകളാൽ എങ്കളുക്കും ഏറ്പട്ടുള്ളതു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സുറ്റുലാത്തുറയിൽ മികപ്പെരിയ വളർച്ചിയെ ഏറ്പടുത്തിയുൾളതു ഇന്ത അരചു. ഇതെ യാരാലും മറുക്കമുടിയാതു. മൂണാറെ മുതൻമുതലാക സുറ്റുലാമൈയമാക ഉലക വരൈപടത്തിൽ അറിവിക്കപ്പട്ടുൾളതു, അങ്കീകരിക്കപ്പട്ടുൾളതു.

ശ്രീ. ഇ. പി. ജയരാജൻ : ബഹുമാനപ്പെട്ട മണി, തമിഴ് ഭാഷാ ന്യൂനപക്ഷങ്ങൾക്ക് കേരളാ ഗവൺമെൻറ് ഒരു സഹായവും നൽകുന്നില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ട് അങ്ങ് മൂന്നാറിൽ ഒരു സമരം നടത്തുമെന്ന് പ്രസ്താവിച്ചതായി ചില പത്രങ്ങളിൽ വാർത്ത വന്നിരുന്നു. ഇപ്പോഴാകട്ടെ, ഇടുക്കി മലമുകളിലെല്ലാം വാഹനങ്ങൾ തട്ടിക്കൊണ്ടു പോകുന്നുണ്ടെന്നു. സ്ത്രീകളെ തട്ടിക്കൊണ്ടു പോകുന്ന റാക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവിടത്തെ ക്രമസമാധാനം വഷളായിരിക്കുകയാണെന്നും അങ്ങേയ്ക്കുതന്നെ അഭിപ്രായമുള്ളതായി പ്രഖ്യാപിച്ചതായി കാണുന്നു. ഇത് പരിഹരിക്കാൻ എന്ത് നിലപാടാണ് അങ്ങ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. മാത്യു സ്റ്റീഫൻ ; ഇടുക്കിയിൽ അങ്ങനെയൊരു റാക്കറ്റും പ്രവർത്തിക്കുന്നില്ല. ഇടുക്കിയേക്കാൾ കൂടുതലായി റാക്കറ്റുകൾ പ്രവർത്തിക്കുന്നില്ല. കണ്ണൂരാണ് എന്ന കാര്യം കൂടി ബഹുമാനപ്പെട്ട ജയരാജൻ മറക്കാതിരുന്നാൽ നന്നായിരിക്കും.

ശ്രീ എ. കെ. മണി : ഇടുക്കിയിൽ പെൺമണികളെ തട്ടിക്കൊണ്ടു റാക്കെട്ടുകളിൽ പോകവില്ലെ. ഇങ്കിരുന്തു പെൺമണികളെ കണ്ണൂരുക്കു തട്ടിക്കൊണ്ടു പോകിറാർകൾ. മേലേ കൊണ്ടു പോവതില്ലെ. ഇടുക്കിയിൽ ഒരു പിരച്ചനെയും ഇല്ലെ.

പുതിയ ഐ. എച്. ടി. പി. കാലണികൾ മാനിലം മുഴുവതും അങ്കീകരിക്കപ്പട്ടുൾളതു. ഇന്ത അരചു പല നൻമൈകളൈയും ചെയ്തുൾളതു. ഏപ്രൽ 1-ം തിയതി മുതൽ മാനിലത്തിൽ സാരായം മുഴുവതുമാക നിറുത്തൽ ചെയ്യപ്പടും. സാരായം നിറുത്തൽ ചെയ്യപ്പടുമ് പോതു ഇമ്മാനിലത്തിലുൾള പെൺമണികൾ തിരു. എ. കെ. ആൻടണിയൈയും ഇന്ത അരചൈയും അങ്കീകരിക്ക തയാരാകാ ഇരുക്കിറാർകൾ. അതുപോലവേ മീൻചാരം, നുകാതാരം, കിരാമവളർച്ചി തുറൈകളിലും കേരള മാനിലം പല മുൻനേറ്റങ്കളൈ കൺടിരുക്കിറതു. ഒരു കാലകട്ടത്തിലും ഇല്ലാത അളവിറ്കു വളർച്ചി അടൈന്തുൾളതു. മേലും തൊഴിറ് ചാലൈകളും കൂടുതലാക വളർച്ചി അടൈന്തുൾളതു.

സർ, ഈ സംസ്ഥാനത്തുണ്ടായ ഏറ്റവും വലിയ ദു:ഖകരമായ ഒരു കാര്യമാണ് ഇന്ന് രാവിലെ ശ്രീമതി രാധ ഇവിടെ ഉന്നയിച്ചത്. അത് എൻറെ മണ്ഡലത്തിലുണ്ടായ കാര്യമാണ്. ഒരു സ്കൂൾ കുട്ടിയെ തട്ടിക്കൊണ്ടുപോയി കേരള സംസ്ഥാനമാകെ കൊണ്ടുനടന്ന് ബലാൽസംഗം ചെയ്തു.

ശ്രീ. ടി. ചാത്തു : അങ്ങയുടെ മണ്ഡലത്തിലല്ലേ ഈ സംഭവം നടന്നത് ? അങ്ങയുടെ മണ്ഡലത്തിൽ ഈ സംഭവം നടന്ന് 40 ദിവസം കഴിഞ്ഞതിനുശേഷം ഇന്നല്ലേ ശ്രീമതി രാധയല്ലേ അടിയന്തിരപ്രമേയം കൊണ്ടുവന്നത് ? അങ്ങയുടെ നേതാക്കൻമാരാണ് ഈ സംഭവത്തിന് പുറകിലുള്ളതെന്നതുകൊണ്ടാണോ ഇതുവരെ അങ്ങ് അങ്ങയുടെ മണ്ഡലത്തിൽ നടന്ന ഈ പ്രശ്നം ഉന്നയിക്കാതിരുന്നത് ?

ശ്രീ. എ. കെ. മണി : ഞാൻ ഈ പ്രശ്നം 12-3-1996-ൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് സബ്മിഷനായി എഴുതി കൊടുക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പരാതി എഴുതികൊടുക്കുകയും ചെയ്തതാണ് എനിക്ക് സബ്മിഷൻ അനുവദിച്ചില്ലെന്നുള്ളത് വാസ്തവമാണ്. രാവിലത്തെ ശ്രദ്ധക്ഷണിക്കലിനെ തുടർന്ന് എന്റെ മണ്ഡലത്തിലുണ്ടായ ആ കാര്യം ഉന്നയിക്കാൻ എനിക്ക് അവസരം തരാത്തതിൽ ദു:ഖമുണ്ട്. 14-1-1996-ൽ ആണ് ഈ പെൺകുട്ടി മൂന്നാർ ലിറ്റിൽ ഫ്ളവർ സ്കൂളിൽനിന്നും ഇറങ്ങിപ്പോയത്. കമ്പാനിയൻ എന്ന് പറയുന്ന ട്രാൻസ്പോർട്ടിൽ ജോലി ചെയ്യുന്ന ഒരു കണ്ടക്ടറൊടൊപ്പമാണ് ഈ കുട്ടി ഇറങ്ങിപ്പോയത്. ആ കണ്ടക്ടർ കൊണ്ടുപോയി ഈ കുട്ടിയെ കച്ചവടം ചെയ്തിരിക്കുകയാണ്. ആർക്കും അംഗീകരിക്കാൻ പറ്റാത്ത ഒരു ഇൻസിഡൻറാണ് ഇവിടെ നടന്നിട്ടുള്ളത്. എന്റെ മണ്ഡലത്തിൽ നടന്നിട്ടുള്ളതുപോലെ ഈ കേരള സംസ്ഥാനത്ത് എവിടെയും നടക്കാൻ പാടില്ല. പോലീസ് ഈ കേസുമായി ബന്ധപ്പെടുന്നതിന് മുമ്പ് കേരള സംസ്ഥാനം മുഴുവനുള്ള ഡി.ജി.പി. യെയും ഡി.ഐ.ജി.യെയും എന്റെ മണ്ഡലത്തിലെ എസ്.പി.യെയും ഡി.വൈ എസ്.പി.യെയും പോലീസിനെയും വിളിച്ച് ഈ കാര്യം അറിയിക്കുകയും അതിനെത്തുടർന്ന് നടപടികളെടുക്കുകയും ചെയ്തു. ഐ.പി.സി. 366, 373, 374, 376, 34 എന്നീ വകുപ്പുപ്രകാരം 27-ാം തീയതി കേസ് എടുക്കുകയും ഇതുമായി ബന്ധപ്പെട്ട സാമൂഹ്യ ദ്രോഹികളെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഈ സംഭവം നടന്നിട്ട് ഒരു മാസത്തിലധികമായിട്ടും ഈ കാര്യം പ്രതിപക്ഷം ഉന്നയിക്കാൻതയ്യാറായില്ല. അതാണ് വാസ്തവം. ഇതൊരു രാഷ്ട്രീയ കച്ചവടമാക്കാൻ ഞാൻ ഒരിക്കലും ഉദ്ദേശിക്കുന്നില്ല. കാരണം, അത് ചെയ്യാൻ പാടില്ല. ഒരു കുടുംബത്തിൽ ഒരു പെൺകുട്ടിക്ക് ഉണ്ടായിട്ടുള്ള സംഭവം അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ ഒരു ഇഷ്യൂവായി കൊണ്ടുവന്ന് ആ കുടുംബത്തെ നാറ്റിക്കാനുള്ള പ്രവണത ഒരു ഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ല. ഈ സംസ്ഥാനത്ത് ഇനിമേലിൽ ഇതുപോലുള്ള കാര്യങ്ങൾ ഉണ്ടാകാൻ പാടില്ല. എത്ര ഉന്നതൻമാരാണ് ഈ കേസുമായി ബന്ധപ്പെട്ടിട്ടുള്ളതെങ്കിലും അവരെ അറസ്റ്റ് ചെയ്യുകയും അവരുടെ പേരിൽ ശക്തമായ നടപടികൾ ഗവൺമെൻറ് എടുക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ഇ. എം. അഗസ്തി : സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ആമുഖത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ വളരെ ഉന്നതമായ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരുബഡ്ജറാണ് ഇതെന്നുള്ളതുകൊണ്ടാണ് അനുകൂലിക്കുന്നത്. ഈ ബഡ്ജറ സാധാരണ ബഡ്ജറിൽനിന്നും വ്യത്യസ്തമാണെന്നുള്ളകാര്യം നമുക്ക് എല്ലാവർക്കും അറിയാം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അദ്ദേഹത്തെ സഹായിക്കുന്ന ഉദ്യോഗസ്ഥൻമാരും ഈ ബഡ്ജറിന്റെ പണിപ്പുരയിൽ ഇരിക്കുന്ന സമയത്ത് നമ്മുടെ സംസ്ഥാനത്തെ പ്രതിപക്ഷ നേതാവ് വലിയൊരു വിവാദത്തിന്റെ മാലപ്പടക്കം പൊട്ടിക്കാൻ ശ്രമിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞു, ഈ ഗവൺമെൻറിന് ബഡ്ജറ് അവതരിപ്പിക്കാൻ അവകാശമില്ല. ഒരു സമ്പൂർണ്ണ ബഡ്ജറ് അവതരിപ്പിച്ചുകൊണ്ട് ജനങ്ങളുടെ മുമ്പിൽ പോകാൻ അവകാശമില്ല, കാരണം തെരഞ്ഞെടുപ്പ് വരാൻ പോകുന്നു. തെരഞ്ഞെടുപ്പിൽ പുതിയ വാഗ്ദാനങ്ങളും പുതിയ നികുതി ഇളവുകളും പ്രഖ്യാപിക്കുന്നതുകൊണ്ട് അടുത്തുവരാൻ പോകുന്ന തെരഞ്ഞെടുപ്പിനെ സ്വാധീനിക്കുമെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന് സ്വാഭാവികമായും ഭയപ്പാടുണ്ടാകും. ഞാൻ അദ്ദേഹത്തെ കുറ്റം പറയുന്നില്ല. കാരണം, ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിൻെറ അഞ്ചാമത്തെ തുടർച്ചയായ ബഡ്ജറ്റാണിത്. ഓരോ ബഡ്ജറ്റ് വരുമ്പോഴും കൂടുതൽ ജനക്ഷേമകരങ്ങളായ പരിപാടികളും നിർദ്ദേശിക്കാനും

4 p. m.] കൂടുതൽ നികുതികളും കൊണ്ടുവരാനും കഴിഞ്ഞ അഞ്ച് വർഷം കൊണ്ട് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിന് കഴിഞ്ഞിട്ടുണ്ട്. തെരഞ്ഞെടുപ്പിൻെറ പൂമുഖത്ത് നമ്മൾ എത്തിനിൽക്കുമ്പോൾ തീർച്ചയായും ഐക്യജനാധിപത്യമുന്നണിക്ക് മാറ്റ് കൂട്ടുന്ന ഒരു ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പത്മരാജൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബഡ്ജറ്റ്കൊണ്ട് അടുത്ത തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ മുന്നണിക്ക് ദോഷം ഭവിച്ചേക്കുമോ എന്നുള്ള ഭയപ്പാടുകൊണ്ടാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ല എന്ന വാദഗതി ഉന്നയിച്ചത് എന്നു ഞാൻ കരുതുന്നു. പക്ഷെ അദ്ദേഹത്തിൻെറ ഭയാശങ്കകൾക്ക് പരിഹാരമുണ്ടാക്കിക്കൊണ്ടുതന്നെ ഉന്നതമായ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തി പിടിക്കാൻ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് തീരുമാനിച്ചു. അതുകൊണ്ട് തന്നെയാണ് ഞങ്ങൾ ഒരു ഇടക്കാല ബഡ്ജറ്റ് അവതരിപ്പിച്ചത്. ഒരു സമ്പൂർണ്ണ ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ല എന്ന് നിയമത്തിലും ഭരണഘടനയിലും പറയുന്നില്ല. ബഡ്ജറ്റ് അവതരിപ്പിക്കുക എന്നത് ഗവൺമെൻറിൻെറ കടമയാണ്; ഗവൺമെൻറിൻെറ ജോലിയാണ്. ബഡ്ജറ്റ് ഗവൺമെൻറിൻെറ സൃഷ്ടിയാണ്. അത് ഭരണത്തിൻെറ ഭാഗമാണ്. ആ കീഴ്വഴക്കങ്ങളുണ്ടെങ്കിലും പ്രതിപക്ഷ നേതാവിൻെറ സമാധാനത്തിനുവേണ്ടി ഒരു ഇടക്കാല ബഡ്ജറ്റുമായി ജനങ്ങളുടെ മുൻപാകെ ഐക്യജനാധിപത്യമുന്നണി നിൽക്കുകയാണ്. അതിൽ ഐക്യ ജനാധിപത്യമുന്നണിക്ക് തികഞ്ഞ അഭിമാന ബോധമുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളത്തിലും ഇൻഡ്യയിലും നടപ്പിലാക്കിയിട്ടുള്ള വസ്തുതകളുടെ നേട്ടങ്ങളുടെ പട്ടിക എണ്ണി എണ്ണി പറയുന്നതിന് ഈ ബഡ്ജറ്റിലൂടെ കഴിഞ്ഞിട്ടുണ്ട്. ഞങ്ങൾ പുതിയ വാഗ്ദാനങ്ങൾ നൽകുന്നില്ല. പുതിയ നികുതി ഇളവുകൾ പ്രഖ്യാപിക്കുന്നില്ല. പക്ഷെ അഞ്ചു വർഷക്കാലത്തെ അനുഭവത്തിൻെറ വെളിച്ചത്തിൽ നേട്ടങ്ങളുടെ പട്ടിക എണ്ണി പറയാനുണ്ട്. കഴിഞ്ഞകാല നേട്ടങ്ങളുടെ പട്ടിക മാത്രമല്ല ഭാവിയെപ്പറ്റി പ്രതീക്ഷാപൂർണ്ണമായ ഒരു ചിത്രം ജനങ്ങളുടെ മുൻപിൽ അവതരിപ്പിക്കാനും ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെൻറിൻെറ പ്രധാന പ്രവർത്തനമെന്ന് പറയുന്നത് വർത്തമാന കാല സാഹചര്യങ്ങളെ ജനങ്ങൾക്ക് ബോദ്ധ്യപ്പെടുത്തുന്നതിനും ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷാചിത്രം വരച്ചുകാണിക്കുന്നതിനും കഴിഞ്ഞതാണ്. ഭാവിയെപ്പറ്റി പ്രതീക്ഷയില്ലാത്ത ഒരു ഭരണകൂടത്തിന് അധികകാലം മുന്നോട്ടു പോകാൻ കഴിയില്ല. ഏതു പാർട്ടി നയിക്കുന്ന ഗവൺമെൻറായാലും ആ ഗവൺമെൻറിന് മുന്നോട്ടു പോകാൻ ജനങ്ങളുടെ സഹകരണം വേണം. ജനങ്ങളുടെ സഹകരണമുണ്ടാകണമെങ്കിൽ ജനങ്ങളുടെ ഭാവിയെപ്പറ്റി പ്രതീക്ഷ ഉണ്ടായിരിക്കണം. ആ ഭാവിയെപ്പറ്റിയുള്ള പ്രതീക്ഷ ജനങ്ങളിലുണ്ടാക്കാൻ സാധിക്കുന്ന ഒരു ഭരണസംവിധാനം അനുഭവങ്ങളുടെ വെളിച്ചത്തിൽ കാഴ്ചവയ്ക്കാൻ ശ്രീ. സി. വി. പത്മരാജന് കഴിഞ്ഞിട്ടുണ്ട്. ഈ ബഡ്ജറ്റിൻെറ ചർച്ചാവേളയിൽ സഭയിൽ മുഴങ്ങികേട്ട പരാതി ഞങ്ങൾ ദേശീയ രാഷ്ട്രീയം വിശകലനം ചെയ്യുന്നു എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ രാഷ്ട്രീയമാണ് ഈ ബഡ്ജറിന്റെ ആമുഖമായി അവതരിപ്പിക്കുന്നത്. കാരണം ഇന്ത്യയുടെ ഭാഗമായ കേരളത്തിന് ദേശീയ മുഖ്യധാരയിൽ നിന്ന് വിട്ടുനിൽക്കാൻ സാദ്ധ്യമല്ല. കേരളം ഒരു ത്രിപുരയോ ഒരു അരുണാചൽപ്രദേശോ, ഒരു ഗോവയോ അല്ല. കേരളം ഇന്ത്യയുടെ ഒരു മുഖ്യകണ്ണിയാണ്. കേരളം പുതിയ ചിന്താഗതികളും പുതിയ കാഴ്ചപ്പാടുകളും പുതിയ അനുഭവങ്ങളും സംഭാവന ചെയ്തുകൊണ്ട് ഇന്ത്യയ്ക്കാകെ മാതൃകയായി നിൽക്കുന്ന ഒരു സംസ്ഥാനമാണ്. ഇന്ത്യാ മഹാരാജ്യമെന്നു പറയുന്നത് ഒരു ബർമ്മയായോ ഒരു ശ്രീലങ്കയായോ ഒരു ലിബിയയായോ ഒരു എത്യോപ്യയായോ ഒരു നൈജീരിയായോ നിൽക്കാൻ കഴിയുന്ന രാജ്യമല്ല. ലോകത്തുണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസൃതമായി ശാസ്ത്ര-സാങ്കേതിക വിദ്യയുടെ നേട്ടങ്ങളെ എത്തിപ്പിടിക്കാൻ കഴിയുന്ന 21-ാം നൂറ്റാണ്ടിലേക്ക് നടന്നടുക്കുന്ന ജനപഥത്തിന്റെ നായകസ്ഥാനത്തേക്ക് ഇൻഡ്യാ മഹാരാജ്യം എത്തി നിൽക്കുകയാണ്. ആ ഇൻഡ്യയുടെ ചിത്രം ഈ ബഡ്ജറിൽ ഐക്യജനാധിപത്യമുന്നണി അവതരിപ്പിച്ചിരിക്കുന്നത്. അപ്പുറത്തിരിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ദേശീയ രാഷ്ട്രീയത്തിലേക്ക് വിരൽ ചൂണ്ടുന്നു എന്നതിന്റെ പേരിൽ സഹിക്കാൻ കഴിയില്ല. ഞങ്ങൾ ദേശീയ രാഷ്ട്രീയത്തിലേക്ക് വിരൽ ചൂണ്ടിയത് തെറ്റാണെന്ന് അപ്പുറത്തുനിന്നും സംസാരിച്ച ശ്രീ. ചാത്തു ഉൾപ്പെടെയുള്ളവർ പറഞ്ഞു. ഞങ്ങൾ ദേശീയ രാഷ്ട്രീയത്തിൽ അഭിമാനം കൊള്ളുന്നു. കാരണം ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഇൻഡ്യ ഭരിക്കുമ്പോൾ ഇൻഡ്യയിൽ പുരോഗതിയുണ്ടായിട്ടുണ്ട്. എന്ന് കോൺഗ്രസ് അധികാരത്തിൽനിന്നും പുറത്ത് പോയിട്ടുണ്ടോ അന്നെല്ലാം രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ തകർന്ന് പോയിട്ടുമുണ്ട്. 1977-ലാണ് ആദ്യമായി ഇന്ത്യയിൽ കോൺഗ്രസിതര ഗവൺമെന്റുണ്ടായത്. നമുക്ക് ആദരണീയയായ ശ്രീമതി ഇന്ദിരാഗാന്ധിപോലും ആ തെരഞ്ഞെടുപ്പിൽ തോറ്റു. വലിയ പ്രതീക്ഷയോടെ ജനങ്ങൾ ആ കോൺഗ്രസിതര ഗവൺമെന്റിനെ എതിരേറ്റു. പക്ഷേ ആ ഗവൺമെന്റ് മൂന്ന് വർഷം കഴിഞ്ഞ് അധികാരത്തിൽനിന്നും പുറത്തു പോകുമ്പോൾ നമ്മുടെ രാജ്യത്തിന്റെ സമ്പദ്ഘടനയുടെ സ്ഥിതി എന്തായിരുന്നു? മൂന്നു വർഷത്തിനിടയിൽ രണ്ട് ഗവൺമെന്റുകളുണ്ടായി. ആ രണ്ട് ഗവൺമെന്റുകളും തകർന്ന ശേഷം ശ്രീമതി ഇന്ദിരാഗാന്ധി അധികാരത്തിലേക്ക് മടങ്ങി വന്നപ്പോഴാണ് രാജ്യത്തെ സാമ്പത്തിക സ്ഥിതിയുടെ യാഥാർത്ഥ്യം നമ്മൾ കണ്ടത്. ഇൻഡ്യയുടെ സമ്പദ്ഘടനയുടെ അടിസ്ഥാനമായി റിസർവ് ബാങ്കിലിരുന്ന സ്വർണ്ണശേഖരം ലണ്ടനിലും സ്വിറ്റ്സർലണ്ടിലും പണയം വച്ചു എന്നു നമ്മൾ കേട്ടു. അങ്ങനെ കോൺഗ്രസിതര ഗവൺമെന്റുകൾ രാജ്യത്തിന് സംഭാവന ചെയ്തത് അരാജകത്വവും അസ്ഥിരതയും. ആണെങ്കിൽ കോൺഗ്രസ് ഗവൺമെന്റുകൾ രാജ്യത്തിന് സംഭാവന ചെയ്തത് ഐശ്വര്യവും പുരോഗതിയും സുസ്ഥിരതയുമാണ്. 1989-ൽ ശ്രീ. വി. പി. സിംഗിന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നു. ശ്രീ. വി. പി. സിംഗിന്റെ ഗവൺമെന്റിനെപ്പറ്റി വാനോളം പുകഴ്ത്തിയിട്ടുള്ളവരാണ് അപ്പുറത്തിരിക്കുന്നത്. ശ്രീ. വി. പി. സിംഗിന്റെ പതിനാലു മാസക്കാലത്തെ ഭരണത്തെ തുടർന്ന് ശ്രീ. ചന്ദ്രശേഖരന്റെ ഗവൺമെന്റ് അഞ്ച് മാസക്കാലം ഭരിച്ചു കഴിഞ്ഞപ്പോൾ രാജ്യത്തിന്റെ സമ്പദ്ഘടനയുടെ സ്ഥിതി എന്തായി? 1977-ൽ ശ്രീമതി ഇന്ദിരാഗാന്ധി ഏൽപ്പിച്ചുകൊടുത്ത സമ്പദ്ഘടന താറുമാറാക്കി. ശ്രീ. മൊറാർജിദേശായിയുടേയും ശ്രീ .ചരൺസിംഗിന്റെയും ഗവൺമെന്റുകളെപ്പോലെ 1989-ൽ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജീവ്ഗാന്ധി ഏൽപ്പിച്ചു കൊടുത്ത ശക്തമായ ഇൻഡ്യയെ ദുർബലമാക്കിയിട്ടാണ് ജനതാദൾ ഗവൺമെൻറ് പുറത്തു പോയത്. ആ യാഥാർത്ഥ്യം ഞാൻ ഈ സഭയുടെ മുൻപാകെ ചൂണ്ടികാട്ടുകയാണ്. ഇതിനെല്ലാം എതിരായിട്ടുള്ള അഭിമാനപൂർവ്വമായ ഒരു ചിത്രവുമായിട്ടാണ് കോൺഗ്രസ് ദേശീയ രാഷ്ട്രീയത്തിൽ നിൽക്കുന്നത്. പ്രധാനമന്ത്രി ശ്രീ. നരസിംഹറാവുവിനെപ്പറ്റി പരാമർശിച്ചതാണ് അപ്പുറത്തിരിക്കുന്നവർക്ക് ബുദ്ധിമുട്ട്. ഞങ്ങൾക്ക് ശ്രീ. നരസിംഹറാവുവിനെപ്പറ്റി അഭിമാനമുണ്ട്. ഇൻഡ്യയിൽ ആദ്യമായിട്ടാണ് ഒരു ന്യൂനപക്ഷ ഗവൺമെൻറിന് ശ്രീ. നരസിംഹറാവു നേതൃത്വം കൊടുക്കുന്നത്. അന്ന് ജവഹർലാൽനെഹ്റുവിനും ഇന്ദിരാഗാന്ധിക്കും രാജീവ്ഗാന്ധിക്കും വ്യക്തമായ ഭൂരിപക്ഷമുണ്ടായിരുന്നു. എന്നാൽ ഇന്ന് ശ്രീ. നരസിഹറാവുവിന് വ്യക്തമായ ഭൂരിപക്ഷമില്ലായിരുന്നു. ശ്രീ. വി. പി. സിംഗിൻെറ ഗവൺമെൻറും ശ്രീ. ചന്ദ്രശേഖരൻെറ ഗവൺമെൻറും ചരൺസിംഗിൻെറ ഗവൺമെൻറുകളുമൊക്കെ ന്യൂനപക്ഷ ഗവൺമെൻറുകളായിരുന്നു. ആ ന്യൂനപക്ഷ ഗവൺമെൻറുകൾക്ക് അധികകാലം മുന്നോട്ടു പോകാൻ കഴിഞ്ഞില്ല. ഭൂരിപക്ഷമുണ്ടായിരുന്നിട്ടും ശ്രീ. മൊറാർജിദേശായിയുടെ ഗവൺമെൻറിന് മുന്നോട്ടു പോകാൻ കഴിഞ്ഞില്ല. മാത്രമല്ല ലോകത്ത് ഒരു ന്യൂനപക്ഷ ഗവൺമെൻറും കാലാവധി തീരുവോളം ഭരിച്ചിട്ടില്ല. ഇറാലിയിലും ഫ്രാൻസിലും ഇംഗ്ലണ്ടിലും എല്ലായിടത്തും ന്യൂനപക്ഷ ഗവൺമെൻറുകൾ കാലാവധി തീരുവോളം ഭരിച്ചിട്ടില്ല. ലോക ചരിത്രത്തിൽ ആദ്യമായി ശ്രീ. നരസിംഹറാവുവിൻെറ ന്യൂനപക്ഷ ഗവൺമെൻറാണ് കാലാവധി തീരുവോളം ഭരിച്ചത്. ചരിത്രത്തിൽ ഒരു പ്രകാശഗോപുരമായി ശ്രീ. നരസിംഹറാവുവിൻെറ ഗവൺമെൻറ് തെളിഞ്ഞു നിൽക്കുന്നു. ആ ഗവൺമെൻറിനെപ്പറ്റി ഞങ്ങൾക്ക് അഭിമാനമുണ്ട്. രാജ്യത്തിൻെറ സമ്പദ് ഘടന ശക്തമാക്കിക്കൊണ്ടാണ് രാഷ്ട്രീയ സുസ്ഥിരത ഉണ്ടാക്കിക്കൊണ്ടാണ് അഞ്ചു വർഷക്കാലം ശ്രീ. നരസിംഹറാവു ഗവൺമെൻറ് ഭരിച്ചത്. കോൺഗ്രസിതര ഗവൺമെൻറുകളേയും മറ്റ് ന്യൂനപക്ഷ ഗവൺമെൻറുകളേയും ഭൂരിപക്ഷ ഗവൺമെൻറുകളേയും പോലെ തുമ്മിയാൽ തെറിക്കുന്ന മൂക്കുപോലെ തകർന്നു വീഴുന്നതല്ല ഇന്നത്തെ ദേശീയ ഗവൺമെൻറ്. ഈ ഗവൺമെൻറിന് വ്യക്തമായ നയങ്ങളും പരിപാടികളുമുണ്ട്. ആ നയപരിപാടികൾ നടപ്പിലാക്കാൻ കർമ്മശേഷിയുള്ളവരാണ് കോൺഗ്രസുകാർ. രാജ്യത്തിൻെറ പുരോഗതിക്ക് അനുസൃതമായി കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നു തെളിയിച്ചു കഴിഞ്ഞതിൽ ഞങ്ങൾക്ക് അഭിമാനം ഉണ്ട്. ബഡ്ജറ്റിൻെറ ആമുഖമായി ധനകാര്യ വകുപ്പുമന്ത്രി വരച്ചു കാണിച്ചിരിക്കുന്ന സംസ്ഥാനത്തിൻെറ ചിത്രം ഞാൻ വളരെ ചുരുക്കമായി പരാമർശിക്കുകയാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് അഞ്ചു വർഷം പൂർത്തീകരിക്കാൻ പോകുന്നു. ഏതാനും ദിവസങ്ങൾ കഴിഞ്ഞാൽ സഭ പിരിയുകയാണ്. സഭ പിരിഞ്ഞാൽ നമ്മൾ തെരഞ്ഞെടുപ്പ് രംഗത്തേക്ക് പോകുകയാണ്. ആ തെരഞ്ഞെടുപ്പ് രംഗത്ത് ഐക്യജനാധിപത്യമുന്നണി കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ പ്രവർത്തനങ്ങളുടെ നേട്ടങ്ങളുമായി നിൽക്കും. ആ പ്രവർത്തനങ്ങളെ വിമർശിച്ചുകൊണ്ട് അപ്പുറത്തിരിക്കുന്ന പ്രതിപക്ഷങ്ങളും നിൽക്കുന്നു. ഒരു ജനാധിപത്യ ഭരണ സംവിധാനത്തിൽ ഭരണപക്ഷത്തിനും പ്രതിപക്ഷത്തിനും ചെയ്യാവുന്നത് അതാണ്. പക്ഷെ ഐക്യജനാധിപത്യ മുന്നണിക്ക് അഭിമാനത്തോടുകൂടി ജനങ്ങളുടെ മുൻപാകെ നിൽക്കാൻ കഴിയും. ഞങ്ങൾ അധികാരമേറെറടുക്കുമ്പോൾ ശ്രീ. നരസിംഹറാവു അധികാരമേറെറതുപോലെ ദുർബലമായ സമ്പദ്ഘടനയാണ് പ്രതിപക്ഷമുന്നണി ഐക്യജനാധിപത്യ മുന്നണിക്ക് കൈമാറിയത്. പക്ഷെ ശക്തമായ സാമ്പത്തിക മാനേജുമെൻറിൻെറ

LIBRARY ARCHIVES Kerala Legislative Assembly

ഫലമായി ശക്തമായ ഒരു സാമ്പത്തിക അടിത്തറയുണ്ടാക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. ബഹുമാനപ്പെട്ട നായനാർ മുഖ്യമന്ത്രി ആയിരുന്നപ്പോൾ നടത്തിയ പ്രസംഗത്തിലെ ഒരു വാചകം ഞാനോർക്കുന്നു. വരുമാനത്തിൽ 80 ശതമാനം ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നതിനും ബാക്കി പതിനഞ്ചു ശതമാനം കേന്ദ്രഗവൺമെൻറിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വാങ്ങുന്ന ഓവർ ഡ്രാഫ്റ്റ് പലിശ സഹിതം തിരിച്ചടയ്ക്കാനും ചെലവഴിക്കുന്നു. ഒരു സംസ്ഥാനത്ത് എങ്ങനെ വികസനമുണ്ടാകും. അന്ന് അദ്ദേഹം പറഞ്ഞത് കേന്ദ്രം കൂടുതൽ വിഹിതം തന്നാലേ ഇവിടെ വികസനം ഉണ്ടാകൂ എന്നാണ്. ബഹുമാനപ്പെട്ട നായനാരുടെ നേതൃത്വത്തിൽ കേരളത്തിൽ ഇടതുപക്ഷ മുന്നണി ഭരിച്ച കാലത്ത് എന്തു സഹായം നൽകിയോ ആ സഹായം മാത്രമാണ് ഞങ്ങൾക്കും തന്നത്. പക്ഷെ ഞങ്ങൾക്ക് കേന്ദ്രത്തെപ്പറ്റി പരാതിയില്ല. കേരളത്തിൻറെ വികസന പ്രവർത്തനങ്ങൾ നടത്താനാവശ്യമായ കാര്യങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ടു പോകാൻ ഐക്യജനാധിപത്യമുന്നണി സർക്കാരിനു കഴിഞ്ഞു. ഞങ്ങൾക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ട്. ഞങ്ങൾക്ക് സാമ്പത്തിക നിയന്ത്രണമുണ്ട്. ഈ സംസ്ഥാനത്തിൻറെ പുരോഗതിയെ പറ്റി ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. നേരത്തെ സംസാരിച്ച സ്നേഹിതൻമാർ ഇവിടത്തെ സാമ്പത്തിക കെട്ടുറപ്പിനെപ്പറ്റി നല്ല ഒരു ചിത്രം സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, കഴിഞ്ഞ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ നൽകിയ വാഗ്ദാനങ്ങളിൽ പ്രധാനപ്പെട്ടത് നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം 1990 ജൂലൈ മാസത്തിലേക്ക് തിരിച്ചുകൊണ്ടുവരുമെന്നാണ്. ആയിരംകോടി രൂപയുടെ തൊഴിൽദാന പദ്ധതി നടപ്പിലാക്കുമെന്നാണ്. നിങ്ങൾ നൽകിയ വാഗ്ദാനങ്ങളിൽ ഏതെങ്കിലുമൊന്ന് കഴിഞ്ഞ അഞ്ചുവർഷത്തിനകം നടപ്പിലാക്കിയതായി പറയാമോ ?

ശ്രീ. ഇ. എം. അഗസ്തി : സർ, നമ്പാടൻ മാസ്റ്റർ ഒരു അദ്ധ്യാപകനായതുകൊണ്ട് അദ്ദേഹത്തോട് എനിക്ക് അൽപ്പം ബഹുമാനം ഉണ്ട്. അദ്ദേഹം ഗൃഹപാഠങ്ങൾ നോക്കുന്ന ആളാണെന്നാണ് ഞാൻ ധരിച്ചിരുന്നത്. അദ്ദേഹം ഈ ബഡ്ജറ്റ് പ്രസംഗം വായിച്ചിട്ടില്ലെന്ന് എനിക്ക് ഇപ്പോൾ മനസ്സിലായി. അദ്ദേഹം ബഡ്ജറ്റ് പ്രസംഗം വായിച്ചിട്ടില്ലെന്നുള്ളതിൻറെ സൂചന, ബഡ്ജറ്റ് പ്രസംഗത്തിൻറെ മൂന്നാമത്തെ പേജിൽ ആദ്യത്തെ പാരഗ്രാഫിൻറെ അവസാനവാചകം അങ്ങ് ദയവായി വായിക്കണം. അതിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്, ദേശീയ സാഹചര്യങ്ങളിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് ഡോ. മൻമോഹൻസിംഗിൻറെ വാക്കുകളാണ് അദ്ദേഹം എഴുതിയിട്ടുള്ളത്. 1991 ആഗസ്റ്റിലെ നാണയപ്പെരുപ്പ മാർജിനൽ നിരക്ക് 17% ആയിരുന്നത് 1996 ഫെബ്രുവരിയിൽ 5%മായി കുറഞ്ഞു. ഇത് 1988-നു ശേഷമുള്ള ഏറ്റവും കുറഞ്ഞ നിരക്കാണെന്ന് പറഞ്ഞതിൻറെ അർത്ഥം അങ്ങ് ദയവായി ഒന്ന് വ്യാഖ്യാനിച്ച് പഠിക്കണം. ഞാൻ പറഞ്ഞുവന്നത് അങ്ങ് ഈ ബഡ്ജറ്റ് ദയവായി വായിക്കണം. ഓരോ വാചകത്തിനും എനിക്ക് മറുപടി പറയാൻ നിവൃത്തിയില്ല. വിലവർദ്ധനവിനേറയും അതിൻറെ മൂല്യാധിഷ്ഠിതമായ സാഹചര്യങ്ങളേയും സംബന്ധിച്ച് ഈ ബഡ്ജറ്റിൻറെ നാലാമത്തെയും 5-ാമത്തെയും പാരഗ്രാഫിൽ വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. അങ്ങ് അത് വായിച്ച്

LIBRARY ARCHIVES Kerala Legislative Assembly

സ്വയം മനസ്സിലാക്കണം. അദ്ധ്യാപകർ വായിക്കണമെന്ന് നിഷ്ക്കർഷിക്കാനുള്ള അവകാശം അങ്ങേക്കുണ്ട്. അതുകൊണ്ട് ഞാൻ പറഞ്ഞുവന്നത് ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിലെ ജനങ്ങൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ ഓരോന്നായി നടപ്പിലാക്കാൻ തയ്യാറായിരിക്കുകയാണ്. അതുപോലെതന്നെ കാർഷികമേഖലയെക്കുറിച്ച് സംസാരിക്കുമ്പോൾ എന്റെ സുഹൃത്ത് ശ്രീ. കൃഷ്ണൻകുട്ടി കാർഷിക മേഖലയിലെ പുരോഗതിയുടെ ചിത്രം ഒന്നും കണ്ടില്ല. നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ പ്രധാന ഘടകമാണ് നാണ്യ വിളകൾ. അവയുടെ പ്രൊഡക്ടിവിറ്റിയും പ്രൊഡക്ഷനും വർദ്ധിച്ചി രിക്കുന്നു. റബറിന്റെയാണെങ്കിലും ഏലത്തിന്റെയാണെങ്കിലും അതുപോലെ മറ്റ് നാണ്യവിളകളുടേതാണെങ്കിലും വർദ്ധിച്ചിട്ടുണ്ട്. അതുപോലെ തന്നെ നാളികേരത്തിന്റെ കണക്ക് ഇവിടെ പറഞ്ഞിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിന്റെ ഉൽപ്പാദനം ഹെക്ടറിന് 5000 ആയിരുന്നുവെങ്കിൽ അത് ഒന്നര ഇരട്ടി വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെന്ന് ഈ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. എന്റെ സുഹൃത്ത് ശ്രീ. കൃഷ്ണൻകുട്ടി ഈ സഭയിൽ എങ്ങനെ പ്രൊഡക്ഷനുണ്ടാക്കാനാണ്, എങ്ങനെ പ്രൊഡക്ടിവിറ്റിയുണ്ടാക്കാനാണ് അതിന് കൂടുതൽ വളങ്ങളുപയോ ഗിക്കണ്ടേയെന്നൊക്കെ ചോദിച്ചു. അദ്ദേഹം നമ്മുടെ കാർഷികനയം വായിച്ചില്ല. അതിൽ പറഞ്ഞിരിക്കുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ മണ്ണിന്റെ ഘടന നിലനിർത്തുന്നതിന് പരിസ്ഥിതിയുമായി ഒത്തു പോകത്തക്കനിലയിൽ കൂടുതൽ രാസവസ്തുക്കളുടെ ഉപയോഗം കുറച്ചു കൊണ്ട് നമ്മുടെ ജൈവവളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കണം എന്നാണ്. അങ്ങനെയൊരു സന്തുലിതാവസ്ഥ ക്രമീകരണത്തിനുള്ള ലക്ഷ്യബോധത്തോടുകൂടിയാണ് നമ്മൾ നടന്നുനീങ്ങുന്നതെന്നു പറഞ്ഞു. കഴിഞ്ഞ 5 വർഷക്കാലമായി നമ്മുടെ സംസ്ഥാനത്ത് ഉപയോഗിച്ചു കൊണ്ടിരിക്കുന്ന രാസവളങ്ങളുടെ കണക്ക് തുലോം കുറഞ്ഞുവരുന്നു എന്ന് അതിൽ പ്രതിപാദിക്കുകയുണ്ടായി. അദ്ദേഹം മറെറാരു വാരികയിൽ വന്ന ഒരു ലേഖനം എടുത്തുകൊണ്ട് കൂടുതൽ വളം ഉപയോഗിച്ചില്ലെങ്കിൽ എങ്ങനെ കൂടുതൽ വിളവുണ്ടാകും, കൂടുതൽ വിളവുണ്ടായില്ലെങ്കിൽ എങ്ങനെ കൂടുതൽ പ്രൊഡക്ടിവിറ്റി ഉണ്ടാകും എന്നൊക്കെ പറഞ്ഞു. നമ്മുടെ മണ്ണിന്റെ ജൈവവസ്തു നിലനിൽക്കുന്ന നിലയിലുള്ള കാർഷിക നയം കൊണ്ടുവന്ന് കൂടുതൽ ഉൽപ്പാദനം ലക്ഷ്യമാക്കി നമ്മൾ മുന്നോട്ടുപോകുന്നു. അതിന്റെ ഫലം കണ്ടുതുട ങ്ങിയിരിക്കുന്നുവെന്നതാണ് ഈ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പി ക്കുന്നതും എക്കണോമിക് റിവ്യൂവിൽ ചൂണ്ടിക്കാണിക്കുന്നതുമായ കാർഷികമേഖലയിലെ അഭിവൃദ്ധി.

വ്യവസായ മേഖലയിലെ അഭിവൃദ്ധിയെക്കുറിച്ച് ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളിലെ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിനും കൂടുതൽ വ്യവസായങ്ങൾ കേരളത്തിലേക്ക് കൊണ്ടു വരുന്നതിനുമുള്ള സാഹചര്യങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടായിരിക്കുന്നു. കൂടുതൽ വ്യവസായങ്ങൾ വേണമെന്ന് നമ്മളെല്ലാവരും പറയുന്നു. നമ്മുടെ പൂർവ്വികൻമാരായ അന്തരിച്ച ബഹുമാനപ്പെട്ട ടി. വി. തോമസ് ഉൾപ്പെടെയുള്ള ആളുകൾ ജപ്പാനിലും ഫ്ളോറിഡായിലുമൊക്കെ പോയി പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സംരംഭങ്ങൾ തുടങ്ങി. പക്ഷേ വ്യവസായ സംരംഭങ്ങൾ മുന്നോട്ടുപോകാൻ കഴിയാത്ത കാര്യം എന്താണ് ? നമുക്ക് അതിനാവശ്യമായ പവർ സപ്ലൈ ഇല്ല. വൈദ്യുതി രംഗത്ത് നമ്മൾ വളരെ പിന്നിൽ നിൽക്കുന്നു. ഇടുക്കി പദ്ധതിയുടെ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാണ ഘട്ടത്തിൽ ഞാൻ ഉൾപ്പെടെയുള്ള ആളുകൾ വിശ്വസിച്ചിരുന്നത് ഈ പദ്ധതി പൂർത്തീകരിക്കുമ്പോൾ കേരളത്തിൽ വൈദ്യുതി മിച്ചമാകും എന്നാണ്. പക്ഷേ ഉൽപ്പാദനത്തിനേറെയും വ്യവസായത്തിനേറെയും അടിസ്ഥാന ഘടകമായ വൈദ്യുതിയുടെ കാര്യത്തിൽ നമ്മൾ വളരെ പിന്നിൽ നിൽക്കുന്നു. വൈദ്യുതി രംഗത്തുണ്ടായിരിക്കുന്ന പ്രശ്നങ്ങളെ കുറിച്ച് ഒരു അടിയന്തിരപ്രമേയം അവതരിപ്പിച്ച് ബഹുമാനപ്പെട്ട ശിവദാസമേനോൻ ഈ സഭയിൽ സംസാരിച്ചപ്പോൾ ഞാൻ വളരെ ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്നു. അദ്ദേഹം ചില കണക്കുകളും ചില പട്ടികകളുമൊക്കെ ഇവിടെ അവതരിപ്പിച്ചു. അദ്ദേഹം പറഞ്ഞു, 1987 മുതൽ 1991 വരെ അദ്ദേഹം വൈദ്യുതി വകുപ്പിന്റെ ചുമതല വഹിക്കുന്ന സമയത്ത്, 14 പദ്ധതികൾ കേന്ദ്ര ഗവൺമെൻറിന്റെ മുമ്പിൽ സമർപ്പിച്ചു എന്ന്. ഐക്യജനാധിപത്യമുന്നണി എത്ര പദ്ധതികൾ സമർപ്പിച്ചുവെന്നാണ് അദ്ദേഹം ചോദിച്ചത്. ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ, ഒരു പദ്ധതി സമർപ്പിച്ചാൽ തരുമോ ? പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കേണ്ടേ ? പദ്ധതികൾ നടപ്പിലാക്കേണ്ടേ ? എങ്കിലേ പ്രയോജനമുള്ളൂ. ഞാൻ ബഹുമാനപ്പെട്ട ശിവദാസമേനോനോട് ചോദിക്കുന്നു, അങ്ങേക്ക് ഇലക്ട്രിസിറ്റി വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന കാലത്ത് കേരളത്തിൽ ഏതെങ്കിലുമൊരു വൈദ്യുതി പദ്ധതിക്ക് അനുമതി വാങ്ങിക്കുന്നതിനും ഏതെങ്കിലും ഒരു വൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ ? ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽ വരുമ്പോൾ കേരളത്തിലെ പവർ സെക്ടറിന്റെ സ്ഥിതിയെന്താണ് ? കേരളത്തിൽ ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ നിന്ന് പുറത്തുപോകുന്ന അവസരത്തിൽ പൂർത്തീകരിക്കുന്ന ഇടമലയാർ പദ്ധതിക്കുശേഷം കേരളത്തിൽ വൈദ്യുതി രംഗത്ത് ആദ്യമായി ഒരു ചുവടുവയ്ക്കാൻ കഴിഞ്ഞത് വീണ്ടും ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് അധികാരത്തിലേക്ക് മടങ്ങിവന്ന കാലത്താണ്. അതായത് കക്കാടും മണിയാറും ചെറിയ പദ്ധതികളാണ്. മറിച്ച് നാലരവർഷക്കാലം നിങ്ങൾ ഭരിച്ചു. ഒരു മെഗാവാട്ട് വൈദ്യുതിപോലും ഉൽപ്പാദിപ്പിക്കുന്നതിനോ, അതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനോ കഴിഞ്ഞില്ല. രണ്ട് പ്രധാന പദ്ധതികൾ നിങ്ങളുടെ കാലത്ത് തുടങ്ങിവച്ചു. (1) കക്കാട് പദ്ധതി. അത് ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ ഒരു വർഷമായി മുടങ്ങിക്കിടക്കുകയായിരുന്നു. രണ്ടാമത്തേത് ലോവർ പെരിയാർ പദ്ധതി. നമുക്ക് വലിയ പ്രതീക്ഷയുണ്ടായിരുന്ന പദ്ധതിയാണിത്. അത് ലോകബാങ്കിന്റെ സഹായത്തോടുകൂടി ആരംഭിച്ചതാണ്. എൻ. ടി. പി. സി. എന്നുപറയുന്ന പൊതുമേഖലാ സ്ഥാപനമാണ് കരാറിൽ ഏർപ്പെട്ടിരുന്നത്. ആ പൊതുമേഖലാ സ്ഥാപനം ഓഫർ ചെയ്തിരുന്ന ജോലികളിൽ 15% മാത്രം പൂർത്തീകരിച്ച് സന്നിഗ്ധാവസ്ഥയിൽ നിൽക്കുന്ന അവസരത്തിലാണ് ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നത്. ഐക്യജനാധിപത്യമുന്നണി അധികാരത്തിൽ വരുന്നതിനുമുമ്പുള്ള നാലര വർഷക്കാലം ശ്രീ. ശിവദാസമേനോൻ ആ ഫയലിന്റെ മുമ്പിൽ അടയിരിക്കുകയായിരുന്നു. ഇവിടെ ഇലക്ട്രിസിറ്റി വകുപ്പിന്റെ സെക്രട്ടറിയായിരുന്ന ശ്രീ. കാളീശ്വരൻ, പുതിയ കരാർ നൽകിക്കൊണ്ട് ഈ പദ്ധതിയുമായി മുന്നോട്ടുപോകാനുള്ള ധൈര്യം ഗവൺമെൻറ് കാണിക്കണമെന്ന് പറഞ്ഞ് ഫയൽ എഴുതിയിട്ട് ആ ഫയൽ പൂഴ്ത്തിവച്ച ആളാണ് ശ്രീ. ശിവദാസമേനോൻ. അദ്ദേഹം പറയുന്നു, ഞങ്ങളുടെ കാലത്ത് പദ്ധതി സമർപ്പിച്ചുവെന്ന്. ഇങ്ങനെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ കഴിയുന്ന അവകാശവാദങ്ങൾ ഉത്തരവാദപ്പെട്ട ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

ചേർന്നതാണോ ? ഞാൻ ഈ കാര്യത്തിലേക്ക് വരികയാണ്. ഐക്യ ജനാധിപത്യമുന്നണി ഗവൺമെൻറിൻെറ കാലത്തും ഇടതുപക്ഷ ഗവൺമെൻറിൻെറ കാലത്തും കേന്ദ്ര ഗവൺമെൻറിൻെറ മുമ്പാകെ പദ്ധതികൾ സമർപ്പിച്ച് കാത്തിരിക്കുകയെന്നുള്ള നയം മാറി നമുക്ക് സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടിയുണ്ടാകണം. ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറിൻെറ കാലത്ത് പവർ സെക്ടറിൽ ചില ശ്രമങ്ങൾ നമ്മൾ തുടങ്ങി. ലോവർ പെരിയാർ പദ്ധതി പുനരാരംഭിച്ചു. നമ്മുടെ പ്രതീക്ഷയ്ക്കൊത്ത് മുന്നോട്ടു പോകാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഈ മാർച്ച് മാസത്തിൽ ലോവർ പെരിയാർ പദ്ധതി കമ്മിഷൻ ചെയ്യാൻ കഴിയുമായിരുന്നു. ഈ പദ്ധതി എൻെറ ജില്ലയിലാണ്. ഈ പദ്ധതി കമ്മിഷൻ ചെയ്യാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഇപ്പോൾ പവർകട്ട് ഉണ്ടാകുമായിരുന്നില്ല. പക്ഷേ കഴിഞ്ഞ മൂന്നുനാല് മാസത്തിനപ്പുറമുണ്ടായ സ്തംഭനത്തിൻെറ ഫലമായി, രണ്ടുമാസത്തെ പ്രോജക്ടിൻെറ പ്രവർത്തനത്തിൽ സ്തംഭനാവസ്ഥയുണ്ടായതിൻെറ ഫലമായി ആ പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ആഗസ്റ്റ് മാസത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. അതുകൊണ്ട് വിദ്യുച്ഛക്തി വകുപ്പു മന്ത്രി പറയുന്നത് കേരള സംസ്ഥാനത്തിൽ രണ്ടുമൂന്നു വർഷം കഴിഞ്ഞാൽ വൈദ്യുതി മിച്ചമാകുമെന്നാണ്. ബ്രഹ്മപുരം പദ്ധതിയെ പറ്റി ഒരുപാട് പ്രചരണം നടത്തിയതാണല്ലോ. വലിയ വലിയ അഴിമതിയാരോപണങ്ങൾ കേട്ടിരുന്നതാണല്ലോ. 21 മാസംകൊണ്ട് നമ്മൾ പുതിയ ഒരു പദ്ധതി പൂർത്തീകരിക്കാൻ പോകുന്നു. നിങ്ങൾക്ക് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ചെയ്യുമ്പോൾ അതിലെ നേട്ടങ്ങൾ ജനങ്ങളുടെ മുമ്പിൽ വയ്ക്കുന്നതിനു വേണ്ടി അഴിമതിയാരോപണത്തിൻെറ മുനയിൽ ഗവൺമെൻറിൻെറ നേട്ടങ്ങളെ കുരുക്കാൻ നിങ്ങൾ ശ്രമിക്കുന്നു. നിങ്ങൾ വ്യക്തികളേയും സംസ്ഥാനത്തേയും ഗവൺമെൻറിനേയും ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് അഴിമതിയിൽ മുക്കിക്കൊല്ലാൻ ശ്രമിക്കുന്നു. അത് നിങ്ങളുടെ പാരമ്പര്യമാണ്. നമ്മൾ ഹൈഡൽ പ്രോജക്ടുകളെ മാത്രമാണ് ആശ്രയിച്ചിരുന്നത്. ആദ്യമായി ഹൈഡൽ പ്രോജക്ടിൽ നിന്ന് ഒരു നയപരമായ മാറ്റം വരുന്നത് കായംകുളം പദ്ധതിയുടെ കാലത്താണ്. അവിടെ നാഫ്ത ഉപയോഗിക്കുന്നു. ബ്രഹ്മപുരത്ത് ഡീസൽ പ്ലാൻറുകളെ ഉപയോഗിക്കുന്നു. പാരമ്പര്യേതരമായി ഊർജ്ജസ്രോതസുകൾ കണ്ടെത്താൻ കഴിയുന്ന മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ചു തുടങ്ങിയിട്ട് വളരെ കുറച്ചുകാലം മാത്രമേ ആയിട്ടുള്ളൂ. ആണവ നിലയവുമായി നമുക്ക് അധികകാലം കാത്തിരിക്കാൻ കഴിയുകയില്ല, ഉൽപ്പാദനമുണ്ടാകണം. ആ രംഗത്തേക്ക് ഭാവനാപൂർണ്ണമായ പദ്ധതികളുമായി മുന്നോട്ടു പോകാൻ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ശ്രമിക്കുമ്പോൾ നിങ്ങൾ വഴിമുടക്കാൻ ഉള്ള ശ്രമത്തിൽ നിൽക്കുന്നു. ദേശീയ താൽപ്പര്യവും സംസ്ഥാനത്തിൻെറ താൽപ്പര്യവും മുൻനിർത്തി നിങ്ങൾ ദയവായി സഹകരിക്കണം. നിങ്ങളുടെ നയത്തിൽ മാറ്റം വരുത്തണം.

വിദ്യാഭ്യാസ രംഗത്തെപ്പറ്റി ഇവിടെ ധാരാളം ആളുകൾ പ്രസംഗിച്ചു. സമയപരിമിതിമൂലം ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. വിദ്യാഭ്യാസത്തെപ്പറ്റി പറയുമ്പോൾ നമ്മൾ സ്വകാര്യമേഖലയെ പിൻവാതിലിലൂടെ കൊണ്ടുവന്ന് അവർക്ക് വളരാൻ അവസരം കൊടുക്കുന്നു എന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, സ്വകാര്യ മേഖലയുടെ പങ്കാളിത്തം കേരളത്തിലെ വിദ്യാഭ്യാസ രംഗത്തിൻെറ നവീകരണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമാണെന്ന് ബോധ്യമായിരിക്കുന്നതുകൊണ്ട് അവരുടെ സഹായം തേടുന്നു, അവരെ പ്രോൽസാഹിപ്പിക്കുന്നുവെന്ന്. ഗവൺമെൻറിൻെറ നയം അതാണ്. പിൻവാതിലിലൂടെയാണ് കൊണ്ടുവരുന്നത്. അവർക്ക് മുൻവാതിലുകൾ തുറന്നിട്ടിരിക്കുകയാണ്. നമ്മുടെ വിദ്യാഭ്യാസ രംഗത്തെ അലകും പിടിയും മാറണമെന്ന് അപ്പുറത്തിരിക്കുന്നവരും ഇപ്പുറത്തിരിക്കുന്നവരും, അദ്ധ്യാപകരും വിദ്യാർത്ഥികളുമെല്ലാം പ്രസംഗിച്ചു നടന്നിട്ടുണ്ട്. പക്ഷെ ആ അലകേത് പിടിയേത് എന്നറിയാതെ കുറെ കാലം കടന്നുപോയി. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെക്കുറിച്ചാണ് പറയുന്നതെന്ന് ഇപ്പോഴാണ് നമ്മൾ മനസ്സിലാക്കിയത്. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങണമെങ്കിൽ പുതിയ കോഴ്സുകൾ തുടങ്ങണം. കമ്പ്യൂട്ടറിൻെറയും ഇലക്ട്രോണിക്സിൻെറയും യുഗത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. കമ്പ്യൂട്ടർ സംവിധാനവും ഇലക്ട്രോണിക്സ് സംവിധാനവും നടപ്പിലാക്കുവാൻ സംസ്ഥാന ഗവൺമെൻറിൻെറ കൈയിൽ പണമില്ല. പണമില്ലെന്ന് പറഞ്ഞ് കാത്തു നിൽക്കാൻ കഴിയുമോ? അതുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് ഉന്നത പാരമ്പര്യമുള്ള ഏജൻസികളുടെ സേവനം തേടാൻ തീരുമാനിച്ചു. അങ്ങനെ പ്രൈവറ്റ് സെക്ടറിൽ സാങ്കേതിക വിദ്യാലയങ്ങൾ അനുവദിച്ചു. ഈ സാങ്കേതിക വിദ്യാലയങ്ങളിൽ അനുവദിച്ചിരിക്കുന്ന കോഴ്സുകൾ ഒന്നും പഴയതല്ല. മുമ്പ് ഈ കോഴ്സുകൾ പഠിക്കുന്നതിനുവേണ്ടി നമ്മുടെ കുട്ടികൾ 4-5 ലക്ഷം രൂപ ക്യാപിറേറഷൻ ഫീസ് കൊടുത്ത് അന്യ സംസ്ഥാനങ്ങളിൽ പോകുമായിരുന്നു. ആ കോഴ്സുകൾ ഇന്ന് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുകയാണ്. ഈ വിദ്യാഭ്യാസ നയത്തെ നിങ്ങൾക്ക് എങ്ങനെ എതിർക്കാൻ കഴിയും. നമുക്ക് ഇത് സംബന്ധിച്ച് യാഥാർത്ഥ്യബോധത്തോടുകൂടിയ ഒരു സമീപനമാണ് വേണ്ടത്. അങ്ങനെ യാഥാർത്ഥ്യബോധത്തോടുകൂടിയ ഒരു സമീപനം സ്വീകരിച്ച് അതിൻെറ നേട്ടങ്ങളുമായിട്ട് ഞങ്ങൾ നിൽക്കുമ്പോൾ ഇത് വിസ്മരിക്കണമെന്നുള്ള കള്ളപ്രചരണവുമായിട്ട് നിങ്ങൾ നിൽക്കുന്നു എന്നാണ് ഞങ്ങളുടെ പരാതി.

ശ്രീ. കെ. കൃഷ്ണൻകുട്ടി : അങ്ങയുടെ ജില്ലാ സെക്രട്ടറിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? അദ്ദേഹത്തെ അറസ്റ് ചെയ്തോ? ശ്രീ. ഉമ്മൻചാണ്ടിയുടെ അടുത്ത സുഹൃത്താണ്. അദ്ദേഹത്തെ രണ്ട് ദിവസമായിട്ട് ഇവിടെ കാണുന്നില്ല.

ശ്രീ. ഇ. എം. അഗസ്തി : എൻെറ സെക്രട്ടറിയെക്കുറിച്ച് അങ്ങ് വിഷമിക്കേണ്ടതില്ല. അങ്ങയുടെ സഹപ്രവർത്തകരെക്കുറിച്ച് അങ്ങ് വിഷമിച്ചാൽ മതി. ഈ വിഷയത്തിലേക്ക് വരേണ്ടതില്ലെന്ന് ഞാൻ വിചാരിച്ചതാണ്. രാവിലെ സമ്മേളനം ആരംഭിച്ചതുതന്നെ ഈ വിഷയത്തെ കുറിച്ചുള്ള വാദമുഖങ്ങളുമായിട്ടാണ് അപ്പോൾ ഈ വിഷയത്തെ സംബന്ധിച്ച് മുഖ്യമന്ത്രി ഒരുറപ്പ് നൽകി. മുഖ്യമന്ത്രി പറഞ്ഞു, കേരളത്തിൻെറ സാമൂഹ്യ മനഃസാക്ഷിയെ ബാധിക്കുന്ന ഈ കാര്യത്തിൽ കുറവാളികൾക്കെതിരെ മുഖം നോക്കാതെ നടപടിയെടുക്കും എന്ന്. അപ്പോൾ ഈ മുഖ്യമന്ത്രിയിൽ എങ്ങനെ പഴുത് കണ്ടെത്താൻ സാധിക്കും എന്നാണ് അപ്പുറത്തിരിക്കുന്നവർ ശ്രമിച്ചത്. ശ്രീ. എ. കെ. ആൻറണി മുഖ്യമന്ത്രിയായതുകൊണ്ട് നാട്ടിലെ മുഴുവൻ കുറ്റങ്ങളും അവസാനിച്ചു എന്ന് ഞാൻ പറയുന്നില്ല. പക്ഷെ കുറ്റവാളികളെ സംരക്ഷിക്കുന്ന സമീപനം ഈ ഗവൺമെൻറിനില്ല. കുറ്റവാളികൾ എത്ര ഉന്നതൻമാർ ആയാലും അവരുടെ മേൽ കർശന നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. അങ്ങനെയിരിക്കെ എൻെറ പാർട്ടി സെക്രട്ടറിയെ ഓർത്ത്

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് വിഷമിക്കേണ്ട, അങ്ങയുടെ പാർട്ടി പ്രവർത്തകരെ ഓർത്ത് അങ്ങ് വിഷമിച്ചാൽ മതിയെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ രാവിലെ പറഞ്ഞതിലേക്ക് തിരിച്ചുവരികയാണ്. ഈ കേസിലെ പ്രതി എന്റെ പാർട്ടിയിൽപ്പെട്ട ആളല്ല. ഈ കേസിലെ പ്രതിയായ ധർമ്മരാജ് മാർക്സിസ്റ്റ് പാർട്ടിയുമായിട്ട് ബന്ധമുള്ള ആളാണ്. അയാൾ തിരുവനന്തപുരം ലാ കോളേജിൽ പഠിക്കുന്ന സമയത്ത് കോളേജ് യൂണിയൻ ചെയർമാനായിരുന്നു. ആ കേസിലെ മറ്റ് പ്രതി ആയിരുന്ന ജോർജ് സി. ചെറിയാൻ യൂണിവേഴ്സിറ്റി യൂണിയൻ സെക്രട്ടറിയായിരുന്ന ആളാണ്. അദ്ദേഹം മാർക്സിസ്റ്റ് പാർട്ടി വിട്ട് ഇപ്പോൾ കോൺഗ്രസ്-എസിൽ ചേക്കേറിയിരിക്കുകയാണ്. ഞങ്ങളുടെ ആളുകളെ കുറ്റം പറയുന്ന ആളുകൾ എവിടെ ചെന്നു നിൽക്കുന്നുവെന്നു നോക്കണം. അതവിടെ നിൽക്കട്ടെ.

ശ്രീ. പിണറായി വിജയൻ: ഇവിടെ ബഹുമാനപ്പെട്ട അഗസ്തി പറഞ്ഞ ആളുകളൊന്നും ഞങ്ങളുടെ പാർട്ടിയിൽപ്പെട്ടവരോ പാർട്ടിയുമായിട്ട് ബന്ധമുള്ളവരോ അല്ല. അങ്ങനെയുള്ള ആളുകൾ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ടവരാണെന്ന് ബോധപൂർവ്വം പ്രചരിപ്പിക്കുന്നത് ശരിയാണോ? ഇതു രേഖയിലുണ്ടാകാൻ പാടില്ല. ഇതിൽ അങ്ങയുടെ തീരുമാനം ഉണ്ടാകണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ശ്രീ. അഗസ്തി എന്നോട് ഈ കേസിൽ മാർക്സിസ്റ്റുകാർ ഉണ്ടെന്നാണ് പറഞ്ഞത്. അത് തമാശ എന്നാണ് ഞാൻ വിചാരിച്ചത്. ഞാൻ 10 കൊല്ലം അവിടെ എന്റെ പാർട്ടിയുടെ ജില്ലാ സെക്രട്ടറിയായിരുന്ന ആളാണ്. അയാൾ അഞ്ചാറ് കൊല്ലമായിട്ട് മാർക്സിസ്റ്റ് പാർട്ടിയിലേ ഇല്ല. ഇപ്പോൾ അയാൾ ജെ.എസ്.എസ്.ലെ പ്രവർത്തകനാണ്. അതുപോലെ ചെറിയാനും പാർട്ടിയിലുള്ള ആളല്ല. എന്നിട്ട് നിരുത്തരവാദപരമായി ഞങ്ങളുടെ പാർട്ടിയെക്കുറിച്ച് എന്തും പറയാമെന്നാണോ? അത് പിൻവലിക്കണം, രേഖയിലുണ്ടാകാൻ പാടില്ല. ആർക്കും വഴിയിലിട്ട് തട്ടാനുള്ള ഒരു പാർട്ടിയല്ല എന്റെ പാർട്ടി.

ശ്രീ. ഇ. എം. അഗസ്തി: ഞാൻ ഈ വിഷയത്തിലേക്ക് വരാൻ ആഗ്രഹിച്ചതല്ല. രാവിലെ ഈ വിഷയത്തെക്കുറിച്ച് ചർച്ച നടക്കുമ്പോൾ ഈ കുറ്റത്തിൽ കോൺഗ്രസ് നേതാക്കൾക്കുള്ള പങ്കിനെക്കുറിച്ചും ബന്ധത്തെക്കുറിച്ചും അന്വേഷിക്കാനാണ് എല്ലാവരും ശ്രമിച്ചത്. അല്ലാതെ സമൂഹത്തെ ബാധിക്കുന്ന പ്രശ്നത്തെപ്പറ്റി പറയാനല്ല നിങ്ങൾ ശ്രമിച്ചത്.

ശ്രീ. കെ. ബാബു: സർ ഈ പെൺവാണിഭ സംഘത്തിന് താമസിക്കാൻ കുമിളിയിൽ ഗസ്റ്റ് ഹൗസ് ഏർപ്പാട് ചെയ്തു കൊടുത്തത് മാർക്സിസ്റ്റ് പാർട്ടിയുടെ ചിറക്കുള്ള പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഗിരീഷ് എന്നാണ് പറയപ്പെടുന്നത്. അതിൽ എന്തെങ്കിലും സത്യമുണ്ടോ?

ശ്രീ. ഇ. എം. അഗസ്തി: എന്റെ കൈയിലൊരു കുത്തുണ്ട്. ഞാൻ പറഞ്ഞുവന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ നീതി പൂർവ്വമായ സമീപനം സ്വീകരിച്ചില്ലെന്നു വരുത്തിതീർക്കാൻ വേണ്ടി പ്രതിപക്ഷ നേതാക്കൻമാർ ശ്രമിക്കുന്നുവെന്നാണ്. ഞാൻ ഒരു പാർട്ടിയെയോ വ്യക്തിയെയോ കുറിച്ച് പറയുന്നില്ല. ഞാൻ പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി നീതിപൂർവ്വമായ സമീപനം സ്വീകരിച്ചില്ലെന്ന് പ്രതിപക്ഷം പറയുന്നത് ശരിയല്ലയെന്നാണ്. എനിക്കു കിട്ടിയ ഒരു കത്തുണ്ട്. ഈ കത്തിന്റെ ആദ്യത്തെ കോപ്പി മുഖ്യമന്ത്രിക്ക് അയച്ചു. വേറൊരു കോപ്പി 5-3-1996-ൽ അയച്ചിരിക്കുന്നത് പ്രതിപക്ഷ നേതാവിനാണ്. ഇത് മലയാളം പ്ലാന്റേഷനിലെ സ്റ്റാഫ് മെമ്പറുടെ കത്താണ്. Ronald Mein, Staff Member, Harrison-Malayalam Plantation Limited, Upper Suryanelli Estate, Suryanelli P.O.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഇത് ശ്രീ. ബാബുവിന്റെ ചോദ്യത്തിനുത്തരമാണോ അതോ ശ്രീ. അഗസ്തിയുടെ പ്രസംഗമാണോ ?

മി. സ്പീക്കർ : ശ്രീ. അഗസ്തിയാണ് ഇപ്പോൾ പ്രസംഗിക്കുന്നത്.

ശ്രീ. ഇ. എം. അഗസ്തി : ഈ കത്തിന്റെ ഒരു കോപ്പി എൽ.ഡി.എഫ്. കൺവീനർക്ക് അയച്ചിട്ടുണ്ട്. ഒരു കോപ്പി എനിക്ക് അയച്ചുതന്നിട്ടുണ്ട്. ഒരു കോപ്പി മൂന്നാർ എം.എൽ.എ. ശ്രീ. എ. കെ. മണിക്ക് അയച്ചതാണ്. അതുപോലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെ 30-ഓളം ആളുകൾക്ക് ഇതിന്റെ പ്രതി അയച്ചിട്ടുണ്ട്. ഈ പരാതി കേരളാ മുഖ്യമന്ത്രിക്ക് കിട്ടിയത് 5-ാം തീയതിയാണ്. 8-ാം തീയതി മുഖ്യമന്ത്രി ഇതിൻമേൽ ഉത്തരവ് ഇറക്കി.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : ഇത്തരം ഒരു കത്ത് എനിക്ക് കിട്ടിയിട്ടില്ല.

ശ്രീ. ഇ. എം. അഗസ്തി : മുഖ്യമന്ത്രിക്ക് ഇതിനെപ്പറ്റി പരാതി കിട്ടിയപ്പോൾത്തന്നെ അദ്ദേഹം കർശനമായിട്ട് നടപടി സ്വീകരിക്കണം എന്നു പറഞ്ഞ് വേണ്ട നിർദ്ദേശം കൊടുത്തു. ആ ഉത്തരവിന്റെ കോപ്പി അദ്ദേഹം ഈ സഭയിൽ വച്ചു. മുഖ്യമന്ത്രിയുടെ നീതി ബോധത്തിന്റെ തെളിവാണിത്.

ശ്രീ. പിണറായി വിജയൻ : എന്റെ പോയിന്റ് ഓഫ് ഓർഡറിന് അങ്ങ് മറുപടിയൊന്നും പറഞ്ഞില്ല.

മി. സ്പീക്കർ : ശ്രീ. വിജയൻ ഉന്നയിച്ചതിൽ ഒരു പോയിന്റ് ഓഫ് ഓർഡറുമില്ല. ഇവിടെ ഓരോരുത്തരും രാഷ്ട്രീയ ലോയൽറ്റിയെക്കുറിച്ച് പറയുമ്പോൾ അത് അനേഷിച്ച് തീരുമാനമെടുക്കാനുള്ള മെഷീനറി ഒന്നും ചെയറിനില്ല. എല്ലാവരും ഉത്തരവാദത്തോടുകൂടി സംസാരിക്കണം എന്ന് ഉപദേശിക്കാനേ കഴിയൂ. ആര് എന്തായിരുന്നു, ഇപ്പോൾ എന്താണ് എന്നൊന്നും അനേഷിക്കാൻ എനിക്ക് പറ്റില്ല. പിന്നെ ഞാൻ എങ്ങനെയാണ് രേഖയിൽ നിന്നും നീക്കുന്നത്. അതുകൊണ്ട് ഉത്തരവാദപ്പെട്ട മെമ്പർമാർ പറയുന്നത് കഴിയുന്നതും വാസ്തവമായിരിക്കണം എന്നു മാത്രമേ എനിക്ക് പറയാനുള്ളൂ.

ശ്രീ. ടി. ശിവദാസമേനോൻ : സർ, അങ്ങ് പറഞ്ഞത് കംപ്ലിറ്റായിട്ട് അംഗീകരിക്കുന്നു. കോൺഗ്രസ്സിന്റെ ഡി.സി.സി. (ഐ) സെക്രട്ടറിയാണ്. ഇതിൽ ഒരു പ്രതിയെന്ന് ഇന്നു രാവിലെ പറഞ്ഞിട്ട് ഒരാളും നിഷേധിച്ചില്ലല്ലോ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിഷേധിച്ചോ ? ഇതാണ് എന്റെ ചോദ്യം.

മി. സ്പീക്കർ : മിസ്റ്റർ ശിവദാസമേനോൻ, അതിന്റെ മെറിറ്റിലേക്ക് പോകേണ്ട. ഈ പറഞ്ഞ ആളുകൾ മാർക്സിസ്റ്റ് പാർട്ടിയിലെ ആരും അല്ലായെന്ന് നിങ്ങളുടെ ഉത്തരവാദപ്പെട്ട ആളുകൾ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു എനിക്ക് അതിന്റെ മെരിറ്റിലേക്ക് പോകാനുള്ള മെഷിനറി ഇല്ല. അതുകൊണ്ട് എന്നിൽ നിന്നും ഒരു റൂളിംഗ് പ്രതീക്ഷിക്കണ്ട.

ശ്രീ. ഇ. എം. അഗസ്തി : ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ സത്യം പറഞ്ഞു. കേരളത്തിന്റെ മനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന സംഭവം പോലും ഗവൺമെന്റിനെതിരെ എങ്ങനെ രാഷ്ട്രീയ ആയുധമാക്കാമെന്ന ശ്രമത്തിൽ പ്രതിപക്ഷം ഏർപ്പെട്ടിരിക്കുന്നത് നീതിബോധത്തോടുകൂടി ഗവൺമെന്റ് എതിർക്കുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലവും ഐക്യജനാധിപത്യമുന്നണി സംസ്ഥാന ഗവൺമെന്റിന്റെ പുരോഗതിക്കാവശ്യമായ പരിപാടികൾ നടപ്പിലാക്കി ജനങ്ങളുടെ മുൻപാകെ അഭിമാനബോധത്തോടുകൂടി നില്ക്കുന്ന സാഹചര്യത്തിലാണ് ഈ ബഡ്ജറ്റുമായി വന്നത്. ഇന്നോ നാളെയോ ഈ സഭ പിരിയും അല്ലെങ്കിൽ ഒരാഴ്ച കൂടി കാണും. തെരഞ്ഞെടുപ്പിന്റെ മണി മുഴങ്ങി തുടങ്ങിയിരിക്കുന്നു. അഞ്ചുവർഷക്കാലത്തെ നേട്ടങ്ങളുടെ പട്ടികയുമായി നില്ക്കുന്ന ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ഈ കുരുക്ഷേത്ര യുദ്ധത്തിൽ അഭിമാനബോധത്തോടുകൂടി തിരിച്ചുവരും. അസ്തമയത്തിന്റെ തിളക്കമാണെന്ന് ശ്രീ. ചാത്തു സംസാരിച്ചപ്പോൾ പറയുകയുണ്ടായി. അസ്തമയവുമുണ്ട്, അസ്തമയത്തിനു ശേഷം പുലർകാലവുമുണ്ട്. ആ പുലർകാലത്ത് ഐക്യജനാധിപത്യമുന്നണി പുതിയ ശോഭയോടുകൂടി ഇവിടെ പറഞ്ഞിരിക്കുന്ന വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ കഴിയുന്ന പ്രതിബദ്ധതയുമായ ജനപിന്തുണയോടുകൂടി തിരിച്ചു വരുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

മി. സ്പീക്കർ : ഓർഡർ, ഓർഡർ.... ഇന്നു കൂടിയ കാര്യോപദേശക സമിതി യോഗത്തിലുണ്ടായ അഭിപ്രായ സമന്വയമനുസരിച്ച് 1996 മാർച്ച് 19-ാം തീയതി രാവിലെ 10 മണി മുതൽ പന്ത്രണ്ടരവരെ വോട്ട് ഓൺ അക്കൗണ്ടിൻ മേലുള്ള ചർച്ചയ്ക്കും വോട്ടെടുപ്പിനും വേണ്ടിയും ഉച്ചയ്ക്ക് 12.30 മുതൽ 1.30 വരെ 1996-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണത്തിനും അനന്തര ഘട്ടങ്ങൾക്കും വേണ്ടി വിനിയോഗിക്കുന്നതാണ്. ഉച്ചയ്ക്കുശേഷം ഒന്നരമണി മുതൽ മൂന്നരമണിവരെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകളുടെ പരിഗണനയ്ക്കും അനന്തരഘട്ടങ്ങൾക്കും വിനിയോഗിക്കുന്നതാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ, 1996-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 1996-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില സൊസൈറ്റികൾ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ, 1996-ലെ കേരള (പട്ടികജാതി ഗോത്രവർഗ്ഗ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ബിൽ, വൈകുന്നേരം മൂന്നര മണിമുതൽ എട്ട് മണിവരെ താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുത്ത് പാസ്സാക്കുന്നതാണ്. 1996-ലെ അബ്കാരി (ഭേദഗതി) ബിൽ, 1996-ലെ ഇന്ത്യൻ പിൻതുടർച്ചാവകാശ (ഭേദഗതി) ബിൽ, 1996-ലെ തെക്കുതെക്കൻ ഏലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 1995-ലെ കേരള സിവിൽ കോടതികൾ (ഭേദഗതി) ബിൽ. മാർച്ച് മാസം 22-ാം തീയതി വരെ സമ്മേളിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. നാളെ തീർക്കാമെന്നുള്ള ഒരു തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു കാര്യം ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് മേൽപ്പറഞ്ഞ ബില്ലുകൾക്കുള്ള ഭേദഗതി ഇന്ന് വൈകിട്ട് ആറ് മണിക്ക് മുൻപ് നൽകാവുന്നതാണ്. നാളെ തീർക്കണമെന്നുള്ളതുകൊണ്ട് എല്ലാ പേരും ദയവായി സഹകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, ഞാൻ ഈ ബഡ്ജറിനെ എതിർക്കുന്നു. കഴിഞ്ഞ അഞ്ചുവർഷമായി കേന്ദ്രത്തിലും കേരളത്തിലും കോൺഗ്രസ് നേതൃത്വത്തിൽ അവതരിപ്പിച്ച ബഡ്ജറുകളും ജനങ്ങൾക്ക് സമ്മാനിച്ചത് നാനാതരത്തിലുള്ള ദുരിതങ്ങളായിരുന്നു. ഈ രാജ്യത്തെയും സംസ്ഥാനത്തെയും സമ്പദ് വ്യവസ്ഥയെ തകർക്കുന്നതിനും ഭാവി അന്ധകാരമാക്കി തീർക്കുന്നതിനുമാണ് സഹായിച്ചിട്ടുള്ളത്. മനോരമ പത്രത്തിൽ വന്ന വാർത്ത ഞാൻ ഇവിടെ വായിക്കാം. ആളോഹരി കടം 5890 രൂപ ഓരോ ഇന്ത്യാക്കാരന്റെയും വിദേശ കടം 4,000 രൂപ, നാട്ടിലെ കടം 1890 രൂപ. ഇന്ത്യാക്കാരന്റെ പ്രതിശീർഷ വരുമാനത്തേക്കാൾ ഏറെയാണ് പ്രതിശീർഷ വിദേശകടം. ഇന്ത്യയ്ക്ക് ഓരോ വർഷവും അനുവദിച്ചു കിട്ടുന്ന വിദേശ സഹായത്തിന്റെ നല്ല പങ്ക് കടം വീട്ടാൻ വേണ്ടിവരുന്നു. തൻമൂലം വികസന പരിപാടികളും പലതും അസാദ്ധ്യമാവുന്നുവെന്നാണ് ആസൂത്രണ മന്ത്രാലയത്തിൽനിന്നും ലഭിച്ചിട്ടുള്ള സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. സർക്കാരിന്റെ ചെലവുകളും വരുമാനത്തേക്കാൾ കൂടുതലാണ് തൻമൂലം നാട്ടിലെ സ്ഥാപനങ്ങളിൽനിന്നും പലിശയ്ക്ക് കടം വാങ്ങാറുണ്ട്. 14 ശതമാനത്തിനുവരെ കടം വാങ്ങിയിട്ടുണ്ട്. കടം പെരുകുന്നതനുസരിച്ച് പലിശ കൂടിവരുന്നു. നടപ്പുസാമ്പത്തികവർഷം സർക്കാർ കടം വാങ്ങിയ തുകയിൽ 30 ശതമാനവും ഇങ്ങനെ പലിശയായി കൊടുത്തു തീർക്കാനേ ഉണ്ടായിരുന്നുള്ളുവെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ വാർത്ത ദേശാഭിമാനിയിൽ വന്ന വാർത്തയല്ല. മലയാള മനോരമയിലെ വാർത്തയാണ്. അതാണ് ഞാൻ ഇവിടെ ആമുഖമായി വായിച്ചത് കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സ്ഥിതിയുടെ ഒരു ചെറിയ ചിത്രമാണ് ഇതിൽകൂടി മനോരമ പത്രം പുറത്തുകൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി വരച്ചു കാണിച്ചിട്ടുള്ളത് ആദർശ തട്ടിപ്പിന്റെ പുണ്യവാളനായ ശ്രീ. ആന്റണിയുടെ തനിരൂപമാണ്. നിറം പിടിപ്പിച്ച നുണകളുടെ ഒരു സമാഹാരമാണ്. പുറത്ത് കഴമ്പില്ലാത്ത അവകാശവാദങ്ങളും, അകത്ത് കണക്കുകളുടെ ഒരു കയ്യാങ്കളി. 1996-97-ലെ ബഡ്ജറ് കമ്മി വെറും 28 കോടി രൂപ ആണത്രെ. 28 കോടി രൂപ എന്നു മന്ത്രിയുടെ അവകാശവാദത്തെപ്പറ്റി മറെറാരുപത്രം എഴുതിയിട്ടുള്ള മുഖപ്രസംഗം ഞാൻ വായിക്കാം. "ഗവൺമെൻറിന്റെ യഥാർത്ഥവരുമാനമായ 6400 കോടി രൂപയുടെ റവന്യൂ വരവ് ചെലവാക്കി കഴിയുമ്പോൾ 1071 കോടി രൂപയുടെ അതിഭീമമായ കമ്മി "സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയെപ്പറ്റി മനോഹരമായ ചിത്രമല്ലേ അവതരിപ്പിക്കുന്നത്: ദേശാഭിമാനി അല്ല, കേരള കൗമുദി ദിനപത്രത്തിന്റെ മുഖപ്രസംഗമാണ്. ഈ നിലയിൽ സംസ്ഥാന ബഡ്ജറിനെ സംബന്ധിച്ചും. കേന്ദ്രബഡ്ജറിനെ സംബന്ധിച്ചുമുള്ള പ്രതികരണങ്ങളും ഇതിനകം പുറത്തുവന്നു. ഇത് ഞാൻ സന്ദർഭോചിതമായി ചൂണ്ടിക്കാണിച്ചുവെന്നു മാത്രം. നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി മെച്ചപ്പെട്ട ധനകാര്യ മാനേജ്മെൻറിൽ സ്വയം അഭിമാനം കൊള്ളുന്നു. കമ്മികഴിയുന്നത്ര ഒതുക്കി നിറുത്താൻ കഴിഞ്ഞതിൽ നമ്മുടെ ധനകാര്യവകുപ്പുമന്ത്രി കൃതാർത്ഥതയടയുന്നു. കുറച്ചു കമ്മിയെ ഇപ്പോൾ ഉള്ളൂവെന്ന സ്ഥിതിവരുത്താൻ അദ്ദേഹത്തിന് കഴിഞ്ഞതിൽ കൃതാർത്ഥത അടയുകയാണ്. വളരെ ചെറിയ കമ്മിയാണ് നമ്മുടെ സംസ്ഥാനത്തിനുള്ളത്. ആ ബഡ്ജറിൽ തന്നെ യാഥാർത്ഥ കമ്മിയുണ്ട്. യഥാർത്ഥത്തിൽ കമ്മി അത്ര ചെറുതല്ല. 1995-96-ലെ കമ്മി ഇനത്തിൽ 613 കോടി രൂപ ഇപ്പോൾ തന്നെ ബാദ്ധ്യതയുണ്ട്. അതോടൊപ്പം ചാരായ നിരോധനംമൂലമുണ്ടായ 300 കോടി രൂപയുടെ നഷ്ടത്തിനു അധിക

LIBRARY ARCHIVES Kerala Legislative Assembly

വിലവേ സമാഹരണവും അടക്കം കുറഞ്ഞത് ആയിരം കോടിയിലധികം സമാഹരിക്കേണ്ടതുണ്ട്. അതുപോലെ പൊതുമരാമത്തു കരാറുകാർക്ക്, ഇറിഗേഷൻ കോൺട്രാക്ടർമാർക്കുംപ്പെടെ 460 കോടി രൂപ കൊടുക്കാനുണ്ട്. തൊഴിലില്ലായ്മാ വേതനമിനത്തിൽ 56 കോടി രൂപയുടെ കുടിശ്ശിക, കർഷകത്തൊഴിലാളി പെൻഷൻ 36 കോടി രൂപയുടെ കുടിശ്ശിക കൈത്തറി റിബേറ് 30 കോടി രൂപയുടെ കുടിശ്ശിക, പഞ്ചായത്തുകൾക്ക് വസ്തു കൈമാറ്റ നികുതി ഇനത്തിൽ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക 68 കോടി രൂപ, കയർത്തൊഴിലാളി പെൻഷൻ കുടിശ്ശിക 11 കോടി രൂപ, മൽസ്യത്തൊഴിലാളി പെൻഷൻ കുടിശ്ശിക 1 കോടി രൂപ, ഉച്ചക്കഞ്ഞി വിതരണത്തിന് സാധനങ്ങൾ വാങ്ങിയ ഇനത്തിൽ കൊടുത്തു തീർക്കാനുള്ളത് 4 കോടി രൂപ, കൈത്തറിത്തൊഴിലാളികൾക്ക് പെൻഷൻ, വികലാംഗ പെൻഷൻ, കശുവണ്ടിത്തൊഴിലാളി പെൻഷൻ, മൽസ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്ന ഇനത്തിൽ വരുത്തിയ കുടിശ്ശിക, ശുദ്ധജല വിതരണ കോൺട്രാക്ടർമാർക്ക് നൽകുവാനുള്ള കുടിശ്ശിക, പോലീസുകാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥൻമാർക്ക് യാത്രപ്പടി ഇനത്തിൽ നൽകുവാനുള്ള കുടിശ്ശിക എന്നീ ഇനങ്ങളിൽ കോടിക്കണക്കിനു രൂപയുടെ കടം അടച്ചുതീർക്കാൻ ബാക്കിയുണ്ട്. ഏതാണ്ട് ഈ ഇനത്തിൽ രണ്ടായിരത്തിൽപ്പരം കോടി രൂപയുടെ ബാദ്ധ്യത സർക്കാരിന് ഉള്ളപ്പോഴാണ് 28 കോടി രൂപയുടെ കമ്മിയായിട്ട് വളരെ ചുരുക്കിക്കൊണ്ടുവരാൻ എനിക്കു കഴിഞ്ഞു എന്നതരത്തിൽ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി തന്നെ കൃതാർത്ഥതയടഞ്ഞിട്ടുള്ളത്. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത് ഇത് കണക്ക് കൊണ്ടുള്ള ഒരു കൺകെട്ടുകളിയെന്ന്. നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയുടെ കണക്കുശാസ്ത്രം പോലെ തന്നെയാണ് മുഖ്യമന്ത്രിയുടെയും കണക്കുശാസ്ത്രം. മുഖ്യമന്ത്രിയോ മന്ത്രിയോ ആകുന്നതിനു മുൻപ് അദ്ദേഹം ഒരു യാത്ര ചെയ്തു. ഡൽഹിയിൽ നിന്നും ഇങ്ങോട്ടായിരുന്നു യാത്ര. ആ യാത്രയുടെ അക്കൗണ്ട് ഹെഡായി തന്നെ കാണിച്ചിരുന്നത് മന്ത്രിമാരുടെ യാത്ര എന്നായിരുന്നു. ഈ കള്ളം കയ്യോടെ പുറത്തുവന്നു. ശ്രീ. ആൻറണി പറയുകയാണ് ഒരു അബദ്ധം പറ്റിപ്പോയിയെന്ന്. ഈ അടുത്തകാലത്ത് ഒരു വിദ്വാൻ തെങ്ങിൽ കയറി. വസ്തു ഉടമ പിടികൂടി ചോദിച്ചപ്പോൾ പറഞ്ഞു ഞാൻ തെങ്ങിൽ പുല്ലു പറിക്കാൻ പോയതാണെന്ന്. എടാ കള്ളാ തെങ്ങിലാണോ പുല്ലിരിക്കുന്നത് എന്ന് ഉടമ ചോദിച്ചു. അപ്പോൾ അയാൾ പറഞ്ഞു അതല്ലേ ഞാൻ ഇറങ്ങി വരുന്നത്. പുല്ല് അവിടെയില്ല. അതുകൊണ്ടാണ് ഞാൻ ഇറങ്ങിവരുന്നത്. എന്നു പറഞ്ഞതുപോലെയുള്ള ന്യായമാണ് എന്റെ സ്നേഹിതൻ ബഹുമാനപ്പെട്ട ആൻറണി ഇതു സംബന്ധിച്ച് എടുത്തിട്ടുള്ള നിലപാട്. അതിനുശേഷം അദ്ദേഹം പറഞ്ഞു. കേന്ദ്ര ഗവൺമെൻറ് എന്റെ യാത്രാചെലവ് തന്നില്ലയെങ്കിൽ ഞാൻ ഒരു രൂപ രണ്ടു രൂപ പിരിവു നടത്തുമെന്ന്. ഒരു പത്രത്തിൽ ഈയിടെ ആ വാർത്ത വന്നു. ആ വാർത്തയെ സംബന്ധിച്ച് ഞാൻ വായിച്ചു. ഒരു രൂപ രണ്ടു രൂപ പിരിവു കൊടുക്കുന്നതിനെക്കുറിച്ചു പറഞ്ഞപ്പോൾ വെള്ളപ്പൊക്കം പോലെ ഒഴുകുന്നുവെന്നാണ് വാർത്ത. കോൺഗ്രസ്സുകാരുടെ പിരിവല്ലേ. അതൊരു പിരിവായിരിക്കുമല്ലോ. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഒരു കോൺഫറൻസ് നടത്തി. അദ്ദേഹം ആ കോൺഫറൻസിനെ കാര്യം ഈ സഭയിൽ പറയുകയും ചെയ്തു. എക്സൈസ് പോലീസ് ഉദ്യോഗസ്ഥൻമാരുടെയും പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻമാരുടെയും ഒരു കോൺഫറൻസായിരുന്നു അത്. മാഹിയോ വാളയാറോ വഴി ഒരു തുള്ളി ചാരായം പോലും കേരളത്തിലേക്ക് കടക്കാൻ ഇടയാകാത്ത വിധത്തിലുള്ള കർശനമായ ചട്ടം

LIBRARY ARCHIVES Kerala Legislative Assembly

കെട്ടൽ. അതാണ് ഈ ഉദ്യോഗസ്ഥൻമാരെ വിളിച്ച് നിർദ്ദേശം കൊടുത്തത്. എന്ന് അദ്ദേഹം ഇവിടെ അഭിമാനപുരസ്സരം പറഞ്ഞു. ഇന്നലെ തന്നെ അതു കൂടിയെന്ന് അദ്ദേഹം ചൂടോടെ ഇവിടെ പറഞ്ഞു. ആ വാർത്ത കേട്ടപ്പോൾ എനിക്ക് ഒരു പുരാണകഥ ഓർമ്മവന്നു. നളനും ദമയന്തിയും തമ്മിൽ പ്രണയമായി കഴിയുകയും, അവർ വിവാഹം നടത്താൻ പോവുകയാണെന്നുമുള്ള വിവരമറിഞ്ഞ കലിദ്വാപരൻമാർ ആ വിവാഹം മുടക്കി, ദമയന്തിയെ കൈവശത്തപ്പെടുത്താൻ വേണ്ടി പാതാളത്തിൽ നിന്നും യാത്ര തുടങ്ങി. വഴിമദ്ധ്യേ ഇന്ദ്രനെ കണ്ടു. കുശലപ്രശ്നങ്ങളിൽ ഏർപ്പെട്ടു. എങ്ങോട്ടാണ് പോകുന്നത് എന്ന് ഇന്ദ്രൻ ചോദിച്ചു. അപ്പോൾ കലി ദ്വാപരൻമാർ പറഞ്ഞു നളൻ-ദമയന്തി വിവാഹം നടക്കാൻ പോകുന്നു. കൃത്യസമയത്തുതന്നെ അവിടെ എത്തി ദമയന്തിയെ കൈവശപ്പെടുത്താൻ കഴിയുമോ എന്ന ലാക്കോടുകൂടി ഞങ്ങൾ പോവുകയാണെന്ന്. ഉടൻ വെള്ളമെല്ലാം ഒഴുകിപ്പോയി കഴിഞ്ഞു. ഇനി എന്തിന് അണ കെട്ടുന്നു എന്ന് ഇന്ദ്രൻ വ്യംഗ്യമായി ചോദിച്ചു. അതിന്റെ അർത്ഥം നളൻ ദമയന്തിയെ കെട്ടി കഴിഞ്ഞു അവർ ഇപ്പോൾ സുഖമായി കഴിയുകയാണ്. അതുകൊണ്ട് ഈ വ്യർത്ഥമായ പോക്ക് ആവശ്യമില്ല എന്നാണ്. ഇതു പറഞ്ഞുതോടുകൂടി കലി ദ്വാപരൻമാർ പാതാളത്തിലേക്ക് മടങ്ങിപ്പോയി. അതുപോലെ നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കോൺഫറൻസിനും ഏതാണ്ട് അതേ സ്ഥിതിയാണ് എന്നുള്ളതു ഞാൻ പ്രത്യേകമായി എടുത്തു പറയുകയാണ്. ഏപ്രിൽ 1-ാം തീയതിയോടുകൂടി ചാരായം നിർത്തലാക്കാൻ മാസങ്ങൾക്കു മുൻപുതന്നെ പ്രഖ്യാപനം നടന്നു. അതോടുകൂടി റെക്ടിഫൈഡ് സ്പിരിറ്റ് മാഹിയും വാളയാറും വഴി ഇവിടെ എത്തിക്കഴിഞ്ഞു. അത് പല നിറങ്ങളിൽ സ്റ്റോറുകളിലും ബാറുകളിലും നിറഞ്ഞു കഴിഞ്ഞു. ഇന്ദ്രൻ കലി ദ്വാപരനോടു പറഞ്ഞതുപോലെ വെള്ളമെല്ലാം ഒഴുകിയതിനുശേഷം അണ എന്തിനെന്ന സ്ഥിതിയാണ് ഇപ്പോൾ വന്നിരിക്കുന്നത്. വിദേശമദ്യലോബി കേരള സമ്പദ്വ്യവസ്ഥയെ കൈയ്യടക്കിക്കഴിഞ്ഞു. മി. ആൻറണിയെ കേരളത്തിലേക്ക് കൊണ്ടുവന്നവരുടെ അഭിലാഷം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുകയാണ്. സ്നേഹിതൻമാരായ മന്ത്രിമാർക്കും ഉദ്യോഗസ്ഥൻമാർക്കുമുള്ള പ്രയോജനം ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ വിദേശമദ്ധ്യലോബിയെ പോലെയുള്ള ആളുകൾക്ക് വൻതോതിൽ ലഭിച്ചുകഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് ഈ തരത്തിലുള്ള ബഡ്ജറിന്റെ അവകാശവാദത്തിന്റെ കഥയില്ലായ്മ ഓരോ രംഗമെടുത്തു പരിശോധിച്ചാലും വളരെ വിശദമായി, വ്യക്തമായ് കാണാവുന്നതാണ്. ഇന്നു രാവിലെ തന്നെ നടന്ന അടിയന്തിരപ്രമേയം സംബന്ധിച്ചുള്ള ചർച്ചയിൽ ശ്രീ. ആൻറണിയുടെ പെൺവാണിഭം സംബന്ധിച്ചുള്ള ഉഗ്രൻ പ്രഖ്യാപനം നമ്മൾ കേട്ടു. സ്ത്രീകളെ ചൂഷണം ചെയ്യുന്ന വൈവിധ്യമാർന്ന രൂപത്തെ സംബന്ധിച്ച് അതിനു നേതൃത്വം കൊടുക്കുന്ന പ്രമാണികൻമാർ ആര് എന്നതിനെ സംബന്ധിച്ച് അവരുടെ പങ്കാളിത്വത്തിന്റെ ഫലമായി പോലീസ് എങ്ങനെ നിസ്സഹായമാകുന്നു എന്നതിനെ സംബന്ധിച്ച്, എല്ലാം ഇവിടെ വിശദമായി പരാമർശിക്കപ്പെട്ടു. അപ്പുറത്തിരിക്കുന്ന സ്നേഹതൻമാർ സൂര്യനെല്ലി പ്രശ്നത്തിലെ യഥാർത്ഥ പ്രതികളെ എങ്ങനെ രക്ഷപ്പെടുത്താൻ കഴിയും എന്നതിനെ സംബന്ധിച്ച് വ്യർത്ഥമായ പല പരിശ്രമങ്ങളും നടത്തിയത് സഹതാപപൂർവ്വം ഈ സഭ കേൾക്കുകയും കാണുകയുമാണ് ചെയ്യുന്നത്. എത്ര പാടുപെട്ടാലും ശരി ശ്രീ. ആൻറണിയും അദ്ദേഹത്തിന്റെ സ്നേഹിതൻമാരും പ്രധാനപ്പെട്ട ഇത്തരം അധോലോകവുമായിട്ടുള്ള ബന്ധം വളർത്തിക്കൊണ്ടിരിക്കുകയാണ് എന്നുള്ളത് സത്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഏതാനും ദിവസങ്ങൾക്കു മുൻപ് ശ്രീ. ആൻറണിയുടെ സ്നേഹിതൻ മാരുമായി ബന്ധപ്പെട്ട പ്രശ്നത്തെ സംബന്ധിച്ച് എറണാകുളം ജുഡീഷ്യൽ മജിസ്ട്രേറ്റ് പരസ്യമായി നടത്തിയ വിധിയുണ്ട്. കേരളത്തിലെ കോൺഗ്രസ്സുകാർ ഈ നാടിനെ വിദേശശക്തികൾക്ക് ഒറ്റു കൊടുക്കുന്നതിനുവേണ്ടി നിർലജ്ജമായി എടുത്തുകൊണ്ടിരിക്കുന്ന നയസമീപനങ്ങളെ സംബന്ധിച്ചാണ് ആ കോടതിവിധി. പുതിയ കോൺഗ്രസിൻെറ രൂപഭാവങ്ങളിൽ വരുന്ന മാറ്റങ്ങൾ, അത് നാടിന് വരുത്തിക്കൊണ്ടിരിക്കുന്ന ആപൽക്കരമായ സ്ഥിതിഗതികൾ അതിവിടെ ചൂണ്ടിക്കാണിക്കാതിരിക്കുന്നത് ശരിയല്ല. അത് ഇവിടെ ചൂണ്ടിക്കാണിച്ചാലെ ഈ ദേശത്തിൻെറ പവിത്രമായ സുരക്ഷിത ത്വത്തിനുവേണ്ടി ജനങ്ങളെ അണിനിരത്തുവാൻ കഴിയൂ. ഇത്തരം സാംസ്ക്കാരികമായിട്ടുള്ള അധഃപതനത്തിന് എതിരെ ജനങ്ങളെ അണി നിരത്തുവാൻ കഴിയൂ. ഇത്തരം അഴിമതിവാഴ്ചയ്ക്ക് എതിരെ ജനങ്ങളെ ബോധവാൻമാരാക്കാൻ, അതിനുവേണ്ടി ഞങ്ങൾ നടത്തുന്ന എളിയ ശ്രമങ്ങളെ താറടിച്ചു വികൃതമാക്കാൻ വേണ്ടി അനാവശ്യമായ ആക്ഷേപങ്ങളും ആരോ പണങ്ങളും ഉന്നയിക്കുകയാണ് അപ്പുറത്തുള്ള എൻെറ സ്നേഹിതൻമാർ. സൂര്യനെല്ലി പ്രശ്നത്തിൽ ധർമ്മരാജൻ എന്നു പറയുന്ന ആൾ കോൺഗ്രസ്സിൻെറ ബന്ധുവായ ജെ.എസ്.എസ്.-ൻെറ ഒരു മെമ്പറായതുകൊണ്ട് അയാളെ രക്ഷിക്കാനുള്ള ബാധ്യത അപ്പുറത്തുള്ളവർക്കുണ്ട് എന്നു ഞാൻ മനസ്സിലാക്കുന്നു. ആ ബാധ്യത നിറവേറ്റിക്കൊള്ളൂ. പക്ഷേ അയാൾ കമ്മ്യൂണിസ്റ്റുകാരനാണെന്ന് കഥയില്ലാത്ത, വസ്തുതയ്ക്കു വിരുദ്ധമായ കാര്യങ്ങൾ പറയരുത്. പറഞ്ഞു നാണിക്കരുത്. ശ്രീ. സുധാകരനോടൊപ്പം യാത്ര ചെയ്ത മാന്യനാണല്ലോ മി. അഗസ്തി. ശ്രീ. അഗസ്തിയുടെ പൂർവ്വ ചരിത്രം ഞങ്ങൾ മറന്നിട്ടില്ല. ആ പാരമ്പര്യമുള്ള ശ്രീ. അഗസ്തി ഇപ്പോൾ ധർമ്മരാജനെ ഇങ്ങനെ ചിത്രീകരിച്ചതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. ശ്രീ. അഗസ്തി ഇങ്ങനെ പറഞ്ഞില്ലെങ്കിലേ എനിക്ക് അത്ഭുതമുള്ളൂ. സ്റ്റീഫനും മാർക്സിസ്റ്റുകാരനാണെന്ന് എന്തുകൊണ്ടു പറഞ്ഞില്ല എന്നു ഞാൻ അത്ഭുതപ്പെടുകയാണ്. പറഞ്ഞുകൊള്ളൂ. കോൺഗ്രസ് (ഐ) ക്കാരനും ഡി. സി. സി. സെക്രട്ടറിയുമായ സ്റ്റീഫനും അതുപോലെ തന്നെ ധർമ്മരാജൻ എന്ന ജെ. എസ്. എസ്. കാരനും ഈ നാട്ടിൽ എല്ലാവർക്കും അറിയാവുന്ന മാന്യൻമാരാണ്. വക്കീലൻമാർ, അദ്ധ്യാപകൻമാർ, ജില്ലാ പഞ്ചായത്തു മെമ്പർമാർ എന്നീ നിലയിൽ അതിൽ പങ്കാളികളായിട്ടുള്ള ആളുകളെ സംബന്ധിച്ച് പത്രങ്ങളിൽ പറയുന്നുണ്ട്. ഒരു പത്രം പോലും കമ്മ്യൂണിസ്റ്റുകാർ ഇക്കാര്യത്തിൽ പങ്കാളികളാണ് എന്നു പറയാൻ ധൈര്യപ്പെട്ടിട്ടില്ല. അതു വസ്തുതയ്ക്കു വിരുദ്ധമാണെന്ന് അവർക്ക് അറിയാവുന്നതുകൊണ്ടാണ് അങ്ങനെ ചെയ്യാതിരുന്നത്. ഞങ്ങളോടുള്ള സൗജന്യമല്ല. എന്നിട്ടും ഇവിടെ ഈ തരത്തിൽ സഭയുടെ അന്തസ്സിനെ തന്നെ വിഗണിക്കത്തക്ക തരത്തിൽ പറയാൻ ധൈര്യപ്പെട്ടത് ഈ കുറ്റം മറച്ചു വയ്ക്കാൻ ഇതിൽ നിന്നു തടി തപ്പണമെന്നുള്ളതു കൊണ്ടാണ്. അല്ലെങ്കിൽ എന്താണ് എഴുന്നേറ്റ് പറയേണ്ടത് ? ഇതു പോലെയുള്ള പ്രശ്നങ്ങളിൽ കോൺഗ്രസ്സുകാരോ യു. ഡി. എഫ്. കാരോ ആരുതന്നെയായാലും അവർക്ക് എതിരായി കർശനമായ നടപടി സ്വീകരിക്കുന്നതിൽ ഞങ്ങളെല്ലാം അനുകൂലമാണെന്നു ധൈര്യമായിട്ടു പറയാനുള്ള ആ ചങ്കൂറ്റം ഒരു കോൺഗ്രസ്സ് നേതാവിനും ഉണ്ടായില്ല എന്നുള്ളതു വളരെ ഖേദകരമാണ്. നമ്മുടെ നാട് അധഃപതനത്തെ നേരിട്ടു കൊണ്ടിരിക്കുകയാണ്. നമുക്ക് ഒരിക്കലും പൊറുക്കാൻ പാടില്ലാത്ത

LIBRARY ARCHIVES Kerala Legislative Assembly

വിധത്തിലുള്ള സ്ഥിതിഗതികളാണ് നാം നേരിട്ടുകൊണ്ടിരിക്കുന്നത്. ദിനംപ്രതി വില നിലവാരം കുതിച്ചു ഉയരുകയാണ്. ശ്രീ. ആൻറണി അധികാരത്തിൽ വന്നിട്ടും ശ്രീ. പത്മരാജന്റെ നിരവധി ബഡ്ജറുകൾ വന്നിട്ടും വില നിലവാരം പിടിച്ചു നിറുത്താൻ കഴിഞ്ഞില്ല. കുടിവെള്ള ക്ഷാമവും അതുപോലെ തുടരുകയാണ്. വൈദ്യുതി ക്ഷാമം കൊണ്ടുള്ള ഇടയ്ക്ക് അന്ധകാര സമനായമായ നമ്മുടെ കേരളത്തിന്റെ സ്ഥിതി ഞാൻ പ്രത്യേകം പറയേണ്ടതായിട്ടില്ല. ഡസൻ കണക്കിന് ഫാക്ടറികൾ പൂട്ടുകയാണ്. പതിനായിരക്കണക്കിന് തൊഴിലാളികൾ തെരുവിൽ എറിയപ്പെടുകയാണ്. പുതിയ വ്യവസായം, പുതിയ വ്യവസായം എന്ന് നമ്മുടെ വ്യവസായ വകുപ്പു മന്ത്രി ഇടയ്ക്കിടെ പറയുന്നത് അദ്ദേഹവും ഇപ്പോൾ അവസാനിപ്പിച്ചിരിക്കുകയാണ്. കാരണം അന്ധകാരത്തിലേക്ക് വെളിയിൽ നിന്ന് ആരും വരാനിടയില്ലാത്തതുകൊണ്ട് അദ്ദേഹം സാധാരണ പായാറുള്ള ഇതാ വരുന്നു. എം. ഒ. യു. ഒപ്പിട്ടു കഴിഞ്ഞു ഇങ്ങനെയൊക്കെ പറയാൻ ധൈര്യപ്പെടുന്നില്ല എന്നത് സന്തോഷകരമാണ്. ഈ നിലയിൽ നമ്മുടെ നാട് കൂടുതൽ നാശോന്മുഖമായ സ്ഥിതിയിൽ ഏർപ്പെട്ടിരിക്കുന്നത് ചൂണ്ടിക്കാട്ടി പുതിയ വൈദ്യുത പദ്ധതി കൊണ്ടുവരുവാൻ പോകുന്നു. ആറു കരാറുകളിൽ ഏർപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇനി വിഷമിക്കേണ്ടതില്ല, കുറച്ചുനാൾക്കകം വൈദ്യുതി വരാൻ പോകുകയാണ് എന്നുപറയുകയാണ്. ഇപ്പോഴത്തെ മുഖ്യമന്ത്രിയുടെ മുൻഗാമിയായിരുന്ന മുഖ്യമന്ത്രിയും അന്നത്തെ ഇലക്ട്രിസിറ്റി വകുപ്പു മന്ത്രിയും പറഞ്ഞില്ലേ കായംകുളം താപനിലയം 1995-ൽ കമ്മീഷൻ ചെയ്യുമെന്ന്. ശ്രീ. വി. എസ്. അച്യുതാനന്ദൻ പറഞ്ഞതാണോ, ഇപ്പുറത്തിരിക്കുന്ന നമ്മുടെ സ്നേഹിതൻമാർ പറഞ്ഞതാണോ ഇത്, നിങ്ങളും പറഞ്ഞതല്ലേ ഇത്. അതെവിടെയായി ? 2,400 മെഗാവാട്ട് എന്നുള്ളത് 400 മെഗാവാട്ടായി അതുതന്നെ എപ്പോഴാണ് ? ഏതായാലും നിങ്ങളുടെ കാലത്ത് അതു കമ്മീഷൻ ചെയ്യുമെന്ന് നിങ്ങളും പറയുന്നില്ല എന്നുള്ളതിൽ സന്തോഷമുണ്ട്. അതുപോലെ പൂയംകുട്ടിയെപ്പറ്റി, നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും ? മുൻ മുഖ്യമന്ത്രി അവിടെപോയി കല്ലിട്ടതല്ലേ ? കായംകുളത്തുപോയി മൂന്നു കല്ലിട്ടപോലെ തന്നെ അവിടെയും പോയി കല്ലിട്ടത്. വല്ല പ്രയോജനവും ഉണ്ടായിട്ടുണ്ടോ ? ഇതുപോലൊരു വാഗ്ദാനം എന്നല്ലാതെ ഇപ്പോൾ ഒപ്പിട്ട കരാറിന്റെ വാഗ്ദാനങ്ങൾ ഇതിൽ നിന്ന് വ്യത്യസ്തമാണോ ? വൈകുന്നേരമായാൽ ഗവൺമെൻറിന്റെ വാഗ്ദാനവും ഒപ്പിടലുമാണ്. സ്വകാര്യ മാനേജുമെൻറുകൾക്ക് ഇതിന്റെ സ്ഥിതി എന്താണെന്നുള്ളതു നല്ലതുപോലെ അറിയാം. ലക്കും ലഗാനുമില്ലാതെ കാര്യങ്ങൾ ചെയ്താൽ അതിന്റെ അനന്തര ഫലം അവർ തന്നെ അനുഭവിക്കേണ്ടിവരും. നിങ്ങളെ സംബന്ധിച്ചിടത്തോളം ഇതൊരു വാഗ്ദാനം മാത്രമാണ്. ആളുകളുടെ കണ്ണിൽ പൊടിയിടൽ മാത്രമാണ് നിങ്ങളുടെ ഉദ്ദേശ്യം. കുറെ ആളുകളെ തെറ്റിദ്ധരിപ്പിക്കാൻ കഴിയുമെന്നുള്ളതു സത്യമാണ്. ഈ നാടിനോട് നിങ്ങൾ കാണിക്കുന്നത് കടുത്ത ദ്രോഹമാണെന്ന കാര്യം പറയാതെ നിർവ്വാഹമില്ല. ജനങ്ങൾക്ക് ആശ്വാസം നൽകുവുന്ന തരത്തിൽ വെള്ളത്തിൽനിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി വളരെ ചീപ്പ് റേറിൽ പൊതുജനങ്ങൾക്കും പുറത്തും കൊടുക്കാവുന്ന, പുറത്തുനിന്ന് വ്യവസായങ്ങൾ വന്നാൽ അവർക്ക് കൊടുക്കാവുന്ന തരത്തിലുള്ള ഇലക്ട്രിസിറ്റി ഈ സംസ്ഥാനത്തു തന്നെ ഉൽപ്പാദിപ്പിക്കാം. പൂയംകുട്ടി പദ്ധതിയും അതു തന്നെയാണ് കാണിക്കുന്നത്. 1980-ൽ അന്നത്തെ മുഖ്യമന്ത്രിക്ക് അന്നത്തെ പ്രധാനമന്ത്രി നൽകിയ ഉറപ്പു പാലിക്കണമെന്നു പറയാനും

LIBRARY ARCHIVES Kerala Legislative Assembly

അതു നടപ്പിലാക്കാനും നിങ്ങളുടെ ഗവൺമെൻറിനു കഴിഞ്ഞിട്ടില്ല. അതു കഴിഞ്ഞ് ഇപ്പോഴേ 16 വർഷമാകാൻ പോകുന്നു. ഇപ്പോഴും പറയുന്നതെന്താണ്, നമ്മുടെ മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ടിട്ട് മടങ്ങുമ്പോഴേ പറഞ്ഞതെന്താണ് ? പൂയംകൂട്ടി പദ്ധതിയെ സംബന്ധിച്ച് ഗൗരവമായി ചിന്തിക്കാൻ പ്രധാനമന്ത്രി സന്നദ്ധനായിരിക്കുന്നു. അങ്ങനെ അദ്ദേഹത്തെ സന്നദ്ധനാക്കിച്ചതു് ആരാണ് ? നമ്മുടെ മുഖ്യമന്ത്രി. ഇത്തരത്തിൽ വാഗ്ദാനങ്ങളും ഒന്നിനുപുറകെ ഒന്നായി കൊണ്ടുവരുന്നു എന്നുള്ളതല്ലാതെ വാഗ്ദാനത്തിന് സ്പീച്ചിട്ടാൽ ലൈറ്റു കത്തും. അതുകൊണ്ട് ജനങ്ങളുടെ കണ്ണിൽ കുറച്ചേ പൊടിയിടാവൂ. ഈ തരത്തിൽ ആളുകളെ പറ്റിക്കരുതെന്ന് പറയേണ്ടിവന്നതിൽ എനിക്കു ഖേദമുണ്ട്. ഈ അടുത്തദിവസം നമ്മുടെ മുഖ്യമന്ത്രി ഒരു പ്രസ്താവന നടത്തുകയുണ്ടായി. അദ്ദേഹത്തെ ഹിന്ദു വിരോധിയായി ചിത്രീകരിക്കാൻ ആരോ ശ്രമിക്കുന്നു. അദ്ദേഹം ഹിന്ദുക്കളുടെ ശത്രുവാണെന്നു ആരോ പറയുന്നു. ശ്രീ. വി. എസ്. അച്യുതാനന്ദൻ എന്തായാലും പറഞ്ഞിട്ടില്ല, സി. പി. എം. ഉം ഇടതു പക്ഷത്തിലെ ആരും അങ്ങനെ പറഞ്ഞിട്ടില്ല. പിന്നെ അദ്ദേഹം ആരെയാണ് ഉദ്ദേശിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഹിന്ദുവിരോധമോ ക്രിസ്ത്യൻ വിരോധമോ മുസ്ളീം വിരോധമോ ഒന്നുമില്ലാതെ ശ്രീ. എ. കെ. ആൻറണി എല്ലാ മതത്തോടും സൗഹൃദവും സ്നേഹവും പുലർത്തേണ്ടതാണ്. ഞങ്ങളും അങ്ങനെയാണ് കരുതുന്നത്. എല്ലാ മതത്തോടും സഹിഷ്ണതയും സാഹോദര്യവും പുലർത്തുന്നവരാണ് ഞങ്ങളും. എന്നാൽ മതമൗലികവാദികളോട് ഞങ്ങൾക്ക് യോജിപ്പില്ല. എല്ലാ മതത്തിലുമുള്ള മതമൗലികവാദികളും മതസൗഹാർദ്ദത്തിനും ദേശീയ ഐക്യത്തിനും എതിരാണ്. അതുകൊണ്ടാണ് ഞങ്ങളും അത്തരക്കാരായ ആളുകളോട് എതിർപ്പ് പ്രകടിപ്പിക്കുന്നത്. മി. ആൻറണിയെ സംബന്ധിച്ചിടത്തോളം ആരെയെങ്കിലും പിടിക്കുമ്പോഴേ പിടി നല്ല ബലവത്തായിരിക്കണം. കരുത്തരായിട്ടുള്ള ആളുകളുമായി മി. ആൻറണി ബന്ധപ്പെട്ടു. ഹിന്ദുസമുദായത്തിൽ തന്നെ അദ്ദേഹം പിടിച്ചത് ആരെയാണ് ? കാഞ്ചി കാമകോടി ശങ്കരാചാര്യരെയാണ് അദ്ദേഹം ബന്ധപ്പെടുന്നതും പിടിക്കുന്നതും അവർ തമ്മിലുള്ള സൗഹൃദവും നമ്മളെല്ലാപേരും കണ്ടതാണ്. പിടിക്കുമ്പോഴേ പുളിങ്കൊമ്പിൽ പിടിക്കണം. അതുപോലെ അദ്ദേഹവും പിടിച്ചിട്ടുള്ളത് ഹിന്ദുസമുദായത്തിലെ പിടിക്കേണ്ട ശക്തികളെയാണ്. അവരുടെ സ്നേഹബന്ധം വർദ്ധിച്ചതുകൊണ്ടോ എന്തോ, പാവനമായ ശിവഗിരിയിൽ, ശ്രീനാരായണഗുരു അന്ത്യവിശ്രമം കൊള്ളുന്ന ആ പുണ്യഭൂമിയിൽ അദ്ദേഹം പോലീസിനെ കയറ്റിവിട്ടു. സന്യാസിമാർക്ക് നേരെ അടക്കം ഭീകരത സൃഷ്ടിക്കേണ്ടിവന്നത് കാമകോടിയുമായിട്ടുള്ള സൗഹൃദം വർദ്ധിച്ചിട്ടാണോ എന്നറിയില്ല അതിനെ സംബന്ധിച്ച് കമ്മ്യൂണിസ്റ്റുകാർ പറഞ്ഞാൽ മി. ആൻറണിയും സ്നേഹിതൻമാരും ചോദിക്കുന്നത് കമ്മ്യൂണിസ്റ്റുകാർ ശിവഗിരിയിൽ പോയിട്ടുണ്ടോ എന്നാണ്. ശിവഗിരിയിൽ പോയിട്ടില്ലെങ്കിൽ നിങ്ങളുടെ ഈ അക്രമത്തെപ്പറ്റി ചോദിക്കുന്നതിനും പറയുന്നതിലും അർത്ഥമില്ല എന്നല്ലേ മി. ആൻറണി നിങ്ങളും പറയുന്നത്. ബാബറി മസ്ജിദിൽ അക്രമണം നടത്തിയപ്പോഴേ അത് ശരിയല്ല എന്നു കമ്മ്യൂണിസ്റ്റുകാർ പറഞ്ഞാൽ മുസ്ളീംലീഗ് സുഹൃത്തുക്കളും ചോദിക്കും, നിങ്ങളും ബാബറി മസ്ജിദിൽ, അയോദ്ധ്യയിൽ, പോയിട്ടുണ്ടോ എന്ന്. പോയിട്ടില്ലെങ്കിൽ പ്രതിഷേധിക്കാൻ അവകാശമില്ല. ഇത്തരത്തിലുള്ള വാദഗതിയുടെ കഥയില്ലായ്മയെപ്പറ്റി ഞാൻ എന്തിനു് കൂടുതൽ പറയണം. കൊള്ളരുതായ്മയെ കൊള്ളരുതായ്മ എന്നു പറഞ്ഞു ശീലിച്ചിട്ടുള്ളവരാണ്

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ. നല്ലതിനെ നല്ലതെന്ന വിലയിൽ പറയുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നവരാണ്. കേരളത്തിലെ മതമൗലികശക്തികളുടെ തറവാട്ടിലെ കാരണവരാണ് ശ്രീ. കെ. കരുണാകരൻ അതിന്റെ കാര്യസ്ഥനാണ് മി. ആൻറണി എന്നുള്ളകാര്യം ഞാൻ മറക്കുന്നില്ല. അതുകൊണ്ടുതന്നെ ആണ് യു. ഡി. എഫ് കൺവീനർ മി. ശങ്കരനാരായണൻ പ്രഖ്യാപിച്ചത് എൽ. ഡി. എഫ്.-നെ തോൽപ്പിക്കാൻ ആരുമായും കൂട്ടുകെട്ടുണ്ടാക്കുമെന്ന്. എൽ. ഡി. എഫ്. ന്റെ ശക്തി യു. ഡി. എഫ്. ന്റെ കയ്യിൽ ഒതുങ്ങുന്നില്ല. ഈ തോന്നൽ നിങ്ങളുടെ കൺവീനർക്ക് ഉണ്ടായിട്ട് ആഴ്ചകൾ കഴിഞ്ഞു. മി. ആൻറണിയോ മി. വയലാർ രവിയോ ശ്രീ. ശങ്കരനാരായണന്റെ അഭിപ്രായം ശരിയല്ലെന്ന് ഇതുവരെ പറഞ്ഞിട്ടില്ല. ഞങ്ങളുടേയും ഹൃദയാഭിലാഷം ശ്രീ. ശങ്കരനാരായണനിൽക്കൂടി പുറത്ത് വന്നതല്ലേ, എന്തിനാണ് അത് മാറ്റി പറയുന്നു എന്നു അവർക്ക് തോന്നിക്കാണും. അതുകൊണ്ടാണ് കേരളത്തിലെ മതമൗലിക തറവാട്ടിലെ കാരണവർ ശ്രീ. കെ. കരുണാകരനും അതിന്റെ കാര്യസ്ഥൻ മി. ആൻറണിയുമാണെന്ന് പറയേണ്ടിവന്നത്. എൽ. ഡി. എഫ്.-നെ സംബന്ധിച്ച് അവരുടെ നയംവ്യക്തമാണ്. കേരളത്തിലെ ഇടതുപക്ഷമതനിരപേക്ഷ ശക്തികളും ഒരു മുന്നണിയാണ്. ആ മുന്നണി ഇൻഡ്യയിലെ ദേശീയഐക്യത്തെ തുരങ്കം വയ്ക്കുന്ന ശക്തികൾക്ക് എതിരാണ്. മതമൗലിക ശക്തികൾക്ക് കീഴടങ്ങിയാൽ ഇൻഡ്യ ശിഥിലമാകും. നൂറ്റാണ്ടുകാലത്തെ നമ്മുടെ പരിശ്രമത്തിന്റെ ഫലമായിട്ടാണ് ഈ രാജ്യം ഏകീകരിക്കപ്പെട്ടത്. ആ ഏകീകരണത്തിന് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും കോൺഗ്രസും അഭിമാനകരമായ പങ്ക് വഹിച്ചിട്ടുണ്ടെന്നകാര്യം നിസ്തർക്കമാണ്. എളിയ ചില പങ്ക് ഞങ്ങളെപ്പോലെ നിർഭാഗ്യവാൻമാരായ പാർട്ടികളും വഹിച്ചിട്ടുണ്ട്. എന്നാൽ ഏറിയകൂറും പങ്ക് വഹിച്ച ആ ദേശീയപ്രസ്ഥാനം അതിന്റെ മഹത്തായ പാരമ്പര്യത്തിൽ നിന്നു വിട്ടകന്ന് ഭരണം നഷ്ടപ്പെട്ടുതുടങ്ങിയപ്പോൾ ഭരണം എന്നത്തേക്കും നിലനിർത്താൻ വേണ്ടി ആദർശത്തിൽനിന്ന് വ്യതിചലിച്ച് മതമൗലികശക്തികൾക്ക് കീഴടങ്ങുക എന്ന സമീപനം സ്വീകരിച്ചു. അതിന്റെ ഫലമായാണ് ഇൻഡ്യ ഇന്ന് എല്ലാ രംഗത്തുമുള്ള മതമൗലിക ശക്തികളിൽ നിന്ന് ഭീഷണി നേരിടുന്നത്. ആ ഭീഷണിയെ നമുക്ക് നേരിടണം. അധോലോകശക്തികളിൽ നിന്ന് നമ്മുടെ നാടിനെ രക്ഷിക്കണം. പെൺവാണിഭക്കാരിൽനിന്നും ഇൻഡ്യയെ രക്ഷിക്കണം. വിലക്കയറ്റവും തൊഴിലില്ലായ്മയും കൂടിവെള്ളക്ഷാമവും വൈദ്യുതി ക്ഷാമവും എല്ലാം ഉണ്ടായപ്പോഴൊന്നും അഴിമതി അതിന്റെ എല്ലാ അതിർത്തികളും ലംഘിച്ചുകൊണ്ട് മുന്നേറുകയാണ് എന്നത് നമ്മൾ കാണുകയും അതിനെ ശക്തമായി നേരിടാൻ ധൈര്യപൂർവ്വം നടപടികൾ സ്വീകരിക്കുകയും ചെയ്യണം. പ്രഖ്യാപനങ്ങൾ കൊണ്ട് യാതൊരു പ്രയോജനവുമില്ല. അതുകൊണ്ട് പ്രഖ്യാപനങ്ങൾ നിറഞ്ഞ, വസ്തുതകളുമായി യാതൊരു പൊരുത്തവുമില്ലാത്ത ഈ ബഡ്ജറിനെ ഒന്നുകൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

എക്സൈസ്, പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ പന്തളം സുധാകരൻ) : സർ, രാവിലെ ബഹുമാനപ്പെട്ട ഉദുമ മെമ്പർ ശ്രീ. പി. രാഘവൻ ഇവിടെ എഴുതി ഉന്നയിച്ച 2 ആരോപണങ്ങൾക്ക് മറുപടി പറയാനുണ്ട്. എനിക്ക് ആമുഖമായി പറയാനുള്ളത് പോകുന്ന പോക്കിൽ ഫലസമൃദ്ധമായ വൃക്ഷങ്ങളിലേക്ക് എറിയുന്ന തെരുവുബാലൻമാരെപ്പോലെ മാർക്സിസ്റ്റ് പാർട്ടിയിലെ അംഗങ്ങൾ മാറിയത് ശരിയായില്ല, ഖേദകരമായിപ്പോയി. മറ്റൊന്ന് എക്സൈസ് വകുപ്പുമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ആയതുകൊണ്ട് ഒരു ആരോപണം ഉന്നയിക്കുക എന്നുള്ളത് റഗുലർ അജണ്ട എന്നുള്ള നിലയിൽ ആയിരിക്കും ശ്രീ. പി. രാഘവൻ ഈ ആരോപണം ഉന്നയിച്ചത് എന്നെനിക്ക് തോന്നുന്നു. വളരെ സാമർത്ഥ്യമുള്ള ഒരു നല്ല നിയമസഭാസാമാജികൻ എന്നുള്ള നിലയിൽ ശ്രീ. പി. രാഘവൻ പലപ്പോഴും കാര്യങ്ങൾ പഠിച്ചു നിയമസഭയിൽ അവതരിപ്പിക്കുന്ന ആളാണ്. എനിക്ക് അദ്ദേഹത്തോട് ബഹുമാനമുണ്ട്. അദ്ദേഹത്തെ ആരോ പഠിപ്പിച്ചതാണെന്നാണ് എനിക്ക് തോന്നുന്നത്. കാരണം അദ്ദേഹം പറഞ്ഞിരിക്കുന്നത് മട്ടാഞ്ചേരി മദ്യദുരന്തത്തിന് ഉത്തരവാദിയായ ബാലകൃഷ്ണൻനായരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചു എന്നാണ്. ബാലകൃഷ്ണൻ നായരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ച കേസുമായി മട്ടാഞ്ചേരി ദുരന്തത്തിന് യാതൊരു ബന്ധവുമില്ല. മട്ടാഞ്ചേരി ദുരന്തം നടന്നത് 20-10-1995-ലാണ്. ആലുവാ ഗോഡൗണിൽ ഉപയോഗിക്കാൻ കഴിയാത്ത ചാരായം സംശയാസ്പദമായി ഉണ്ടെന്ന് കണ്ടുപിടിച്ച് അത് ഫ്രീസ് ചെയ്തത് 2-3-1995-ലാണ്. എന്റെ ഓഫീസിൽ അദ്ദേഹത്തിന്റെ പേരിൽ നടപടിയെടുക്കാനുള്ള ഫയൽ പൂഴ്ത്തിവച്ചു എന്നാണ് പറഞ്ഞത്. 24-10-1995-ന് ആവശ്യമായ നടപടികൾ എടുക്കണമെന്ന ശുപാർശ ചെയ്തുകൊണ്ട് എന്റെ ആഫീസിൽ ഫയൽ വന്നു. 24-10-1995-ന് തന്നെ ഞാൻ ബാലകൃഷ്ണൻനായരെ സസ്പെൻഡ് ചെയ്യുകയാണ് ചെയ്തത്. അതിൽ യാതൊരു തിരിമറിയും നടന്നിട്ടില്ല.

സ്പിരിറ്റ് ലൈസൻസ് പുതുക്കിയ കേസ് 1993-94-ലാണ് നടന്നത്. ഇതു സംബന്ധിച്ച വളരെ വിശദമായി ചോദ്യോത്തര വേളയിൽ മറുപടി പറഞ്ഞത് നിയമസഭാ രേഖയിലുണ്ടാകും. ടെക്നിക്കൽ ഇഷ്യൂ ഉണ്ടെന്നു എം.ജി. ആണ് കണ്ടുപിടിച്ചത്. അതിനെ തുടർന്ന് എക്സൈസിലെ വിജിലൻസ് ഉദ്യോഗസ്ഥൻമാർ അന്വേഷണം നടത്തുകയും, ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്തു. മറെറാന്ന് ഈ മാർച്ചിൽ റിട്ടയർ ചെയ്യുന്ന ഉദ്യോഗസ്ഥനാണ് ശ്രീ. ബാലകൃഷ്ണൻ നായർ. റിട്ടയർമെന്റ് കണക്കിലെടുത്തുവേണം ബാലകൃഷ്ണൻ നായരുടെ കേസിൽ ഒരു തീരുമാനമെടുക്കേണ്ടതെന്നുള്ള കോടതിയുടെ പരാമർശം വന്നതുകൊണ്ട് അദ്ദേഹത്തിന് ചാർജ്ജ് മെമ്മോ കൊടുക്കുകയും, എക്സ്ഗ്രേഷൻ വാങ്ങുകയും ചെയ്തു. എക്സൈസ് വകുപ്പിൽ സസ്പെൻഷൻ ഒരു ഭൂഷണമായിരിക്കുകയാണ്. എന്നാൽ ബാലകൃഷ്ണൻ നായർ ഇതിനുമുമ്പ് സർവീസിൽ സസ്പെൻഷനില്ലാത്ത വളരെ മിടുക്കനായ ഉദ്യോഗസ്ഥനാണെന്നാണ് എല്ലാ എക്സൈസ് കമ്മീഷണർമാരും രേഖപ്പെടുത്തിയിട്ടുള്ളത്. അങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥനെ റിട്ടയർ ചെയ്യുന്ന അവസരത്തിൽ സർവീസിൽ തിരികെ പ്രവേശിപ്പിക്കാതിരിക്കുന്നത് മനുഷ്യത്വരഹിതമാണെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റാണ് അദ്ദേഹത്തെ സർവ്വീസിൽ പ്രവേശിപ്പിച്ചത്. ആലപ്പുഴ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറായിരിക്കുമ്പോഴാണ് ബാലകൃഷ്ണൻ നായരെ സസ്പെന്റ് ചെയ്തത്. അകലെയെവിടെയെങ്കിലും ഒഴിവുള്ള വേക്കൻസിയിൽ നിയമിക്കണമെന്നാണ് ഗവൺമെന്റ് പറഞ്ഞത്. കണ്ണൂരിൽ ഒഴിവുണ്ടായിരുന്നതുകൊണ്ട് അദ്ദേഹത്തെ കണ്ണൂരിലാണ് പോസ്റ്റ് ചെയ്തത്. എക്സൈസ് കമ്മീഷണർ ശ്രീ. മോഹനചന്ദ്രനുംപ്പെടെയുള്ളവർ ഇതിനെ ഒബ്ജക്റ്റ് ചെയ്തു എന്നത് ബഹുമാനപ്പെട്ട രാഘവനിൽ നിന്നും കേട്ട അറിവാണ്. ഇത് ഗവൺമെന്റിന്റെ തീരുമാനമാണ്; എക്സൈസ് കമ്മീഷണർക്കോ,

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട ബോർഡിനോ ഇടപെടേണ്ട ഒരു കാര്യവുമില്ല. ബാലകൃഷ്ണൻ നായരെ പ്രൊമോട്ട് ചെയ്ത കാര്യം പലതവണ ഇവിടെ പറയുക ഉണ്ടായി. അദ്ദേഹത്തെ പ്രൊമോട്ട് ചെയ്ത് നിയമിച്ചത് ഞാൻ എന്നാണ് പറയുന്നത്. ബാലകൃഷ്ണൻ നായരെ പ്രൊമോട്ട് ചെയ്ത് ആലപ്പുഴ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറായി നിയമിച്ചത് 18-3-1991-ലാണ്. അതായത് ബഹുമാനപ്പെട്ട നായനാർ ഗവൺമെന്റിന്റെ കാലത്താണ്. സർവ്വീസ് റൂൾസ് അനുസരിച്ച് ചെയ്യേണ്ട കാര്യമാണ്; അതിൽ യാതൊരു അപാകതയുമില്ല. മറ്റൊരു മഹാകാര്യമായി ഇവിടെ പറഞ്ഞത് ഞാനൊരു വീട് വയ്ക്കുന്നു എന്നാണ്. എഴുതി തന്ന കടലാസിൽ പറഞ്ഞിരിക്കുന്നത് ആദ്യം 10 ലക്ഷം, പിന്നെ അര കോടി, അതു വെട്ടിയിട്ട് വീണ്ടും ഒരു കോടി എന്നാണ്. എല്ലാ ആദരവും, ബഹുമാനവും വച്ചുകൊണ്ടു പറയട്ടെ, അദ്ദേഹത്തിനുപോലും എത്ര എഴുതണമെന്ന് നിശ്ചയമില്ല. പ്രതിപക്ഷത്തുള്ളവരുടെ പ്രചരണം കൊണ്ട് കോടികൊണ്ടൊന്നും ഒരു വിലയുമില്ലാതായിരിക്കുകയാണ്. 1982-ൽ അങ്ങയോടൊപ്പം നിയമസഭയിൽ വന്നയാളാണു ഞാൻ. വളരെ അഭിമാനത്തോടുകൂടി പറയുകയാണ്; 14 വർഷമായി നിയമസഭയിലെ അംഗമാണ്. രേണകക്ഷിയിലും പ്രതിപക്ഷ കക്ഷിയിലും ഇരിക്കുമ്പോഴും ആറോ ഏഴോ കമ്മിറ്റിയിൽ അംഗമായിരുന്നു. അതിലൊക്കെ റവന്യൂ, എ.യും ഡി.എ.യും ഉള്ളതാണ്. 14 വർഷം നിയമസഭാ പ്രവർത്തനം നടത്തിയ ഒരാളിന് വീടു വയ്ക്കാനുള്ള സേവിംഗ്സ് ഇല്ലയെന്നു പറയുന്നത് തീർച്ചയായും ദൗർഭാഗ്യകരമാണ്. എന്റെ ഭാര്യ കേന്ദ്ര ഗവൺമെന്റ് സർവ്വീസിൽ മോശമല്ലാത്ത ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥയാണ്. കൂടാതെ എസ്. ബി. ഐ.-യിൽ നിന്നും ലോണെടുത്തു. ലോൺ കൂടാതെ ഞാനൊരു ദരിദ്രവാസിയായതുകൊണ്ട് എം.എൽ.എ. ലോണിന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. ശ്രീ. പത്മരാജൻ കൈകാര്യം ചെയ്യുന്ന കേരളാ ഫിനാൻഷ്യൽ എന്റർപ്രൈസസിൽ നിന്നും രണ്ടു ചിട്ടിയും പിടിച്ചിട്ടുണ്ട്. ഇത്തരത്തിൽ പണി തീരാത്ത ഒരു വീടാണ് ഉള്ളത്. മലയാളഭാഷ മോശമില്ലാതെ കൈകാര്യം ചെയ്യുന്ന ആളാണ് ഞാൻ. രമ്യഹർമ്യമെന്ന് എഴുതി ഫോട്ടോ കൊടുത്തപ്പോഴും ഇത്ര മോശമായ ഒരു വീടാണോ മന്ത്രിയായ ഞാൻ വച്ചതെന്നോർത്ത് എനിക്കുതന്നെ പരിഹാസം തോന്നി. എന്തായാലും ഫോട്ടോ പത്രത്തിൽ വന്നതു നന്നായി. കഴിഞ്ഞ രണ്ടുമൂന്നു മാസക്കാലമായി ഗ്രാമഗ്രാമാന്തരങ്ങളിലുള്ള അമ്മമാരുടെയും സഹോദരിമാരുടെയും കണ്ണീരൊപ്പുന്നതിനുവേണ്ടി ചാരായം നിരോധിച്ചുകൊണ്ടുള്ള ശ്രീ. എ. കെ. ആന്റണിയുടെ ധീരമായ നിലപാടിനെ പ്രോൽസാഹിപ്പിക്കുന്നതു കണ്ടുകൊണ്ട് അന്തംവിട്ട് എന്തും പറയാമെന്നുള്ള മാർക്സിസ്റ്റ് കുതന്ത്രത്തിന്റെ ഭാഗമായിട്ടാണ് എക്സൈസ് മന്ത്രി എന്നുള്ള നിലയിൽ എന്നോട് ആരോപണമുന്നയിച്ചിരിക്കുന്നത്. എന്തായാലും കേരളത്തിലെ ജനങ്ങൾക്കു ബോധ്യമുണ്ട്. സത്യസന്ധമായി രാഷ്ട്രീയ പ്രവർത്തന രംഗത്ത് നിലനിൽക്കണമെന്ന ആഗ്രഹമുള്ളവരെ കരിവാരിത്തേച്ച് അപമാനിച്ച് രാഷ്ട്രീയ രംഗത്തുനിന്നു നിഷ്കാസിതനാക്കാനാണ് മാർക്സിസ്റ്റ് പാർട്ടിയെപ്പോലുള്ള ഉന്നതമായ പ്രസ്ഥാനത്തിലെ ആളുകൾ ശ്രമിക്കുന്നത്. ആരെങ്കിലും എഴുതിത്തരുന്ന ജൽപ്പനങ്ങൾ വായിക്കുമ്പോൾ കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ അവർക്ക് മാപ്പ് കൊടുക്കില്ല, അംഗീകരിക്കുകയുമില്ല; അർഹമായ രീതിയിൽ അവർ പുച്ഛിച്ചു തള്ളുകയേയുള്ളൂ. ഇവിടെ ഉന്നയിച്ച ആരോപണങ്ങൾക്ക് യാതൊരു കഴമ്പുമില്ല, ഇതെല്ലാം വാസ്തവവിരുദ്ധവും ആണെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) : സർ, ബഡ്ജറ്റിന്മേൽ ചർച്ചാവേളയിൽ നിയമസഭയിലെ ബഹുമാനപ്പെട്ട അംഗം ശ്രീ. കൃഷ്ണൻകുട്ടി എഴുതിക്കൊടുത്ത ആക്ഷേപത്തിനു ഹ്രസ്വമായ വാക്കുകളിൽ മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കുറ്റ്യാടി ആഗ്മെന്റേഷൻ സ്കീമിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട കുര്യൻ കളത്തിൽ എന്ന കോൺട്രാക്ടർക്ക് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ നൽകിയ തുകയെക്കുറിച്ചാണ് ആക്ഷേപം. 1981-ൽ ഒപ്പിട്ട കുറ്റ്യാടി ആഗ്മെന്റേഷൻ സ്കീമിന്റെ കരാറാണ്. 1983-ലാണ് മിനിമം വേജസ് ആക്ട് ഗവൺമെന്റ് പുതുക്കിയത്. മിനിമം വേജസ് ആക്ട് ഗവൺമെന്റ് പുതുക്കിയിട്ടും ഡാം തൊഴിലാളികൾക്ക് അതിനകത്ത് കൂലിവർദ്ധന പറഞ്ഞിട്ടില്ലായിരുന്നു. ഷെഡ്യൂൾ 35-ൽ ഡാം തൊഴിലാളികൾക്ക് കൂലിവർദ്ധനവിന്റെ നിബന്ധന ഇല്ലാത്തതു കൊണ്ട് കോൺട്രാക്ടറുടെ അഭ്യർത്ഥനപ്രകാരം റേറ്റ് കൂട്ടിക്കൊടുത്തിട്ടില്ല. റീജിയണൽ കമ്മീഷണറുടെ മുന്നിൽ പരാതി പോകുകയും, ഇപ്പോഴും ഡാം തൊഴിലാളികൾ ഇതിന് അനർഹരാണെന്നുമാണ് പറയുന്നത്. കോൺട്രാക്ടർ കോടതിയിൽ പോയപ്പോൾ ; കോടതി പറഞ്ഞതു ലേബർ കോർട്ടിലോ, ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിലോ പോകാനാണ്. കോടതി പറഞ്ഞതനുസരിച്ച് ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ പോയി. ഡാം തൊഴിലാളികൾ മിനിമം വേജസ് ആക്ടിന്റെ വർദ്ധനവിന് അർഹരല്ലെന്നും, അവർക്ക് കൂലി വർദ്ധനവ് കൊടുക്കേണ്ടതില്ലെന്നും ഇലക്ട്രിസിറ്റി ബോർഡ് അവിടെ വാദിച്ചു. ഇതിനിടയിൽ ഒരു സംഭവമുണ്ടായി. 17-2-1988-ൽ ഗവൺമെന്റ് ഓർഡർ ഇറക്കി.

Having considered the recommendations of the Chief Engineer (Civil) and in the light of the opinion of Shri M. B. Kurup, the then Advocate General obtained and furnished by the Government, the Board hereby accord sanction to allow labour escalation based on the Government's minimum wages notification dated 30-3-1983 to Shri Sunny K. Peter, Contractor for the work of the diversion tunnel from Karamkode to Kuttiyadi reservoir under Kuttiyadi Augmentation Scheme as per agreement provision irrespective of the direct applicability of the minimum wages notification to his work. ഒരേ പദ്ധതിയിൽ ടണൽ കോൺട്രാക്ടർ നടത്തുന്ന സണ്ണി പീറർ എന്ന കോൺട്രാക്ടറുടെ കീഴിലുള്ള തൊഴിലാളികൾക്ക് 1983-ൽ ഗവൺമെന്റ് ഇറക്കിയ മിനിമം വേജസ് ആക്ടിന് വിരുദ്ധമായിട്ട് വേജസ് വർദ്ധന കൊടുക്കണമെന്ന് ബോർഡിന്റെ ഓർഡർ വന്നു. ഒരേ സ്ഥലത്തെ ഒരേ പദ്ധതി. ഒന്നു ഡാമും, മറേത് ടണലും. 1988-ലെ ബോർഡിന്റെ ഉത്തരവു വച്ചുകൊണ്ട് ടണലിലെ തൊഴിലാളികൾക്ക് എസ്കലേഷൻ കിട്ടിയതുകൊണ്ട് ഡാമിലെ തൊഴിലാളികൾക്കും കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് കോൺട്രാക്ടറും 220 തൊഴിലാളികളും വീണ്ടും ഹൈക്കോടതിയെ സമീപിച്ചു. ഈ തൊഴിലാളികൾ ഹൈക്കോടതിയിൽ പറഞ്ഞത് കോൺട്രാക്ടർ ഞങ്ങൾക്ക് വർദ്ധിപ്പിച്ച ശമ്പളം തന്നു എന്നാണ്. 14 കോടി രൂപയാണ് ഇതിനുവേണ്ടി കോൺട്രാക്ടർ ചോദിച്ചത്. കോടതിയിൽ നിന്ന് ഇരു കൂട്ടരെയും വിളിച്ച് ഏഴുകോടി രൂപ കൊടുക്കാമോ എന്നു ചോദിച്ചപ്പോൾ ബോർഡ് മറുപടി പറഞ്ഞില്ല. ബോർഡ് കമ്മിറ്റിയെ വച്ചു. ബോർഡിന്റെ കമ്മിറ്റിയുടെ ഫൈൻഡിംഗ്സ് ; തുക കൂട്ടിക്കൊടുക്കണ്ട

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞില്ല. വീണ്ടും കോടതിയിൽ വന്നു, അതിന്റെയടിസ്ഥാനത്തിൽ അവസാനവിധി പിന്നെ വരട്ടെ, ഏഴുകോടി രൂപ കൊടുക്കാൻ കഴിയുമോയെന്ന് ചോദിച്ചപ്പോൾ കൊടുക്കാൻ കഴിയില്ല എന്ന് പറഞ്ഞതുകൊണ്ട് നാലുകോടി രൂപ ഈ കോൺട്രാക്ടർക്ക് കൊടുക്കണമെന്ന് പറഞ്ഞു. 28-3-1995-ൽ.....

ശ്രീ. കെ. കൃഷ്ണൻകുട്ടി : കോടതിയിൽ ബോർഡ് അങ്ങോട്ട് ആവശ്യപ്പെടുകയല്ലേ ചെയ്തത് ? ഒ. പി. ഡിസ്പോസ് ചെയ്യുന്നതിനു മുമ്പ് എന്തിനാണ് നാലുകോടി രൂപ കോടതിയിൽ അങ്ങോട്ടു കൊടുക്കാമെന്ന് പറഞ്ഞത് ?

ശ്രീ. ജി. കാർത്തികേയൻ : 14 കോടി രൂപ ചോദിച്ചു. കോടതിയിൽ നിന്നും ഏഴ് കോടി രൂപ കൊടുക്കാമോയെന്ന് ചോദിച്ചു. ഏഴു കോടി രൂപയുടെ റേറ്റ് വർദ്ധനവ് സാധ്യമല്ല, അതിന്റെ ആവശ്യം ഇല്ല, കണക്കുകൂട്ടി പറയുന്നില്ല എന്നു പറഞ്ഞതിനുശേഷമാണ് കോടതിയിൽ നാലുകോടി രൂപയുടെ കാര്യം ബോർഡ് സമ്മതിച്ചത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ബാങ്ക് ഗ്യാരൻറി പോലും ഇല്ലാതെ അല്ലേ കൊടുത്തത് ?

ശ്രീ. ജി. കാർത്തികേയൻ : അതിന്റെ അടിസ്ഥാനത്തിൽ 28-3-1995-ൽ നാലു കോടി രൂപ കൊടുക്കാൻ കോടതി ഉത്തരവിട്ടു. എന്നിട്ടും 16-6-1995-ൽ മാത്രമാണ് ഒരു കോടി രൂപ കൊടുത്തത്. അതിനുശേഷം പുതിയ ഗവൺമെൻറ് വന്നു, ഞാൻ മന്ത്രി ആയതിനുശേഷം ഇതുമായി ബന്ധപ്പെട്ട ചില ചർച്ചകൾ വന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എഴുതിത്തന്നു. അതിന്റെയടിസ്ഥാനത്തിൽ 16-6-1995-ൽ ഒരു കോടി രൂപ കൊടുത്തതിനുശേഷം ബാക്കി മൂന്നു കോടി രൂപ താൽക്കാലികമായി കൊടുക്കാതെ വച്ചു. വീണ്ടും ഈ കരാറുകാരൻ കോടതിയെ സമീപിച്ചു. 9-11-1995-ൽ ശാസനാ സ്വഭാവത്തിൽ കോടതിയിൽ നിന്നും പറഞ്ഞു, നിർബന്ധമായും ബാക്കി രൂപ കൊടുക്കണമെന്ന്. അതിന്റെയടിസ്ഥാനത്തിൽ ഈ രൂപ കൊടുക്കണമെന്നു പറഞ്ഞുകൊണ്ട് അഡ്വക്കേറ്റ് ജനറൽ രേഖാമൂലം എഴുതി ബോർഡിനു തന്നു. അങ്ങനെ രണ്ട് കോടി രൂപ ബാങ്ക് ഗ്യാരൻറി ഇല്ലാതെയും രണ്ട് കോടി രൂപ ബാങ്ക് ഗ്യാരൻറിയോടുകൂടിയും കോടതിയുടെ രണ്ടാമത് ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൊടുത്തു എന്നുള്ളത് ശരിയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ബാങ്ക് ഗ്യാരൻറി ഇല്ലാതെ കൊടുക്കണം എന്ന് കോടതി പറഞ്ഞോ ?

ശ്രീ. ജി. കാർത്തികേയൻ : ഗവൺമെൻറിന് ഒരു സിസ്റ്റമുണ്ട്. അതിന്റെയടിസ്ഥാനത്തിലാണ് കൊടുത്തത്.

ശ്രീ. ടി. ശിവദാസമേനോൻ : കുറ്റ്യാടി ആഗ്മെൻറേഷൻ എസ്കലേഷന്റെ ഓർഡർ വന്നപ്പോൾ എൽ. ഡി. എഫ്. ഗവൺമെൻറ് സ്പെസിഫിക്കായിട്ട് ഫയലിൽ എഴുതി,
As it is pending in the Court, this may lie over ; decision should not be taken എന്ന്. അക്കാര്യം ബഹുമാനപ്പെട്ട മന്ത്രി കണ്ടോ ?

ശ്രീ. ജി. കാർത്തികേയൻ : ഇപ്പോൾ കൊടുക്കേണ്ടി വന്നതിന്റെ സീകപൻസ് പറഞ്ഞതാണ്. അല്ലാതെ ഇതിനകത്ത് ആരെങ്കിലും അനർഹമായി ഇടപെട്ടു എന്നു ഞാൻ പറഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ ആരോപണം ഉന്നയിച്ചതല്ല. ഞാൻ പറയുന്നത്, എൽ.ഡി.എഫ്. ഗവൺമെൻറിന്റെ കാലത്ത് കുര്യൻ കളത്തിലിന് എസ്കലേഷൻ വന്നു, മദ്ധ്യസ്ഥം പറഞ്ഞ് തീർക്കാമെന്ന് വന്നപ്പോൾ I wrote on the file that it should not be taken. അങ്ങനെ എടുക്കാൻ പറ്റില്ല. It may lie over; wait for the Court judgement. എന്ന് ഞാൻ എഴുതിയത് ശരിയല്ലേ ?

ശ്രീ. ജി. കാർത്തികേയൻ : അതുകൊണ്ടാണ് കോടതി ഉത്തരവ് വന്നതിനുശേഷം ബോർഡ് കൂടുതൽ ആക്ട് ചെയ്യാതിരുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : കോടതിയോട് അങ്ങോട്ടു പറഞ്ഞാൽ എങ്ങനെയാണ് ?

ശ്രീ. ജി. കാർത്തികേയൻ : കോടതിയോട് അങ്ങോട്ടു പറഞ്ഞതല്ല. ഏഴു കോടി രൂപയാണ് കോടതി പറഞ്ഞത്. അവിടത്തെ 85 ശതമാനം പ്രവർത്തനങ്ങൾ പൂർത്തിയായി കിടക്കുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : കോടതി പറഞ്ഞതല്ല, ബോർഡ് അങ്ങോട്ടു പറഞ്ഞതാണ്.

ശ്രീ. ജി. കാർത്തികേയൻ : ഞാൻ ഡേറ്റുകളുടെ അടിസ്ഥാനത്തിൽ വളരെ ക്ലിയറായിട്ട് പറഞ്ഞു. 85 ശതമാനം വർക്ക് അവിടെ പൂർത്തി ആയി കിടക്കുകയാണ്. 15 ശതമാനം വർക്കുകൂടി 15 മാസം കൊണ്ട് പൂർത്തിയാക്കണമെന്നുള്ള നിബന്ധനയുടെ അടിസ്ഥാനത്തിലാണ് ഈ പേമെൻറ് നടത്തിയിട്ടുള്ളത്. 15 ശതമാനം വർക്കുകൂടി കഴിഞ്ഞാൽ മലബാർ ഭാഗത്ത് വൈദ്യുതിയുടെ കാര്യത്തിൽ മാത്രമല്ല, കോഴിക്കോട് നഗരത്തിനാവശ്യമായ ശുദ്ധജലമെത്തിക്കുന്നതിനുകൂടി പര്യാപ്തമായ രീതിയിലുള്ള പദ്ധതിയാണിത്. അതുകൊണ്ടാണ് ബോർഡ് ഈ നിലപാടെടുക്കുന്നത്. മറ്റൊരുകാര്യം ശ്രീ. പിണറായി വിജയൻ പറഞ്ഞത്, കോഴിക്കോട് ഡീസൽ പ്രോജക്ടിനെ സംബന്ധിച്ചാണ്. കൊടുക്കാത്ത കോൺട്രാക്ടിനെക്കുറിച്ച് ഇന്നയാളിന് കൊടുത്തു എന്ന് വളരെ സീനിയർ മെമ്പറായ ശ്രീ. പിണറായി വിജയൻ പറഞ്ഞതിൽ എനിക്ക് വിഷമമുണ്ട്. അങ്ങ് ഒരു ഫയൽ വായിച്ചു, ശരിയാണ്. അതിൽ കോൺട്രാക്ട് കൊടുത്തതുമായി ബന്ധപ്പെട്ട് ഈ ഗവൺമെൻറിന് രണ്ട് കാഴ്ച്ചപ്പാടാണുണ്ടായിരുന്നത്. അങ്ങ് അതിന്റെ ഒരു ഭാഗം മാത്രമാണ് വായിച്ചത്. ഞാൻ ആവർത്തിച്ചു പറഞ്ഞു, കോൺട്രാക്ട് ആർക്ക് കൊടുക്കണമെന്ന് തീരുമാനിച്ചിട്ടില്ലെന്ന്. എന്നിട്ടും തീരുമാനം എടുക്കാത്ത ഒരു കോൺട്രാക്ടിന്റെ പേരിൽ ഇന്ന കമ്പനിക്ക് കൊടുക്കുന്ന കാര്യത്തിൽ ഗവൺമെൻറിനും ബോർഡിനും ദുരുദ്ദേശം ഉണ്ട്, താൽപര്യമുണ്ട് എന്നു പറയുന്നത് ശരിയല്ല.

ശ്രീ. പിണറായി വിജയൻ : തീരുമാനം എടുക്കാത്തതിനെക്കുറിച്ചാണ് ഞാൻ പരാതിപ്പെട്ടത്. തീരുമാനമെടുക്കാതെ വർഷങ്ങളായി അത് കെട്ടി കിടക്കുന്നു. അതു സംബന്ധിച്ചാണ് ഞാൻ പരാതിപ്പെട്ടത്. ഇനിയെങ്കിലും തീരുമാനമെടുക്കാൻ ഉദ്ദേശമുണ്ടോ ? തീരുമാനമെടുക്കുന്നില്ലെങ്കിൽ ആ പ്രോജക്ട് വേണ്ട എന്നുള്ള നിലയിലേക്ക് ആണ് എത്തിച്ചേരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : ആ പ്രോജക്ട് എടുക്കണമെന്നു തന്നെയാണ് ഗവൺമെൻറിന്റെ സമീപനം. അതിന്റെ ലാൻറ് അക്വിസിഷൻ ഒക്കെ അവസാന സ്റ്റേജിലാണ്. സാധാരണഗതിയിൽ ഒരു മേജർ കോൺട്രാക്ട് ആകുമ്പോൾ ഗ്ലോബൽ ടെണ്ടർ വിളിക്കും, അതിന്റെ ടെക്നിക്കൽ ആസ്പെക്ടുണ്ട്, ടെക്നിക്കൽ ഇവാലുവേഷനുണ്ട്, ഫിനാൻഷ്യൽ ആസ്പെക്ടുണ്ട്, ഫിനാൻഷ്യൽ ഇവാലുവേഷനുണ്ട്

ശ്രീ. ടി. ശിവദാസമേനോൻ : ഒന്നേ ചോദിക്കാനുള്ളു. ബോർഡ് അങ്ങനെ നിർദ്ദേശിച്ചപ്പോൾ പവർ സെക്രട്ടറി സ്പെസിഫിക്കായിട്ട് എഴുതിയിട്ടുണ്ട്, പബ്ലിക് സെക്ടർ കമ്പനിയായ ബി.എച്ച്.ഇ.എൽ. ന്റെ റേറ് 15 ശതമാനം കൂടുതലാണെങ്കിലും കൊടുക്കണമെന്ന്. അതനുസരിച്ച് ഒരു റെപ്യൂട്ടഡ് ഇൻസ്റ്റിറ്റ്യൂഷനായ ബി.എച്ച്.ഇ.എൽ.ന് കൊടുക്കുന്നതിൽ എന്താണ് തടസ്സം ? ടെണ്ടർ ലോഡ് ചെയ്യുമ്പോൾ അവരാണ് താഴെ വരുന്നത്.

ശ്രീ. ജി. കാർത്തികേയൻ : ഇത് ആർക്ക് കൊടുക്കണമെന്ന് തീരുമാനിച്ചിട്ടില്ലെന്ന് ഞാൻ നേരത്തേ പറഞ്ഞു. ബി.എച്ച്.ഇ.എൽ. എന്നു പറയുന്നത് ഒരു പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്പനിയാണ്. ബി. എച്ച്. ഇ. എൽ.നെ മാറ്റുന്ന കാര്യത്തിൽ ഗവൺമെൻറിന് ഒരു ദുരുദ്ദേശവുമില്ല. പക്ഷെ കോഴിക്കോട് ഡീസൽ പ്രോജക്ടിന്റെ കോൺട്രാക്റ്റുമായി ബന്ധപ്പെട്ട് ഒരു കാര്യംകൂടി നിങ്ങൾ അറിയേണ്ടതുണ്ട്. ബി.എച്ച്.ഇ.എൽ.ന് കോൺട്രാക്ട് കൊടുക്കുന്നതു സംബന്ധിച്ച് രണ്ടുമൂന്നു കാര്യങ്ങളുണ്ട്. വർക്ക് എടുക്കുമ്പോൾ ഇലക്ട്രിസിറ്റി ബോർഡിന്റെ ഫിനാൻസ് ടൈ അപ്പിന് വേറൊരു വിദേശ കമ്പനിയോട് പോകാറില്ല. ബി.എച്ച്.ഇ.എൽ. കോഴിക്കോട് പ്രോജക്ട് കാട്ടു ചെയ്തിട്ട് പറഞ്ഞിരിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം, മദ്രാസിൽ പ്രവർത്തിക്കുന്ന 'ക്ലെൻറ് ആൻറ് മാർഷൽ' എന്ന ഒരു ഇറാലിയൻ കമ്പനിയുമായിട്ട് ഇന്ത്യൻ പണത്തിന് ആവശ്യമായ ലോണിന്റെ വിദേശ കറൻസിക്ക് ഇലക്ട്രിസിറ്റി ബോർഡ് ഒപ്പിട്ടു കൊടുക്കണമെന്നാണ്. ബി.എച്ച്.ഇ.എൽ. നമ്മളെ വിളിച്ച് ഇക്കാര്യം പറഞ്ഞു. സ്ട്രെയിറ്റായിട്ടുള്ള എല്ലാകാര്യത്തിലും ഡയറക്ടായിട്ട് ഒപ്പുവയ്ക്കാൻ ബി.എച്ച്.ഇ.എൽ. തയ്യാറായില്ല. ഇന്ത്യൻ പണത്തിനാവശ്യമായിട്ട്, മദ്രാസിൽ പ്രവർത്തിക്കുന്ന ഇറാലിയൻ ബേസ്ഡ് സ്വകാര്യ ഫിനാൻസ് കമ്പനിയുമായിട്ട് ഇലക്ട്രിസിറ്റിബോർഡ് ഒപ്പുവയ്ക്കണമെന്നുള്ള ആദ്യത്തെ വ്യവസ്ഥ ബി.എച്ച്.ഇ.എൽ.-ന് ഉണ്ട്. ചുരുക്കം പറഞ്ഞാൽ, ബി.എച്ച്.ഇ.എൽ. അതിന്റെ ഫണ്ടിൽ നിൽക്കുന്ന ഇന്ത്യൻ കമ്പനി മാത്രമാണ്. അതിന്റെ പുറകിൽ വേറെയുണ്ട്. അങ്ങ് ചോദിച്ചപ്പോൾ ഇതുംകൂടി പറഞ്ഞു. എന്നേയുള്ളു മാത്രമല്ല, ബി.എച്ച്.ഇ.എൽ. ഉണ്ടാക്കുന്ന ഒരു ഉപകരണമൊഴികെ മറ്റ് ഉപകരണങ്ങളൊക്കെല്ലാം വിദേശ കമ്പനികളുമായി ബന്ധപ്പെട്ട് ബോർഡ് ഒപ്പുവെയ്ക്കണമെന്നാണ്. കോഴിക്കോട് പ്രോജക്ട് ടെണ്ടർ ചെയ്തു വന്നാൽ സ്ട്രെയിറ്റായിട്ട് ഇലക്ട്രസിറ്റി ബോർഡ് ബി. എച്ച്. ഇ. എല്ലുമായിട്ട് മാത്രം കരാർ ഒപ്പുവച്ചാൽ പോരാ എന്നുള്ള നിബന്ധനയുണ്ട്. ഏതായാലും നമ്മൾ കോൺട്രാക്ട് കൊടുക്കാൻ തീരുമാനിച്ചിട്ടില്ല. എല്ലാ വശങ്ങളെക്കുറിച്ചും നോക്കി, പ്രത്യേകിച്ച് ഒരു താൽപ്പര്യവും ഇതിനകത്തില്ല. സംസ്ഥാന ഗവൺമെൻറിന്റെയും ജനങ്ങളുടെയും ഉത്തമതാൽപ്പര്യങ്ങൾ സംരക്ഷിച്ചു കൊണ്ട് മാത്രമേ കോഴിക്കോട് പ്രോജക്ടിന് ഈ ഗവൺമെൻറ് ക്ലിയറൻസ് കൊടുക്കുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. സി. വി. പത്മരാജൻ) : സർ, ഞാൻ അവതരിപ്പിച്ച ബഡ്ജറ്റിനെക്കുറിച്ച് മൂന്നു ദിവസമായി സഭയുടെ എല്ലാ ഭാഗങ്ങളിൽനിന്നും വളരെ പ്രഗൽഭരായ മെമ്പർമാർ ഉൾപ്പെടെ നടത്തിയ വിശദമായ ചർച്ച മുഴുവൻ ഒരു ആരോഗ്യകരമായ സാമ്പത്തിക സ്ഥിതിയുടെ പരിശോധനയ്ക്ക് സഹായകരമായിരുന്നു എന്നുള്ള കാര്യത്തിൽ എനിക്ക് സന്തോഷമുണ്ട്. വളരെ പരിമിതിയോടുകൂടിയാണ് ഞാൻ ഈ ബഡ്ജറ് അവതരിപ്പിച്ചത്. ഇതൊരു ഇടക്കാല ബഡ്ജറാണ്. ഇതിൽ പുതിയ പദ്ധതികളില്ല. ആനുകൂല്യങ്ങളില്ല, നികുതികളില്ല, നികുതി ഇളവുകളുമില്ല. അതുകൊണ്ട് ചിലപ്പോൾ ഇവിടെ ഉണ്ടായ വിമർശനങ്ങളിൽ അൽപ്പം കഴമ്പുണ്ടെന്ന് പറയാൻ ഇത് ഒരു പ്രവർത്തന റിപ്പോർട്ട് മാത്രമാണ് എന്നു പറയുന്നു. എന്നാൽ ഇതൊരു പ്രവർത്തന റിപ്പോർട്ട് മാത്രമല്ല കഴിഞ്ഞ. അഞ്ചുവർഷക്കാലത്തെ പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട്, അഞ്ചു വർഷക്കാലത്തെ അനുഭവപാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് 21-ാം നൂറ്റാണ്ടിലേക്ക് നോക്കിക്കൊണ്ട്, ഇനി വരാൻ പോകുന്ന ഒരു ഗവൺമെൻറ്, അതാരാണെന്ന് വെല്ലുവിളിയൊന്നും ഞാൻ നടത്തുന്നില്ല.

ശ്രീ. സത്യൻ മൊകേരി : അതിൽ സംശയമൊന്നുമില്ല.

ശ്രീ. സി. വി. പത്മരാജൻ : ഇന്നത്തെ പ്രസംഗത്തിന്റെ പരിധിയിൽ അത് ഉൾപ്പെടുന്നില്ല. സാരമില്ല, ഓരോരുത്തരുടെ ആഗ്രഹപ്രകാരം, പ്രതീക്ഷ പ്രകാരം പറയാം. എനിക്കുവാദപ്രതിവാദമൊന്നുമില്ല. എന്റെ പ്രസംഗത്തിൽ ആ മാതിരി വാദങ്ങൾ ഒന്നും ഉൾക്കൊള്ളുന്നില്ല. 1991-ൽ കാലാവധി തീരുന്നതിനുമുൻപ് തെരഞ്ഞെടുപ്പുനടത്താൻ തീരുമാനമെടുത്ത എൽ. ഡി.എഫ് ഗവൺമെൻറും അതിലെ നേതാക്കൻമാരും ഇവിടെയുണ്ട്, അന്നുണ്ടായിരുന്ന പ്രതീക്ഷ എങ്ങനെ അവസാനിച്ചു എന്ന് എനിക്കറിയാം. അതുകൊണ്ട് ഞാൻ വെല്ലുവിളിക്കുന്നില്ല. തെരഞ്ഞെടുപ്പു വരുന്നു, ജനങ്ങൾ വോട്ട് ചെയ്യട്ടെ, പുതിയ ഗവൺമെൻറ് അധികാരത്തിൽ വരട്ടെ ; ആ ഗവൺമെൻറ് ഏതു പാത സ്വീകരിക്കണമെന്നുള്ളതു സംബന്ധിച്ച് ഞാൻ വെല്ലുവിളിക്കുകയല്ല. ഞാൻ ജയിക്കുമെന്നോ, തോൽക്കുമെന്നോ, ഞങ്ങൾ അധികാരത്തിൽ വരുമെന്നോ ഒന്നും പറയുന്നില്ല. 21-ാം നൂറ്റാണ്ടിലെത്തുമ്പോൾ ആ ഗവൺമെൻറിന്റെ അപ്രോച്ച് എന്തായിരിക്കണം ?

നമ്മുടെ രാജ്യത്ത് കുറെ സാമ്പത്തിക പ്രതിഭാസങ്ങളുണ്ട്. ആ പ്രതിഭാസങ്ങളുടെ പശ്ചാത്തലത്തിൽ ലോകത്തുണ്ടായിക്കൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾക്കുനേരെ കണ്ണടയ്ക്കാൻ ഒക്കുകയില്ല. ഇവിടെ ബഹുമാനപ്പെട്ട ഇ. കെ. നായനാർ ആണെന്നു തോന്നുന്നു. അദ്ദേഹം പരിഹാസത്തോടുകൂടിയാണോ ഗൗരവത്തോടുകൂടിയാണോ എന്ന് എനിക്കറിയില്ല, ഈ ലോകത്ത് ലിബറലൈസേഷൻ, ഗ്ലോബലൈസേഷൻ പ്രൈവറ് ഇൻവെസ്റ്റ്മെൻറ് തുടങ്ങിയ ചില പുതിയ പ്രതിഭാസങ്ങൾ ആഗോളവ്യാപകമായി വന്നുകൊണ്ടിരിക്കുന്നുഎന്നു പറഞ്ഞു. ഉല്പാദനം മുതൽ വിതരണം വരെ സർക്കാരിന്റെ പിടിയിൽ ഒതുങ്ങണം, സർക്കാരിന്റെ നിയന്ത്രണത്തിൽ വേണമെന്നുള്ളതാണ് സിദ്ധാന്തം. അതിൽ അനിഷ്ഠിതമായി മുമ്പോട്ടുവന്നിട്ടുള്ള രാജ്യങ്ങൾ അപ്രത്യക്ഷമായിരിക്കുന്നു. പുതിയൊരു സമീപനം ഉണ്ടായിരിക്കുന്നു. ഈ സമീപനം ചൈനയെപ്പോലെയുള്ള കമ്യൂണിസ്റ് രാജ്യങ്ങൾ ഉൾക്കൊള്ളാൻ തയ്യാറായിരിക്കുന്നു. ഇന്ത്യയിലുള്ള സംസ്ഥാന ഗവൺമെൻറുകൾ ഈ സമീപനം ഉൾക്കൊള്ളുന്നു. ഇന്ന് അഭിമാനപൂർവ്വം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. കെ. നായനാർ വൈസ്റ്റ് ബംഗാളിലെ കാര്യത്തെപ്പറ്റിയും വൈദ്യുതിയെപ്പറ്റിയും ചൂണ്ടിക്കാണിച്ചപ്പോൾ വൈദ്യുതി രംഗത്ത് പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് എത്രത്തോളം ഉണ്ട് എന്നത് കൂടി പഠിച്ച് പറഞ്ഞിരുന്നുവെങ്കിൽ അത് സത്യസന്ധമാകുമായിരുന്നു. അദ്ദേഹം ഗോയങ്കയെ വിട്ടുകളഞ്ഞു. ഞാൻ കൽക്കട്ടയിൽപോയി ശ്രീ. ജ്യോതിബാസുവിനെകണ്ട് സംസാരിച്ചിട്ടുണ്ട്. കൽക്കട്ടാപട്ടണത്തിൽ പവർ കട്ട് ഇല്ല. ഗ്രാമപ്രദേശങ്ങളിൽ ഉണ്ട്. കാരണം കൽക്കട്ടാ പട്ടണത്തിലെ ഡിസ്ട്രിബ്യൂഷനും ട്രാൻസ്മിഷനും മുഴുവൻ ഗോയങ്കയെ ഏൽപ്പിച്ചിരിക്കുകയാണ്. ഇതിൽ പരാതിയില്ല. പക്ഷെ അവിടെനിന്നു മാറി നിന്നുകൊണ്ട് പറയരുത് എന്നു മാത്രമേയുള്ളു. ഒരു സ്ഥലത്തും ഇരട്ടത്താപ്പു പാടില്ല. അവിടെ ഗോയങ്കയെ ഞാൻ കണ്ടു, അദ്ദേഹം ഇവിടെ വന്നിരുന്നു. ഞാൻ അദ്ദേഹവുമായി സംസാരിച്ചു. ഗോയങ്ക പറഞ്ഞു, കൽക്കട്ടയിൽ വന്നു നോക്കൂ, അവിടെ ഒരു സ്വിച്ച് ഇട്ടാൽ ലൈറ്റ് കത്താതിരിക്കുന്ന സ്ഥിതി ഉണ്ടാവുകയില്ല. എന്ന്. ഞാൻ ഇതു പറയുന്നത് ആരെയും വിമർശിക്കാനല്ല നമ്മുടെ രാജ്യത്ത് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന വൻപിച്ച പ്രതിഭാസത്തിന്റെ ആഘാതത്തിൽനിന്നു ഒഴിഞ്ഞുമാറി നിന്നാൽ ഉണ്ടാകാവുന്ന പ്രത്യാഘാതം, ഈ രാജ്യത്തെ ശാസ്ത്ര സാങ്കേതിക രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ച. ഇലക്ട്രോണിക്സ് യുഗത്തിൽ ദൈനംദിനം വന്നു കൊണ്ടിരിക്കുന്ന മാറ്റം, ഇതെല്ലാം കണ്ടിട്ടും കണ്ണടച്ച് പഴയ സിദ്ധാന്തങ്ങളും പഴയ പ്രത്യയശാസ്ത്രങ്ങളും പൊളിഞ്ഞുപോയ തത്വവാദങ്ങളും മാത്രം മനനദണ്ഡമാക്കിക്കൊണ്ട് സമീപിക്കരുത് എന്നതാണ് ഈ ബഡ്ജറ്റിൽ ഞാൻ ഊന്നൽ കൊടുത്തിരിക്കുന്ന കാര്യം. ഞാൻ അത് ഒറ്റ വാചകത്തിൽ പറയാം. നമ്മുടെ വൈദ്യുതി, തുറമുഖം, വിമാനത്താവളങ്ങൾ, ഗതാഗത സൗകര്യം. കിൻഫ്ര തുടങ്ങിയ ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റ് ആരംഭിച്ചിട്ടുള്ള കാര്യങ്ങൾ, ടെക്നോപാർക്ക്, സർവ്വോപരി വളരെയധികം സാദ്ധ്യതകൾ തുറന്നുവന്നിരിക്കുന്ന ടൂറിസം, കൃഷിയെ ആസ്പദമാക്കിയുള്ള വ്യവസായങ്ങൾ, ഈ രംഗത്തുകൂടിയുള്ള വളർച്ച നമുക്ക് ആവശ്യമുണ്ട്. ഈ രംഗത്ത് ആവശ്യമുള്ളത് എന്താണ്? നമുക്ക് ഇൻവെസ്റ്റ്മെന്റാണ് ആവശ്യമായിട്ടുള്ളത്. മൂലധനനിക്ഷേപമായിട്ടാണ് ആവശ്യം. സർക്കാരിന്റെ ബഡ്ജറ്റ് സപ്പോർട്ടുകൊണ്ട് നമുക്ക് മുന്നോട്ടു പോകാൻ ഒക്കുകയില്ല. പുതുതായി വ്യവസായ മേഖലയിലേക്ക് സർക്കാരിനു കടന്നു ചെല്ലാൻ ഒക്കുകയില്ല. സർക്കാരിന്റെ ജോലി അടിസ്ഥാനപരമായി ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസ് ഉണ്ടാക്കിക്കൊടുക്കുകയും സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുതന്നെ മൂലധന നിക്ഷേപം ഉറപ്പാക്കിക്കൊണ്ടുകൊണ്ട് ഇവിടെ വ്യവസായ വളർച്ച ഉണ്ടാക്കുകയുമാണ്. ഇതിന്റെ ഫലമായി വ്യവസായം-ടൂറിസം-കാർഷിക മേഖലകളുടെ അടിത്തറ വികസിക്കും. അങ്ങനെ വികസിക്കുമ്പോൾ ജി. ഡി. പി. വർദ്ധിക്കും. കൂടുതൽ വൈദ്യുതിക്ക്, കൂടുതൽ വ്യവസായ വൽക്കരണത്തിനു വക നൽകും. കൂടുതൽ ഉൽപ്പാദനവും കൂടുതൽ തൊഴിലവസരങ്ങളും ഉണ്ടാകും. ആ ഉല്പാദനവും തൊഴിലവസരങ്ങളും കൂടുതൽ നികുതിയുണ്ടാക്കും. തൻമൂലം താരതമ്യേന സ്വയം പര്യാപ്തമായ ഈ സംസ്ഥാനത്തിനു പൂർണ്ണമായി സ്വയംപര്യാപ്തതയിലെത്താൻ ഒക്കുകയില്ല. അഞ്ചുവർഷക്കാലത്തേക്ക് ഈ ഗവൺമെന്റ് ആരംഭിച്ചിരിക്കുന്ന പാതയിൽക്കൂടി മുന്നോട്ടുപോയാൽ സ്വയംപര്യാപ്തമായ കേരളത്തിലേക്ക് എത്താനുള്ള എല്ലാ ലക്ഷണങ്ങളും ഉണ്ടായിട്ടുണ്ട്. അവ ഓരോന്നായിട്ട് ഞാൻ പറയാം. ഈ ഒരു പശ്ചാത്തലത്തിൽ That is the message of my budget. എന്റെ ബഡ്ജറ്റിൽ പ്രവർത്തന റിപ്പോർട്ടു മാത്രമല്ല, അഞ്ചു വർഷത്തെ പ്രവർത്തനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

കൂടി ഒടുവിൽ വന്നപ്പോഴും വളരെ ഫലപ്രദമായി ബ്യൂറോക്രസി ഉപയോഗിച്ച് ഉദ്യോഗസ്ഥൻമാരുടെ സഹകരണം തേടി, ആസൂത്രണത്തോടുകൂടി നമ്മുടെ സാമ്പത്തിക സ്ഥിതി എങ്ങനെ സ്ഥിരപ്പെടുത്താം എന്നതിനെ സംബന്ധിച്ച് ഒരു പരീക്ഷണത്തിലാണ് ചെറിയ തോതിലെങ്കിലും ഈ ഗവൺമെൻറും ഞാനും വിജയിച്ചത്. ഇവിടെ പ്രസംഗങ്ങളും മുഴുവനും രാഷ്ട്രീയമായിരുന്നു. കാരണം തെരഞ്ഞെടുപ്പ് അടുത്തുവരുന്ന സമയമാണ്. സ്വാഭാവികമായും നമുക്കെല്ലാം രാഷ്ട്രീയമായ ചിന്താഗതിയുണ്ട്. നാം നമ്മുടെ നിയോജകമണ്ഡലത്തിലേക്ക് പോവുകയാണ്. അതിൻെറ വികാരമാണ് നമ്മുടെ മുന്നിൽ നിൽക്കുന്നത്. അതുകൊണ്ട് ബഡ്ജറ്റിനെപ്പറ്റിയുള്ള സാങ്കേതികമായ പഠനം ആരും നടത്തിയില്ല എന്നു ഞാൻ പറയുകയില്ല. ആ പഠനങ്ങളും താരതമ്യേന കുറവായിരുന്നു. ഞാൻ അവയൊക്കെ ക്രോസ്ചൈക്ക് ചെയ്യാൻ നോക്കി. അതിൽ എട്ടൊൻപതു പോയിൻറുകളും ഞാൻ കണ്ടു. ആ പോയിൻറുകളും മാത്രം നിലനിർത്തി ഞാൻ സംസാരിക്കാം.

(1) ശ്രീ. ടി. ശിവദാസമേനോൻ ചൂണ്ടിക്കാണിച്ചത്, എൽ. ഡി. എഫ്. ഗവൺമെൻറ് 100 കോടി രൂപ കമ്മിയുണ്ടാക്കിയെന്നു പറയുന്നത് ശരിയല്ല. (2) 1994-95-ൽ 417.53 കോടി രൂപ മിച്ചം കാണിച്ചതു അയാർഥ്യമാണ്, കബളിപ്പിക്കലാണെന്നു പറഞ്ഞു. (3) പ്ലാൻ കണക്കുകളും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയത് ശരിയല്ല എന്നൊരു വാദമുണ്ടായി. (4) റവന്യൂകമ്മി വർദ്ധിച്ചുവരുന്നു എന്നു ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രസംഗിച്ചപ്പോഴും പറഞ്ഞു. (5) അതിനോടനുബന്ധിച്ചുതന്നെ അടുത്തത്, കടം വർദ്ധിക്കുന്നു, കടക്കെണിയിൽ വീഴുന്നു. (6) സർക്കാരിൻെറ എല്ലാ ബാദ്ധ്യതകളും ചേർത്തിട്ടില്ല. കോൺട്രാക്ടർമാർക്ക് കൊടുക്കാനുണ്ട്, പെൻഷൻ കൊടുക്കാനുണ്ട്, ഇതെല്ലാം കൂടി ചേർക്കുമ്പോഴും ഇതൊരു കമ്മി ബഡ്ജറ്റാണ്. (7) നികുതി ഭാരം വർദ്ധിക്കുന്നു. (8) പദ്ധതി വർദ്ധനവിൻെറ അനുപാതം കൃഷിക്ക് ലഭിച്ചിട്ടില്ല. (9) പഞ്ചായത്തുകൾക്ക് പണം നൽകുന്നില്ല. ഇത്രയും കാര്യങ്ങളാണ് ഞാൻ ഗ്രൂപ്പു ചെയ്തത് എടുത്തപ്പോഴും കാണാൻ കഴിഞ്ഞത്. ഇതു ഓരോ പോയിൻറായി രണ്ടുമൂന്നു വാചകത്തിൽ ഞാൻ മറുപടി പറയാം.

ഒന്നാമത്തെ കാര്യം എൽ. ഡി. എഫി.ൻെറ ഗവൺമെൻറ് പോയപ്പോഴും 100 കോടി രൂപ എന്നു ഞങ്ങളും വെറുതെയെഴുതിവച്ചതാണ്. അതിനെ കുറിച്ച് ഒരു ദീർഘമായ പരാമർശനത്തിനു ഞാൻ മുതിരുന്നില്ല. റിസർവ് ബാങ്കാണ് ഓരോ പ്രാവശ്യവും സാമ്പത്തിക വർഷാവസാനത്തിലുള്ള ക്യാഷ് ബാലൻസ് പറയുന്നത്. ട്രഷറിയിൽ സംസ്ഥാന ഗവൺമെൻറിന് ഇത്ര രൂപമുണ്ട് എന്നത് റിസർവ് ബാങ്കിൻെറ സ്റ്റേറ്റ്മെൻറിനെ ആശ്രയിച്ചാണിരിക്കുന്നത്. പിന്നീട് കുറെക്കഴിഞ്ഞ് ആഡിറ്റർ ജനറലും കംപ്ട്രോളറുമൊക്കെ ഇതു പരിശോധിച്ച് പല അഡ്ജസ്റ്റ്മെൻറും നടത്തിവരുമ്പോൾ റിസർവ് ബാങ്ക് തരുന്ന ഫിഗേഴ്സും റിസർവ് ബാങ്കിൻെറ ക്യാഷ് ബാലൻസ് ഫിഗേഴ്സും എ. ജി. യുടെ ഫിഗേഴ്സും തമ്മിൽ എല്ലാ വർഷവും വ്യത്യാസമുണ്ടായിട്ടുണ്ട്. എങ്കിലും നമുക്ക് വർഷങ്ങളായിട്ട്, ഇപ്പോൾ മാത്രമല്ല, ശ്രീ. ഇ. കെ. നായനാരുടെ ഭരണകാലത്തും അതിനു മുമ്പും നാം സ്വീകരിച്ചിരുന്നത് റിസർവ് ബാങ്കിൻെറ കണക്കാണ്. റിസർവ് ബാങ്കിൻെറ ടെലക്സ് മെസേജ് എൻെറ കയ്യിലുണ്ട്. അതിൽ Cash balance position as on 30-3-1991 is Rs. 100.1 crores debit.

LIBRARY ARCHIVES Kerala Legislative Assembly

എന്നു പറഞ്ഞിട്ടുണ്ട്. അതിനെ ആശ്രയിച്ചാണ് ....,....
അതേസമയത്ത് പിന്നീട് എ. ജി. യുടെ അക്കൗണ്ട് വന്നപ്പോൾ 1991-92-ലെ അക്കൗണ്ടിലെ ഓപ്പൺ ക്യാഷ് ബാലൻസ് 13.66 കോടിരൂപ എന്നു വന്നു. എല്ലാ വർഷവും അങ്ങനെ വന്നിട്ടുണ്ട്. ഈ വർഷവും വരും. ക്യാഷ് ബാലൻസിൽ റിസർവ് ബാങ്ക് അതിന്റെ മറ്റു കാര്യങ്ങൾ നോക്കാറില്ല. നേരത്തെ മന്ത്രിയായിരുന്നതുകൊണ്ട് ശ്രീ. ശിവദാസമേനോന് അതിനെപ്പറ്റി മനസിലാകുമെന്നു ഞാൻ പ്രത്യാശിക്കുകയാണ്. അവർ പറയുന്നത് ഈ വർഷത്തെ ക്യാഷ് ബാലൻസ് മാത്രമാണ്. ക്യാഷ് ബാലൻസാണ് ബഡ്ജറ്റിൽ മിച്ചമായിട്ടോ കമ്മിയായിട്ടോ എടുക്കുന്നത്. പിന്നീട് വന്നപ്പോൾ 13.66 കോടി രൂപയായി പല അഡ്ജസ്റ്റുമെന്റുകളും കഴിഞ്ഞ് പലതും അങ്ങോട്ടും ഇങ്ങോട്ടുമൊക്കെ മാറിക്കഴിഞ്ഞപ്പോൾ അതു വരികയുണ്ടായി. പക്ഷെ ആ ഫിഗേഴ്സ് നമുക്ക് വളരെ താമസിച്ചു മാത്രമേ കിട്ടുകയുള്ളു. ബഹുമാനപ്പെട്ട ശിവദാസമേനോൻ ചൂണ്ടിക്കാണിക്കാൻ ഉദ്ദേശിച്ചത് എന്താണെന്നുവച്ചാൽ, ബഡ്ജറ്റിലെ 34-ാം പേജിൽ 1995-96-ലെ റിവൈസ്ഡ് എസ്റ്റിമേറ്റ് 417.53 കോടി രൂപ എന്നു പറഞ്ഞിരിക്കുന്നു. അതിന് മുമ്പുള്ളത് എ. ജി. യുടെ ഫിഗേഴ്സ് എന്നു പറഞ്ഞിരിക്കുന്നു. അതു ശരിയാണ്, അതിൽ മറച്ചുവയ്ക്കാൻ യാതൊന്നുമില്ല.

The Closing Balance of 1994-95 is as per the accounts kept by the Accountant General whereas the Opening Balance of 1995-96 (R. E.) is as per the R. B. I. Account.
ആ വ്യത്യാസമൊന്നും മറച്ചുവച്ചിട്ടില്ല.

ശ്രീ. ടി. ശിവദാസമേനോൻ: 1994-95-ൽ ക്ലോസിംഗ് ബാലൻസ് you rely on A. G's account. അപ്പോൾ 1990-91-ലെ ക്ലോസിംഗ് ബാലൻസ് 13.66 കോടി രൂപയാണ്. You don't rely on the A. G's figures, and when your opening balance for 1994-95 comes. ഈ കൊല്ലത്തെ ഓപ്പണിംഗ് ബാലൻസ് 16.35 കോടി രൂപ ആകുമ്പോൾ അടുത്ത കൊല്ലത്തെ ഓപ്പണിംഗ് ബാലൻസ് 417 കോടി രൂപ ആകുകയാണ്. ആ 417 കോടി രൂപ ആകുന്നതിൽ you rely on R.B.I account and on the other things whichever is beneficial to you to rely. അപ്പോൾ ഇവിടെ പറയേണ്ടത് Accountant General's audited Statement ആണോ കണക്ക്, അതോ ആർ. ബി. ഐ. യുടെ ഫിഗേഴ്സ് ആണോ ?

ശ്രീ. സി. വി. പത്മരാജൻ: ബഹുമാനപ്പെട്ട ടി. ശിവദാസമേനോൻ പലപ്പോഴും സഭയിൽ പറയാറുണ്ട്. അദ്ദേഹം ചോദ്യം ചോദിക്കുന്നത്, to elicit information ആണെന്ന് അദ്ദേഹത്തിന്റെ ഒരു സ്ഥിരം phrase ആണ്. പക്ഷേ പലപ്പോഴും അദ്ദേഹം ചോദ്യം ചോദിച്ചാൽ to furnish information ആയിട്ടു മാറുന്നു. അത് ഇന്നിപ്പോൾ ഈ സഭയിൽ തിരുത്താൻ സമയമില്ല. അടുത്ത സഭയിൽ നമ്മളെല്ലാം വരികയാണെങ്കിൽ തിരുത്തുന്ന കാര്യം അപ്പോൾ ആലോചിക്കാം. ഇവിടെ ഞാൻ പറഞ്ഞത് വളരെ വിശദമായിട്ടാണ്. റിസർവ് ബാങ്ക് ഫിഗേഴ്സ് വച്ചുകൊണ്ട് മാത്രമേ ശ്രീ. നായനാർ ഗവൺമെന്റുപ്പെടെ ഈ ബഡ്ജറ് തയ്യാറാക്കിയിട്ടുള്ളു. എൽ. ഡി. എഫ്.-നെ സംബന്ധിച്ചിടത്തോളം 100 കോടി രൂപ ആർ. ബി. ഐ.-യുടെ വ്യത്യാസമുണ്ടായിരുന്നു. അതിനകത്ത് വാദപ്രതിവാദം നടത്തി അവസാനിപ്പിക്കുന്ന ഒരു കാര്യമോ, ആരും ജയിക്കുന്ന ഒരു കാര്യമോ ഇല്ല. അതുകൊണ്ട് യാതൊരു കളവും പറഞ്ഞിട്ടില്ല. 1990-91-ലേയും, 1991-92-ലേയും ഫിഗേഴ്സ് നോക്കിയാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇത് വ്യക്തമാകും. 1994-95-ൽ 417.53 കോടി രൂപയുടെ മിച്ചം എങ്ങനെയുണ്ടായി എന്ന് എന്റെ സുഹൃത്തുക്കൾ ചോദിച്ചു. ഇതൊരു കബളിപ്പിക്കൽ അല്ലേ എന്നും ചോദിച്ചു. ഒറ വാചകത്തിൽ ഞാൻ പറയാം. 1994-95-ലെ ബഡ്ജറ്റിൽ റവന്യൂ വരുമാനം 4,219.96 കോടി രൂപയും റവന്യൂ ചെലവ് 5033.33-ും, റവന്യൂ കമ്മി 833.37-ും, മൊത്തം കമ്മി 223.6 കോടി രൂപയുമാണ് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നതെങ്കിൽ, യഥാർത്ഥത്തിൽ ആ വർഷത്തെ കഠിനമായ നിയന്ത്രണങ്ങളുടേയും, കർശനമായ നികുതി പിരിവിന്റേയും ഫലമായി 446.46 കോടി രൂപ കൂടുതലായിട്ടു നികുതി പിരിക്കാൻ കഴിഞ്ഞു. ഇങ്ങനെ പിരിക്കാൻ കഴിഞ്ഞതുകൊണ്ട്, റവന്യൂ ചെലവിന്റെ വർദ്ധനവ് നിയന്ത്രിക്കാൻ കഴിഞ്ഞു. ഏതാണ്ട് 33 കോടി രൂപയുടെ വർദ്ധനവേ ഉണ്ടായുള്ളൂ. അതുകൊണ്ട് റവന്യൂ കമ്മി പ്രതീക്ഷിച്ചിരുന്ന 833.37 കോടി രൂപയിൽ നിന്ന് 399.8 കോടി രൂപ ആയിട്ടു കുറഞ്ഞു. മൊത്തം കമ്മി 223.67 കോടി രൂപയിൽ നിന്ന് മാറി 417.5 കോടി രൂപയുടെ മിച്ചം ഉണ്ടായി. ഇതാണ് അതിനകത്തുള്ളത്. ഇതിനകത്ത് ഇന്ദ്രജാലവും, മഹേന്ദ്ര ജാലവുമൊന്നുമില്ല, കണക്കിലുള്ള കബളിപ്പിക്കലുമില്ല. പ്ലാൻ കണക്കുകൾ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞു. പ്ലാൻ കണക്കുകൾ ഉൾപ്പെടുത്താതെ ഒരു ബഡ്ജറ് ഉണ്ടാക്കാൻ പറ്റില്ല. ബഡ്ജറ് എന്നു പറയുന്നത്,

Budget is not defined in the Constitution. Constitution says the statement of income and expenditure for a financial year.

ഡോ. മൻമോഹൻസിംഗ് കേന്ദ്രത്തിൽ അവതരിപ്പിച്ച ബഡ്ജറിലും നെടുംഞ്ചേഴിയൻ തമിഴ്നാട്ടിൽ അവതരിപ്പിച്ച ബഡ്ജറിലും പ്ലാൻ കണക്കുകൾ ചേർത്തിട്ടുണ്ട്. ബാങ്ക് കണക്കുകൾ ചേർത്തിട്ടുണ്ട്. ആ പ്ലാൻ കണക്കുകൾ ചേർത്തിട്ടില്ലെങ്കിൽ on going Plan Schemes പോലും നടക്കാതെ വരും. അതുകൊണ്ട് അതിൽ ക്രമരഹിതമായിട്ട് യാതൊന്നുമില്ല.

ശ്രീ. വർക്കല രാധാകൃഷ്ണൻ : പ്ലാനിംഗ് കമ്മീഷൻ വളരെ വ്യക്തമാക്കിയിട്ടുണ്ട്. തെരഞ്ഞെടുപ്പ് നടക്കുന്ന സംസ്ഥാനങ്ങളിൽ പ്ലാനിംഗിനെ സംബന്ധിച്ചുള്ള തുക അവർ ഇതുവരെ ഫൈനലൈസ് ചെയ്തിട്ടില്ല. പുതുതായി വരുന്ന ഗവൺമെന്റുമായി മാത്രമേ ചർച്ച ചെയ്ത് ഫൈനലൈസ് ചെയ്യുകയുള്ളൂ. അങ്ങനെ ഒരു അനിശ്ചിതാവസ്ഥ നിലനിൽക്കെ നിങ്ങൾ ഡഫനിറ് ആയിട്ട് കണക്ക്, പ്ലാൻ എക്സ്പെൻഡിച്ചർ എന്നു പറഞ്ഞ് കാണിച്ചതു ശരിയാണോ ? കർണ്ണാടകത്തിൽ ഫൈനലാണ്. അവർക്ക് 5 കൊല്ലം ഉണ്ട്. നിയമസഭ തെരഞ്ഞെടുപ്പില്ല. മഹാരാഷ്ട്രയിൽ ഫൈനലാണ്. ത്രിപുരയിൽ ഫൈനലാണ്. 5 കൊല്ലത്തെ കാലാവധി പൂർത്തിയാക്കി, നിയമസഭകളുടെ പ്രതിനിധികളുമായി ചർച്ചയില്ല. അതിനെക്കുറിച്ച് അവസാനമായിട്ട് ഒരു തീരുമാനം എടുത്തിട്ടില്ല. ഈ സാഹചര്യത്തിൽ നിങ്ങൾ ജനങ്ങളെ പററിക്കാൻ വേണ്ടിയാണ് പ്ലാൻ എക്സ്പെൻഡിച്ചർ ചേർത്തത്.

ശ്രീ. സി. വി. പത്മരാജൻ : അങ്ങേക്ക് വേണ്ടത് മറുപടിയാണല്ലോ. മറുപടി ഞാൻ പറയാം. എന്റെ ബഡ്ജറു പ്രസംഗം ഒന്നു വായിച്ചെങ്കിൽ ബുദ്ധിമുട്ടു വരില്ല. വായിക്കാതെ വിമർശിക്കരുത്. ശ്രീ. വർക്കല രാധാകൃഷ്ണനെങ്കിലും അതൊന്നു വായിക്കണം. കാരണം എന്റെ ബഡ്ജറു പ്രസംഗത്തിൽ വളരെ വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്. ഈ പ്ലാൻ താൽക്കാലികമാണ്. ഇതിന് പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം കിട്ടിയിട്ടില്ല. പുതുതായി വരുന്ന ഗവൺമെന്റുമായി ചർച്ച ചെയ്ത ശേഷം മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

പ്ലാൻ ഫൈനലൈസ് ചെയ്യൂ എന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട്, പുതുതായിട്ടു വരുന്ന ഗവൺമെന്റിന്റെ വിവേചനത്തിനും നിയന്ത്രണങ്ങൾക്കും മാറ്റങ്ങൾക്കും വിധേയമായിട്ട് മാത്രമാണ് ബഡ്ജറ്റ് അവതരിപ്പിച്ചത് എന്ന് പറയുമ്പോൾ അതിൽ പ്ലാൻ ചേർത്തില്ല എന്ന് പറയുന്നത് ശരിയാണോ ?

I am proposing an increase in the estimate of plan expenditure from Rs. 48,500 crore in budget estimate 1995-96 to Rs. 50,591 crore in budget estimate 1996-97. The plan is interim and will need to be reviewed at the time of the regular budget exercise.

ഞാൻ അതേ ഉദ്ദേശിച്ചിട്ടുള്ളൂ. ഇവിടെ പ്ലാൻ നിന്നു പോകും. ഇതാണ് അതിന്റെ സാങ്കേതികമായ വശം. ഞാൻ നെടുംചേഴിയന്റെ പ്രസംഗം വായിക്കുന്നില്ല. എങ്കിലും The Plan outlay for 1996-97 will be finalised by the Union Planning Commission only after general election എന്ന് പറഞ്ഞുകൊണ്ട് പ്ലാനിംഗ് പദ്ധതി ശ്രീ. നെടുംചേഴിയൻ തമിഴ്നാട്ടിൽ കൊടുത്തിട്ടുണ്ട്. തമിഴ്നാട്ടിൽ ശ്രീ. നെടുംചേഴിയനും കേന്ദ്രത്തിൽ ഡോ. മൻമോഹൻസിംഗ് കാണിച്ച അതേ constitutional obligation മാത്രമാണ് ഞാൻ ഈ ബഡ്ജറ്റിൽ കാണിച്ചത്, അതിനകത്ത് യാതൊരു ഇറഗുലാരിറ്റിയുമില്ല എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രധാനമായിട്ടുള്ളത് നമ്മുടെ റവന്യൂ കമ്മി വർദ്ധിച്ചുവരുന്നു എന്നുള്ളതാണ്. 1990-'91-ലെ റവന്യൂ കമ്മി 422.02 കോടി രൂപയാണ്. 1994-95-ലെ റവന്യൂ കമ്മി 399.88 കോടി രൂപ ആണ്. 1990-91-ൽ റവന്യൂ ചെലവ് 2,824.95 കോടി രൂപ. 1994-95-ലെ റവന്യൂ ചെലവ് 5066.3 കോടി രൂപ. റവന്യൂ ചെലവിൽ 2,200 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായപ്പോൾ റവന്യൂ കമ്മിയിൽ 22 കോടി രൂപയുടെ കുറവാണുണ്ടായിരിക്കുന്നത്. ഇതിന് കഴിഞ്ഞത് വിവേസമാഹരണവും ചെലവ് ചുരുക്കലും റിസോഴ്സ് കമ്മീഷന്റെ റിപ്പോർട്ട് നടപ്പിലാക്കിയതുകൊണ്ടുമാണ്. The Revenue deficit as a percentage of revenue expenditure നോക്കിയാൽ 1990-91-ൽ 14.94 ശതമാനം, 1991-92-ൽ 11.32 ശതമാനം, 1992-93-ൽ 9.23 ശതമാനം 1993-94-ൽ 8.64 ശതമാനം 1994-95-ൽ 7.89 ശതമാനം അങ്ങനെ വരുമ്പോൾ നമ്മുടെ റവന്യൂ വരുമാനം വർദ്ധിക്കുന്നതനുസരിച്ച് ഡഫിസിറ്റ് കുറയ്ക്കാൻ കഴിയുമെന്ന് കേരളത്തിൽ തെളിയിച്ചുകഴിഞ്ഞ ഒരു ഗവൺമെന്റാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് എന്ന് കാണാം.

അതുപോലെതന്നെ ഇതിൽ കാണുന്നത്, The gap between revenue receipts and revenue expenditure is being rapidly narrowed. ഈ സംസ്ഥാനം റവന്യൂ കമ്മി പരമാവധി കുറയ്ക്കുന്ന ഒരു രീതിയിലേക്ക് നീങ്ങിക്കഴിഞ്ഞിരിക്കുന്നു എന്നുള്ളതാണ് നമ്മുടെ സാമ്പത്തിക നിലയുടെ അഭിമാനകരമായ ഒരു വശം. മറ്റൊരു കാര്യം കൂടി ഉണ്ട്. റവന്യൂ എക്സ്പെൻഡിച്ചർ എന്ന് പറയുന്നത് മുഴുവൻ ധൂർത്ത് അല്ല. റവന്യൂ എക്സ്പെൻഡിച്ചർ എന്ന് പറയുന്നത് മുഴുവൻ വേയ്സ്റ്റാണെന്നുള്ള ഒരു ധാരണ ശരിയല്ല. റവന്യൂ എക്സ്പെൻഡിച്ചറിനകത്ത് വിദ്യാഭ്യാസം ആരോഗ്യം, സാമൂഹ്യവികസനം, ഇറിഗേഷൻ തുടങ്ങിയിട്ടുള്ള എല്ലാ ഐറ്റവും ഉള്ളതാണ്. ഞാൻ അത് വായിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധ ബഡ്ജറ്റ്-ഇൻ-ബ്രീഫിന്റെ 18-ാം പേജിലെ 14-ാം ടേബിളിലേക്ക് ഞാൻ ക്ഷണിക്കുകയാണ്. അവിടെ പ്രധാനപ്പെട്ട ഒരു കാര്യം കാണാൻ സാധിക്കും ; റവന്യൂ ചെലവുകളുടെ കാര്യം·

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർമാർക്ക് ശമ്പളം കൊടുക്കുന്നത് റവന്യൂ ചെലവാണ്. ആ ഡോക്ടർ മെഡിക്കൽ സഹായം നൽകുന്നു. അതുകൊണ്ട് സമൂഹത്തിൽ ആരോഗ്യം വർദ്ധിക്കുന്നു. അദ്ധ്യാപകനു ശമ്പളം കൊടുക്കുന്നു റവന്യൂ ചെലവാണ്; അദ്ധ്യാപകൻ കുട്ടികളെ പഠിപ്പിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയരുന്നു. അത് പാടില്ലെന്നു പറയുന്നതു ശരിയല്ല.

ശ്രീ. ബേബി ജോൺ : അത് പാടില്ലെന്നല്ല പറഞ്ഞത്. അങ്ങ് പറഞ്ഞ ബഡ്ജറ്റ്-ഇൻ-ബ്രീഫിലെ 17-ാമത്തെ പേജിൽ നോൺ-ഡെവലപ്പ്മെന്റിൽ എക്സ്പെൻറിച്ചർ കൂടി വരുന്നുവെന്ന് പറഞ്ഞിട്ടുണ്ട്. 1990-91-ൽ നോൺ-ഡവലപ്പ്മെൻറിൽ എക്സ്പെൻറിച്ചർ 1,02,235 ആയിരുന്നത് ഇപ്പോൾ 2,76,356 ആയിരിക്കുന്നു. മറേറത് ഞാൻ സമ്മതിക്കുന്നു. ഡവലപ്പ്മെൻറിൽ എക്സ്പെൻറീച്ചർ റവന്യൂവിൽ ഉണ്ട്. പക്ഷേ നോൺ ഡവലപ്പ്മെൻറിൽ എക്സ്പെൻറിച്ചർ നമുക്ക് കൂടി വരുന്നു.

ശ്രീ. സി. വി. പത്മരാജൻ : ഇത് വളരെ ലോലമായ ഒരു ക്ലാസി ഫിക്കേഷനാണ്. ഇപ്പോൾ ശമ്പളമാണെങ്കിൽ അത് നോൺ-ഡവലപ്പ് മെൻറിൽ എക്സ്പെൻറീച്ചറായിട്ട് മാറുന്നു. മറേറത് ഡെവലപ്പ്മെൻറിൽ എക്സ്പെൻറിച്ചറായിട്ട് മാറുന്നു. റവന്യൂ എക്സ്പെൻറിച്ചർ പ്രധാനമായിട്ടും ശമ്പളത്തിനുവേണ്ടിയിട്ട് പോകുകയാണ്. ശമ്പളം കൊടുക്കണ്ടെന്ന് നമുക്ക് പറയാനൊക്കുമോ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : നോൺ ഡവലപ്പ്മെൻറിൽ എക്സ്പെൻറീച്ചർ കൂടുന്നില്ലെന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ?

ശ്രീ. സി. വി. പത്മരാജൻ : നോൺ ഡവലപ്പ്മെൻറിൽ എക്സ്പെൻറിച്ചറിന്റെ ശതമാനം കുറയുന്നുവെന്നും ഒരു എഫിഷ്യൻറ് മാനേജ്മെൻറുകൊണ്ട് അത് നിയന്ത്രണാധീനമാക്കാൻ സാധിക്കുമെന്നുമാണ് എന്റെ വാദം. എന്റെ ബഡ്ജറിൽക്കൂടി ഞാൻ തെളിയിച്ചിരിക്കുന്നത് അതാണ്. നമ്മുടെ സംസ്ഥാനത്ത് കടം വർദ്ധിച്ചുവരുന്നു, കടക്കെണിയിൽ വീഴുന്നു, പലിശ കൊടുക്കാൻ കൂടുതൽ കടം വാങ്ങുന്നു, റവന്യൂ വരവും ചെലവും തമ്മിലുള്ള വിടവ് കുറഞ്ഞുവരുന്നു എന്നൊക്കെ ഇവിടെ പറഞ്ഞു. ഒരു കാര്യം ഞാൻ പറയട്ടെ, ചില മേഖലകളിൽ നമ്മുടെ കേരളത്തിൽ വർഷങ്ങളായിട്ട് വളർന്നുവന്നിട്ടുള്ള ഒരു സംസ്ക്കാരം നമുക്കറിയാം. ടാക്സബിളായിട്ടുള്ള മേഖലകൾ വളരെ ചുരുക്കമാണ്. ഇലക്ട്രിസിറ്റി ചാർജ് വർദ്ധിപ്പിക്കുന്നത് വേണ്ടെന്ന് തീരുമാനിച്ചു. ബോധപൂർവ്വമുള്ള ഒരു തീരുമാനമാണ്. ഒരു കോൺഷ്യസ് ഡിസിഷനാണ്. ബസ് ചാർജ് വർദ്ധിപ്പിക്കണ്ടെന്ന് തീരുമാനിച്ചു. ആശുപത്രികളിൽ പണക്കാർക്കെങ്കിലും ചാർജ് ഏർപ്പെടുത്തണമെന്നുള്ളത് നമ്മൾ വേണ്ടെന്ന് വച്ചു. ജലസേചനത്തിന് ഒരു സെസ് ഏർപ്പെടുത്തണമെന്ന് വിചാരിച്ചത് വേണ്ടെന്ന് വച്ചു. അതിന്റെ കണക്ക് കൂട്ടിയാൽ തന്നെ ഏതാണ്ട് 354 കോടി രൂപ സർക്കാർ അങ്ങോട്ട് കൊടുക്കുന്ന സേവനങ്ങൾക്ക് പ്രതിഫലമായിട്ട് നമുക്ക് ന്യായമായിട്ട് കിട്ടാവുന്നത് ഈ രാജ്യത്തെ സാധാരണക്കാരുടെ താൽപ്പര്യങ്ങൾ വച്ചുകൊണ്ട് വേണ്ടെന്ന് ഗവൺമെൻറ് വച്ചിരിക്കുകയാണ്. ഇവിടെ ഒരു കാര്യം കൂടി ഞാൻ പറയട്ടെ. 1993-94 വരെ കടം വാങ്ങിയാണ് കാര്യങ്ങൾ ചെയ്തുകൊണ്ടിരുന്നത്. 1993-94-ൽ നിങ്ങളുടെ ഭരണവും വരും, ഞങ്ങളുടെ ഭരണവും വരും അന്ന ചെത്തുതൊഴിലാളി ക്ഷേമനിധിയിൽ നിന്ന് കടം, സഹകരണസ്ഥാപനങ്ങളിൽനിന്ന് കടം, അബ്കാരി വെൽഫെയർ

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ടിൽനിന്ന് കടം, ആർ. ബി. ഐ. യിൽ നിന്ന് വേയ്സ് ആൻറ് മീൻസ് അഡ്വാൻസ് ഇങ്ങനെയാണ് നടത്തിക്കൊണ്ടിരുന്നതെങ്കിൽ 1995-96 വർഷത്തിൽ ഒരു പൈസപോലും ഒരു സ്ഥാപനത്തിൽ നിന്നും കടം എടുക്കാതെ, റിസർവ് ബാങ്കിൻറെ വേയ്സ് ആൻറ് മീൻസ് അഡ്വാൻസിൽ നിന്ന് ഒരു ദിവസംപോലും ഓവർഡ്രാഫ്റ്റിലേക്ക് കടക്കാതെ ഇവിടെ ധനകാര്യ മാനേജ്മെൻറ് കൈകാര്യം ചെയ്തു എന്നുള്ളതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : നിങ്ങൾ കോൺട്രാക്ടർമാർക്ക് ഉടനെ കൊടുക്കാനുള്ള ഡ്യൂസ് കൊടുക്കുന്നതിന് ചെക്ക് ഇഷ്യൂ ചെയ്യാറില്ല. അതാണ് സംഗതി. അത് എന്തിനാണ് നിങ്ങൾ മറച്ചു വയ്ക്കുന്നത്. നിങ്ങൾ ട്രഷറികൾ മുഴുവൻ പരിശോധിക്കണം. ഏതെങ്കിലും ഒരു ട്രഷറി നിങ്ങൾ പരിശോധിച്ചാൽ അറിയാം നിങ്ങൾ ഇങ്ങനെ അവകാശപ്പെടുന്ന കാലത്ത് ഫണ്ടില്ല, അലോട്ട്മെൻറ് ഇല്ല എന്ന് പറഞ്ഞ് എല്ലാ കോൺട്രാക്ടർമാരേയും നിങ്ങൾ മടക്കിയിട്ടുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ നിങ്ങൾ കൊടുത്തില്ല. അതുപോലെ നിരവധി പേമെൻറ്സ് മുഴുവൻ വിത്ത്ഹെൽഡ് ചെയ്തിട്ടാണ് നിങ്ങൾ ഈ കണക്ക് പറയുന്നത്.

ശ്രീ. സി. വി. പത്മരാജൻ : അതിൻറെ മറുപടി ഞാൻ പറയാം. ആ കാര്യം ഒരു ഐറ്റമായിട്ട് ഞാൻ വച്ചിട്ടുണ്ട്. പെൻഷൻ കുടിശ്ശിക എത്ര കൊടുത്തു, കോൺട്രാക്ടർമാർക്ക് എത്ര കൊടുത്തു, ഇനി ബാക്കി എത്ര കൊടുക്കാനുണ്ട് എന്നുള്ള കണക്ക് എൻറെ കയ്യിലുണ്ട്.

ശ്രീ. കെ. പ്രകാശ് ബാബു : അങ്ങയുടെ കയ്യിൽ അതിൻറെ കണക്കുണ്ടല്ലോ. 1990-91-ൽ നമ്മുടെ റവന്യൂ എക്സ്പെൻറിച്ചറിൻറെ ഡബ്റ്റ് സർവ്വീസ് വെറും 13 ശതമാനമായിരുന്നു. അത് അങ്ങയുടെ തന്നെ മുൻ ഗവൺമെൻറിൻറെ കാലത്ത് 14 ശതമാനം വരെ എത്തി. ഇപ്പോഴ ഡബ്റ്റുകളൊന്നുമില്ലെങ്കിൽ, ഒരിടത്തുനിന്നും കടമെടുത്തിട്ട് ഇല്ലെങ്കിൽ റവന്യൂ എക്സ്പെൻറിച്ചറിൻറെ 15.64 ശതമാനവും ഡബ്റ്റ് സർവ്വീസിനുവേണ്ടി നീക്കിവച്ചിട്ടുള്ളതാണ്. എന്തുകൊണ്ടാണ് അത്രയും വലിയ വർദ്ധനവ് ഈ മൂന്നുനാല് വർഷംകൊണ്ട് ഉണ്ടായത് ?

ശ്രീ. സി. വി. പത്മരാജൻ : ഇപ്പോൾ നമ്മുടെ ഡബ്റ്റ് പൊസിഷൻ എന്താണ് ? ഇവിടെ പറയുമ്പോഴേക്ക് ഞാൻ വലിയ ഒരു അപകടത്തിൽ ചെന്ന് ചാടിയിരിക്കുമെന്ന് വരും. 31-3-1995-ലെ ഡബ്റ്റ് പൊസിഷൻ 8889.01 കോടി രൂപയാണ്. ഇതിൽ 2079.32 കോടി രൂപ ഓപ്പൺ മാർക്കറ്റ് ബോറോയിംഗ്സ് ആണ്. നമ്മുടെ പ്ലാൻ ഫണ്ടിംഗിൻറെ ഭാഗമാണ്. രണ്ടാമത്തേത് 3724.05 കോടി രൂപയിൽ 70 ശതമാനം loan for plan schemes-ന് തരുന്നതാണ്. സെൻട്രലി സ്പോൺസേഡ് സ്കീംസിൻറെ 50 ശതമാനം മീറ്റ് ചെയ്തതാണ്. അതുപോലെ 75 ശതമാനം എൻ. എസ്. ഡി. ഷെയറാണ്. മൂന്നാമത്തേത്, small savings and provident fund 3015.49 കോടി രൂപ. അത് പ്രോവിഡൻറ് ഫണ്ടാണ്. അത് തിരിച്ചുകൊടുക്കുകയും തിരിച്ച് വാങ്ങുകയും കൂടുകയും കുറയുകയും ചെയ്തുകൊണ്ടിരിക്കുന്ന റിവോൾവിംഗ് ഫണ്ടാണ്. ട്രഷറി ഡിപ്പോസിറ്റിൽ മറ്റ് റിസർവ്സ് ഫണ്ട് എല്ലാം കൂടി 28.15 കോടി രൂപ മാത്രമേയുള്ളൂ. ഇത് 31-3-1995-ലെ കണക്കാണ് ഒരു കൊല്ലമായി മാറ്റങ്ങൾ വന്നുകാണും. കൂടിയും കുറഞ്ഞും കാണും. നമ്മുടെ ഡബ്റ്റ് എന്ന് പറയുന്നത് 8849.01 കോടി രൂപയാണ്. ഇത് പലതും 15 കൊല്ലം. 20 കൊല്ലം. കഴിഞ്ഞ് റീപേ ചെയ്യേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഡബ്റ്റ് സർവ്വീസസ് എന്നുപറയുന്നത് നമ്മുടെ നാട്ടിൽ മുതൽ മുടക്കി പലിശ കൊടുത്ത് അവസാനം റീപേ ചെയ്യേണ്ട കാര്യങ്ങളാണ്. അല്ലാതെ ഇവിടെ പറയുന്നതുപോലുള്ള യാതൊരു കടവുമില്ല, കട കെണിയുമില്ല. ഇതിനെ സംബന്ധിച്ചിടത്തോളം ഒരു ഉൾക്കണ്ഠയ്ക്കും കാര്യമില്ല, ഒരു കെണിയുമില്ല. കടമെടുക്കാതെ രാജ്യം ഭരിക്കാനൊക്കുമോ ? ഈ ലോകത്ത് ഏതെങ്കിലും ഒരു രാജ്യം കടമെടുക്കാതെ ഭരിക്കുന്നുണ്ടോ ? ഏതെങ്കിലും ഒരു രാജ്യം അവരുടെ റവന്യൂ വരവ് മാത്രം വച്ചുകൊണ്ട് റവന്യൂ ചെലവും ഡവലപ്പ്മെന്റ് ആക്ടിവിറ്റിയും നടത്തുന്നുണ്ടോ ? ഓരോ രാജ്യത്തും കടമുണ്ട്. അവിടത്തെ അടിസ്ഥാനപരമായ പ്രശ്നം. ആ റവന്യൂ ഇൻകം, അല്ലെങ്കിൽ കടം പ്രത്യുൽപ്പാദനപരമായ ആവശ്യങ്ങൾക്കുവേണ്ടി രാജ്യത്തിന്റെ സമ്പദ്വർദ്ധനവിനുവേണ്ടി വിനിയോഗിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതാണ്. ഇതാണ് ഒരു പ്രശ്നം ആ രീതിയിൽ നോക്കുമ്പോൾ എല്ലാ ഗവൺമെന്റിനും കടമെടുത്തേ ഒക്കൂ. ഏത് ഗവൺമെന്റാണ ഈ രാജ്യത്ത് കടമെടുക്കാതിരിക്കുന്നത്. ഇവിടെ പെൻഷന്റെ കാര്യത്തെ സംബന്ധിച്ചൊക്കെ പറഞ്ഞു. ഞാൻ ഇവിടെ അവതരിപ്പിച്ചത് 1996-97 കാലഘട്ടത്തിൽ പ്രതീക്ഷിക്കുന്ന വരവും ആ കാലഘട്ടത്തിൽ പ്രതീക്ഷിക്കുന്ന ചെലവുമാണ്. സാധാരണ കമ്പനികളിലോ സഹകരണസംഘങ്ങളിലോ അവതരിപ്പിക്കുന്നതുപോലുള്ള ഒരു മുതൽ-കട സ്റ്റേറ്റ്മെന്റല്ല ഞാൻ അവതരിപ്പിച്ചത്. ഞാൻ ഒരു കാര്യം സമ്മതിക്കുന്നു. സർക്കാരിന്റെ എല്ലാ ബാദ്ധ്യതയും ഇതിൽ ചേർത്തിട്ടില്ല. അതുപോലെതന്നെ സർക്കാരിന്റെ എല്ലാ അസറ്റും ചേർത്തിട്ടില്ല. സർക്കാരിന് പണം കിട്ടാനില്ലേ ?

ശ്രീ. വർക്കല രാധാകൃഷ്ണൻ : ബഹുമാനപ്പെട്ട പത്മരാജൻ, നിങ്ങൾ വരുന്ന കൊല്ലത്തെ വരവു-ചെലവ് കണക്കുകളിൽ ഒതുങ്ങിനിന്ന് പ്രസംഗിച്ചാൽ എനിക്ക് മനസ്സിലാകും. നിങ്ങൾ ചെയ്തിരിക്കുന്നത് കഴിഞ്ഞ അഞ്ചുവർഷത്തെ കണക്ക് പറഞ്ഞിട്ട് ഞങ്ങളുടെ സാമ്പത്തിക സ്ഥിതി മെച്ചമാണെന്ന് പറഞ്ഞ് അഹങ്കരിച്ചു. അത് അയഥാർത്ഥമാണ്. ഈ രാജ്യത്തെ ജനങ്ങളെ പറ്റിക്കലാണെന്നാണ് ഞങ്ങൾ പറയുന്നത്.

ശ്രീ. സി. വി. പത്മരാജൻ : ഇതു ചോദ്യമല്ല. അങ്ങയുടെ അഭിപ്രായമാണ്. ഇത് പൊതുയോഗത്തിൽ പ്രസംഗിക്കാം. പക്ഷെ ഞാൻ ഇതിടെ അവതരിപ്പിച്ച കണക്ക് 1996-97-ലെ കണക്ക് മാത്രമാണ്, പറഞ്ഞത് 5 കൊല്ലത്തെ നേട്ടമാണ്.

ശ്രീ. ടി. ശിവദാസമേനോൻ : ഫർണിഷ്ഡ് ഇൻഫർമേഷൻ അല്ല, എലിസിറ്റഡ് ആണ്. 1785-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്, സംസ്ഥാനത്തിന്റെ നടപ്പുസാമ്പത്തിക വർഷത്തെ വരുമാനത്തിന്റെ എത്ര ശതമാനമാണ് പലിശയിനത്തിൽ കൊടുക്കേണ്ടി വരുന്നതെന്നത് വ്യക്തമാക്കാമോ എന്നതിന് ഉത്തരമായി അങ്ങ് പറഞ്ഞത് 1995-96-ലെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം നടപ്പുവർഷത്തെ റവന്യൂ വരുമാനത്തിന്റെ 17.8 ശതമാനം പലിശ ഇനത്തിൽ കൊടുക്കേണ്ടിവരുന്നു എന്നാണ്. അങ്ങ് ക്ലിയറായിട്ട് ഇത് പറഞ്ഞിട്ടുണ്ടല്ലോ.

ശ്രീ. സി. വി. പത്മരാജൻ : ഞാൻ ഇടയ്ക്ക് പറഞ്ഞ ഉത്തരം അവിടെ നിൽക്കട്ടെ. സർക്കാരിന്റെ മുതൽ സംബന്ധിച്ച് ഞാൻ പറഞ്ഞുവന്ന എന്റെ ഒരു ട്രെൻഡ് ഉണ്ടല്ലോ അതിൽ ഗവൺമെന്റിന് ഡ്യൂ ആയിട്ടുള്ള തുക ഞാൻ പറയാം. കെ.എസ്.ഇ.ബി.യിൽ നിന്ന് 300 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

കിട്ടാനുണ്ട്, കെ. എസ്. ആർ. ടി. സി. യിൽ നിന്ന് 70 കോടി രൂപ കിട്ടാനുണ്ട്, വാട്ടർ അതോറിറ്റിയിൽ നിന്നും 150 കോടി രൂപ കിട്ടാനുണ്ട്, മറ്റു സോഴ്സുകളിൽ നിന്നും 100 കോടി രൂപ കിട്ടാനുണ്ട്. ഇതൊക്കെ ഡിവിഡൻറ് കിട്ടുമെന്ന് വിചാരിച്ച് കൊടുത്തതാണ്. ഇതെല്ലാം മുതലായിട്ട് ബാദ്ധ്യതയുംകൂടി കാണിച്ചാൽ, എവിടെയാണ് വ്യത്യാസം ? ഇതൊന്നും മുതലായിട്ട് കാണിച്ചിട്ടില്ല. കാരണം ഇതൊരു മുതൽ-കടസ് റേറ്റ്മെന്റ് അല്ല. സാമൂഹ്യക്ഷേമ പദ്ധതി അനുസരിച്ചുള്ള തുകകൾ വിതരണം ചെയ്യുന്നതിന് 1995-96 സാമ്പത്തികവർഷം വളരെ നിയന്ത്രണം പാലിച്ചുകൊണ്ടുള്ള സാമ്പത്തിക മാനേജ്മെൻറ് നടത്തി 15 മാസത്തെ പെൻഷൻ കർഷകത്തൊഴിലാളികൾക്കും, തൊഴിലില്ലായ്മ വേതനം, മത്സ്യത്തൊഴിലാളി പെൻഷൻ എന്നിവയും കൊടുത്തിട്ടുണ്ട്. കുടിശ്ശികയുണ്ട്. അത് നമ്മൾ മാത്രം ഉണ്ടാക്കിയതല്ല. രണ്ടോ മൂന്നോ വർഷം കഴിയുമ്പോൾ ഇതുകൂടെ കൊടുത്തുതീർക്കാൻ സാധിക്കും. അതുപോലെ അഗതിപെൻഷൻ, വികലാംഗ പെൻഷൻ, സ്വാതന്ത്ര്യ സമര പെൻഷൻ ഇതെല്ലാം അപ്-ടു-ഡേറ്റായി കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ഇതെല്ലാം മുൻപുള്ള അരിയേഴ്സാണ് കൊടുത്തിട്ടുള്ളത്. ഇനിയും ഒന്ന്-ഒന്നര കൊല്ലത്തെ അരിയേഴ്സ് മാരോന്നും കൊടുത്തു തീർത്താൽ മാത്രമെ അപ്-ടു-ഡേറ്റ് ആകുകയുള്ളൂ എന്ന് അങ്ങേക്ക് അറിയാമോ ?

ശ്രീ. സി. വി. പത്മരാജൻ : അതുതന്നെയാണ് ഞാനും പറഞ്ഞിട്ടുള്ളത്. ഈ വർഷം മൂന്നുമാസത്തെ കാശ് കൊടുത്തു. കുറെയൊക്കെ അപ്-ടു-ഡേറ്റാക്കി. ഞാൻ ഈ ഫൈനാൻസ് മാനേജ് ചെയ്തതുപോലെ അടുത്ത രണ്ടുവർഷം മാനേജ് ചെയ്താൽ ഇത് മുഴുവൻ കൊടുത്ത് തീർക്കാൻ സാധിക്കും. അതിന് നിങ്ങൾ സഹകരിച്ചാൽമതി.

ശ്രീ. കെ. ചന്ദ്രശേഖരൻ : അങ്ങ് പറയേണ്ടതേ അങ്ങയുടെ മുൻഗാമി ആയിട്ടുള്ള ധനകാര്യവകുപ്പുമന്ത്രിയെ സംബന്ധിച്ചാണ്. കാരണം 4 കൊല്ലം അദ്ദേഹം ഫൈനാൻസ് മിനിസ്റ്റർ ആയതിനുശേഷമാണ് അങ്ങ് വന്നത്. ഞങ്ങളെ പറയേണ്ട കാര്യം ഇല്ലേ ഇല്ല.

ശ്രീ. സി. വി. പത്മരാജൻ : ഞാൻ അദ്ദേഹത്തെപ്പറ്റിയല്ല പറഞ്ഞത്, ഞാൻ ഇവിടെ പറഞ്ഞത് നമ്മുടെ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറ് ഈ ഭരണഭാരം ഏറെടുത്ത സമയത്തുണ്ടായിരുന്ന ബാദ്ധ്യതകളും കമ്മിയും ഒരു team work ആയിട്ട് ചെയ്തതിനെക്കുറിച്ചാണ്. അത് നോക്കിയാൽ അറിയാം. ശ്രീ. ഉമ്മൻചാണ്ടിയും ഞാനുമായി സമീപനത്തിൽ വ്യത്യാസമൊന്നും ഇല്ല. അടിസ്ഥാനപരമായ ആ സമീപനം ശ്രീ. ഉമ്മൻചാണ്ടി തുടങ്ങിവച്ചത് ഒരു റിലേറേസ് പോലെ ഞാൻ കൊണ്ടെത്തിച്ചിരിക്കുക ആണ്. ആദ്യത്തെ മൂന്നുകൊല്ലം ശ്രീ. ഉമ്മൻചാണ്ടി ഓടി, ഇതുംകൊണ്ട് ഇപ്പോൾ ഞാൻ ഓടി ഒടുവിൽ ലക്ഷ്യത്തിൽ എത്തിച്ചേർന്നു.

ശ്രീ. എ. കണാരൻ : ഒന്നര കൊല്ലത്തെ കർഷകതൊഴിലാളി പെൻഷൻ കൊടുക്കാനുണ്ട് ; അത് 36 കോടി രൂപയാണ്.

ശ്രീ. സി. വി. പത്മരാജൻ : ശ്രീ. കണാരൻ, അതു ഞങ്ങൾ സമ്മതിച്ചു. ഈ വർഷം 15 മാസത്തേത് കൊടുത്തു, ബാക്കി കുടിശ്ശിക കിടക്കുന്നു. അത് ഇനി വരുന്ന ഗവൺമെൻറ് ഇതുപോലെ കൊടുത്തുതീർക്കണമെന്നാണ് പറഞ്ഞത്. കുടുശ്ശിക കൊടുത്തുതീർത്തേ ഒക്കൂ. അത് ഇക്കാലത്ത് വന്ന കുടിശ്ശികയല്ല, മറ്റൊരു കാര്യം കോൺട്രാക്ടേഴ്സിനേറ്റതാണ്. കണക്ക് പരിശോധിച്ചതിൽ ഒരു സർവ്വകാല റിക്കാർഡാണ്.

2/80/97/V.

LIBRARY ARCHIVES Kerala Legislative Assembly

ഈ വർഷം കോൺട്രാക്ടേഴ്സിനും വർക്കിനുമായി 427.5 കോടി രൂപ യാണ് കൊടുത്തിടുള്ളത്. ഇത് മുമ്പ് കൊടുത്തിട്ടില്ല. ഇപ്പോഴത്തെ നമ്മുടെ റോഡുകളും നോക്കിയാൽ അറിയാം. അതിനുവേണ്ടി പണം കൊടുത്തിട്ടുണ്ട്; ഇനിയും കൊടുക്കാനുണ്ട്. അതിന്റെ 30-6-1995 വരെ യുള്ള കണക്ക് ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽനിന്നു കിട്ടിയത് 146 കോടി രൂപ കൊടുക്കാനുണ്ട് എന്നാണ്. അതു കഴിയുന്നതും വേഗം കൊടുത്തുതീർക്കാം. അത് റിവോൾവിംഗ് ഫണ്ടാണ്. കോൺട്രാക്ടർ മാരുടെയും കണക്കെല്ലാം തീർത്തിട്ട് കട അടച്ച് ഭദ്രമാക്കിയിട്ട് പിന്നെ തുറക്കുന്ന ഒരു ഏർപ്പാടുണ്ടോ? പണം വരും, കൊടുക്കും, പിന്നെയും വരും, കൊടുക്കും; ഇങ്ങനെ കൊടുത്തുകൊണ്ടേയിരിക്കും. അതിനകത്ത് വലിയ അപകടമെന്നുമില്ല. നമ്മുടെ സാമ്പത്തിക നിലയുടെ അടിത്തറ വളരെ സുസ്ഥിരമാണെന്നാണ് എനിക്ക് പറയാനുള്ളത്. അതാണ് സ്ഥിതിവിശേഷം. ഈ തുകയൊക്കെ നിസ്സാരമായി കൊടുത്തുതീർക്കാൻ സാധിക്കും. പിന്നെ നികുതിഭാരം വർദ്ധിക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. കെ. പ്രകാശ് ബാബു: നമ്മുടെ സമ്പദ്ഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രൊഡക്ഷൻ സെക്ടർ എന്നു പറയുന്നത് അഗ്രികൾച്ചറും അനിമൽ ഹസ്ബൻഡറിയും ഡയറിയും റൂറൽ ഡെവലപ്പ്മെന്റും ഇറിഗേഷനുമാണല്ലോ. 'ബഡ്ജറ്റ്-ഇൻ-ബ്രീഫ്'-ൽ 1992-93-ൽ മൊത്ത സോഷ്യൽ സർവ്വീസിനുവേണ്ടി ചെലവാക്കിയ തുകയുടെ പതിനേഴ് ശതമാനം അഗ്രിക്കൾച്ചർ ആൻറ് അലൈഡ് സബ്ജക്ട്സിനുവേണ്ടി മാറ്റിവച്ചിരിക്കുന്നു. എന്നാൽ 1995-96-ൽ അത് പത്ത് ശതമാനമായി കുറഞ്ഞു. ഇപ്പോഴത്തെ ബഡ്ജറ്റിലും 10.77 ആയി കുറയുകയാണ് ചെയ്തിട്ടുള്ളത്. അതുപോലെ പബ്ലിക് വർക്സിലും ഇറിഗേഷനിലും മൊത്തം മൂന്നുശതമാനം ഉണ്ടായിരുന്നത് രണ്ടു ശതമാനമായി കുറഞ്ഞു. അങ്ങനെ പ്രൊഡക്ഷൻ സെക്ടറുകളിൽ നേരത്തേ ഉണ്ടായിരുന്നതിൽ നിന്നും ഏഴുശതമാനംവരെ കുറവ് വന്നിട്ടുണ്ട്. ഡവലപ്പ്മെന്റിനെക്കുറിച്ച് ഈ ബഡ്ജറ്റിൽ ഒന്നും പറയുന്നില്ല. നമ്മുടെ സമ്പദ്ഘടനയെ അത് ദോഷം ചെയ്യുന്നതല്ലേ?

ശ്രീ. സി. വി. പത്മരാജൻ: നമ്മുടെ പ്ലാൻ ഫിഗേഴ്സിനെ ആശ്രയിച്ചാണ് ശ്രീ. പ്രകാശ് ബാബു പറഞ്ഞത്. അതിനെ സംബന്ധിച്ചിടത്തോളം വരാൻ പോകുന്ന കാലത്ത് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റിന് കൂടുതൽ പണം നീക്കിവയ്ക്കണമെന്ന ഗവൺമെന്റിന്റെ കാഴ്ചപ്പാടിലാണ് അത് ചെയ്തിട്ടുള്ളത്. എന്നാൽ ഇറിഗേഷൻ, അഗ്രിക്കൾച്ചർ, അലൈഡ് സബ്ജക്ട്സ് ഇവയ്ക്കുവേണ്ടി നീക്കിവച്ചിട്ടുള്ള തുകയിൽ കുറവുവന്നിട്ടില്ല. ശതമാനത്തിൽ കുറവു വന്നിട്ടുണ്ട്; അത് സമ്മതിക്കുന്നു. അക്കാര്യം പുതിയ ഗവൺമെന്റിന്റെ ശ്രദ്ധയിക്ക് വിധേയമാക്കാവുന്നതാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇൻഫ്രാസ്ട്രക്ച്ചറിൽ ഊന്നൽ കൊടുത്തിട്ടുണ്ട്. ഇവിടെ പറഞ്ഞ മറ്റൊരു പ്രധാനപ്പെട്ട കാര്യം നികുതിഭാരം വളരെ വർദ്ധിച്ചിരിക്കുന്നുവെന്നതാണ്. അത് ശരിയല്ല; ഈ ഗവൺമെന്റിന്റെ കാലത്ത് ടാക്സ് ബർഡൻ വർദ്ധിപ്പിച്ചിട്ടില്ല. 1990-91-ൽ 897 കോടി രൂപയായിരുന്ന വില്പന നികുതി പിരിവ് 1995-ൽ 1,850 കോടി രൂപയായത് കൂടുതൽ നികുതിഭാരം അടിച്ചേല്പിച്ചതുകൊണ്ടല്ല, നികുതിഭാരം കൂട്ടുക എന്ന സമീപനത്തിനു പകരം നികുതിനിരക്കുകളും കുറച്ചും നികുതികളുടെ യുക്തിസഹമാക്കിയും റാഷണലൈസ് ചെയ്തും വ്യാപാരം മറ്റു സംസ്ഥാനങ്ങളിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നത് തടഞ്ഞും വരുമാനം വർദ്ധിപ്പിക്കുകയെന്ന സമീപനം സ്വീകരിച്ചതുകൊണ്ടാണ് ഇത്തരത്തിൽ വർദ്ധനവുണ്ടായത്.

ശ്രീ. ബേബിജോൺ : സെയിൽസ് ടാക്സ് വർദ്ധനവിനു സാധനങ്ങളുടെ വില വർദ്ധനവ് ഒരു പ്രധാനഭാഗമല്ലേ ?

ശ്രീ. സി. വി. പത്മരാജൻ : അങ്ങ് പറഞ്ഞത് ശരിയാണ്. വില വർദ്ധനവ് ആളുകളുടെ പർച്ചേസിംഗ് കപ്പാസിറ്റിയെ ആശ്രയിച്ചാണ് വരുന്നത്. സെയിൽസ് ടാക്സിന്റെ വർദ്ധനവിൽ രണ്ടും റിഫ്ളക്ട് ചെയ്യും. അതിൽ വിലവർദ്ധനവ് ഒരു കാരണമാണ്. രണ്ട്, വാങ്ങിക്കുന്ന ആളുകളുടെ എണ്ണത്തിലുള്ള വർദ്ധനവാണ്. അതുകൂടെ കണക്കിലെടുക്കണം. ഈ ഗവൺമെന്റ് 1991-92 മുതൽ 1995-96 വരെയുള്ള ബഡ്ജറ്റുകളിലൂടെ ഒട്ടനവധി നിത്യോപയോഗസാധനങ്ങളുടെയും, അത്യാവശ്യസാധനങ്ങളുടെയും നികുതി കുറച്ചിട്ടുണ്ട്. ശർക്കര, വെളുത്തുള്ളി, കായം തുടങ്ങി പത്തു പതിമൂന്നു നിത്യോപയോഗസാധനങ്ങളുടെ സെയിൽസ് ടാക്സ് പകുതിയോ അതിൽ താഴെയോ ആയി കുറച്ചിട്ടുണ്ട്. അതേസമയത്ത് ഡീസലിന്റെ ടാക്സ് അന്യസംസ്ഥാനത്തിൽ നിന്നുള്ള വില്പന തടയുന്നതിനായി 25 ശതമാനത്തിൽ നിന്നു 17 ശതമാനമായി കുറച്ചു. മോട്ടോർ സ്പെയർപാർട്സിന്റേത് 15 ശതമാനത്തിൽ നിന്ന് 6 ശതമാനമായി കുറച്ചു. അതിന്റെ ഫലമായി നമുക്ക് നികുതി വർദ്ധനവ് ഉണ്ടായി.

ശ്രീ. ബേബി ജോൺ : കള്ളക്കടത്ത് കുറയും അത് സ്വാഭാവികമാണ്.

ശ്രീ. സി. വി. പത്മരാജൻ : അത് കുറഞ്ഞു, അതാണ് efficiency in tax management. ഇവിടെ നികുതി കൂട്ടി മറ്റ് സംസ്ഥാനങ്ങളിലേക്ക് കച്ചവടക്കാരെ അയയ്ക്കുന്നതിനു പകരം ഇവിടെ നികുതി കുറച്ച് വില്പന വർദ്ധിപ്പിച്ച് നികുതിത്തുക കൂടുതൽ കിട്ടുന്നത് ബുദ്ധിപൂർവ്വമായ സമീപനമല്ലേ.

ശ്രീ. ബേബി ജോൺ : അതുകൊണ്ടാണല്ലേ മദ്യത്തിനു നികുതി കൂട്ടിയിരിക്കുന്നത് ?

ശ്രീ. സി. വി. പത്മരാജൻ : മദ്യത്തിനു നികുതി കൂട്ടിയത് ബോധപൂർവ്വമായ ഒരു തീരുമാനത്തിന്റെ ഭാഗമായിട്ടാണ്. അക്കാര്യത്തിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസവുമില്ല. വിട്ടുവീഴ്ചയുമില്ല. തെരഞ്ഞെടുപ്പ് അല്ല ലക്ഷ്യം. അതുകൊണ്ട് തെരഞ്ഞെടുപ്പിനു നേട്ടമുണ്ട് ; അതു വേറേ കാര്യം. ചാരായനിരോധനമെന്നുള്ള ആദ്യത്തെ പടി വരുമ്പോൾ ഇവിടെ എന്താണ് ആരോപണമുണ്ടായത് ? ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ പറഞ്ഞു, വിദേശമദ്യ ലോബികളുടെ കൈയിൽനിന്ന് 150 കോടിരൂപ മുഖ്യമന്ത്രി വാങ്ങിച്ച് ഒരു നിയോജകമണ്ഡലത്തിൽ ഒരു കോടി രൂപ വീതം കൊടുത്ത് 10 കോടി രൂപ റിസർവ്വ് ചെയ്തു വച്ചിരിക്കുന്നുവെന്ന്.

സർ, അതിനടുത്ത ദിവസമാണ് വിദേശമദ്യത്തിന്റെ വില വളരെ പ്രൊഹിബിറ്റീവായിട്ട് വർദ്ധിപ്പിച്ചത്. അപ്പോൾ അതെങ്ങനെ പറയാൻ സാധിക്കും ? മദ്യനിരോധനത്തിനുവേണ്ടത് ഒരു സാംസ്ക്കാരിക നവോത്ഥാനമാണ്. ഒരു പൊളിറ്റിക്കൽ കോമൺസെൻസാണ്. നിങ്ങൾ അതിനെ എതിർക്കുമെന്ന് പറയരുത്.

ശ്രീ. ബേബി ജോൺ : സർ, മദ്യനിരോധനം ഒരു സാംസ്ക്കാരിക നവോത്ഥാനമാണ്. ചാരായം കുടിക്കുന്നവൻ ഇനി ബ്രാൻഡി കുടിച്ചോളൂ എന്നല്ലേ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വി. പത്മരാജൻ : സർ, ചാരായം കുടിക്കുന്നവൻ ബ്രാൻഡി കുടിക്കാൻ നിന്നാൽ ബ്രാൻഡിയുടെ വില അവന് തങ്ങാൻ സാധിക്കുന്നതല്ലാതാക്കിതീർക്കണമെന്നുള്ളതാണ് ഞങ്ങളുടെ ലക്ഷ്യം.

ശ്രീ. ബേബി ജോൺ : സർ, ഞാൻ ഒരു വാദപ്രതിവാദത്തിനില്ല. എങ്കിലും അങ്ങയുടെ അറിവിലേക്കായി പറയുകയാണ്. ഇപ്പോഴും ഇതു കൊണ്ട് തൊഴിൽ സാദ്ധ്യത കൂടും. കാരണമെന്താണെന്നുവച്ചാൽ നിയമപ്രകാരം രണ്ട് കുപ്പി വിദേശമദ്യം കള്ളിയിക്കാവിളയിൽ നിന്ന് കൊണ്ടുവന്ന് അത് വിറ്റാൽ അവന് 500 രൂപ വരെ കിട്ടും. അപ്പോഴും നിയമപ്രകാരമാണോ ? അതാണ് ഇവിടെ നടക്കാൻ പോകുന്നത്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, വിദേശമദ്യത്തിന്റെ ലോബിക്ക് അനുകൂലമായിട്ട് ശ്രീ. എ. കെ. ആന്റണി ഇപ്പോഴും വാങ്ങിയ തുകയെ സംബന്ധിച്ച് ശ്രീ. വി. എസ്. അച്യുതാനന്ദന്റെ അഭിപ്രായമാണെന്ന് പറഞ്ഞത് ശരിയല്ല. കോൺഗ്രസ്സിന്റെ തന്നെ ഒരുവിഭാഗം മുമ്പ് ചാരായനിരോധനത്തിന് ആലോചിച്ചപ്പോഴും പറഞ്ഞു. * * * ഇപ്പോഴും ചാരായനിരോധനം ഫലപ്രദമായി നടപ്പാക്കാൻ തുടങ്ങിയപ്പോഴും വേറൊരു കൂട്ടർ പറഞ്ഞു, * * * ഈ രണ്ടുകൂട്ടരും അപ്പുറത്തുള്ള നിങ്ങളുടെ സുഹൃത്തുക്കൾ തന്നെയാണ്. അവർ പറഞ്ഞത് ഞാൻ എടുത്തുപറയുകയാണ് ചെയ്തത്. അവർ ഓരോരുത്തർ പറഞ്ഞതും വളരെ അഭിമാനത്തോടുകൂടിയാണ്. അവർ പറഞ്ഞിതിനെ എന്റെ തലയിൽ വയ്ക്കണ്ട. ഞാൻ അത് ഉദാഹരണമായിട്ട് എടുത്തുപറഞ്ഞതാണ്.

ശ്രീ. സി. വി. പത്മരാജൻ : സർ, കോൺഗ്രസിൽ നിന്നോ, ഐക്യജനാധിപത്യമുന്നണിയിൽ നിന്നോ ആരും തന്നെ ഇക്കാര്യത്തിൽ മുഖ്യമന്ത്രി പൈസ വാങ്ങിച്ചു എന്ന് പറഞ്ഞിട്ടില്ല. ഇത് അങ്ങയുടെ ഭാവനയിൽ മാത്രം ഉദിച്ച ഒരു കഥയാണ്. എവിടെയെങ്കിലും അത് ഒന്ന് ചൂണ്ടി കാണിക്കാമോ ?

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത്, * * *

ശ്രീ. സി. വി. പത്മരാജൻ : സർ, അങ്ങനെ അദ്ദേഹം വാങ്ങിയിട്ടില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, അങ്ങനെ നിങ്ങളും പറഞ്ഞാൽ പോരല്ലോ. ഞങ്ങളും പത്രത്തിൽ വായിച്ചതല്ലേ ?

ശ്രീ. സി. വി. പത്മരാജൻ : സർ, അങ്ങനെ പറഞ്ഞതായിട്ടുള്ള ഒരു രേഖ, ഒരു പത്രറിപ്പോർട്ട് ദേശാഭിമാനിയിൽനിന്നെങ്കിലും നിങ്ങളെക്ക് ഹാജരാക്കാമോ ? നമ്മുടെ രാഷ്ട്രീയത്തിൽ വളർന്നുവരുന്ന അഴിമതി ആരോപണ പ്രക്രിയയുടെ അപഹാസ്യതയാണ്. അതിന്റെ പ്രതീകമായിട്ട് പ്രതിപക്ഷനേതാവ് നില്ക്കുന്നു. നിങ്ങളും പറയുന്നത് ആരും വിശ്വസിക്കുന്നില്ല. നിങ്ങളുടെ വിശ്വസനീയത നഷ്ടപ്പെട്ടിരിക്കുന്നു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : മി. പത്മരാജൻ, അഴിമതിയാരോപണം പ്രൂവ് ചെയ്തതിന്റെ ഉദാഹരണമാണ് മുമ്പുണ്ടായിരുന്ന ഒരു മന്ത്രി ഇന്ന് നിങ്ങളുടെ കൂടെയില്ലാത്തത്. അദ്ദേഹത്തിന്റെ പേര് ഞാൻ പറയണമോ ? ശ്രീ. ആർ. ബാലകൃഷ്ണപിള്ള. അതുപോലെതന്നെ പാമോലിൻ ഇടപാടിലുള്ള അഴിമതിയെ സംബന്ധിച്ച് കേന്ദ്രത്തിന്റെ സാമ്പത്തിക

---

* * * സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

കണക്ക് പരിശോധിക്കുന്ന ഉദ്യോഗസ്ഥനും സംസ്ഥാനത്തിന്റെ കണക്ക് പരിശോധിക്കുന്ന ഉദ്യോഗസ്ഥനും ആ പാമോലിൻ ഇടപാടിൽ ആറര കോടി രൂപയുടെ വെട്ടിപ്പ് നടത്തിയിട്ടുണ്ടെന്ന് ആധികാരികമായിട്ട് ഇവിടെ പറഞ്ഞു. ശ്രീ. വി. എസ്. അച്യുതാനന്ദൻ ഉന്നയിച്ച ആക്ഷേപം ശരിയാണെന്ന് കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറൽ ആധികാരികമായിട്ട് തന്നെ പറഞ്ഞു. ജനങ്ങളുടെ മുന്നിൽ അത് മറച്ചുവെയ്ക്കാൻ കഴിയുകയില്ല. ശ്രീ. വി. എസ്. അച്യുതാനന്ദൻ പറഞ്ഞ രണ്ട് ആക്ഷേപങ്ങളും ശരിയാണെന്ന് കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറൽ പറഞ്ഞതിനുപുറമെ ഇവിടെയുള്ള പി. യു. സി. പാമോലിൻ അഴിമതിയെ സംബന്ധിച്ച് രണ്ട് മൂന്ന് കൊല്ലമായിട്ട് തെളിവെടുപ്പ് നടത്തി അതിന്റെ റിപ്പോർട്ട് വന്നപ്പോഴും ചെയർമാനെ കാണുന്നില്ല. അതല്ലേ സ്ഥിതി ? അങ്ങനെ ആ കമ്മിറ്റിയും പരിശോധിച്ച് കംപ്ട്രോളർ ആൻറ് ആഡിറ്റർ ജനറലിന്റെ അതേ അഭിപ്രായത്തിൽ തന്നെ എത്തിച്ചേർന്നു എന്നുള്ള കാര്യത്തിൽ സംശയമില്ല. ഇതിൽ നിന്ന് വ്യക്തമാക്കുന്നത് അഴിമതി ആരോപണം ആവശ്യമില്ലാതെ ഉന്നയിക്കുകയല്ല, സംസ്ഥാന ഗവൺമെൻറിന്റെ ഖജനാവ് ചോർത്തുന്ന കള്ളൻമാരെ പുറത്തുകൊണ്ടുവരിക എന്നുള്ളതാണ് പ്രതിപക്ഷം ചെയ്തത്. അത് സത്യമാണെന്നാണ് തെളിഞ്ഞിട്ടുള്ളത്.

ശ്രീ. സി. വി. പത്മരാജൻ : സർ, അരി എത്ര എന്ന് ചോദിച്ചാൽ പയർ അഞ്ഞാഴി എന്നു പറയരുത്. ഇവിടെ ശ്രീ. ആൻറണി പണം വാങ്ങിച്ചുവെന്ന് ഏതെങ്കിലും ഒരു കോൺഗ്രസ് നേതാവ് പറഞ്ഞതിന് ഏതെങ്കിലും ഒരു രേഖ നിങ്ങൾക്ക് ഹാജരാക്കാമോയെന്ന് ചോദിച്ചപ്പോൾ ശ്രീ. കരുണാകരന്റെ പാമോയിൽ ഇടപാടിനെപ്പറ്റി പറഞ്ഞ് എന്തിനാ വീണിടത്തു കിടന്ന് ഉരുളുന്നത് ? പറഞ്ഞാൽ പറഞ്ഞതിൽ ഉറച്ചു നില്ക്കണം. എന്തിനാ തടി തപ്പുന്നത് ? ശ്രീ. ആൻറണി പണം വാങ്ങിച്ചു എന്നാണല്ലോ അങ്ങ് പറഞ്ഞത് ? അങ്ങ് അത് നിഷേധിക്കുന്നില്ല. ഈ സഭയിൽ നിഷേധിച്ചിരുന്നുവെങ്കിൽ അന്തസ്സുണ്ടായിരുന്നു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇവിടെ സ്പിരിറ്റ് കുംഭകോണത്തെക്കുറിച്ച് ഒരു സബ്ജക്ട് കമ്മിറ്റി അന്വേഷണം നടത്തി. ഞാൻ അതിൽ മെമ്പറായിരുന്നു. ശ്രീ. ആര്യടൻ മുഹമ്മദ്, ശ്രീ. വി. എം. സുധീരൻ, ശ്രീ. തമ്പാനൂർ രവി എന്നിവരും മെമ്പർമാരായിരുന്നു. ഞങ്ങൾ പോയി തെളിവെടുത്ത അവസരത്തിൽ ശ്രീ. എ. വി. ഗോപിനാഥൻ എം. എൽ. എ. രേഖാമൂലം എഴുതിത്തന്നു, **** അത് നിയമസഭാ രേഖയിൽ ഉണ്ട്.

ശ്രീ. സി. വി. പത്മരാജൻ : സർ, ഇതൊന്നും ഈ ചർച്ചയുടെ പരിധിയിൽ വരുന്നതല്ല. ശ്രീ. കരുണാകരൻ ഇന്ന് ഈ സഭയിൽ ഇല്ല. ശ്രീ. മുരളി ഈ സഭയിലില്ല.

മി. സ്പീക്കർ : മി. വർക്കല രാധാകൃഷ്ണൻ, അങ്ങ് സ്പീക്കറായിരുന്ന ആളാണ്. ഇവിടെ എന്തെല്ലാം പറയാം എന്തെല്ലാം പറയാതിരിക്കാം എന്ന് അങ്ങേയ്ക്ക് അറിയാം. അങ്ങ് വളരെക്കാലം സഭയെ നിയന്ത്രിച്ച ആളാണല്ലോ. കേന്ദ്ര ഗവൺമെൻറിലെ ഉത്തരവാദപ്പെട്ട ഒരു മന്ത്രിയേയും ഒരു എം. പി. യേയും കുറിച്ച് ഇങ്ങനെ പരാമർശനം നടത്തുന്നത് ശരിയല്ല. അത് രേഖയിലുണ്ടാവുകയില്ല. ....(ബഹളം)....

ശ്രീ. സി. വി. പത്മരാജൻ : സർ, ഞാൻ ആരേപ്പറ്റിയും ഒരാരോപണവും ഉന്നയിച്ചില്ല. ആരോപണം ഉന്നയിക്കുന്നതിന്റെ അടിസ്ഥാനരാഹിത്യമാണ് ഞാൻ പറഞ്ഞത്.

**** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഒരു പോയിൻറ് ഓഫ് ഓർഡർ .....(ബഹളം..).....

ശ്രീ. സി. വി. പത്മരാജൻ : സർ, ഒന്നോ രണ്ടോ കാര്യങ്ങൾ കൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഇവിടെ ശ്രീ. എം. മുരളി... .....

ശ്രീ. ടി. ശിവദാസമേനോൻ : സർ, എനിക്ക് റൂളിംഗ് വേണം. ഇവിടെ ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ ഉന്നയിച്ച കാര്യം സബ്ജക്ട് കമ്മിറ്റിയിലെ മിനിറ്റ്സിൽ ഉള്ളതാണ്. രേഖയിലുള്ള കാര്യം എടുത്തുകളയുമെന്നാണോ പറഞ്ഞത് ?

മി. സ്പീക്കർ : മി. ശിവദാസമേനോന് അറിയാമല്ലോ സബ്ജക്റ്റ് കമ്മിറ്റിയുടെ രേഖയിലുള്ളതൊന്നും ആരും എടുത്തുകളയാറില്ല. കളയാൻ പറ്റില്ല. പിന്നെ ശ്രീ. ശിവദാസമേനോനെപോലുള്ള പരിണതപ്രജ്ഞനായ ഒരാൾ അങ്ങനെ ഒരു ചോദ്യം ചോദിക്കേണ്ട ആവശ്യമുണ്ടോ ?

ശ്രീ. സി. വി. പത്മരാജൻ : സർ, സഭാരേഖയിൽ വന്ന രണ്ട് മൂന്ന് കാര്യങ്ങൾകൂടി കറക്ട് ചെയ്യേണ്ടതായിട്ടുണ്ട്. ഒന്ന് ബഹുമാനപ്പെട്ട പി. എസ്. ശ്രീനിവാസൻ പറഞ്ഞത് അടുത്തവർഷത്തെ ബഡ്ജറ്റിൽ സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളവും ക്ഷാമബത്തയും നൽകാൻ വേണ്ട തുക.....

ശ്രീ. തമ്പാനൂർ രവി : സർ, ഇവിടെ ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞതുപോലെ യാതൊന്നും അന്ന് പി. യു. സി. കമ്മിറ്റിയിൽ എഴുതി തന്നിട്ടില്ല. ആ കമ്മിറ്റിയിൽ അങ്ങനെ നടന്നിട്ടേയില്ല. ഞാൻ അതിന്റെ എല്ലാ കമ്മിറ്റിയിലും പങ്കെടുത്ത ആളാണ്. അങ്ങിനെ ഒരു രേഖയില്ല. അത് വെറുതെ പറയുകയാണ്. അങ്ങനെ ഒരു സംഭവമേ നടന്നിട്ടില്ല.

ശ്രീ. സി. വി. പത്മരാജൻ : സർ, ബഹുമാനപ്പെട്ട പി. എസ്. ശ്രീനിവാസൻ ഇവിടെ സംസാരിച്ചപ്പോൾ ഈ ഗവൺമെൻറ് ബഡ്ജറ്റിൽ സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കേണ്ട ശമ്പളവർദ്ധനവിനെപ്പറ്റിയും ഡി.എ. യെപ്പറ്റിയും പറഞ്ഞില്ലെന്ന് പറഞ്ഞു. അടുത്തവർഷത്തേയ്ക്ക് സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളവർദ്ധനവ് കൊടുക്കണമോ, ശമ്പളക്കമ്മീഷനെ നിയമിക്കണമോയെന്നുള്ള തീരുമാനം അടുത്ത ഗവൺമെൻറ് എടുക്കേണ്ടതാണ്. അത് അവർക്കായിട്ട് വിട്ടിരിക്കുകയാണ്. അതേസമയത്ത് 1-7-1995, 1-1-1996, 1-7-1996 എന്നീ മാസങ്ങളിൽ വർദ്ധിച്ച ക്ഷാമ ബത്തയ്ക്ക് 448.8 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശ്രീ. ബേബിജോൺ : അടുത്തുവരാൻ പോകുന്ന ഗവൺമെൻറാണ് നയ പരമായ തീരുമാനമെടുക്കേണ്ടതെന്ന് പറഞ്ഞു. അതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത് ഐക്യജനാധിപത്യമുന്നണിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയിൽ പ്രധാനമായും പറഞ്ഞിരുന്നത് കേന്ദ്രപാരിറ്റി അനുസരിച്ച് സംസ്ഥാന ഗവൺമെൻറ് ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ കൊടുക്കുമെന്നാണ്. ഈ സംസ്ഥാനത്ത് ഇതേവരെ നടന്നുവന്നത് അഞ്ചുവർഷത്തിലൊരിക്കൽ ഒരു പേ കമ്മീഷനെ വച്ച് ഗവൺമെൻറുദ്യോഗസ്ഥൻമാരുടെ ശമ്പളവും

LIBRARY ARCHIVES Kerala Legislative Assembly

ബത്തകളും പരിഷ്ക്കരിക്കലായിരുന്നു. എന്നാൽ നിങ്ങളുടെ കാലത്ത് അതിൽനിന്നും മാറിയിട്ട് കേന്ദ്രപാരിറ്റി നടപ്പിലാക്കുമെന്ന് പറഞ്ഞിട്ട് ഇപ്പോൾ അങ്ങ് പറഞ്ഞുവരുന്നത് വരുന്ന സർക്കാർ വേണം അക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെന്നാണ്. പേ കമ്മീഷനോ കേന്ദ്രപാരിറ്റിയോ നടപ്പാക്കുമെന്ന് പറഞ്ഞിട്ട് ഈ സർക്കാർ അത് നടപ്പാക്കിയോ ?

ശ്രീ. സി.വി. പത്മരാജൻ : കേന്ദ്രപാരിറ്റിയുടെ കാര്യം കഴിഞ്ഞ ബഡ്ജറ്റിലായിരുന്നു പറഞ്ഞിരുന്നത് അത് നടപ്പിലാക്കി. ഇനിയിപ്പോൾ അടുത്ത പ്രകടനപത്രിക ഞങ്ങൾ തയ്യാറാക്കാൻ പോവുകയാണ്. അത് നടപ്പിലാക്കാൻ അവസരം കിട്ടുമെന്നാണ് ഞങ്ങളുടെ വിശ്വാസം, രണ്ടുവാക്കുകൂടി മാത്രമേ ഞാൻ പറയുന്നുള്ളൂ. 1996-97 ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 480.64 കോടി രൂപ പഞ്ചായത്തുകൾക്കുവേണ്ടി പ്രൊവൈഡ് ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ സെൻട്രലി സ്പോൺസേർഡ് സ്കീംസ് ട്രാൻസ്ഫർ ചെയ്തിട്ടില്ല. സാങ്കേതികമായ ചില ബുദ്ധിമുട്ടുകളുണ്ട്. അത് സ്റ്റെബിലൈസ് ചെയ്തതിനുശേഷം ട്രാൻസ്ഫർ ചെയ്യുന്നതാണ്. ശ്രീ. ബേബിജോൺ പറഞ്ഞ ഒരുകാര്യത്തെ കുറിച്ചുകൂടി പരാമർശിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്. മുഖ്യമന്ത്രിയുടെ മാസ് കോൺട്രാക്ട് പ്രോഗ്രാം കൊല്ലത്തുവച്ച് നടന്നപ്പോൾ ആറുലക്ഷം രൂപയുടെ ഒരു ചെക്ക് കൊടുത്തത് മാറാൻ കാലതാമസംവന്നുവെന്ന് ശ്രീ. ബേബിജോൺ പറഞ്ഞു. അത് ശരിയാണ് 15-1-1996-ൽ 6 ലക്ഷം രൂപയുടെ ചെക്ക് ഫൈനാൻസ് ഡിപ്പാർട്ടുമെൻറ് അയച്ചുകൊടുക്കുകയുണ്ടായി. എന്നാൽ നമുക്ക് എല്ലാവർക്കുമറിയാവുന്നതുപോലെ 5 ലക്ഷം രൂപക്ക് മേലുള്ള ചെക്ക് മാറുന്നതിന് വെയ്സ് ആൻറ് മീൻസ് ക്ലിയറൻസ് വേണം. 8-2-1996-ൽ വെയ്സ് ആൻറ് മീൻസ് ക്ലിയറൻസിനുവേണ്ടി കളക്ടർക്ക് എഴുതി. 13-2-1996-ൽ ആണ് അത് ഫൈനാൻസ് ഡിപ്പാർട്ടുമെൻറിന് കിട്ടിയത്. 26-2-1996-ൽ വെയ്സ് ആൻറ് മീൻസ് ക്ലിയറൻസ് നൽകി. ആ കാലതാമസം വന്നത് ട്രഷറിക്കെത്ത് പണമില്ലാത്തതുകൊണ്ടല്ല, ഒരു സങ്കീർണ്ണമായ നടപടിക്രമത്തിൽ വന്നുചേർന്ന ഒരു കാലതാമസമാണത്. അത് ഒഴിവാക്കാൻവേണ്ട ഏർപ്പാട് ചെയ്തിട്ടുണ്ട്. ബഹുമാനത്തോടുകൂടി ഞാനൊരു കാര്യം പറയട്ടെ, 1995-96 വർഷത്തിൽ യാതൊരു ട്രഷറി നിയന്ത്രണവും ഉണ്ടായിരുന്നില്ല. സാധാരണ ട്രഷറി നിയന്ത്രണങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ, അഞ്ചു വർഷക്കാലത്തെ സമഗ്രമായ വികസന മുന്നിൽകണ്ടുകൊണ്ട് അതിനുവേണ്ട നടപടികൾ.....

ശ്രീ. നാലകത്ത് സൂപ്പി : 1991-92-ലെ ബഡ്ജറ്റിൽ നാളികേരത്തിന് ഇൻറർസ്റ്റേറ്റ് വിൽപ്പന നികുതി ഏർപ്പെടുത്തിയിരുന്നു. സെൻട്രൽ സെയിൽസ്ടാക്സ് 1994-ൽ എടുത്തു കളഞ്ഞു. അത് എടുത്തുകളഞ്ഞ തീയതിയെ സംബന്ധിച്ച് അടുത്തകാലത്ത് പീരിയഡിൽ മുൻകാല പ്രാബല്യം കാണിക്കാത്തതുകൊണ്ട് സീഡ്ഫാമുകൾക്ക് അത് കൊടുക്കേണ്ട പ്രശ്നമുണ്ട്. അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നാണറിയേണ്ടത്.

ശ്രീ. സി. വി. പത്മരാജൻ : അത് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഗവൺമെൻറിൻെറ പരിഗണനയിലാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം ഇവിടെ പ്രവർത്തിക്കാൻ കഴിഞ്ഞ ഐക്യ ജനാധിപത്യമുന്നണി ഗവൺമെൻറ് പ്രയാസങ്ങളെയും പ്രതിസന്ധികളെയും പ്രകൃതിക്ഷോഭങ്ങളേയും എതിർപ്പുകളേയും എല്ലാം അതിജീവിച്ചുകൊണ്ട് അടുത്ത തെരഞ്ഞെടുപ്പിനുവേണ്ടി പോകുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഭാസുരമായ ഒരു കേരളം, മുൻപിൽകണ്ടുകൊണ്ട് വളർച്ചയുടെ, വികസനത്തിന്റെ, ജനക്ഷേമത്തിന്റെ അഭിവൃദ്ധിയുടെ ഒരു കേരളം അതിനനുകൂലമായ ഒരു പ്രകടന പത്രിക തയ്യാറാക്കിക്കൊണ്ട് മുമ്പോട്ടുപോകുകയാണ്. അതിന് അടിസ്ഥാനമായ വോട്ട് ഓൺ അക്കൗണ്ട് ഞാൻ നാളെ അവതരിപ്പിക്കുന്നതാണ്.

XI ചട്ടം 236-ന്റെ 2-ാം ഉപചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, "നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 142 പ്രകാരം ബഡ്ജറ്റിന്റെ പൊതുചർച്ച അവസാനിക്കുമ്പോഴേക്കും ധനാഭ്യർത്ഥനകളെ അനുയോജ്യമായ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കപ്പെടുമെന്നും സബ്ജക്ട് കമ്മിറ്റികളെ നാലാഴ്ചക്കകം അവ പരിശോധന പൂർത്തിയാക്കേണ്ടതാണെന്നും പ്രസ്തുത ചട്ടം 236-ന്റെ 2-ാം ഉപചട്ടം വ്യവസ്ഥ ചെയ്യുന്നു. ഭരണഘടനാ വ്യവസ്ഥയനുസരിച്ച് കാലാവധി തികഞ്ഞ് പൂർത്തിയായി പോകുന്ന ഒരു സഭ വരുംവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. അതിനാൽ പ്രായോഗികതയ്ക്കുവേണ്ടി 236-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടം 31-7-1996 വരെ സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു." എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. പ്രമേയം സഭ അംഗീകരിച്ചു.

മി. സ്പീക്കർ: യേസ്, സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1996 മാർച്ച് 19-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.22-ന് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly